# PROCEEDINGS
# OF THE
# TENTH KERALA LEGISLATIVE ASSEMBLY

LIBRARY ARCHIVES Kerala Legislative Assembly

THIRTEENTH SESSION

*Wednesday 29th March, 2000*

## OFFICIAL REPORT

Vol. 110 - No. 25

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM

©
Government of Kerala
2010

# കേരള നിയമസഭാ നടപടികൾ

## പത്താം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

*2000 മാർച്ച് 29, ബുധൻ*

*സ്പീക്കർ*

**ശ്രീ. എം. വിജയകുമാർ**

*ഡെപ്യൂട്ടി സ്പീക്കർ*

**ശ്രീ. സി. എ. കുര്യൻ**

*സെക്രട്ടറി (ഇൻ-ചാർജ്)*

**ശ്രീ. കെ. ഗോപാലകൃഷ്ണൻ ഉണ്ണിത്താൻ**

*ചീഫ് എഡിറ്റർ*

**ശ്രീ. ബി. സുരേന്ദ്രൻനായർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

930/2010

LIBRARY ARCHIVES Kerala Legislative Assembly

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | ശ്രീ. ഇ. കെ. നായനാർ |
| ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി | ശ്രീ. ഇ. ചന്ദ്രശേഖരൻനായർ |
| റവന്യൂ വകുപ്പുമന്ത്രി | ശ്രീ. കെ. ഇ. ഇസ്മയിൽ |
| വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി | ശ്രീ. പി. ജെ. ജോസഫ് |
| ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി | ശ്രീ. വി. സി. കബീർ |
| കൃഷി വകുപ്പുമന്ത്രി | ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ |
| തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി | ശ്രീ. പാലോളി മുഹമ്മദ്കുട്ടി |
| വനവും ഗതാഗതവും വകുപ്പുമന്ത്രി | ശ്രീ. സി. കെ. നാണു |
| പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി | ശ്രീ. കെ. രാധാകൃഷ്ണൻ |
| ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി | ശ്രീ. ടി. കെ. രാമകൃഷ്ണൻ |
| ജലസേചനവും തൊഴിലും വകുപ്പുമന്ത്രി | ശ്രീ. വി. പി. രാമകൃഷ്ണപിള്ള |
| വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി | ശ്രീ. എസ്. ശർമ്മ |
| ധനകാര്യവകുപ്പുമന്ത്രി | ശ്രീ. ടി. ശിവദാസമേനോൻ |
| വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | ശ്രീമതി സുശീലാ ഗോപാലൻ |

LIBRARY ARCHIVES Kerala Legislative Assembly

## ഉള്ളടക്കം


പേജ്

I ചോദ്യോത്തരങ്ങൾ

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ 1

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ 22

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ 22

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ 46

II ചരമോപചാരം

ബി. രാച്ചയ്യ, തച്ചടി പ്രഭാകരൻ, കെ. കെ. കുമാരപിള്ള എം. പി. എം. ജാഫർഖാൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച് 114

III അടിയന്തിരപ്രമേയം

പട്ടം പ്ലാമൂട്ടിലെ കടകൾ തകർത്തതു സംബന്ധിച്ച് 116

IV ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത 125

ശ്രീ. പി. രാജു

(2) സംസ്ഥാനത്തെ ഇ. എസ്. ഐ. ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത 131

ശ്രീ. എഴുകോൺ നാരായണൻ

V സബ്മിഷൻ

(1) പോലീസ് കസ്റ്റഡിയിൽ നിന്നും കൊലക്കേസ് പ്രതി രക്ഷപ്പെട്ട സംഭവം 134

ശ്രീ. കെ. എം. മാണി

(2) അയിരൂർ പഞ്ചായത്തിലെ ബി. എസ്. എഫ്. ജവാൻ മോഹനൻ നായരുടെ കൊലപാതകം സംബന്ധിച്ച് 135

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ

(3) ഇരിഞ്ഞാലക്കുട കാട്ടൂർ ഗവൺമെന്റ് ഹൈസ്ക്കൂളിലെ നാല് വിദ്യാർത്ഥികളെ കാണാതായത് സംബന്ധിച്ച് 135

ശ്രീ. ലോനപ്പൻ നമ്പാടൻ




LIBRARY ARCHIVES Kerala Legislative Assembly

(4) മേപ്പാടി പഞ്ചായത്തിലെ മുസ്ലീംലീഗ് ജനറൽ സെക്രട്ടറി ആക്രമിക്കപ്പെട്ട സംഭവം 136

ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ

(5) ശ്രീ. കെ. സി. വേണുഗോപാൽ, എം. എൽ. എ. യെ പോലീസ് മർദ്ദിച്ച കേസ് റഫർ ചെയ്തത് സംബന്ധിച്ച് 137

ശ്രീ. ഉമ്മൻ ചാണ്ടി

(6) കാരായ്മ കുടിയാന്മാർക്ക് പട്ടയം 141

ശ്രീ. എം. ദാസൻ

(7) കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പ്രശ്നങ്ങൾ 145

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ

**VI റിപ്പോർട്ട് സമർപ്പണം**

പിന്നോക്ക സമുദായക്ഷേമസമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് 147

**VII നിയമനിർമ്മാണകാര്യം**

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2000- ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ (ഭേദഗതി) ബിൽ 147

(2) 2000- ലെ കേരള ധനവിനിയോഗ ബില്ലും 2000- ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലും 149

**അനുബന്ധം I - VI** 152

LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## പത്താം കേരള നിയമസഭ

**പതിമൂന്നാം സമ്മേളനം**
2000 മാർച്ച് 29, ബുധൻ

| വാല്യം 110] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 25 |
|---|---|---|

നിയമസഭ 2000 മാർച്ച് മാസം 29 -ാം തീയതി ബുധനാഴ്ച രാവിലെ 8.30 ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### (i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ .......... ചോദ്യം നമ്പർ 649

### മണ്ണൊലിപ്പ് തടയുന്നതിന് കേന്ദ്രസഹായം

1 (*649) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണൊലിപ്പ് തടയുന്നതിനുള്ള കേന്ദ്രസഹായത്തിന് സംസ്ഥാനം പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തു തുകയുടെ പദ്ധതിയാണ് സമർപ്പിച്ചത് ;

(സി) എന്നാണ് പദ്ധതി സമർപ്പിച്ചത് ;

(ഡി) ഇതിന്മേൽ കേന്ദ്രം എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഇ) ഏതൊക്കെ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത് എന്നറിയിക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ)

(എ) ഉണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ബി) 105.84 കോടി രൂപയുടെ പദ്ധതിക്കുപുറമേ ദീർഘകാലമായി കേന്ദ്ര ഗവൺമെന്റ് നടപടിക്കായി കിടന്നിരുന്ന 150 കോടി രൂപയുടെ കബനി നദീതട പദ്ധതിയുടെ അനുമതിക്കായി കേന്ദ്ര ഗവൺമെന്റിനു സമർപ്പിച്ചിട്ടുണ്ട്.

(സി) നിരവധി വ്യത്യസ്ത പദ്ധതികളായാണ് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളത്. ഓരോ പദ്ധതിയും സമർപ്പിച്ച തീയതി ശേഖരിച്ചുവരുന്നു.

(ഡി) കബനി നദീതട പദ്ധതിക്ക് അനുമതി കിട്ടിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പ്രവർത്തനങ്ങൾ ആരംഭിച്ചു. വാട്ടർഷെഡ് പദ്ധതികൾക്കു അംഗീകാരം ലഭിക്കുകയും 114 വാട്ടർഷെഡുകൾ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ അനുമതി നൽകുകയും ചെയ്തു.

(ഇ) കബനീ നദീതടപദ്ധതി, കബനീ നദിയുടെ വൃഷ്ടി പ്രദേശമായ വയനാട് ജില്ലയിലാണ് നടപ്പിലാക്കുന്നത്. മറ്റു പദ്ധതികൾ എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നു.

ഡോ. എം. എ. കുട്ടപ്പൻ : 105 കോടി രൂപയുടെയും 150 കോടി രൂപയുടെ യും കബനീ പ്രോജക്ടുകൾ, ഏതാണ്ട് 114 വാട്ടർഷെഡ് പദ്ധതികൾക്കുപുറമെ നബാർഡിന്റെ ആർ. ഐ. ഡി. എഫ് പദ്ധതികൾ അങ്ങനെ വളരെയധികം ജോലിയുള്ള വകുപ്പാണ് സോയിൽ കൺസർവേഷൻ. ആയിരത്തിയഞ്ഞൂറോളം ജീവനക്കാർ ഇവിടെ ജോലി ചെയ്യുന്നു. കൂടുതൽ ജീവനക്കാരെ നിയമിക്കണ മെന്നും മൂന്നുവർഷം കോണ്ട് ആവശ്യപ്പെടുകയാണ്. ഇതൊക്കെ പരിഗണിച്ചു കൊണ്ട് മുൻഗവൺമെന്റിന്റെ കാലത്ത് കെ. പി. നമ്പ്യാർ കമ്മീഷൻ ഒരു ശുപാർശ കൊടുത്തു. ആ ശുപാർശയിൽ പറഞ്ഞിരിക്കുന്നത് അഗ്രികൾച്ചറൽ ഡിപ്പാർട്ടു മെന്റിനെ ബൈഫർക്കേറ്റ് ചെയ്ത് സോയിൽ കൺസർവേഷൻ ഡിപ്പാർട്ടുമെന്റിനെ പ്രത്യേകമായി ഒരു ഫുൾഫ്ളഡ്ജ്സ് ഡിപ്പാർട്ടുമെന്റാക്കി മാറ്റണമെന്നാണ്. ആ ശുപാർശയുടെ അടിസ്ഥാനത്തിൽ അങ്ങയുടെ മുൻഗാമി ഒരു പുതിയ ഫുൾഫ്ളഡ്ജ്സ് ഡിപ്പാർട്ടുമെന്റാക്കി മാറ്റിയെടുക്കാൻ തീരുമാനമെടുത്തത് സംബന്ധിച്ച ഫയൽ അങ്ങ് എന്തുകൊണ്ട് പൂഴ്ത്തിവച്ചു. ആ തീരുമാനം എന്തുകൊണ്ടാണ് നടപ്പാക്കാത്തത് ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഞാൻ ഒരു ഫയലും പൂഴ്ത്തിവച്ചിട്ടില്ല. ഭരണപരിഷ്ക്കാര കമ്മിഷന്റെ മുമ്പാകെ ഈ വിവരങ്ങളുണ്ട്. അവരുടെ പരിശോധനയ്ക്കുശേഷം നടപ്പാക്കേണ്ട ഒരു കാര്യമാണ്. അവരുടെ പരിശോധനയ്ക്കുശേഷം അവർ സമർപ്പിക്കുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ഡോ. എം. എ. കുട്ടപ്പൻ : ഭരണപരിഷ്ക്കാര കമ്മീഷൻ നീതിപൂർവമായി ഈ കാര്യമെടുക്കേണ്ടതാണ്. പട്ടികജാതി - പട്ടികവർഗ്ഗ ദുർബലവിഭാഗങ്ങളെ സംബന്ധിച്ചുള്ള ചോദ്യമാണ്. വളരെ കുറച്ച് ജീവനക്കാർ മാത്രമുള്ള ഗ്രൗണ്ട് വാട്ടർ വകുപ്പിനേയും അളവുതൂക്ക വകുപ്പിനേയും ഫുൾഫ്ളഡ്ജ്ഡ് വകുപ്പാക്കി രണ്ട് ഡയറക്ടർമാരെ നിയമിച്ച സാഹചര്യം പരിഗണിച്ച് മൈനിംഗ് ആന്റ് ജിയോളജിക്കും ഒരു ഡയറക്ടറെ നിയമിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇങ്ങനെയൊന്നും ചോദിക്കരുത്. അങ്ങനെയുള്ള കാര്യങ്ങൾ പാടില്ല. കൃഷി വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചോദിക്കണം. എല്ലാ വകുപ്പിനും ഇതുപോലുള്ള പ്രശ്നങ്ങളുണ്ടാകും. അതൊന്നും ചോദിക്കാൻ പാടില്ല.

ഡോ. എം. എ. കുട്ടപ്പൻ : ഏഴ് വർഷമായി അഡീഷണൽ ഡയറക്ടർ ആയി ജോലി ചെയ്യുന്ന പട്ടികജാതിക്കാരനായ ശ്രീ. കെ. എ. രാജനെ, ഈ വകുപ്പിനെ ഫുൾഫ്ളഡ്ജ്ഡ് വകുപ്പാക്കി ഇദ്ദേഹത്തെ ഡയറക്ടറായി നിയമിക്കാൻ എന്തുകൊണ്ടാണ് അങ്ങയുടെ വകുപ്പ് തയ്യാറാകാത്തത് ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : പട്ടികജാതിക്കാരനായതുകൊണ്ട് പ്രത്യേക സംരക്ഷണമാണ് കൊടുക്കുന്നത്. ഡയറക്ടർ ആരാകണമെന്ന് തീരുമാനിക്കേണ്ടത് ഞാൻ മാത്രമല്ല. ഇതൊന്നും പട്ടികജാതിക്കാരോടുള്ള താൽപ്പര്യം കൊണ്ടാണെന്ന് തോന്നുന്നില്ല. അങ്ങനെയാണെങ്കിൽ പട്ടികജാതിക്കാരോടുള്ള താൽപ്പര്യമുണ്ടെന്ന് വരുത്തിത്തീർക്കാൻ വേണ്ടി അകത്ത് കത്തിയും പുറത്ത് പത്തിയും വച്ചുകൊണ്ടുള്ള ഒരു സമീപനമാണ് അല്ലാതെ വേറൊന്നുമല്ല.

ശ്രീ. കെ. എ. ചന്ദ്രൻ : കേരളം അതിവൃഷ്ടിയുള്ള ഒരു സംസ്ഥാനമാണ്. അതിവൃഷ്ടി കഴിഞ്ഞാൽ വരൾച്ചയുണ്ടാകുന്നതുകൊണ്ട് മണ്ണൊലിപ്പ് തടയുകയും വാട്ടർഷെഡ് മാനേജ്മെന്റ് നടപ്പിലാക്കുകയും ചെയ്യേണ്ടുന്ന നമ്മുടെ സംസ്ഥാനത്ത് നമുക്കർഹതപ്പെട്ട പദ്ധതികൾ കൃത്യസമയം കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്നില്ലെന്നുള്ളതും കിട്ടിയ പണം യഥാവസരം വേണ്ടതുപോലെ വിനിയോഗിക്കുന്നില്ല എന്നുള്ളതും മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? കിട്ടിയ പണം യഥാവസരം വേണ്ടതുപോലെ വിനിയോഗിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ ശരിയാണ്. എട്ടാം പദ്ധതികാലത്താണ് നമ്മുടെ സംസ്ഥാനത്ത് വാട്ടർഷെഡ് പദ്ധതികളാവിഷ്കരിച്ചത്. അപ്പോൾ കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശം എട്ടാം പദ്ധതിക്കാലത്ത് നമ്മൾ തെരഞ്ഞെടുക്കപ്പെട്ട വാട്ടർഷെഡുകൾക്ക് സമാന്തരമായിട്ടു മാത്രമേ ഒമ്പതാം പദ്ധതിക്കാലത്ത് വാട്ടർഷെഡ് വർക്കുകൾ ഏറ്റെടുക്കാൻ പറ്റുകയുള്ളു എന്നാണ്. അങ്ങനെ കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശത്തിന്റെയടിസ്ഥാനത്തിലാണ് ഒൻപതാം പദ്ധതിക്കാലത്ത് നമ്മൾ 114 വാട്ടർഷെഡുകൾ തെരഞ്ഞെടുത്തിട്ടുള്ളത്. സമയബന്ധിതമായി പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടിയുള്ള സമീപനം സ്വീകരിക്കുന്നുണ്ട്. ഇതിൽ കരാറുകാരെ നൂറുശതമാനവും ഒഴിവാക്കിയിട്ടുണ്ട്. ഇവിടത്തെ കൺവീനിംഗ് കമ്മിറ്റി തന്നെയായിരിക്കണം വാട്ടർഷെഡിന്റെ വർക്കുകൾ നടത്തേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആ സംവിധാനത്തിൽ നമുക്ക് സമയബന്ധിതമായി ഇത് പൂർത്തിയാക്കാൻ കഴിയും.

ശ്രീ. കെ. എ. ചന്ദ്രൻ : അതിവൃഷ്ടി മുഖേന കോടാനുകോടി രൂപയുടെ മണ്ണാണ് ഓരോ വർഷവും ഒലിച്ചുപൊയ്ക്കൊണ്ടിരിക്കുന്നത്. ഈ ഡിപ്പാർട്ടുമെന്റിന്റെ പ്രാധാന്യം ബഹുമാനപ്പെട്ട മന്ത്രിക്കും ഭരണപരിഷ്ക്കാര വകുപ്പിനും മനസ്സിലായിട്ടുണ്ട്. ഭരണപരിഷ്ക്കാര സമിതിയുടെ തീരുമാനം നടപ്പാക്കുന്ന മുറയ്ക്ക് ഇത് ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റാക്കണമെന്നുവച്ചാൽ

LIBRARY ARCHIVES Kerala Legislative Assembly

കാലതാമസമുണ്ടാകും. അതുകൊണ്ട് ഈ പ്രത്യേകത കണക്കിലെടുത്ത് സമയബന്ധിതമായി പ്രവൃത്തികൾ നടത്തുന്നതിന് ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റ് രൂപീകരിക്കാൻ സത്വര നടപടി സ്വീകരിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഇപ്പോൾ ഒരു ഡിപ്പാർട്ടുമെന്റില്ലാത്തതുകൊണ്ട് പ്രവർത്തനങ്ങൾക്ക് ഒരിക്കലും തടസമായി നിൽക്കുന്നില്ല. ഇതിനെ ഒരു ഡിപ്പാർട്ടുമെന്റാക്കുന്ന കാര്യം ഭരണപരിഷ്ക്കാര കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കിയിരിക്കുകയാണ്. ആ റിപ്പോർട്ട് കിട്ടിയാൽ അതിനെക്കുറിച്ച് നടപടി സ്വീകരിക്കും.

ശ്രീ. എഴുകോൺ നാരായണൻ : പട്ടികജാതി - പട്ടികവർഗക്കാരുടെ ക്ഷേമത്തിന്. മണ്ണൊലിപ്പ് തടയുന്നതിനായി അനുവദിക്കുന്ന തുകയുടെ വിനിയോഗത്തിൽ വ്യാപകമായ ക്രമക്കേടാണ് നടന്നുകൊണ്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മണ്ണൊലിപ്പ് തടയുന്നതിനായി നടപ്പിലാക്കിയ പദ്ധതികളുടെ അഴിമതികളെക്കുറിച്ചന്വേഷിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഇതിനെ സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ഗവൺമെന്റ് തയ്യാറാണ്. അങ്ങനെ അന്വേഷിച്ച് എന്തെങ്കിലും പ്രശ്നങ്ങൾ ഇതിൽ നടന്നിട്ടുണ്ടെങ്കിൽ അത് നടത്തിയവരുടെ പേരിൽ നടപടി സ്വീകരിക്കാനും ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. എഴുകോൺ നാരായണൻ : പട്ടികജാതി - പട്ടികവർഗ്ഗക്കാർക്കായി നടത്തുന്ന പ്രവൃത്തികളിൽ ബെനിഫിഷ്യറീസ് കമ്മിറ്റികളിൽ താലൂക്ക് വെൽഫയർ ഓഫീസർമാരെ കൺവീനറാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : കേന്ദ്ര ഗവൺമെന്റിന്റെ നോംസിനകത്ത് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ താലൂക്ക് ഓഫീസർമാരെ ഉൾപ്പെടുത്തണമെന്ന് പറഞ്ഞിട്ടില്ല. പക്ഷേ ഈ പ്രവൃത്തികൾ കുറച്ചുകൂടി വിജയകരമായി നടപ്പിലാക്കുന്നതിനുവേണ്ടി ശ്രമിക്കുമ്പോൾ ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം സ്വീകരിക്കാവുന്നതാണ്.

ശ്രീ. വർഗ്ഗീസ് വൈദ്യർ : വയനാട് ജില്ലയിലെ മാനന്തവാടി ബത്തേരി താലൂക്കുകളിൽ തോടുകൾ ഉൽഭവിക്കുന്ന സ്ഥലങ്ങളുണ്ട്. ആദിവാസികളും മറ്റുള്ളവരും കൂടുതൽ താമസിക്കുന്ന ഏരിയയാണ്. ചരിഞ്ഞ ഭൂമി മുഴുവൻ കുഴിയായിരിക്കുകയാണ്. അവിടെ മണ്ണൊലിപ്പ് തടയുന്നതിനുവേണ്ടി പഞ്ചായത്ത് പ്രസിഡന്റുമാരേയും രാഷ്ട്രീയ പാർട്ടികളേയും ക്ഷണിച്ചുകൊണ്ട് ഒരു കമ്മിറ്റി രൂപീകരിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഇപ്പോൾത്തന്നെ കമ്മിറ്റികളിൽ പഞ്ചായത്ത് പ്രസിഡന്റുമാരുണ്ട്. ജില്ലാകളക്ടർ, എം.എൽ.എ.മാർ, പത്ര പ്രതിനിധികളടക്കം പങ്കെടുക്കുന്ന റിവ്യു കമ്മിറ്റി ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുണ്ട്. പ്രാദേശിക തലത്തിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റും ബന്ധപ്പെട്ട ജനപ്രതിനിധികളും ഇതിനകത്ത് അംഗങ്ങളാണ്. ഇതിൽ കർഷക സംഘടനാ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്താൻ കഴിയുമോയെന്നുള്ളത് പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : വാട്ടർഷെഡ്ഡുകളുടെ നടത്തിപ്പിന് കേന്ദ്ര നിർദ്ദേശം അനുസരിച്ചുതന്നെ ഒരു അഞ്ചംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതിൽ രണ്ടുപേർ നിർബന്ധമായും സ്ത്രീകൾ ആയിരിക്കണമെന്നും നിബന്ധനയുണ്ട്. ഇവർക്ക് കേന്ദ്ര നിർദ്ദേശം അനുസരിച്ച് മുൻകാലങ്ങളിൽ കൊടുത്തുവന്നിരുന്ന സിറ്റിംഗ് ഫീസോ, അത്യാവശ്യം ടി. എ- യോ ഒന്നും ഇപ്പോൾ കൊടുക്കുന്നില്ല. കൊടശ്ശേരി പഞ്ചായത്തിൽ, ഒന്നര മാസം മുമ്പ് ബഹുമാനപ്പെട്ട മന്ത്രി പങ്കെടുത്ത ഒരു യോഗത്തിൽ വച്ച് ഇത് അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവന്നപ്പോൾ, കേന്ദ്രത്തിന് ശുപാർശ ചെയ്ത് അയയ്ക്കാം എന്ന് സമ്മതിച്ചിരുന്നു. ശുപാർശ ചെയ്തോ ; ഫലമെന്തായി, ഇല്ലെങ്കിൽ വീണ്ടും വ്യക്തമായി ശുപാർശ ചെയ്യുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : തീർച്ചയായിട്ടും ഇത് പരിശോധിക്കാം. വളരെ നല്ല രീതിയിൽ ഒരു വാട്ടർഷെഡ് വർക്ക് ബഹുമാനപ്പെട്ട മെമ്പറുടെ മണ്ഡലത്തിൽ നടന്നുവരികയാണ്. അതുകൊണ്ട് ഇത് പരിശോധിക്കാം.

### പഴം-പച്ചക്കറി സംഭരണത്തിന് ശീതീകരണ ശൃഖല

2(*650) ശ്രീമതി രാധാരാഘവൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പഴം-പച്ചക്കറി സംഭരണത്തിനായി ശീതീകരണ ശൃംഖല സ്ഥാപിക്കാൻ സംസ്ഥാന ഹോർട്ടികൾച്ചർ വികസന കോർപ്പറേഷന് പദ്ധതിയുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) എന്തു തുകയാണ് ഈ പദ്ധതിക്ക് ആവശ്യമുള്ളത് ;

(ഡി) ഇതിന് കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ ;

(ഇ) കേന്ദ്രത്തിൽ നിന്നും ഇതിന്മേൽ അനുകൂല പ്രതികരണം ലഭിച്ചിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്. കേരളത്തിൽ ആദ്യമായാണ് പച്ചക്കറികൾ ശേഖരിച്ച് സൂക്ഷിക്കുവാനുള്ള ഇത്തരം ഒരു പദ്ധതി ആരംഭിക്കുന്നത്.

(ബി) സംസ്ഥാനത്ത് ആദ്യമായി സംസ്ഥാന ഹോർട്ടിക്കൾച്ചർ വികസന കോർപ്പറേഷന്റെ പഴം - പച്ചക്കറി സംഭരണത്തിനായി 200 മെട്രിക് ടൺ ശേഷിയുള്ള ശീതീകരണശാല 10-1-2000-ൽ ഇടുക്കി ജില്ലയിലെ മൂന്നാറിൽ പ്രവർത്തനക്ഷമമായിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിലെ എരുത്തിയാംപതിയിൽ 250 മെട്രിക്ടൺ ശേഷിയുള്ള മറ്റൊരു ശീതീകരണ ശാല രണ്ട് മാസത്തിനകം പ്രവർത്തനം ആരംഭിക്കത്തക്കനിലയിൽ നിർമ്മാണം നടത്തിവരുന്നു.

(സി) 13.57 കോടി രൂപ ചെലവ് വരുന്ന 'കോൾഡ് ചെയിൻ' സ്കീമിന്റെ ഭാഗമായാണ് ശീതീകരണ ശൃംഖല സ്ഥാപിക്കുന്നത്. ഓരോ ശീതീകരണശാലയുടെയും നിർമ്മാണത്തിന് ഏകദേശം 25 ലക്ഷം രൂപയോളം ചെലവ് വരുന്നുണ്ട്.

(ഡി) 'കോൾഡ് ചെയിൻ സ്കീം' നടപ്പിലാക്കുന്നതിനുവേണ്ടി നാഷണൽ ഹോർട്ടിക്കൾച്ചർ ബോർഡിൽ നിന്നും സാമ്പത്തിക സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഇ) സഹായം പ്രതീക്ഷിക്കുന്നു.

ശ്രീമതി രാധാരാഘവൻ : പഴം - പച്ചക്കറി സംഭരണത്തിന് ശീതീകരണ സംവിധാനം ഏർപ്പെടുത്തുമ്പോൾ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കർഷകർക്ക് എന്തെങ്കിലും പ്രോൽസാഹനം നൽകുന്നതിന് ഉദ്ദേശമുണ്ടോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഇപ്പോൾത്തന്നെ കെ. എച്ച്. ഡി. പി. യുടെ നേതൃത്വത്തിൽ പഴം - പച്ചക്കറി കൃഷിക്കാരെ പ്രൊമോട്ട് ചെയ്ത് അവർക്ക് ബാങ്കുകളിൽ നിന്നും സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് നമ്മുടെ സംസ്ഥാനത്ത് പഴം - പച്ചക്കറി കൃഷി വ്യാപകമാക്കി കൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് തന്നെ പഴം - പച്ചക്കറി കൃഷി വികസിപ്പിക്കുന്നതിന് ഹെക്ടർ ഒന്നിന് 10,000 രൂപ വരെ സാമ്പത്തിക സഹായം നൽകുന്നുണ്ട്. ജനകീയാസൂത്രണ സംവിധാനത്തിന്റെ ഭാഗമായി ത്രിതല പഞ്ചായത്തുകളും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ഇതിനെയെല്ലാം സംയോജിപ്പിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന് ആവശ്യമായിട്ടുള്ള പഴം - പച്ചക്കറി ഉൽപ്പാദനം വ്യാപിപ്പിക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ലക്ഷ്യം.

ശ്രീമതി രാധാരാഘവൻ : വളം, കൂലി ഇവയുടെ വിലവർദ്ധനവുമൂലം കൃഷിയും വിളവും കുറയുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്, വളം സബ്സിഡി നിലനിർത്തുന്നതിന് സംസ്ഥാന സർക്കാർ തയ്യാറാകുമോ ? അതിനോടൊപ്പം വയനാട് ജില്ലയിൽ ഒരു ശീതീകരണശാലകൂടി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : മൂന്നാമത്തെ ചോദ്യമാണ് ശരി. ഒരു ശീതീകരണ ശാല വയനാട് ജില്ലയിൽ മൂന്നാമതായി ആരംഭിക്കാനായിട്ട് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. അടുത്ത സാമ്പത്തിക വർഷം തന്നെ അതിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : ഇവിടെ രണ്ടെണ്ണം തുടങ്ങി, ഒരെണ്ണം കൂടെ തുടങ്ങാൻ പോകുന്നു എന്ന് പറഞ്ഞു. എറണാകുളം ജില്ലയിൽ രണ്ട് വലിയ സ്ഥാപനങ്ങൾ ഇപ്പോൾ വെറുതെ കിടക്കുകയാണ്. അങ്ങേക്കറിയാം ഇ. ഇ. സി. - യുടെ സഹായത്തോടെ നിർമ്മിച്ച പച്ചക്കറി മാർക്കറ്റിനകത്ത് ഒത്തിരി സ്പെയ്സ് ഉണ്ട്. അത് 18 കോടിയോളം രൂപ മുടക്കി വെറുതേ ഇട്ടിരിക്കുകയാണ്. അങ്ങനെയുള്ള സ്ഥാപനങ്ങളിൽ ഇതുപോലുള്ള ശീതീകരണശാല സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഇ. ഇ. സി. യുടെ പ്രോജക്ടിൽ ഒരു ശീതീകരണശാലയുടെ സംവിധാനമില്ല. ഇനി പുതുതായിട്ട് ഉൾപ്പെടുത്തേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അത് ഉൾപ്പെടുത്തുന്നതിന് നാഷണൽ ഹോർട്ടിക്കൾച്ചർ ബോർഡിന് ഒരു പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്. ആ പ്രോജക്ടിന് 25 ശതമാനം ഗ്രാന്റും 75 ശതമാനം വായ്പയുമായിട്ടുള്ള സാമ്പത്തിക സഹായമാണ് ഹോർട്ടിക്കൾച്ചർ ബോർഡ് നിർദ്ദേശിക്കുന്നത്. അത് ലഭിക്കുന്നതിന് വേണ്ടിയുള്ള സമ്മർദ്ദം ചെലുത്തുന്നുണ്ട്. വളരെ വൈകാതെ തന്നെ മരട് മാർക്കറ്റ് തുറന്ന് പ്രവർത്തിക്കാനുള്ള നടപടിയുമായിട്ടുണ്ട്. അത് ഉടൻ തന്നെ തുറന്ന് പ്രവർത്തിക്കുന്നതാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : പച്ചക്കറിയുടേയും, പഴങ്ങളുടേയും ഉൽപ്പാദനത്തിൽ വർദ്ധനവ് ഉണ്ടായി എന്ന് അങ്ങ് പലപ്പോഴും പറയാറുണ്ട്. പക്ഷേ യഥാർത്ഥത്തിൽ നമ്മുടെ സംസ്ഥാനത്ത് ഇതിന്റെ ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ടോ ? അങ്ങനെ വർദ്ധിച്ചിട്ടുണ്ടെങ്കിൽ 'കോൾഡ് ചെയിൻ' പദ്ധതിയുടെ ഭാഗമായി കൂടുതൽ കർഷകരെ ഇതിലേയ്ക്ക് ആകർഷിപ്പിക്കാൻ, നമ്മുടെ ചെറുപ്പക്കാരെയൊക്കെ കൂടുതൽ ആകർഷിപ്പിക്കുവാൻ എന്തെങ്കിലും പുതിയ പദ്ധതി നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഊർജ്ജിത പച്ചക്കറി കൃഷിയുടെ ഭാഗമായിട്ടും കെ. എച്ച്. ഡി. പി. യുടെ പഴം - പച്ചക്കറി വികസനത്തിന്റെ ഫലമായിട്ടും ത്രിതല പഞ്ചായത്തുകളുടെ ജനകീയാസൂത്രണത്തിന്റെ ഭാഗമായിട്ടും നമ്മുടെ സംസ്ഥാനത്ത് പഴം - പച്ചക്കറി ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ട്. ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. അതിന് ആവശ്യമായിട്ടുള്ള നടപടികൾ അടുത്ത സാമ്പത്തിക വർഷത്തിൽ നടപ്പാക്കാനായി ഗവൺമെന്റ് ഉദ്ദേശിക്കുന്നു.

ശ്രീമതി റോസമ്മ ചാക്കോ : ഊർജ്ജിത പച്ചക്കറി കൃഷിയെപ്പറ്റി പറഞ്ഞതു കൊണ്ട് പറയുകയാണ്. മിച്ചം വരുന്നതുകൊണ്ടാണല്ലോ നമ്മൾ സംഭരിക്കുന്നത്. ത്രിതല പഞ്ചായത്തുകളിൽ കൂടി പച്ചക്കറി കൃഷിക്ക് പ്രോൽസാഹനം നൽകുന്നതിന് നമ്മൾ എന്തുമാത്രം തുക ചെലവാക്കിയിട്ടുണ്ട്, എന്ത് മാത്രം ഉൽപ്പാദനം നമുക്ക് അവിടന്ന് എടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇത് താരതമ്യപ്പെടുത്തിയ ഒരു കണക്ക് ബഹുമാനപ്പെട്ട മന്ത്രിക്ക് തരാൻ പറ്റുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ത്രിതല പഞ്ചായത്തുകൾ ചെലവാക്കിയ ഫണ്ടിന്റെ കണക്ക് എന്റെ കയ്യിലില്ല. അതിന് പ്രത്യേക നോട്ടീസ് വേണം. അത് തദ്ദേശ സ്വയംഭരണ വകുപ്പുവഴിയാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

ശ്രീമതി റോസമ്മ ചാക്കോ : നമ്മൾ കൃഷി ചെയ്യുമ്പോൾ അതുകൂടി ഒന്ന് നോക്കണ്ടേ. ചെലവാക്കിയത് ലാഭകരമായിരുന്നോ എന്ന് നോക്കേണ്ട ബാദ്ധ്യത ഗവൺമെന്റിനുണ്ട്. സർക്കാരിന്റെ പണം എങ്ങനെയെങ്കിലും ചെലവാക്കിയാൽ മതിയോ ? മാരകമായ വിഷങ്ങൾ കലർത്തിയാണ് പച്ചക്കറി സംഭരിക്കാൻ പലരും ശ്രമിക്കുന്നത്. അതുപോലെ നല്ല ഉൽപ്പാദനം കിട്ടാനും മാരകമായ കീടനാശിനികളും വളങ്ങളുമൊക്കെ പ്രയോഗിക്കുന്നുണ്ട്. ഇത് മനുഷ്യശരീരത്തിനും ആരോഗ്യത്തിനും വളരെയേറെ ഹാനികരമാണ് എന്നുള്ള കാര്യം ഗവൺമെന്റിന് അറിയാം. പൊതുജനങ്ങൾക്കും അറിയാം. പക്ഷേ വേറെ മാർഗ്ഗമില്ലാത്തതുകൊണ്ട് ഇതൊക്കെ വാങ്ങി കഴിച്ച് രോഗവും ബാധിച്ച് ജനങ്ങൾ കഷ്ടപ്പെടുകയാണ്. അതുകൊണ്ട് പച്ചക്കറി കൃഷിചെയ്യുന്ന കർഷകർക്ക് ജൈവകീടനാശിനികൾ

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിക്കാനും ജൈവവളങ്ങൾ ഉപയോഗിക്കാനും പ്രത്യേക നിർദ്ദേശം കൊടുക്കുമോ? അതോടൊപ്പം തന്നെ പച്ചക്കറി കർഷകർക്ക് പ്രത്യേക പ്രോൽസാഹനം നൽകി അവരെ സഹായിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഇപ്പോൾ ഊർജ്ജിത പച്ചക്കറി കൃഷിയുടെ ഭാഗമായി എന്നുമാത്രമല്ല പച്ചക്കറി കൃഷി ആരംഭിച്ച കാലഘട്ടം മുതൽ തന്നെ ജൈവവളങ്ങളും, കീടനാശിനികളും പ്രയോഗിക്കണം എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ത്രിതല പഞ്ചായത്തുകളും അതേസമീപനം തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് ത്രിതല പഞ്ചായത്തുകളുടെ ആഭിമുഖ്യത്തിലും കൃഷിവകുപ്പിന്റെ നേതൃത്വത്തിലും നടന്നുകൊണ്ടിരിക്കുന്ന പഴം - പച്ചക്കറി വികസന പ്രവർത്തനങ്ങളിലും ജൈവകീടനാശിനികളാണ് ഉപയോഗിക്കുന്നത്. ഇത് വ്യാപകമാക്കുന്നതിന് സ്വന്തമായിട്ട് കൃഷി ചെയ്യുന്ന കർഷകരും ഇപ്രകാരം തന്നെയാണ് ചെയ്യുന്നത്.

ശ്രീ. കെ. ബാബു : പ്രധാനപ്പെട്ട നഗരകേന്ദ്രങ്ങളിൽ പഴവർഗ്ഗങ്ങളും, പച്ചക്കറികളും നിയന്ത്രിത വിലയ്ക്ക് ഗുണമേൻമയോടുകൂടി കിട്ടത്തക്കവിധത്തിൽ സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : കെ. എച്ച്. ഡി. പി. യും ഹോർട്ടിക്കൾച്ചർ കോർപ്പറേഷനും കൃഷി ഡിപ്പാർട്ടുമെന്റും സംയുക്തമായി നമ്മുടെ സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ പ്രാരംഭമായി ഓരോ സൂപ്പർ മാർക്കറ്റുവീതം ഏപ്രിൽ മാസത്തിൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഏപ്രിൽ മാസം 20-ാം തീയതിയോടുകൂടി ഈ സൂപ്പർ മാർക്കറ്റുകൾ നിലവിൽ വരും.

ശ്രീ. കെ. ബാബു : നമ്മുടെ സംസ്ഥാനത്ത് സുലഭമായി കിട്ടുന്ന, പാഴായിപ്പോകുന്ന കശുമാങ്ങ സംസ്കരണത്തെ സംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും ഗവേഷണം നടത്തിയിട്ടുണ്ടോ, അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : കശുമാങ്ങ ആയുർവേദത്തിൽ ചില അസുഖങ്ങൾക്ക് പ്രധാനപ്പെട്ട ഒറ്റമൂലിയാണെന്നാണ് പറയുന്നത്. കശുമാങ്ങയുടെ നീരിൽനിന്ന് ശീതളപാനീയം ഉണ്ടാക്കുന്നതിനെ സംബന്ധിച്ച് കാർഷിക സർവകലാശാല ഒരു ഗവേഷണം നടത്തി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആ ടെക്നോളജി ദിനേശ് ബീഡി കമ്പനിക്ക് അവരുടെ വൈവിധ്യവത്ക്കരണ പ്രവർത്തനത്തിനുവേണ്ടി കൈമാറിയിട്ടുണ്ട്. അതിന്റെ പ്രവർത്തനം ആരംഭിക്കുന്നതേയുള്ളു. ഇത് ലാഭകരമാക്കാൻ കഴിഞ്ഞാൽ ഗുണമേന്മയുള്ള നല്ല ശീതളപാനീയം വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കാൻ കഴിയും.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : കേരളാഗവൺമെന്റും ഗ്രാമപഞ്ചായത്തുകളും ഹരിത സംഘങ്ങളും ചേർന്ന് പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിച്ചിട്ടുണ്ടോയെന്ന് ചോദിക്കുന്ന എം. എൽ. എ. മാരെ വിനയപുരസ്സരം തളിപ്പറമ്പിലേയ്ക്ക് ക്ഷണിക്കുകയാണ്. മയ്യിൽ, കുറ്റിയാട്, ആന്തൂർ, പട്ടുവം എന്നീ പഞ്ചായത്തുകളും തളിപ്പറമ്പ് മുനിസിപ്പാലിറ്റിയും ഫലപ്രദമായി പച്ചക്കറി കൃഷി

LIBRARY ARCHIVES Kerala Legislative Assembly

നടത്തുകയാണ്. കഴിഞ്ഞ പ്രാവശ്യം സംസ്ഥാനത്തിന്റെ ഒന്നാം സമ്മാനം നേടിയെടുത്തത് മയ്യിൽ പഞ്ചായത്താണ്. അത് പോയി കാണേണ്ട കാഴ്ചയാണ്. പച്ചക്കറി ഉൽപ്പാദനത്തിൽ സംഘങ്ങളുടെ പ്രവർത്തനഫലമായി വമ്പിച്ച വർദ്ധനവ് ഉണ്ടായിട്ടുണ്ട് എന്നുള്ളത് കാണേണ്ട കാഴ്ചയാണ്. മൂന്നാമത്തെ ശീതീകരണശാല വയനാട്ടിൽ ആണെന്നും പറഞ്ഞിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ നാലാമത്തേത് കണ്ണൂർ ജില്ലയിൽ അനുവദിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഹരിത സംഘങ്ങളും ത്രിതല പഞ്ചായത്തുകളുമൊക്കെ കൂട്ടായി നടത്തുന്ന പച്ചക്കറി തോട്ടങ്ങളിൽ ഇപ്പോൾ വിളവെടുക്കുന്ന സമയമാണ്. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെയും, ഉപനേതാവിനെയും മുൻകൃഷി വകുപ്പുമന്ത്രി ശ്രീ. പി. പി. തങ്കച്ചനേയുമൊക്കെ ഓരോ ജില്ലകളിലും അവർ തെരഞ്ഞെടുക്കുന്ന മണ്ഡലങ്ങളിൽ വിളവെടുപ്പിനു മുമ്പായി സന്ദർശിക്കുന്നതിനും ആത്മാർത്ഥമായി ക്ഷണിക്കുകയാണ്. കഴിഞ്ഞ വർഷത്തെ ഏറ്റവും നല്ല ഹരിത സംഘത്തിനുള്ള സമ്മാനം ലഭിച്ചത് ശ്രീ ഗോവിന്ദൻ മാസ്റ്ററുടെ മണ്ഡലത്തിനാണ്. ഇതൊന്ന് കാണേണ്ടതാണ്. എല്ലാ മെമ്പർമാർക്കും അതിനുള്ള സൗകര്യം പ്രദാനം ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. നാലാമത് ഒരെണ്ണം സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുമ്പോൾ തീർച്ചയായും കണ്ണൂർ പരിഗണിക്കുന്ന കാര്യം ആലോചിക്കാം.

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : ചേർത്തലയിൽ പോകുകയാണെങ്കിൽ എന്നെ വിളിച്ചാൽ ഞാൻ വരാം.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ചേർത്തല സൗത്ത് പഞ്ചായത്ത് കഴിഞ്ഞ മൂന്നു വർഷമായി കേരളത്തിലെ ഏറ്റവും കൂടുതൽ പച്ചക്കറി ഉൽപ്പാദിപ്പിക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ്. കഞ്ഞിക്കുഴി പഞ്ചായത്താണ് ഏറ്റവും പ്രധാനം. അതു കഴിഞ്ഞാൽ ചേർത്തല സൗത്ത്. ബഹുമാനപ്പെട്ട മാരാരിക്കുളം മെമ്പറോട് ചോദിച്ചാൽ കഴിഞ്ഞദിവസം അവിടെ നടന്ന മറ്റൊരു അത്ഭുതത്തെ സംബന്ധിച്ച് പറയും.

ശ്രീ. ചെർക്കളം അബ്ദുള്ള : പഴം-പച്ചക്കറി സംഭരണത്തിന് ശീതീകരണ ശൃംഖല രണ്ടെണ്ണം ആരംഭിച്ചു. മൂന്നാമത്തേത് വയനാട്ടിലും നാലാമത്തേത് കണ്ണൂരിലും ആരംഭിക്കുമെന്ന് പറഞ്ഞു. കരയുന്ന കുഞ്ഞിനു മാത്രമേ പാലുള്ളൂ എന്നാണോ ? കേരളത്തിലെ 14 ജില്ലകളിലും ശീതീകരണ ശൃംഖല സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : 14 ജില്ലകളിലും ശീതീകരണശൃംഖല വരണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. ആദ്യപടി ആയിട്ടാണ് ഇത് സ്ഥാപിക്കുന്നത്. ഇത് സ്ഥാപിച്ചയിടങ്ങളിലൊക്കെ ചില സവിശേഷതകളുണ്ട്. ഇടുക്കി ജില്ലയിലെ വട്ടവട — കാന്തല്ലൂർ എന്നിവിടങ്ങളിൽ പച്ചക്കറികൾ ആവശ്യത്തിന് കൃഷി ചെയ്യുന്നുണ്ട്. അത് വാങ്ങി ശേഖരിക്കുക എന്നുള്ളതാണ്. വയനാടും പാലക്കാടും ചില പ്രത്യേക പച്ചക്കറി ഇനങ്ങളുടെ കേന്ദ്രമാണ്. ഇതൊക്കെ വച്ചുകൊണ്ടാണ് ആദ്യം മൂന്ന് ശീതീകരണ ശൃംഖല സ്ഥാപിക്കുന്നതിന് തീരുമാനിച്ചത്.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാജു : പഴം-പച്ചക്കറി രംഗത്ത് കർഷകരെ സഹായിക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഇ. ഇ. സി. സഹായത്തോടെ പ്രവർത്തിക്കുന്ന ഹോർട്ടികൾച്ചർ ഡവലപ്മെന്റ് പ്രോഗ്രാമിന്റെ കാലാവധി രണ്ടു വർഷത്തേയ്ക്ക് കൂടി നീട്ടികൊടുത്തിരിക്കുകയാണ്. 15 മാസം കഴിഞ്ഞാൽ ഇ. ഇ. സി. യുടെ സഹായം അവസാനിക്കും. അതോടുകൂടി കെ. എച്ച്. ഡി. പി. യുടെ പ്രവർത്തനവും അവസാനിക്കുകയാണ്. കേരളത്തിൽ കെ. എച്ച്. ഡി. പി. മുഖാന്തിരം പ്രത്യേകിച്ച് പഴം - പച്ചക്കറി കർഷകർക്ക് ഒട്ടേറെ സഹായങ്ങളും സൗകര്യങ്ങളും ചെയ്തതുമൂലം ഉൽപ്പാദനവും വർദ്ധിച്ചിട്ടുണ്ട്. ഇ. ഇ. സി. യുടെ സഹായം അവസാനിക്കുന്നതോടുകൂടി കെ. എച്ച്. ഡി. പി. യെ ഒരു കൗൺസിലാക്കി പഴം-പച്ചക്കറി രംഗത്ത് പുതിയ പുതിയ റിസർച്ച് നടത്തുന്നതിനും പരീക്ഷണം നടത്തുന്നതിനുമുള്ള നടപടി ക്രമം ഗവൺമെന്റ് സ്വീകരിക്കുമോ ; അതു സംബന്ധിച്ച് എന്തെങ്കിലും നടപടിക്രമം സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഇപ്പോഴുള്ള കെ. എച്ച്. ഡി. പി.യുടെ കാലാവധി കഴിഞ്ഞാൽ അതൊരു പ്രൊമോഷൻ കൗൺസിലായി പ്രവർത്തിക്കണം എന്നുള്ളതാണ് ഗവൺമെന്റിന്റെ തീരുമാനം. അങ്ങനെ ഒരു പ്രൊമോഷൻ കൗൺസിൽ രൂപീകരിക്കുന്നതിനുള്ള നടപടികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

ശ്രീ. പി. പി. തങ്കച്ചൻ : പഴം-പച്ചക്കറി മേഖലകളിൽ വളരെ അത്ഭുതങ്ങൾ നടക്കുന്നുണ്ടെന്ന് പറയുകയുണ്ടായി. എന്നെ ക്ഷണിച്ചതിനു നന്ദി. പറയുന്ന സമയത്ത് പറയുന്ന സ്ഥലത്ത് വരാൻ ഞാൻ തയ്യാറാണ്. ഇത്തവണത്തെ ബഡ്ജറ്റ് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോയെന്ന് എനിക്കറിയില്ല. പഴം-പച്ചക്കറി ഉൽപ്പാദനത്തിന് കൃഷി വകുപ്പിന് നീക്കിവച്ചിരിക്കുന്ന സംഖ്യ 1996-97 - ൽ 5,207 ലക്ഷം ആയിരുന്നത് ഈ വർഷം 1077 ലക്ഷം ആയി, അഞ്ചിലൊന്നാക്കി പ്ലാൻ ഫണ്ട് വെട്ടിച്ചുരുക്കി. അതുപോലെ നോൺ പ്ലാൻ ഫണ്ടിലുള്ള സംഖ്യയും അഞ്ചിലൊന്നാക്കി വെട്ടിച്ചുരുക്കിയിരുന്നു. അങ്ങനെ കട്ട് ചെയ്തതാണ് ഇത്തവണത്തെ ബഡ്ജറ്റ്. ഈ രംഗത്ത് അത്ഭുതം നടക്കാൻ എവിടെ നിന്നാണ് പണം ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഈ നടപ്പു സാമ്പത്തിക വർഷം കൃഷി വകുപ്പ് ഏഴുകോടി രൂപയുടെ പഴം-പച്ചക്കറി വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. അതിനുപുറമേ കെ. എച്ച്. ഡി. പി. യുടെ കയ്യിൽ 26 കോടി രൂപ പഴം-പച്ചക്കറി കൃഷി വികസനത്തിനു വേണ്ടിയുണ്ട്. അടുത്ത വർഷത്തേയ്ക്ക് ഇതിനായി കൃഷി വകുപ്പിന് 7 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ത്രിതല പഞ്ചായത്തുകൾക്ക് വേറെയുമുണ്ട്.

ശ്രീ. പി. വിശ്വൻ : ഹരിത സംഘങ്ങളുടെ പ്രവർത്തനം വളരെ വിപുലമായിക്കൊണ്ടിരിക്കുകയാണ്. യുവജനങ്ങളെ പച്ചക്കറി ഉൽപ്പാദന രംഗത്തൊക്കെ ആകർഷിക്കാൻ വ്യാപകമായി ഓരോ ഗ്രാമപഞ്ചായത്തിലും ഒരു ഗ്രീൻഹൗസ് എന്ന തോതിൽ ഒരു പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കാൻ സർക്കാർ മുൻകൈ എടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഗ്രീൻ ഹൗസിൽ പച്ചക്കറി ഉൽപ്പാദിപ്പിക്കുകയെന്നു പറഞ്ഞാൽ വലിയ ചെലവു വരും. എന്നാൽ നമുക്ക് ആവശ്യമായിട്ടുള്ള നല്ലയിനം വിത്തുകൾ വികസിപ്പിച്ചെടുക്കുന്നതിനു വേണ്ടി ചില ഗവൺമെന്റ് ഫാമുകൾ തെരഞ്ഞെടുത്ത്, അവിടെ ഗ്രീൻ ഹൗസ് ഉണ്ടാക്കി, വിത്തുകൾക്കുവേണ്ടി നല്ലയിനം പച്ചക്കറികൾ വളർത്താനും അതിൽനിന്നും വിത്ത് ഉൽപ്പാദിപ്പിക്കാനുമുള്ള ഒരു പ്രോജക്ട് ഗവൺമെന്റ് തയ്യാറാക്കിയിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം അത് നടപ്പിലാകും.

ശ്രീ. സി. ടി. അഹമ്മദ് അലി : നമ്മുടെ സംസ്ഥാനത്തിന്റെ കയറ്റുമതിയായ പഴം-പച്ചക്കറി എത്രകണ്ട് വിദേശത്തേയ്ക്ക് അയയ്ക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ; അത് വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : മുമ്പെല്ലാം ഗൾഫ് നാടുകളിലേയ്ക്ക് തിരുവനന്തപുരത്തുനിന്ന് പഴം-പച്ചക്കറി എന്നിവ കയറ്റി അയച്ചിരുന്നത് തൊട്ടടുത്ത കന്യാകുമാരി ജില്ലയിൽനിന്ന് ശേഖരിച്ചിട്ടാണ്. കഴിഞ്ഞ മൂന്നു വർഷമായി തിരുവനന്തപുരം ജില്ലയിലുള്ള പ്രധാനപ്പെട്ട കാർഷിക പഞ്ചായത്തുകളിൽനിന്ന് ശേഖരിക്കുന്ന പച്ചക്കറികളാണ് ഇപ്പോൾ പ്രധാനമായും കയറ്റിയയ്ക്കുന്നത്. അത് വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

ശ്രീ. ജോസ് ബേബി : സംസ്ഥാന ഹോർട്ടികൾച്ചർ ഡവലപ്മെന്റ് കോർപ്പറേഷൻ വിവിധ സസ്യസ്റ്റാളുകൾ തുടങ്ങുകയുണ്ടായി. മണ്ണാർക്കാട് താലൂക്കിൽ തുടങ്ങിയത് കേരളത്തിൽ രണ്ടാമത്തേത് എന്ന് വേണമെങ്കിൽ പറയാം. ബ്ലോക്ക് ഓഫീസുമായി ബന്ധപ്പെട്ടവർക്ക് റൂം ഉൾപ്പെടെ സംഘടിപ്പിച്ചു കൊടുക്കുകയുണ്ടായി. പിന്നീട് അത് കാര്യക്ഷമമായി നടത്താനായില്ല. ഇപ്പോൾ അത് പൂട്ടിയിട്ടിരിക്കുകയാണ്. അത് തുറന്നു പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ ; മന്ത്രിയുടെ ശക്തമായ എന്തെങ്കിലും നടപടിയുണ്ടെങ്കിൽ മാത്രമേ അത് തുടങ്ങാനാവുകയുള്ളൂ. അതിനു വേണ്ട നടപടി സ്വീകരിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഹോർട്ടികൾച്ചർ കോർപ്പറേഷന്റെ പ്രവർത്തനം പുനരാരംഭിച്ചതിനുശേഷം രണ്ടാമത്തെ സ്റ്റാളായിട്ടാണ് ബഹുമാനപ്പെട്ട മെമ്പറുടെ മണ്ഡലത്തിൽ ആരംഭിച്ചത്. പച്ചക്കറി ശേഖരണത്തിന്റെ കേന്ദ്രം പാലക്കാട് ജില്ലയിൽ ഇല്ലാത്തതുകൊണ്ട് കൃത്യമായി പച്ചക്കറി എത്തിക്കാനായി കഴിഞ്ഞിരുന്നില്ല. ഇപ്പോൾ ശേഖരിച്ച് വിതരണം ചെയ്യുന്ന ഒരു വിതരണ കേന്ദ്രം പാലക്കാട് ജില്ലയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തീർച്ചയായും ബഹുമാനപ്പെട്ട മെമ്പറുടെ മണ്ഡലത്തിലെ ഹോർട്ടികൾച്ചർ കോർപ്പറേഷന്റെ സസ്യ സൂപ്പർമാർക്കറ്റിന്റെ പ്രശ്നം പുനരാരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## 'ഗാലസ' പദ്ധതി

3(*652) ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എ. കണാരൻ :
ശ്രീ. പി. കെ. കുമാരൻ :
ശ്രീ. എ. അലി ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജിത സാങ്കേതിക വിദ്യ ഉപയോഗിച്ച് നെല്ല് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും 'ഗാലസ' എന്ന നവീന പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) 'ഗാലസ' പദ്ധതി സംസ്ഥാനത്ത് എവിടെയാണ് പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചത് ;

(ഡി) പ്രസ്തുത പദ്ധതി അനുസരിച്ചുള്ള ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും വിശദമാക്കുമോ ;

(ഇ) ഈ പദ്ധതി നടപ്പിലാക്കുന്ന ജില്ലാ പഞ്ചായത്തുകൾക്ക് കൃഷി വകുപ്പ് ഗ്രാന്റ് നൽകുന്നുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കാൻ തയ്യാറാകുമോ ;

(ജി) അടുത്തവർഷം എത്ര ഹെക്ടറിൽ 'ഗാലസ' പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ,ബി,സി,ഡി,ഇ,എഫ് &ജി) കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ പാലക്കാട് ജില്ലാ പഞ്ചായത്ത് നടപ്പാക്കിയ ഒരു കൃഷി വികസന പദ്ധതിയാണ് ഗാലസ. പദ്ധതിയെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ കൃഷി വകുപ്പിന് ലഭ്യമല്ല. വിശദവിവരങ്ങൾ ശേഖരിക്കുകയും പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നതാണ്.

ശ്രീ. വി. കെ. ചന്ദ്രൻ : കേരള സംസ്ഥാനമാകെ മാതൃകയാക്കി സ്വീകരിക്കുന്ന ഒരു പദ്ധതിയാണ് ഗാലസ. കാർഷികരംഗത്ത് വളരെ മാറ്റത്തിന് വിധേയമാക്കിയ ഈ പദ്ധതിക്ക് കൃഷിവകുപ്പിന്റെ സാമ്പത്തികസഹായമോ മറ്റു സാങ്കേതിക സഹായമോ ഇന്ന് ലഭ്യമല്ല. ഈ പദ്ധതി വിപുലപ്പെടുത്തുന്നതിനു വേണ്ടി കൃഷിവകുപ്പിന്റെ സാമ്പത്തിക സാങ്കേതിക സഹായം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഈ പദ്ധതിക്ക് ഇപ്പോൾതന്നെ കൃഷിവകുപ്പിന്റെ സാങ്കേതിക സഹായം ലഭിക്കുന്നുണ്ട്. കൃഷിവകുപ്പിലെ കൃഷി ഓഫീസർ, അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, ജോയിന്റ് ഡയറക്ടർ

കാർഷിക സർവകലാശാലയിലെ ഉദ്യോഗസ്ഥൻ എന്നിവർ കൂട്ടായിട്ടാണ് ജില്ലാ പഞ്ചായത്തുകളുടെ നേതൃത്വത്തിലുള്ള ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്.

ശ്രീ. വി. കെ. ചന്ദ്രൻ : പാലക്കാട് ജില്ലയിലെ മൂന്ന് പാടശേഖര സമിതികളിൽ ആദ്യം പരീക്ഷണാടിസ്ഥാനത്തിൽ നടത്തി. ഒരു ഹെക്ടർ സ്ഥലത്ത് മൂന്നര മുതൽ നാലു ടൺ വരെയാണ് വിളവുണ്ടായത്. അതിനുശേഷം ഒരു ഹെക്ടർ സ്ഥലത്ത് ഗാലസ പദ്ധതി നടപ്പാക്കിയപ്പോൾ ഏതാണ്ട് ഏഴര മുതൽ എട്ട് ടൺവരെ വിളവ് വർദ്ധനവ് ഉണ്ടായി. ഇപ്പോൾ 21 പഞ്ചായത്തുകളിലേക്ക് ഇത് വ്യാപിപ്പിച്ചിട്ടുണ്ട്. ഇതിന്റെ വിജയം കണ്ടുകൊണ്ട് സംസ്ഥാന വ്യാപകമായി ഈ പദ്ധതി നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഈ പദ്ധതിയെ സംബന്ധിച്ച് ഗവൺമെന്റ് വിശദമായി പരിശോധിച്ച് അതിന്റെ ഗുണവശങ്ങൾ പൂർണ്ണമായി കൃഷിവകുപ്പിന്റെ പദ്ധതികളിൽ പ്രാവർത്തികമാക്കാനും ഈ പദ്ധതി വളരെ വിജയകരമായി നടത്താൻ കഴിയുമെങ്കിൽ അത് ബന്ധപ്പെട്ട പ്രദേശങ്ങളിൽ നടത്തുന്നതിനും കൃഷി വകുപ്പ് തയ്യാറാണ്.

ശ്രീ. എം. വി. ജയരാജൻ : ഈ പദ്ധതിയുടെ പേര് ഗാലസ എന്നാണ്. ഗാലസ എന്നു പറഞ്ഞാൽ എന്താണുദ്ദേശിക്കുന്നത് ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : വിവിധ പദ്ധതികളെ ഉൾപ്പെടുത്തി കൊണ്ടുള്ള ഒന്നാണിത്. അത് കാർഷിക സർവ്വകലാശാലയോട് ചോദിക്കണം. സമഗ്രമായ നെല്ലുൽപ്പാദനത്തിനുവേണ്ടി പല സ്കീമുകളും ഉൾപ്പെടുത്തിക്കൊണ്ട് ഉണ്ടാക്കിയിട്ടുള്ളതാണ്.

ശ്രീ. എം. വി. ജയരാജൻ : അങ്ങ് ഇപ്പോൾ പറഞ്ഞത് സാങ്കേതിക സഹായം കൃഷിവകുപ്പ് നൽകുന്നുണ്ട് എന്നാണ്. ഗാലസ പദ്ധതി പാലക്കാട് ജില്ലയിൽ ആവിഷ്ക്കരിച്ച് നടപ്പാക്കുമ്പോൾ ആവശ്യമുള്ള സാങ്കേതിക സഹായം കൃഷിവകുപ്പ് നൽകുന്നുണ്ട്. ആ സാങ്കേതിക സഹായത്തിനു പുറമേ ഇത് ഫലപ്രദമായി വിജയിച്ച പദ്ധതിയാണ് എന്നതുകൊണ്ട് ഈ പദ്ധതിയിൽപ്പെടുന്ന കർഷകർക്ക് പ്രത്യേക അവാർഡ് ഉൾപ്പെടെ ഏറ്റവും കൂടുതൽ ഉൽപ്പാദനം നടത്തുന്നവർക്ക് ഗ്രാന്റ് നൽകികൊണ്ട് ഗവൺമെന്റ് ഈ പദ്ധതിയെ പ്രോൽസാഹിപ്പിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച പ്രശ്നം തീർച്ചയായും ഗവൺമെന്റ് പരിശോധിക്കുന്നതാണ്. പ്രത്യേക കൃഷി വിഭാഗത്തിൽ ഏർപ്പെട്ടിട്ടുള്ള കർഷകർ നൽകുന്ന സംഭാവനയുടെ അളവിന്റെ അടിസ്ഥാനത്തിൽ അവർക്ക് പ്രത്യേക അംഗീകാരം കൊടുക്കുന്ന കാര്യവും ഗവൺമെന്റ് പരിശോധിക്കാം.

ശ്രീ. എ. കണാരൻ : കാർഷിക സർവ്വകലാശാലയുടെയും ജില്ലാ പഞ്ചായത്തിന്റെയും നേതൃത്വത്തിൽ ഒരു നവീന കൃഷിയാണ് പാലക്കാട് ജില്ലയിലെ 3 പഞ്ചായത്തുകളിൽ നടപ്പാക്കിയത്. അതിൽ വമ്പിച്ച

LIBRARY ARCHIVES Kerala Legislative Assembly

പുരോഗതിയുമുണ്ടായി. അതിനെപ്പറ്റി അങ്ങു പറഞ്ഞ ഉത്തരത്തിൽ വകുപ്പിന്റെ കീഴിൽ വേണ്ടത്ര വിവരം ഇല്ല എന്നു പറയുന്നത് ശരിയാണോ ? കൃഷിവകുപ്പിന്റെ ഇത്തരത്തിലുള്ള നിരുത്തരവാദിത്വം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : കൃഷിവകുപ്പിൽ ഇതിന്റെ വിശദമായ വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. സഭയിൽ പറയുമ്പോൾ അതിന്റെ പൂർണ്ണമായ ഉത്തരവാദിത്വത്തിൽ പറയണം. ആ ഉത്തരവാദിത്വത്തിൽ പറയണമെന്നുള്ളതുകൊണ്ട് പൂർണ്ണമായ വിവരം കൃഷിവകുപ്പിന്റെ കയ്യിലില്ല. കൃഷിവകുപ്പ് അത് ശേഖരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ. കണാരൻ : നമ്മുടെ ബഡ്ജറ്റിൽ ഗാലസ പദ്ധതി വിപുലപ്പെടുത്താൻ വേണ്ടി മൂന്ന് സ്ഥലം തെരഞ്ഞെടുക്കപ്പെട്ടിരുന്നു. പാലക്കാട്, തൃശ്ശൂർ, കുട്ടനാട്. നമ്മുടെ സംസ്ഥാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട മൂന്ന് പാടശേഖരങ്ങളാണ് അവ. അതുപോലെതന്നെ എമ്പാടും പാടശേഖരങ്ങളുണ്ട്. ഒരുപാട് പാടശേഖരങ്ങൾ കോഴിക്കോട് ഉണ്ട്. താവളപ്പാണ്ടി, കരിക്കോട്ചിറ, വെള്ളൂക്കര, ചിറടത്തുചിറ ഇങ്ങനെ ആയിരക്കണക്കിന് ഏക്കർ ഭൂമി ഒന്നായിരിക്കുന്നതും ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ അറിയാം. ഈ പാടശേഖരങ്ങൾ എല്ലാം കൂട്ടിച്ചേർന്ന് കൃഷി അഭിവൃദ്ധിപ്പെടുത്താൻ കഴിഞ്ഞാൽ 1975-ലുണ്ടായപോലെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയും. അങ്ങനെ കേരളത്തിൽ ആകമാനം ഈ പദ്ധതി നവീകരിച്ചുകൊണ്ട് ആവശ്യമായ മാറ്റങ്ങൾ വരുത്തി നടപ്പിലാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : അദ്ദേഹത്തിന്റെ മണ്ഡലത്തിൽ നെൽവയൽ സംരക്ഷണത്തിന് ഇപ്പോൾതന്നെ ഗവൺമെന്റ് 22 ലക്ഷം രൂപ കൊടുത്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ അവശേഷിക്കുന്ന നെൽവയൽ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്. ബഹുമാനപ്പെട്ട ജയരാജൻ ചോദിച്ച ഗാലസ - Group Approach for Locally Adapted Sustainable Agriculture - അതിന്റെ ഷോർട്ട് ഫോമാണ് ഗാലസ.

ശ്രീ. എ. അലി ഹസ്സൻ : ഗാലസ പദ്ധതി പ്രചരിപ്പിക്കുന്നതു സംബന്ധിച്ച് കാർഷിക യൂണിവേഴ്സിറ്റിയിലെ വിദഗ്ദ്ധൻമാർ എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് എന്നുള്ളത് വ്യക്തമാക്കാമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : അത് ഇപ്പോൾ എന്റെ കൈവശം ഇല്ല. ഇതിനെ സംബന്ധിച്ച് കാർഷിക യൂണിവേഴ്സിറ്റിയിലെ ശാസ്ത്രജ്ഞൻമാരുമായി ചർച്ച ചെയ്ത് അതിനെ അടിസ്ഥാനമാക്കിയുള്ള നിർദ്ദേശങ്ങൾ തീർച്ചയായും അറിയിക്കാം.

ശ്രീ. എ. അലി ഹസ്സൻ : ഗാലസ പദ്ധതി സംസ്ഥാനത്ത് രണ്ട് മൂന്ന് ജില്ലകളിൽ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. കേരളവ്യാപകമായി 14 ജില്ലകളിൽ നടപ്പാക്കുകയാണെങ്കിൽ നെല്ലുൽപ്പാദനം എന്തുമാത്രം വർദ്ധിപ്പിക്കാൻ കഴിയും എന്നുള്ളതു സംബന്ധിച്ച് വല്ല കണക്കും ശേഖരിച്ചിട്ടുണ്ടോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : അടുത്ത സാമ്പത്തിക വർഷത്തിൽ പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ ജില്ലകളിൽ ഗാലസ പദ്ധതി വ്യാപിപ്പിക്കുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയുള്ള നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി തന്നെ അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം അതിനുള്ള നടപടി സ്വീകരിക്കും.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഈ ഗാലസ പദ്ധതികൊണ്ട് സംസ്ഥാനത്ത് നെല്ലുൽപ്പാദനം വളരെയധികം കൂട്ടാൻ കഴിയുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. 1996–'97 ൽ 52.07 കോടി രൂപയാണ് വില്ലേജ് പഞ്ചായത്തുകൾക്ക് പ്ലാനിൽ വകയിരുത്തിയത്. 1997–'98 ൽ 34.98 കോടി രൂപയാണ്. 2000-2001-ൽ വച്ചിരിക്കുന്നത് 1071 കോടി രൂപയാണ്. ഈ പറയുന്നത് Abstract of Budget Estimates to village panchayaths -ഇത് അനുസരിച്ച് വില്ലേജ് പഞ്ചായത്തുകൾക്ക് അഞ്ചിലൊന്നാണ് നൽകുന്നത്. മന്ത്രി പിന്നെ എവിടെ നിന്നാണ് 60 കോടി, 70 കോടി എന്നൊക്കെ പറഞ്ഞത്? അങ്ങനെയാണെങ്കിൽ ഈ ബഡ്ജറ്റിലെ ഡോക്യുമെന്റ് തെറ്റല്ലേ ; എവിടെ നിന്നാണ് മന്ത്രിക്ക് പണം കിട്ടിയത് ; അത് ഒന്ന് വിശദീകരിക്കാമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : പഞ്ചായത്തുകൾക്ക് കാർഷിക രംഗത്ത് സ്കീമുകൾ നടപ്പിലാക്കാൻവേണ്ടി പ്രൊഡക്ഷൻ സെക്ടറിൽ കൊടുക്കുന്ന ഫണ്ടാണ്. ആ പ്രൊഡക്ഷൻ സെക്ടറിൽ കൊടുക്കുന്ന ഫണ്ടിന് നോംസ് ഉണ്ട്. അതിന്റെയടിസ്ഥാനത്തിൽ ഇപ്പോൾ കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, ചെറുകിട ജലസേചനം തുടങ്ങിയിട്ടുള്ള തലങ്ങൾ ചേർന്നതാണ് പ്രൊഡക്ഷൻ സെക്ടർ. അതിൽ ഇപ്പോൾ നെൽകൃഷിക്ക് വേണമെങ്കിൽ കൂടുതൽ ഫണ്ട് ഉപയോഗിക്കാം. പച്ചക്കറി കൃഷിക്ക് വേണമെങ്കിൽ കൂടുതൽ ഫണ്ട് ഉപയോഗിക്കാം. അതൊക്കെ ഓരോ ഗ്രാമ പഞ്ചായത്തിന്റെയും സാദ്ധ്യതയുടെ അടിസ്ഥാനത്തിലാണ്. ഏത് മേഖലയ്ക്കു മുൻഗണന കൊടുക്കണമെന്നുള്ളത് അവിടെയാണ് തീരുമാനിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്ട് തയ്യാറാക്കുന്നത്.

ശ്രീ. സി. കെ. രാജേന്ദ്രൻ : ഗാലസ പദ്ധതിപ്രകാരം ഉൽപ്പാദനം വർദ്ധിപ്പിക്കാനും ഉൽപ്പാദനച്ചെലവ് ഗണ്യമായി കുറയ്ക്കുവാനും കഴിയുമെന്ന് തെളിയിക്കപ്പെട്ട സാഹചര്യത്തിൽ അത് ഫലപ്രദമാക്കുന്നതിനും ജലസേചനം, കൃഷി, സഹകരണം, വിദ്യുച്ഛക്തി തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരെ സംയുക്തമായി ഈ പ്രവൃത്തികളിൽ പങ്കാളികളാക്കുന്നതിനും ജില്ലയിൽ നേതൃത്വം കൊടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഇതിനെക്കുറിച്ച് പഠിക്കുന്നതിനു വേണ്ടി ഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ആ റിപ്പോർട്ട് കിട്ടിയാൽ ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ബന്ധപ്പെട്ട വകുപ്പുകൾ കൂടിയിരുന്ന് ആലോചിച്ച് അവരെ സംയോജിപ്പിച്ചുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ശ്രമം നടത്തുന്നതാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സംസ്ഥാന കൃഷിവകുപ്പും കാർഷിക സർവകലാശാലയും കൂട്ടായി നടത്തുന്ന പരിശ്രമങ്ങളുടെ ഫലമായി കേരളത്തിൽ നെല്ലുൽപ്പാദനം വർദ്ധിച്ചിരിക്കുകയാണ്. ഇതിന്റെ കണക്കുകൾ നമ്മുടെ മുൻപിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മലയാള മനോരമ കർഷകശ്രീ പരിപാടിയുടെ ഭാഗമായി തൃശൂരിൽ കൃഷിയെ സംബന്ധിച്ച് നടത്തിയ 4 ദിവസത്തെ സെമിനാറിൽ സാമ്പത്തിക വിദഗ്ദ്ധന്മാരും കൃഷി ശാസ്ത്രജ്ഞന്മാരും ഇതിനെക്കുറിച്ചുള്ള ആധികാരികമായ കണക്കുകൾ സഹിതം വിശദീകരിച്ചിട്ടുള്ളതാണ്. തൃശൂർ കോൾ ലാന്റിൽ ചേർപ്പ് നിയോജക മണ്ഡലത്തിലെ കോടന്നൂർ തരിശ് വടവ്, നെടുപുഴ മദാമ്മതോപ്പ് അങ്ങനെ നിരവധി പ്രധാനപ്പെട്ട ഏരിയകളുണ്ട്. അവിടെ രാസകീടനാശിനികൾ ഇല്ലാതെ സംയോജിത കൃഷി രീതി നടപ്പാക്കുന്നതിന്റെ ഫലമായി എട്ട് ടൺ വരെ നെല്ല് ഉൽപ്പാദിപ്പിച്ചിരിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. തൃശൂർ 30 ഏക്കർ കോൾ കൃഷി മേഖലയിൽ അത്തരത്തിൽ രാസ കീടനാശിനി ഒഴിവാക്കിയുള്ള രീതി ഡെവലപ്പ് ചെയ്തുകൊണ്ട് നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. പാലക്കാട് ജില്ലയിൽ ഒരു ഹെക്ടറിൽനിന്ന് 8 ടൺ നെല്ല് വരെ കിട്ടുന്നുണ്ട്. തൃശൂർ ജില്ലയിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ചേർപ്പു അസംബ്ളി മണ്ഡലത്തിലുള്ള കോൾ ഏരിയായിൽ 8 ടൺ വരെ കിട്ടിയിട്ടുള്ളതായി ഗവൺമെന്റിനു അറിയാം. നെല്ലിന്റെ ഉൽപ്പാദന ക്ഷമത വർദ്ധിച്ചു. 2,067 കിലോഗ്രാമാണ് ശരാശരി. 1959 കിലോഗ്രാമിൽ നിന്നാണ് 2067 കിലോഗ്രാമായത്. 1998-'99 സാമ്പത്തിക വർഷത്തിൽ ആണ്. 1999-2000-ൽ ഔദ്യോഗികമായ കണക്കു വന്നു. അത് 3167 കിലോഗ്രാമാണ്. കഴിഞ്ഞ കാലത്തെ കൂട്ടായ ശ്രമത്തിന്റെ ഫലമായി ഉണ്ടായതാണ്. ഇനിയും അത് വർദ്ധിക്കാനുള്ള സാദ്ധ്യതയുണ്ട്.

ശ്രീ. കെ. എ. ചന്ദ്രൻ : ഗാലസ പദ്ധതി പാലക്കാട് നടപ്പിലാക്കിയിട്ട് വർഷം രണ്ടായി. ഇത് സാധാരണക്കാരായ കൃഷിക്കാർ മാത്രമായി നടപ്പാക്കിയതല്ല. കേരള കാർഷിക സർവകലാശാല, കൃഷിവകുപ്പിലെ സാങ്കേതിക ഉദ്യോഗസ്ഥന്മാർ, ജില്ലാ പഞ്ചായത്ത് ഇവരുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും ഉപദേശത്തിലും നടപ്പിലാക്കിയ പദ്ധതിയാണ്. വർഷം രണ്ടു കഴിഞ്ഞു. സഭയിൽ ചോദ്യം വന്നിട്ടും ഇതിന്റെ വിശദാംശം ബഹുമാനപ്പെട്ട മന്ത്രിക്ക് ലഭ്യമല്ല. ഇത് എന്നേക്ക് ലഭ്യമാകും ? നിയോഗിച്ച കമ്മിറ്റിയിൽ ഉദ്യോഗസ്ഥന്മാർ മാത്രമാണോ, അനുദ്യോഗസ്ഥന്മാർ ഉണ്ടോ ; സമയബന്ധിതമായി റിപ്പോർട്ട് വാങ്ങിച്ചോ ; എങ്കിൽ സഭയിൽ എല്ലാപേർക്കും വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഉദ്യോഗസ്ഥന്മാരുടെ കമ്മിറ്റിയാണ്. ആ കമ്മിറ്റി റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ തീർച്ചയായും മെമ്പർമാർക്ക് അതിന്റെ കോപ്പി നൽകാൻ തയ്യാറാണ്. അദ്ദേഹത്തിനുതന്നെ അവിടത്തെ കാര്യങ്ങളെക്കുറിച്ച് കൂടുതലായി അറിയാവുന്നതാണ്.

ഡോ. കെ. സി. ജോസഫ് : നെൽകൃഷിയിലെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കൈക്കൊണ്ട പ്രധാനപ്പെട്ട തീരുമാനം കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്തുണ്ടായ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായമായിരുന്നു. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കുന്ന കൃഷിക്കാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

കുറെയേറെ ആനുകൂല്യങ്ങൾ നൽകുന്നതിലേയ്ക്കായി ഒരു പദ്ധതി ആവിഷ്കരിച്ചിരുന്നു. എന്നാൽ കഴിഞ്ഞ യു. ഡി. എഫ് ഗവൺമെന്റിന്റെ കാലത്ത് ആ പണം Prime minister's സ്കീമിനുവേണ്ടി ഡൈവർട്ട് ചെയ്യപ്പെട്ടതുകൊണ്ട് കൃഷിക്കാർക്ക് അതിന്റെ ആനുകൂല്യം ലഭ്യമല്ലാതെ വന്നതുകൊണ്ട് ഗ്രൂപ്പുഫാമിംഗ് സമ്പ്രദായം തന്നെ നിന്നുപോയ ഒരുസാഹചര്യത്തിൽ പ്രത്യേക പ്രശ്നങ്ങളുള്ള കുട്ടനാട് തൃശൂർ കോൾലാന്റ് കൃഷിമേഖലകളിൽ പ്രാദേശികമായി നെൽകൃഷിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുതകുന്ന പദ്ധതി ആവിഷ്കരിക്കുന്നതിനും ഇപ്പോൾ ഗ്രാമ പഞ്ചായത്തുകൾക്കുള്ള ഉൽപ്പാദന മേഖലയുടെ പണം ചെലവഴിക്കാൻ കഴിയില്ല എന്നുള്ള സാഹചര്യത്തിൽ അതിനുവേണ്ടി പ്രത്യേകമായ ഒരു സംസ്ഥാന പദ്ധതി ആവിഷ്കരിച്ച് ബഡ്ജറ്റിൽ തുക ഉൾകൊള്ളിച്ചുകൊണ്ട് പ്രത്യേക പ്രശ്നങ്ങളുള്ള മേഖലയിലെ നെൽകൃഷി വികസനത്തിനുവേണ്ടി പദ്ധതി ആവിഷ്കരിക്കുവാനും തുക ഉൾക്കൊള്ളിക്കുവാനും ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ബഹു. ഡോ. കെ. സി. ജോസഫ് ഇവിടെ സൂചിപ്പിച്ചത് ശരിയാണ്. 1987-ലെ എൽ.ഡി.എഫ് ഗവൺമെന്റിലെ കൃഷിവകുപ്പുമന്ത്രിയായിരുന്ന ബഹുമാന്യനായ വി. വി. രാഘവനാണ് ഗ്രൂപ്പ് ഫാമിംഗ് കൊണ്ടു വന്നത്. അത് വളരെ വിജയകരമായിരുന്നു. എന്നാൽ യു. ഡി. എഫ് ഗവൺമെന്റ് ആ ഗ്രൂപ്പ്ഫാമിംഗ് വേണ്ടായെന്നു വച്ചു. അത് പുനരാരംഭിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. പ്രശ്ന പ്രദേശങ്ങളിൽ ഗ്രൂപ്പ്ഫാമിംഗ് പ്രാവർത്തികമാകുമ്പോൾ തീർച്ചയായും ചില സഹായങ്ങൾ ചെയ്യേണ്ടതുണ്ട്. പുതുതായി അതിന് ഫണ്ട് കിട്ടുമോ എന്നുള്ള കാര്യം പരിശോധിക്കാം. തീർച്ചയായും അനുവദിച്ച ഫണ്ടിൽ നിന്നുതന്നെ ഈ പ്രശ്ന പ്രദേശങ്ങളിലെ നെൽകൃഷി സംരക്ഷണത്തിനുവേണ്ടി ചില പരിപാടികൾ സംവിധാനം ചെയ്യുന്നതിന് ഗവൺമെന്റ് തയ്യാറാണ്.

### വന്യമൃഗ സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും സംരക്ഷണം

4(*653) ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. പി. രാഘവൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വന്യമൃഗ സങ്കേതങ്ങളുടെയും ദേശീയ ഉദ്യാനങ്ങളുടെയും സംരക്ഷണം, വികസനം, പുനരുദ്ധാരണം എന്നിവ ലക്ഷ്യമാക്കി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് നിലവിലുള്ള വന്യമൃഗസങ്കേതങ്ങൾ ഏതൊക്കെ എന്ന് വെളിപ്പെടുത്തുമോ ;



LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുതുതായി വന്യമൃഗസങ്കേതങ്ങൾ വികസിപ്പിച്ചെടുക്കാൻ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്തെ ദേശീയോദ്യാനങ്ങൾ ഏതൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ദേശീയോദ്യാനങ്ങളുടെ സംരക്ഷണത്തിനായി ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ജി) ഇതിനായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എച്ച്) സംസ്ഥാനത്തെ വന്യമൃഗസങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും സംരക്ഷണം, വികസനം, പുനരുദ്ധാരണം എന്നിവയ്ക്കായി എന്തു തുക കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) : സർ,

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും സംരക്ഷണ വികസന പ്രവർത്തനങ്ങൾക്കായി ഓരോ സങ്കേതത്തിനും പ്രത്യേകം വന്യജീവി പരിപാലനപദ്ധതി (വൈൽഡ് ലൈഫ് മാനേജ്മെന്റ് പ്ലാൻ) തയ്യാറാക്കി സർക്കാർ അംഗീകാരത്തോടെ നടപ്പാക്കി വരുന്നുണ്ട്. സങ്കേതങ്ങളുടെ ആവാസ വ്യവസ്ഥ പരിരക്ഷിക്കുക, വന്യമൃഗവേട്ട തടയുക, സംരക്ഷണ സംവിധാനം ശക്തമാക്കുക, ഗവേഷണ പഠനങ്ങൾ, വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ളതാണ് ഈ പദ്ധതി. ഈ പദ്ധതിയുടെ നടത്തിപ്പിനായി ധനസഹായം സംസ്ഥാന ബഡ്ജറ്റിലൂടെയും കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെയും ലഭിച്ചുവരുന്നു. സംസ്ഥാനത്തെ ഏക കടുവാ സംരക്ഷണ കേന്ദ്രമായ പെരിയാർ വന്യജീവി സങ്കേതത്തിന്റെ സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നതോടൊപ്പം "പ്രോജക്ട് ടൈഗർ" പദ്ധതിയും ഇന്ത്യാ ഇക്കോ ഡെവലപ്പ്മെന്റ് പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. ഏഷ്യൻ ആനകളുടെ സംരക്ഷണത്തിനായി ആവിഷ്കരിച്ച 100 ശതമാനം കേന്ദ്ര സഹായമുള്ള പ്രോജക്ട് എലിഫന്റ് പദ്ധതിയും നീലഗിരി ജൈവ മേഖല സംരക്ഷണ പദ്ധതിയും (നീലഗിരി ബയോസ്ഫിയർ റിസർവ്) നടപ്പാക്കി വരുന്നു. ലോകബാങ്ക് സഹായമുള്ള കേരളാ ഫോറസ്ട്രി പ്രോജക്ട് മുഖേന നടപ്പിലാക്കി വരുന്ന ജൈവ വൈവിധ്യ സംരക്ഷണ പരിപാടികൾ എല്ലാ സംരക്ഷിത മേഖലകളിലും വില്ലേജ് ഇക്കോ ഡെവലപ്പ്മെന്റ് പ്രവർത്തനങ്ങൾ നെയ്യാർ വന്യജീവി സങ്കേതത്തിലും, ചിന്നാർ വന്യജീവി സങ്കേതത്തിലും നടപ്പിലാക്കുന്നു.

(സി) സംസ്ഥാനത്ത് നിലവിലുള്ള വന്യജീവി സങ്കേതങ്ങൾ ചുവടെ ചേർക്കുന്നു.

1. പെരിയാർ വന്യജീവി സങ്കേതം.
2. വയനാട് വന്യജീവി സങ്കേതം.

LIBRARY ARCHIVES Kerala Legislative Assembly

3. പറമ്പിക്കുളം വന്യജീവി സങ്കേതം.
4. നെയ്യാർ വന്യജീവി സങ്കേതം.
5. പീച്ചി വാഴാനി വന്യജീവി സങ്കേതം.
6. ശെന്തുരുണി വന്യജീവി സങ്കേതം.
7. ചിന്നാർ വന്യജീവി സങ്കേതം.
8. ഇടുക്കി വന്യജീവി സങ്കേതം.
9. ആറളം വന്യജീവി സങ്കേതം.
10. പേപ്പാറ വന്യജീവി സങ്കേതം.
11. തട്ടേക്കാട് പക്ഷി സങ്കേതം.
12. ചിമ്മിണി വന്യജീവി സങ്കേതം.

(ഡി) ഇല്ല.

(ഇ) സംസ്ഥാനത്ത് ഇരവികുളം, സൈലന്റ്വാലി എന്നീ രണ്ട് ദേശീയോദ്യാനങ്ങൾ ഉണ്ട്.

(എഫ് &ജി) ദേശീയോദ്യാനങ്ങളുടെ സംരക്ഷണ വികസന പ്രവർത്തനങ്ങൾക്ക് നിലവിലുള്ള കേന്ദ്രാവിഷ്ക്കൃത പദ്ധതി പ്രവർത്തനങ്ങൾ തുടരുന്നതോടൊപ്പം കേന്ദ്രാവിഷ്ക്കൃത പ്രത്യേക സംരക്ഷണ പദ്ധതികളായ പ്രോജക്ട് എലിഫന്റ്, നീലഗിരി ബയോസ് ഫിയർ റിസർവ് എന്നിവയുടെ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു. ആവാസ വ്യവസ്ഥകളുടെ പരിരക്ഷ, വന്യജീവികൾക്കുവേണ്ട കുടിവെള്ളം ലഭ്യമാക്കുക, കാട്ടുതീയിൽ നിന്നു സംരക്ഷണം നൽകുക, തീറ്റചെടികളുടെ ലഭ്യത വർദ്ധിപ്പിക്കുക, മണ്ണൊലിപ്പ് തടയുന്നതിനും മഴവെള്ളം തടഞ്ഞുനിർത്തുന്നതിനും ഗവേഷണ പഠനങ്ങൾ, പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, സംരക്ഷണ വികസന പരിപാലന പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുക, അനുയോജ്യമായ രീതിയിൽ ഇക്കോ ടൂറിസം പ്രോൽസാഹിപ്പിക്കുക എന്നീ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

(എച്ച്) 1,204.08 ലക്ഷം രൂപ.

ശ്രീ. വർഗ്ഗീസ് വൈദ്യർ : വന്യജീവി സങ്കേതം വികസിപ്പിക്കുന്നതിന് വേണ്ടി ഏതെങ്കിലും പ്രോജക്ട് കേരളത്തിൽ നിന്ന് കൊടുത്തിട്ടുണ്ടോ, ഒരു പ്രോജക്ട് കൊടുത്താൽ 100 ശതമാനവും കേന്ദ്രമാണ് തരേണ്ടത്. ആ നിലയ്ക്ക് ഒരു പ്രോജക്ട് കൊടുത്ത് ഇത് വികസിപ്പിക്കുന്നതിന് സാധിക്കും. അതുകൊണ്ട് ഏതെങ്കിലും പ്രോജക്ട് കൊടുത്തിട്ടുണ്ടോ, അല്ലെങ്കിൽ കൊടുക്കാൻ കഴിയുമോ ?

ശ്രീ. സി. കെ. നാണു : കടുവ സംരക്ഷണപദ്ധതിയുടെ മാതൃകയിൽ വംശനാശ ഭീഷണി നേരിടുന്ന ഏഷ്യൻ ആനകളെ സംരക്ഷിക്കുന്നതിനും, അവയുടെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനും ദേശീയതലത്തിൽ ആവിഷ്കരിക്കപ്പെട്ട പദ്ധതിയാണ് 100 ശതമാനം കേന്ദ്ര സഹായത്തോടുകൂടിയുള്ള ആന സംരക്ഷണത്തിനുള്ള പദ്ധതികൾ. അത്തരത്തിലുള്ള പല പദ്ധതികളും കേന്ദ്രഗവൺമെന്റിന്റെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർഗ്ഗീസ് വൈദ്യർ : ഇക്കോടൂറിസം വികസിപ്പിക്കുന്നതിനും ഫോറസ്റ്റി നകത്ത് ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും ഏതെങ്കിലും പ്രോജക്ട് കൊടുത്താൽ കാട്ടുജാതിക്കാർക്ക് തൊഴിൽ കിട്ടും. ആ നിലയ്ക്ക് ഒരു പ്രോജക്ട് കൊടുത്ത് ഇക്കോ ടൂറിസം വികസിപ്പിക്കാം. വയനാട്ടിലെ കാലാവസ്ഥയും അതിന് അനുകൂലമാണ്. അതിനുവേണ്ടി എന്തെങ്കിലും ചെയ്യാൻ തയ്യാറാകുമോ ?

ശ്രീ. സി. കെ. നാണു : വയനാട്ടിൽ ആദിവാസികൾക്ക് തൊഴിൽ കൊടുക്കത്തക്ക രൂപത്തിൽ വിറക്, കാലിത്തീറ്റ എന്നിവയുടെ ഉൽപ്പാദനം കൂട്ടുക, വൃക്ഷതൈകൾ, ഔഷധച്ചെടികൾ എന്നിവ വിതരണം ചെയ്യുക എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഇന്ധനത്തിന്റെ ഉപയോഗം ലഘൂകരിക്കുന്നതിന് പുകയില്ലാത്ത അടുപ്പുകൾ, ബയോഗ്യാസ് പ്ലാന്റ് എന്നിവ നിർമ്മിച്ച് കൊടുക്കുകയും, സൗരോർജ്ജം ഉപയോഗിച്ചുള്ള വിളക്കുകളും മറ്റും വിതരണം ചെയ്യുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. ഇക്കോ ടൂറിസം പ്രവർത്തനങ്ങളിൽ ഗൈഡുകളായി പ്രവർത്തിക്കുന്നതിനുള്ള പരിശീലനവും നൽകുന്നുണ്ട്. അത്തരത്തിലുള്ള പദ്ധതികൾ വയനാട് ജില്ലയിൽ ആരംഭിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുന്നുണ്ട്.

ശ്രീ. പി. വിശ്വൻ : വനം കൊള്ളയടിക്കുമ്പോൾ, വനത്തിലെ വൃക്ഷങ്ങളൊക്കെ കൊള്ളയടിക്കുകയും അതിന്റെ ഭാഗമായി കുടിവെള്ളവും ഭക്ഷണവും ലഭിക്കാതെ വരികയും വന്യമൃഗങ്ങൾ, പ്രത്യേകിച്ച് ആനകൾ കൂട്ടം കൂട്ടമായി നാട്ടിലേയ്ക്ക് വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. ഇതിൽ നിന്നും കാട്ടാനകളെയും നാടിനെയും സംരക്ഷിക്കാനുള്ള പദ്ധതി സർക്കാർ രൂപപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. സി. കെ. നാണു : ആനകളെ വേട്ടയാടുന്ന സംഭവങ്ങൾ ഉണ്ടാകുമ്പോൾ, അത് നേരിടുന്നതിനുള്ള ഫലപ്രദമായ നടപടികൾ അടുത്ത കാലത്തായി പ്രത്യേകമായി സ്വീകരിച്ചു വരുന്നുണ്ട്. ആനവേട്ട നടത്തിയതിന്റെ പേരിൽ പലരെയും അടുത്തകാലത്ത് അറസ്റ്റ് ചെയ്യുകയും, അതുമായി ബന്ധപ്പെട്ട കേസുകൾ കുറേക്കൂടി ശക്തമായി പരിശോധിക്കുകയും വിപുലമായ അന്വേഷണങ്ങൾ നടത്തിവരികയും ചെയ്യുന്നുണ്ട്. കേരളത്തിന്റെ പല ഭാഗത്തും ഇടുക്കി, വയനാട് അതുപോലുള്ള പ്രദേശങ്ങളിൽ ഒരുപക്ഷേ ആനകളുടെ എണ്ണം വർദ്ധിച്ചതുകൊണ്ടാകാം, ആനകൾ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിൽ കൃഷിയിടങ്ങൾ തകർക്കുന്നതിനെ സംബന്ധിച്ച് ആക്ഷേപങ്ങൾ വന്നിട്ടുണ്ട്. ആനകളുടെ ആക്രമണത്തിന്റെ ഫലമായി പലതും നഷ്ടപ്പെട്ടവർക്ക് സാമ്പത്തിക സഹായം നൽകുന്ന ഒരു പദ്ധതിയും വനംവകുപ്പ് നടപ്പാക്കിയിട്ടുണ്ട്.

ശ്രീ. പി. വിശ്വൻ : കേരളത്തിലെ കാട്ടാനകളെ അധോലോകനായകന്മാരായ കഞ്ചാവ് കൃഷിക്കാർ ബോധപൂർവമായി വേട്ടയാടി കൊന്ന് കൊമ്പുവരെ ശേഖരിച്ച് കൊണ്ടുപോകുന്നുണ്ട്. രണ്ടു രൂപത്തിൽ ഇവർ പണം സമ്പാദിക്കുകയാണ്, ഇതിനെതിരെ നടപടിയെടുക്കാൻ ഒരു പ്രത്യേക സ്ക്വാഡ് ഉണ്ടാക്കാനും അവർക്ക് ആവശ്യമായ പുതിയ ആയുധങ്ങൾ കൊടുക്കാനും സർക്കാർ പദ്ധതി ആവിഷ്ക്കരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാണു : ഇത് വളരെ ഗൗരവമുള്ള ഒരു പ്രശ്നം എന്നനിലയ്ക്ക് ഇപ്പോൾതന്നെ കൈകാര്യം ചെയ്തുവരുന്നുണ്ട്. ആനവേട്ടക്കാർ കേരളത്തിന്റെ അതിർത്തിയിലും, തമിഴ്നാട്ടിന്റെ അതിർത്തിയിലും മറ്റു പല ഭാഗത്തും ആനവേട്ട നടത്തിക്കൊണ്ടിരിക്കുകയാണ്. കുറച്ചുദിവസം മുമ്പുതന്നെ തിരുവനന്തപുരത്ത് ഇതുമായി ബന്ധപ്പെട്ട് വിപുലമായ ഒരു അന്വേഷണം നടത്തി ആനക്കൊമ്പുകൾ പിടിച്ചെടുത്ത സംഭവമുണ്ടായി. തമിഴ്നാട്ടിലെ തിരുനെൽവേലി, കന്യാകുമാരി എന്നിവിടങ്ങളിലെ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരും കേരളത്തിലെ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരും ചേർന്ന് ആനവേട്ട തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന് ആവശ്യമാണെങ്കിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. ജി. കാർത്തികേയൻ : അഗസ്ത്യവനം വന്യസങ്കേതത്തിൽപ്പെട്ട പേപ്പാറ മേഖലയിൽ ഈ അടുത്ത കാലത്ത് അങ്ങ് സൂചിപ്പിച്ചതുപോലെ ധാരാളം ആനവേട്ടകൾ നടന്നു. അങ്ങയുടെ വേറൊരു ചോദ്യത്തിനുള്ള മറുപടിയിൽ തന്നെ രണ്ട് ആനവേട്ടകൾ കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു എന്ന് ഇവിടെ പറഞ്ഞു. ഏഷ്യൻ ആനകളുടെ കൊമ്പുകളുടെ വ്യാപാരം നിരോധിച്ചിട്ടുണ്ട്. പക്ഷേ ആ വ്യാപാരം ഇവിടെ നടക്കുന്നു. എനിക്ക് ചോദിക്കാനുള്ളത്, ആനവേട്ട നടക്കണമെങ്കിൽ ഉൾക്കാടുകളിലേയ്ക്ക് എത്തിച്ചേരണം. എല്ലാ പ്രദേശങ്ങളിലും ചെക്ക് പോസ്റ്റുകളും ആവശ്യമായ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരും ഉണ്ട്. ആനവേട്ടയ്ക്ക് വരുന്ന ഭീകരന്മാരായ കൊള്ളക്കാർക്ക് ഉൾക്കാടുകളിൽ കടക്കുന്നതിന് പ്രാദേശികമായി ജീവിക്കുന്ന ആദിവാസികളുടെ സഹായം വേണം. പാവങ്ങൾ, അവരതൊന്നും ചെയ്യുകയില്ല. ഡിപ്പാർട്ടുമെന്റിലെ ഉത്തരവാദപ്പെട്ട ജീവനക്കാരുടെ സഹായമോ അതല്ലെങ്കിൽ വഴികാട്ടികളായിട്ടുള്ള സംവിധാനമോ ഇല്ലാത്ത ഈ ആനവേട്ടക്കാർക്ക് എങ്ങനെയാണ് ഉൾക്കാട് കടക്കാൻ കഴിയുക. അതുകൊണ്ട് ഈ ആനവേട്ടയിൽ എല്ലാ വിഭാഗവുമല്ല, കുറച്ചെങ്കിലും ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥന്മാരുടെ സഹായവും അവരുടെ സാന്നിദ്ധ്യവും ഉള്ളതായി ബഹുമാനപ്പെട്ട അങ്ങയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അടിയന്തിരമായ നടപടികൾ അക്കാര്യത്തിൽ സ്വീകരിക്കുമോ ?

ശ്രീ. സി. കെ. നാണു : ആനവേട്ട തടയുന്നതിനാവശ്യമായ ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് ഞാൻ നേരത്തേ പറഞ്ഞു. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ പേപ്പാറ വന്യജീവി സങ്കേതത്തിൽ നിന്ന് രണ്ട് ആനകളെ 1991 - ൽ വെടിവച്ച് കൊന്നിരുന്നു. അതിന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസിന്റെ അന്വേഷണ മദ്ധ്യേ പ്രതികളിൽപ്പെട്ട ആറുപേരെ അറസ്റ്റു ചെയ്തിരുന്നു. ഇതിൽപ്പെട്ട ആൾക്കാർ തമിഴ്നാട്ടിലെ കളക്കാട് മുണ്ടൻതുറ ടൈഗർ റിസർവിൽ നിന്നും ഒരു കൊമ്പനാനയെ വെടിവച്ചു കൊന്ന് കൊമ്പെടുത്തതായി സമ്മതിക്കുകയും ആ വിവരം രേഖാമൂലം കളക്കാട് മുണ്ടൻതുറ ടൈഗർ റിസർവിലെ ഡെപ്യൂട്ടി ഡയറക്ടറെ അറിയിക്കുകയും ചെയ്തു. ആ ആനയുടെ ജഡം കണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെതന്നെ 20-03-2000-ത്തിലെ മാതൃഭൂമി പത്രത്തിൽ ഇതുമായി ബന്ധപ്പെട്ട് ചില പ്രസിദ്ധീകരണങ്ങളും വന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതിനോടനുബന്ധിച്ച് തിരുനെൽവേലി കന്യാകുമാരി ഡിവിഷനിലെ ഫോറസ്റ്റ് ഓഫീസർമാരും തിരുവനന്തപുരം വൈൽഡ്ലൈഫ് വാർഡനും യോജിച്ചുകൊണ്ട് തമിഴ്നാട്ടിലെ ചെങ്കോട്ട ഭാഗത്തു രണ്ടു കൊമ്പനാനകളെ കൊന്ന് കൊമ്പ് കവർന്നതുമായി ബന്ധപ്പെട്ട കേസിൽ തിരുവനന്തപുരത്ത് നിന്ന് ആളുകളെ അറസ്റ്റു ചെയ്തിട്ടുണ്ട്. അത്തരം സംഭവങ്ങൾ അടുത്തകാലത്തുണ്ടായി. ഇതു ഞാൻ സൂചിപ്പിച്ചത് പാലക്കാട് ആണെന്നുതോന്നുന്നു, ആനവേട്ടയ്ക്കുപോയ ഒരാളെ ആനതന്നെ കൊലചെയ്ത സംഭവം ഉണ്ടായി. പറമ്പിക്കുളത്ത് ആണ് സംഭവം നടന്നത്. അതെല്ലാം പൂർണ്ണമാണെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ആനവേട്ട തടയാൻ എന്തൊക്കെ ചെയ്യാൻ സാധിക്കുമോ അതെല്ലാം ചെയ്യുന്നതാണ്. ആദിവാസികളെ ചില പ്രദേശത്ത് ആനവേട്ടക്കാർ ദുരുപയോഗപ്പെടുത്തുന്നുണ്ട്. വഴികാട്ടികളായി ആനവേട്ടക്കാർ അവരെ ഉപയോഗിക്കുന്നു. അതുപോലുള്ള സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട വിശ്വൻ പറഞ്ഞതുപോലെ പ്രത്യേക സ്ക്വാഡ് വേണമെങ്കിൽ രൂപീകരിക്കാം, ആനവേട്ട തടയാൻ തമിഴ്നാടിന്റെ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റും കേരളത്തിന്റെ ഫോറസ്റ്റു ഡിപ്പാർട്ടുമെന്റും ഒരുമിച്ചു ചേർന്ന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

## (ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കാർഷികവൃത്തിയുടെ ഉന്നമനത്തിന് നടപടി

5 (*654) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. കെ. രാജേന്ദ്രൻ :
ശ്രീ. എ. കണാരൻ :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷികവൃത്തിക്ക് മതിയായ പ്രാധാന്യം നൽകാത്തതായ ആധുനിക പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കാർഷിക വൃത്തിയിൽ പൊതുജനങ്ങൾക്ക് താൽപ്പര്യം ജനിപ്പിക്കാൻ എന്തെങ്കിലും പ്രോത്സാഹന നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതു സംബന്ധിച്ച് എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതിനായി പുതിയ മേഖലകൾ എന്തെങ്കിലും കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്ത് ഓരോ വർഷവും സംഘടിപ്പിച്ചു വരുന്ന കാർഷിക മേളകൾ കാർഷികവൃത്തിയിലേക്ക് ജനങ്ങളെ ആകർഷിക്കുവാൻ പര്യാപ്തമായിട്ടുണ്ടെന്ന് കരുതുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സംസ്ഥാനത്തെ ഓരോ ജില്ലയും കേന്ദ്രീകരിച്ച് കാർഷിക മേളകൾ സംഘടിപ്പിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ജി) കാർഷിക മേളകളിൽ നടീൽ വസ്തുക്കൾ, രാസവളങ്ങൾ, ജൈവവളങ്ങൾ എന്നിവ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) പുതിയ തലമുറ ഭൂമിയിൽ വേണ്ടത്ര താൽപ്പര്യം കാണിക്കുന്നില്ല എന്നൊരു അഭിപ്രായമുണ്ട്.

(ബി) ഉണ്ട്.

(സി) കാർഷിക വൃത്തിയിലേക്ക് കൂടുതൽപേരെ ആകർഷിക്കുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു.

1. പഞ്ചായത്ത്-ബ്ലോക്ക്-ജില്ലാതലത്തിൽ കാർഷിക ദിനാഘോഷം.
2. ഇതോടനുബന്ധിച്ച് പ്രമുഖ കർഷകരെ ആദരിക്കൽ.
3. സംസ്ഥാന തലത്തിൽ തിരഞ്ഞെടുത്ത കർഷകർക്ക് വിവിധ അവാർഡുകൾ നൽകുന്നു.
4. പച്ചക്കറി വികസന പ്രോത്സാഹനങ്ങൾ മാത്രമായി സ്ക്കൂൾ ജില്ലാ-സംസ്ഥാനതല അവാർഡുകൾ.
5. ഹരിത സംസ്ഥാനങ്ങൾക്ക് അവാർഡ്.
6. സെമിനാറുകൾ, കാർഷികമേളകൾ.
7. ചെറുകിട നാമമാത്ര കർഷകർക്ക് ന്യൂഇൻഡ്യാ അഷ്വറൻസ് കമ്പനിയുമായി ചേർന്ന് കർഷകരക്ഷാപദ്ധതി ഏർപ്പെടുത്തി അതു മുഖേന ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി.
8. ഫ്ളോറി ക്ലാസ് അംഗങ്ങൾക്ക് കുറഞ്ഞനിരക്കിൽ വായ്പാ സൗകര്യം ഏർപ്പെടുത്തി.
9. ഫാം ഇൻഫർമേഷൻ മുഖേന പൊതുജനങ്ങളിൽ കാർഷികവൃത്തി യുടെ പ്രാധാന്യത്തിന് പ്രചാരം നൽകിവരുന്നു.
10. എസ്. എസ്. എൽ. സി. ക്ക് ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന കൃഷിക്കാരുടെ മക്കൾക്ക് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ക്യാഷ് അവാർഡുകൾ നൽകുന്നുണ്ട്.
11. സംസ്ഥാനത്ത് ഏറ്റവും മികച്ച യുവകർഷകനും കർഷകയുവതിക്കും ഓരോ ലക്ഷം രൂപയുടെ ക്യാഷ് അവാർഡ് നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വാണിജ്യാടിസ്ഥാനത്തിൽ പുഷ്പകൃഷി വികസനം, സ്വകാര്യ മേഖലയിൽ ടിഷ്യൂകൾച്ചർ ലാമ്പുകൾ, നഴ്സറികൾ എന്നിവ സ്ഥാപിക്കുക, ഹൈടെക് മേഖലയിൽ നൂതന സംരംഭങ്ങൾ ആരംഭിക്കുക എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ജില്ലാതല കാർഷികമേളകൾ നടത്തുന്നതിന് ഉദ്ദേശിക്കുന്നു.

(ജി) നല്ലയിനം നടീൽ വസ്തുക്കൾ മുതലായവ വിതരണം ചെയ്യുന്നുണ്ട്. സർക്കാർ ഫാമുകളിലെ വസ്തുക്കൾക്ക് സൗജന്യ നിരക്കിലാണ് വില നിശ്ചയിച്ചിരിക്കുന്നത്.

## കാപ്പികർഷകർക്ക് സഹായം

6 (*655) ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാപ്പികൃഷിക്കാരെ സഹായിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവരുടെ പ്രശ്നങ്ങൾ കേരള സർക്കാർ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ഇവരെ സഹായിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത് ;

(ഡി) ഇതു സംബന്ധിച്ച് കേരള സർക്കാർ കേന്ദ്ര ഗവൺമെന്റിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(എഫ്) കാപ്പിക്ക് ചുമത്തിയിട്ടുള്ള എല്ലാ സംസ്ഥാന നികുതികൾക്കും അവധിക്കാലം പ്രഖ്യാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ജി) മറ്റു പല ഉൽപ്പന്നങ്ങളുടെയും സി. എസ്. റ്റി. പിരിക്കുന്നത് നിർത്തലാക്കിയതു പോലെ കാപ്പിക്ക് ചുമത്തിയിട്ടുള്ള സി. എസ്. റ്റി പിരിക്കുന്നത് താൽക്കാലികമായി നിർത്തിവയ്ക്കാൻ തയ്യാറാകുമോ ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) കാപ്പികൃഷിക്കാർക്കുള്ള സഹായം കോഫിബോർഡാണ് നൽകിവരുന്നത്.

(ബി) ഉണ്ട്.

(സി&ഡി) ഉൽപ്പാദനവിലയുമായി തുല്യപ്പെടുത്തി കാപ്പികുരുവിന് തറവില പ്രഖ്യാപിക്കണമെന്നും അതിനും താഴേക്കുവില വരുമ്പോൾ വിവിധ ഏജൻസികൾ മുഖാന്തിരം സംഭരണം ഏർപ്പെടുത്തണമെന്നും താൽപ്പര്യപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഫാക്സ് സന്ദേശം അയച്ചിട്ടുണ്ട്.

(എഫ്&ജി) ധനകാര്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

**യാത്രാക്ലേശം പരിഹരിക്കുന്നതിന് നടപടി**

7 (*656) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ യാത്രാക്ലേശം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇതിനായി പുതിയ പദ്ധതികൾ എന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രാവശ്യം കെ. എസ്. ആർ. ടി. സി. ഷെഡ്യൂളുകൾ പുനഃക്രമീകരിച്ചു ;

(ഡി) ഇന്നുതന്നെ സംസ്ഥാനത്തിന്റെ പല ഭാഗത്തും യാത്രാക്ലേശം വർദ്ധിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ലാഭകരമായി പ്രവർത്തിച്ചിരുന്ന ഏതെങ്കിലും റൂട്ടുകൾ നിർത്തലാക്കിയിട്ടുണ്ടോ ;

(എഫ്) റീ ഷെഡ്യൂൾ ചെയ്തതിൽ ലാഭകരമല്ലാത്ത എത്ര റൂട്ടുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) :

(എ&ബി) 1990-ലെ കേന്ദ്ര മോട്ടോർ വാഹന നിയമത്തിൽ സ്റ്റേറ്റ് ഗാരേജുകൾക്ക് പെർമിറ്റ് നൽകുന്നത് ഉദാരവൽക്കരിച്ചിരിക്കയാൽ ദേശസാൽകൃത റൂട്ടുകളിലല്ലാതെ അപേക്ഷകർ (ബസുടമകൾ) ആവശ്യപ്പെടുന്ന റൂട്ടുകളിൽ മോട്ടോർ വാഹന നിയമം 71 - നും 72-നും വിധേയമായി റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിമാർ പെർമിറ്റ് അനുവദിക്കുന്നതുകൊണ്ട് സംസ്ഥാനത്തെ യാത്രാക്ലേശം ഒരു പരിധിവരെ ലഘൂകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. യാത്രാക്ലേശം പരിഹരിക്കുന്നതിന് ദേശസാൽകൃത റൂട്ടുകൾക്കും സർക്കാർ സംസ്ഥാന സർവീസുകൾക്കും മുൻഗണന നൽകികൊണ്ട് നിലവിലുള്ളവർക്കു പുറമേ കൂടുതൽ ബസ്സുകൾ സർവീസ് നടത്തുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂർണ്ണമായ ഒരു ഷെഡ്യൂൾ പുനഃക്രമീകരണം നടത്തിയിട്ടില്ല. എന്നാൽ ജനങ്ങളുടെ മെച്ചപ്പെട്ട യാത്രാ സൗകര്യത്തെയും വരുമാന വർദ്ധനവിനേയും ലക്ഷ്യമാക്കി ഭാഗികമായ ഷെഡ്യൂൾ പുനഃക്രമീകരണം നടത്തിവരുന്നുണ്ട്.

(ഡി) ഇല്ല.

(ഇ) ഇല്ല.

(എഫ്) ഷെഡ്യൂൾ പുനഃക്രമീകരണംമൂലം ലാഭകരമല്ലാതിരുന്ന സ്ഥിതി വിശേഷം സംജാതമാകുന്നതായി അറിയില്ല.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

### വനസംരക്ഷണത്തിൽ പൊതുജനപങ്കാളിത്തം

8 (*657) ശ്രീ. പി. കെ. കുമാരൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനസംരക്ഷണ നടപടിയിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്താൻ സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ഇപ്പോൾ ഏതു ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ വനാതിർത്തി പ്രദേശങ്ങൾ, വനാന്തർഭാഗങ്ങൾ എന്നിവിടങ്ങളിൽ പൊതുജന പങ്കാളിത്തത്തോടുകൂടിയ വനസംരക്ഷണ പദ്ധതി നടപ്പാക്കി തുടങ്ങിയിട്ടുണ്ടോ ;

(സി) എങ്കിൽ 1999-2000 വർഷത്തിൽ ഏതൊക്കെ പ്രദേശങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പാക്കി എന്നു വ്യക്തമാക്കുമോ ;

(ഇ) വനത്തെ ആശ്രയിച്ചു കഴിയുന്ന ജനവിഭാഗങ്ങളുടെ സാമൂഹ്യ-സാമ്പത്തിക ഉന്നമനത്തെ ഈ പദ്ധതി ഏതെങ്കിലും തരത്തിൽ പ്രതികൂലമായി ബാധിക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ എപ്രകാരമാണെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) എങ്കിൽ ഇതുപരിഹരിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) :

(എ) ഉണ്ട്.

(ബി) ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന കേരള ഫോറസ്ട്രി പദ്ധതിയുടെ ഭാഗമായുള്ള ഇക്കോ ഡവലപ്പ്മെന്റ് പദ്ധതി ചിന്നാർ, നെയ്യാർ എന്നിവിടങ്ങളിൽ ആവിഷ്കരിച്ചിട്ടുണ്ട്. പെരിയാർ ടൈഗർ റിസർവിൽ 50 സ്ഥലങ്ങളിൽ ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് മൈക്രോ പ്ലാനുകൾ തയ്യാറാക്കി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) ഉണ്ട്.

(ഡി) കേരളത്തിൽ വനമേഖലകളിലായി 21 സ്ഥലങ്ങളിൽ പങ്കാളിത്ത വന പരിപാലനം പ്രാവർത്തികമാക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ചിന്നാർ, നെയ്യാർ എന്നീ സംരക്ഷിതപ്രദേശങ്ങളിൽ 31 സ്ഥലങ്ങളിൽ ഇക്കോ ഡവലപ്പ്മെന്റ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. പെരിയാർ ടൈഗർ റിസർവിൽ 50 സ്ഥലങ്ങളിൽ ഇന്ത്യ ഇക്കോ ഡവലപ്പ്മെന്റ് പദ്ധതി

നടപ്പിലാക്കിവരുന്നു. ഇവയെല്ലാം പൊതുജന പങ്കാളിത്തത്തോടുകൂടിയ ഒരു സംരക്ഷണമാണ് ഉദ്ദേശിക്കുന്നത്.

(ഇ) ഇല്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

## കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക

9 (*658) ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്തു വകുപ്പിലെ കരാറുകാർക്ക് ഇപ്പോൾ എത്രകോടി രൂപ കുടിശ്ശിക കൊടുക്കുവാനുണ്ട് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഇവർക്കു നൽകാൻ എത്രകോടി രൂപയുടെ കുടിശ്ശിക ഉണ്ടായിരുന്നു ;

(സി) കുടിശ്ശിക കൊടുത്തു തീർക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) മലബാർ മേഖലയിലെ കരാറുകാർക്ക് കുടിശ്ശിക അനുവദിക്കുന്നതിന് ആനുപാതിക അലോട്ട്മെന്റ് നൽകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ,ബി&സി)

| | | |
|---|---|---|
| 1. റോഡുകളും പാലങ്ങളും | - | 500.52 കോടിരൂപ |
| 2. കെട്ടിട വിഭാഗം | - | 56.07 കോടിരൂപ |
| 3. നാഷണൽ ഹൈവേസ് | - | 9.38 കോടിരൂപ |

| | | |
|---|---|---|
| 1. റോഡുകളും പാലങ്ങളും | - | 177.07 കോടിരൂപ |
| 2. കെട്ടിട വിഭാഗം | - | 17.82 കോടിരൂപ |
| 3. നാഷണൽ ഹൈവേസ് | - | 2.21 കോടിരൂപ |

ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക പ്രധാനമായും കരാറുകാരുടെ കുടിശ്ശിക തീർക്കുന്നതിനുവേണ്ടിയാണ്. കൂടാതെ കുടിശ്ശിക കൊടുത്തു തീർക്കുന്നത് ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി 1999-ജൂലൈയിലെ ഒന്നാമത് ഉപധനാഭ്യർത്ഥനയിൽ ഈ ആവശ്യത്തിന് 160 കോടിരൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

### ശ്രീലങ്കയുമായും അമേരിക്കയുമായും ഇന്ത്യ ഉണ്ടാക്കിയിട്ടുള്ള കരാറുകൾ

10 (*659) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീലങ്കയുമായും അമേരിക്കയുമായും ഇന്ത്യ ഉണ്ടാക്കിയിട്ടുള്ള കരാറുകൾ സംസ്ഥാനത്തെ കാർഷിക മേഖലയെ ഏതു വിധത്തിൽ ബാധിക്കും എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ വിവരം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്തായിരുന്നു ;

(ഡി) ഈ കരാറുകൾമൂലം സംസ്ഥാനത്തെ കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഏതുവിധം പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) സംസ്ഥാന കാർഷികമേഖലയ്ക്ക് ദൂരവ്യാപകമായ ദോഷഫലങ്ങൾ ഉണ്ടാകാനിടയുണ്ട്. ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന മിക്ക ഉൽപ്പന്നങ്ങൾക്കും വിലക്കുറവ് അനുഭവപ്പെടാൻ സാദ്ധ്യതയുണ്ട്. കൂടാതെ ഇറക്കുമതി ചെയ്യുന്നവയുമായി മത്സരിക്കേണ്ട സ്ഥിതിയും ഉണ്ടാകും.

(ബി) ഉണ്ട്.

(സി) കേന്ദ്ര വാണിജ്യ സെക്രട്ടറി മന്ത്രിമാരുമായും, ചീഫ്സെക്രട്ടറിയുമായും ചർച്ച നടത്തിയിട്ടുണ്ട്.

(ഡി) ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തിയും ഉൽപ്പാദനച്ചെലവ് കുറച്ചും ഈ സ്ഥിതി വിശേഷത്തെ നേരിടുന്നതിന് കർഷകരെ പ്രാപ്തരാക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകിവരുന്നു.

### റബ്ബർ സബ്സിഡി

11 (*660) ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർ സബ്സിഡി കേന്ദ്ര ഗവൺമെന്റ് വൻതോതിൽ വെട്ടിക്കുറച്ചിട്ടുണ്ടോ ;

(ബി) ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന സബ്സിഡി എത്രയാണ് ;

(സി) അതിൽ നിന്ന് എന്തു തുകയാണ് വെട്ടിക്കുറച്ചത് ;

(ഡി) ഇത് കേരളത്തിലെ റബ്ബർ കർഷകരെ എപ്രകാരം ബാധിക്കും എന്നു വെളിപ്പെടുത്താമോ ;

(ഇ) വെട്ടിക്കുറച്ച സബ്സിഡി പുനഃസ്ഥാപിച്ചു കിട്ടുന്നതിന് സംസ്ഥാന ഗവൺമെന്റ് എന്തു നടപടി കൈക്കൊണ്ടിട്ടുണ്ട് ;

(എഫ്) ഇതു സംബന്ധിച്ച് കേന്ദ്രത്തിന്റെ പ്രതികരണം എന്തായിരുന്നു ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) ഹെക്ടറൊന്നിന് 1000 രൂപ ആറുവർഷത്തേയ്ക്ക്

(സി) 6000 രൂപ (33.37%)

(ഡി) 1-4-2000 മുതൽ റബ്ബർ നടുന്ന കർഷകരെ പ്രതികൂലമായി ബാധിക്കും.

(ഇ) വെട്ടിക്കുറച്ച സബ്സിഡി പുനഃസ്ഥാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(എഫ്) മറുപടി ലഭിച്ചിട്ടില്ല.

## ഊർജ്ജിത പച്ചക്കറി വികസന പദ്ധതി

12 (*661) ശ്രീ. യു. എസ്. ശശി :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജിത പച്ചക്കറി വികസന പദ്ധതിയുടെ മൂന്നാം ഘട്ടം എന്നു മുതൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) മൂന്നാം ഘട്ടത്തിൽ എത്ര ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ഘട്ടത്തിൽ എത്ര ഹരിത സംഘങ്ങൾ രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ ഘട്ടത്തിൽ എത്ര കൃഷിക്കാർ ഈ പദ്ധതിയിൽ പങ്കാളികളാകുമെന്നും ഇതിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) 1999 ഡിസംബറിൽ ആരംഭിച്ചു.

(ബി) 8 ലക്ഷം ടൺ.

(സി) 1199 ഹരിതസംഘങ്ങൾ

(ഡി) എല്ലാ പദ്ധതികളിലുമായി ഉദ്ദേശം 75,000 കൃഷിക്കാർ പങ്കെടുക്കും. 25.77 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിക്കുന്നതാണ്.

## കാർഷിക ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി

13 (*662) ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷിതത്വം കൈവരിക്കുന്നതിനും കാർഷിക ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഉൽപ്പാദന വർദ്ധനവിനായി സർക്കാർ സ്വീകരിച്ച നടപടിയുടെ ഫലമായി എന്തെല്ലാം കാർഷിക വിളകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയുമാണ് വർദ്ധിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) പിന്നോക്കംപോയ കാർഷിക വിളകളുടെ കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) സംസ്ഥാനത്തെ കാർഷിക വിളകളുടെ (ഭക്ഷ്യവിളകൾ ഉൾപ്പെടെ) ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് കൃഷിവകുപ്പു വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഈ വിവിധ പദ്ധതികളിൽക്കൂടി കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന ഘടകങ്ങളാണ് വിത്ത്, വളം കീടനാശിനി തുടങ്ങിയ കാർഷികോപാധികളും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കാർഷിക യന്ത്ര ഉപകരണങ്ങളായ ട്രില്ലർ, ട്രാക്ടർ, പമ്പു സെറ്റുകൾ തുടങ്ങിയവയും ധനസഹായം നൽകി കർഷകർക്ക് ലഭ്യമാക്കിവരുന്നു.

(ബി) 1995-96 വർഷം അടിസ്ഥാന വർഷമായി കണക്കാക്കിയാൽ 1998-99 വർഷത്തിലെ കണക്കുമായി നോക്കുമ്പോൾ കരിമ്പ്, കുരുമുളക്, ഇഞ്ചി, നേന്ത്രൻ, മറ്റു വാഴപ്പഴങ്ങൾ, മരച്ചീനി, നാളീകേരം, പച്ചക്കറി എന്നിവയുടെ ഉൽപ്പാദനത്തിലും നെല്ല്, പയർ, കരിമ്പ്, മഞ്ഞൾ, ഏലം, നേന്ത്രൻ, നിലക്കടല, നാളീകേരം എന്നിവയുടെ കാര്യത്തിൽ ഉൽപ്പാദനക്ഷമതയിലും വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉൽപ്പാദനത്തിൽ പിന്നോക്കം നിൽക്കുന്ന വിളകളിൽ ഉൽപ്പാദനക്ഷമതയിൽ പിന്നോക്കം നിൽക്കുന്ന വിളയുടെയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് കൃഷിവകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

### പഴം-പച്ചക്കറി മുതലായവയിലെ കീടനാശിനി പ്രയോഗം

14 (*663) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഴം-പച്ചക്കറി മുതലായവ വിളവെടുക്കുന്നതിന് മുമ്പായി നടത്തുന്ന അമിത കീടനാശിനി പ്രയോഗവും മായം ചേർക്കലും ഉപഭോക്താക്കളുടെ ആരോഗ്യത്തെ ഹാനികരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഹാനികരമായ വിധത്തിൽ കീടനാശിനി പ്രയോഗത്തിനും മായം ചേർക്കലിനും വിധേയമായിട്ടുള്ള പച്ചക്കറികളും പഴങ്ങളും വിൽക്കുന്നതിന് നിരോധനവും നിയന്ത്രണവും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

കൃഷിവകുപ്പു മന്ത്രി (ശ്രീ.കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഇതു സംബന്ധിച്ച് ആധികാരികമായ റിപ്പോർട്ടുകളൊന്നും കൃഷിവകുപ്പിൽ ലഭിച്ചിട്ടില്ല.

(ബി) അമിതമായ കീടനാശിനി പ്രയോഗം ചെയ്യാതിരിക്കാൻ കൃഷിഭവൻ തലത്തിൽ കൃഷിക്കാരെ ബോധവത്ക്കരണം നടത്തുന്നുണ്ട്. 'ആഹാര പദാർത്ഥങ്ങളിലെ മായം ചേർക്കൽ നിരോധനനിയമം' അനുസരിച്ച് പഴം-പച്ചക്കറി ഉൾപ്പെടെയുള്ള ആഹാര പദാർത്ഥങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ആരോഗ്യവകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

### റെയിൽവേ വികസനത്തിനുവേണ്ടി കേരളസർക്കാർ ആവശ്യപ്പെട്ട പദ്ധതികൾ

15 (*664) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ റെയിൽവേ വികസനത്തിനുവേണ്ടി 2000-2001 റെയിൽവേ ബഡ്ജറ്റിൽ വകയിരുത്തണമെന്ന് ആവശ്യപ്പെട്ട് എന്തെല്ലാം കാര്യങ്ങളാണ് കേരളസർക്കാർ കേന്ദ്രത്തെ അറിയിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ബി) റെയിൽവേ സംബന്ധിച്ച പദ്ധതികളും നിർദ്ദേശങ്ങളും നടത്തിയ നിവേദനം എന്നാണ് കേന്ദ്രത്തിന് അയച്ചു കൊടുത്തത് ;

(സി) കേന്ദ്രത്തിലേയ്ക്ക് നിവേദനം നൽകേണ്ട കാര്യങ്ങൾ എന്തൊക്കെ എന്ന് നിശ്ചയിക്കുവാനും നിശ്ചിത സമയത്തിനു മുമ്പ് അവിടെ എത്തിക്കുവാനും സംവിധാനമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ലെങ്കിൽ ഇതിനു വേണ്ട സംവിധാനം ഉണ്ടാക്കി ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള കാലതാമസം ആവർത്തിക്കാതിരിക്കാൻ ശ്രമിക്കുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) :

(എ) ഷൊർണ്ണൂർ-മാംഗ്ലൂർ, തിരുവനന്തപുരം-കൊല്ലം എന്നീ പാതകളുടെ ഇരട്ടിപ്പിക്കലിനു കൂടുതൽ തുക അനുവദിക്കണമെന്നും, ഈറോഡ്-എറണാകുളം, തിരുവനന്തപുരം-എറണാകുളം ഇലക്ട്രിഫിക്കേഷൻ വേഗതയിൽ തീർക്കുന്നതിന് കൂടുതൽ പണം അനുവദിക്കണമെന്നും പുതിയ ലൈനുകളായ തലശ്ശേരി-മൈസൂർ-ശബരീ, എടപ്പള്ളി-ഗുരുവായൂർ-താനൂർ എന്നിവയുടെ സർവ്വേ ജോലികൾ പൂർത്തീകരിച്ച് പണി തുടങ്ങുന്നതിന് ഫണ്ട് അനുവദിക്കണമെന്നും, കൊല്ലം-ചെങ്കോട്ട ഗേറ്റ് കൺവെൻഷൻ, കായംകുളത്തുനിന്നും ആലപ്പുഴ വഴിയുള്ള ലൈനിന്റെയും കോട്ടയം വഴിയുള്ള ലൈനിന്റെയും ഇരട്ടിപ്പിക്കൽ എന്നീ പണികൾ അംഗീകരിക്കുകയും അതിനായി പണം അനുവദിക്കണമെന്നും നേമം, നെടുമ്പാശ്ശേരി എന്നീ സ്ഥലങ്ങളിൽ സ്റ്റേഷനുകൾ അനുവദിക്കണമെന്നും, കേരളത്തിനായി ഒരു റെയിൽവേ സോൺ ആരംഭിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. കൂടാതെ, കേരളത്തിൽ ഒരു കോച്ച് ഫാക്ടറിയോ, അല്ലെങ്കിൽ കുറഞ്ഞ പക്ഷം കോച്ചുകളുടെ ഒരു മിഡ് ലൈഫ് റീഹാബിലിറ്റേഷൻ വർക്ക്ഷോപ്പെങ്കിലും ആരംഭിക്കണമെന്നും മുഖ്യമന്ത്രി നേരിട്ട് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു.

(ബി) ശ്രീ. നിതീഷ്കുമാർ കേന്ദ്ര റെയിൽവേ മന്ത്രിയായിരുന്നപ്പോഴും പിന്നീട് കുമാരി മമതാ ബാനർജി കേന്ദ്ര റെയിൽവേ മന്ത്രിയായി ചുമതലയേറ്റ ഉടനെയും മുഖ്യമന്ത്രി തന്റെ 12-11-99-ലെ കത്തിലൂടെ കേരളത്തിന്റെ റെയിൽവേ ആവശ്യങ്ങൾ അക്കമിട്ട് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കൂടാതെ 26-11-99 -ലും 31-1-2000 ലും കേന്ദ്ര സർക്കാരിനെ റെയിൽവേ സംബന്ധിച്ച് കേരളത്തിന്റെ ആവശ്യങ്ങൾ അറിയിക്കുകയുണ്ടായി.

(സി&ഡി) ഓരോ പാർലമെന്റ് ബഡ്ജറ്റ് സെഷൻ തുടങ്ങുന്നതിന് മുമ്പ് എം. പി. മാരുടെ യോഗം വിളിച്ചുകൂട്ടി റെയിൽവേ ഉൾപ്പെടെയുള്ള സംസ്ഥാനത്തിന്റെ വികസന ആവശ്യങ്ങൾ അവർ മുഖേന കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാറുണ്ട്. കൂടാതെ സംസ്ഥാന റെയിൽവേയുടെ ചുമതലയുള്ള ഗതാഗതവകുപ്പു മന്ത്രി, മുഖ്യമന്ത്രി എന്നിവർ നേരിട്ടും കത്തുകൾ മുഖാന്തിരവും കേന്ദ്ര റെയിൽവേ മന്ത്രാലയത്തോട് സംസ്ഥാനത്തിന്റെ വിവിധ റെയിൽവേ വികസന കാര്യങ്ങൾ ആവശ്യപ്പെടാറുണ്ട്. കൂടുതൽ കാര്യക്ഷമമായി കാര്യങ്ങൾ നടത്താൻ പരിശ്രമിക്കുന്നതാണ്.

## കൃഷിവകുപ്പിലെ പരിഷ്ക്കരണ നടപടികൾ

16 (*665) ശ്രീ. എം. ദാസൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷിവകുപ്പിൽ ഏതെങ്കിലും പരിഷ്ക്കാരങ്ങൾ വരുത്തിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ ;

(ബി) കൃഷിവകുപ്പിനെ മൂന്നുമേഖലകളാക്കി പ്രവർത്തനം കാര്യക്ഷമമാക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(സി) കൃഷിവകുപ്പിൽ വിജിലൻസ് സെൽ രൂപീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ ഏതെങ്കിലും അഴിമതി ആരോപണങ്ങൾ അന്വേഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ ;

(ഇ) വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) കൃഷിവകുപ്പിൽ ദീർഘകാലമായി ഒഴിഞ്ഞുകിടന്ന കൃഷി ഓഫീസർമാരുടെ തസ്തികകളിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ജി) സംസ്ഥാനത്തെ എല്ലാ കൃഷി ഭവനുകളിലും കൃഷി ഓഫീസർമാർ ഉണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എച്ച്) കൃഷിവകുപ്പിൽ ഒഴിവുള്ള കൃഷിഓഫീസർമാരുടെ തസ്തിക യഥാസമയം പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യാറില്ലെന്ന ആക്ഷേപം പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഐ) എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം കൃഷി ഓഫീസർമാരുടെ എത്ര തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്. കൃഷിവകുപ്പ് പുനഃസംഘടനയുടെ ഭാഗമായി നിലവിലുള്ള അഞ്ച് അഡീഷണൽ ഡയറക്ടർ തസ്തികകളിൽ ഒരു തസ്തിക കൃഷിവകുപ്പ് ഡയറക്ടറുടെ ശമ്പള സ്കെയിലിൽ അഡീഷണൽ ഡയറക്ടർ (സീനിയർ) എന്ന പേരിൽ ഉയർത്താൻ അനുമതി നൽകിയിട്ടുണ്ട്. കൃഷി ഡയറക്ടറേറ്റിൽ അഡീഷണൽ ഡയറക്ടർ (ഹോർട്ടികൾച്ചർ), അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്) എന്നിവരെക്കൂടാതെ രണ്ട് അഡീഷണൽ ഡയറക്ടർമാരെ നോർത്ത് സോൺ, സൗത്ത് സോൺ മേഖലകളുടെ നടത്തിപ്പ് ലക്ഷ്യമാക്കി പുനഃനാമകരണം ചെയ്ത് ഉത്തരവായിട്ടുമുണ്ട്. ഒരു സ്പെഷ്യൽ വിജിലൻസ് സെൽ രൂപീകരിച്ചു. കീടബാധകളും മറ്റും അടിയന്തിരമായി ശ്രദ്ധിക്കുവാൻ ഒരു ദ്രുതകർമ്മ വിഭാഗവും ഊർജ്ജിത പച്ചക്കറിക്കൃഷിയുടെ മേൽനോട്ടത്തിന് ഒരു വെജിറ്റബിൾ സെല്ലും രൂപീകരിച്ചു.

(ബി) നോർത്ത് സോണിനും സൗത്ത് സോണിനുമായി രണ്ട് അഡീഷണൽ ഡയറക്ടർമാർ പ്രവർത്തിച്ചുവരികയാണ്. മദ്ധ്യമേഖലാ അഡീഷണൽ ഡയറക്ടർ



LIBRARY ARCHIVES Kerala Legislative Assembly

തസ്തിക സൃഷ്ടിക്കുന്ന കാര്യത്തിൽ തീരുമാനമാകുന്നതുവരെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകൾ ദക്ഷിണ മേഖലയിലും തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോഡ് എന്നീ ജില്ലകൾ ഉത്തരമേഖലയിലും ആയിരിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) നിരവധി നടപടികൾ എടുത്തിട്ടുണ്ട്.

(ഇ) സ്പെഷ്യൽ വിജിലൻസ് സെൽ അന്വേഷണം നടത്തിയ 132 കേസുകളിൽ നാൽപ്പതിൽപരം കേസുകളിൽ അഴിമതി കണ്ടെത്തുകയും അതിന്റെ അടിസ്ഥാനത്തിൽ 21 ഉദ്യോഗസ്ഥരെ സസ്പെൻഡുചെയ്യുകയും 68 ഓളം ഉദ്യോഗസ്ഥന്മാർക്കെതിരെ അച്ചടക്ക നടപടികൾ, ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണം തുടങ്ങിയവ സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ 300-ൽപ്പരം പഴയ കേസുകളിൽ വിജിലൻസ് സെൽ അച്ചടക്കനടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കൃഷി ഓഫീസർമാരുടെ നിരവധി തസ്തികകൾ ഒഴിഞ്ഞു കിടന്നിരുന്നു. അവയെല്ലാം തന്നെ പി.എസ്.സി.വഴി നികത്തി. ഇപ്പോൾ എല്ലാ തസ്തികകളിലും ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ ആദ്യമായി ടിഷ്യുകൾച്ചർ, ബയോ കൺട്രോൾ തുടങ്ങിയ വിഭാഗങ്ങൾ ആരംഭിക്കുകയും ചെയ്തു.

(ജി) സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളിലും കൃഷി ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. സ്ഥിരം ഒഴിവുകൾ ഇപ്പോൾ ഇല്ല. കൃഷി ഓഫീസർമാർ ഹ്രസ്വകാല അവധി, പ്രസവാവധി എന്നിവയിൽ പ്രവേശിക്കുന്നതുമൂലം ചില കൃഷി ഭവനുകളിൽ കൃഷി ഓഫീസർമാർ ഇല്ലാത്ത അവസ്ഥ ഉണ്ടാകാറുണ്ട്. അങ്ങനെയുള്ള ഒഴിവുകൾ വെറും താൽക്കാലികം മാത്രമാണ്. ടി കൃഷിഭവനുകളുടെ പ്രവർത്തനം മുടങ്ങാതിരിക്കുന്നതിന് പ്രത്യേകം അധികച്ചുമതല നൽകി ക്രമീകരണം നടത്തിയിട്ടുണ്ട്. പകരം ഏർപ്പാടുകളുണ്ടാക്കാതെ ഒരു ഓഫീസറേയും മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(എച്ച്) യഥാസമയം പി.എസ്.സി.ക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്.

(ഐ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പി.എസ്.സി. മുഖേന 508 പേരെയും കൃഷി അസിസ്റ്റന്റ് തസ്തികയിൽ നിന്നും ഉദ്യോഗക്കയറ്റം വഴി 50 പേരെയും കൃഷി ഓഫീസർ തസ്തികയിൽ നിയമിച്ചിട്ടുണ്ട്.

### വിദ്യാലയങ്ങളിലെ പച്ചക്കറികൃഷി

17 (*666) ശ്രീ. ജോസ് ബേബി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. പി. നാരായണൻ :
ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഊർജ്ജിത പച്ചക്കറി വികസനപദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ എത്ര വിദ്യാലയങ്ങളിൽ. പച്ചക്കറി കൃഷി നടത്തുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഒന്നാം ഘട്ടത്തിലും രണ്ടാംഘട്ടത്തിലും എത്ര വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടത്തിയിരുന്നു, ഈ ഘട്ടത്തിൽ എത്ര പച്ചക്കറി വീതം ഉൽപ്പാദിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഓരോ ഘട്ടത്തിലും എത്ര വിദ്യാർത്ഥികൾ വീതം ഈ പ്രവർത്തനങ്ങളിൽ പങ്കെടുത്തിരുന്നുവെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ;

(ഡി) മൂന്നാംഘട്ടത്തിൽ എത്ര വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് എത്ര പച്ചക്കറി ഉൽപ്പാദിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) 1100 വിദ്യാലയങ്ങളിൽ.

| (ബി) വിദ്യാലയങ്ങളുടെ എണ്ണം | | ഉൽപ്പാദിപ്പിച്ച പച്ചക്കറി |
|---|---|---|
| 1-ാം ഘട്ടം 560 | – | 650 ടൺ |
| 2-ാം ഘട്ടം 1022 | – | 720 ടൺ |

(സി) ഒന്നാം ഘട്ടത്തിൽ ഏകദേശം 15,000 വിദ്യാർത്ഥികളും രണ്ടാം ഘട്ടത്തിൽ ഏകദേശം 30,000 വിദ്യാർത്ഥികളും പങ്കെടുത്തു എന്ന് കണക്കാക്കുന്നു.

(ഡി) ഏകദേശം 32,000 വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് 1100 ടൺ പച്ചക്കറി ഉൽപ്പാദിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.

### ഓർക്കിഡ് കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് നടപടി

18 (*667) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീമതി എൻ. കെ. രാധ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓർക്കിഡ് കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഓർക്കിഡ് കൃഷിക്കാർക്ക് സൗജന്യമായി ചെടികളും വളവും വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇവർക്ക് വായ്പയും സബ്സിഡിയും നൽകാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഓർക്കിഡ് കൃഷി ചെയ്യുന്നതിനുള്ള സാങ്കേതിക വിദ്യ കൃഷിക്കാർക്ക് കൈമാറുന്നതിന് ആവശ്യമായ സംവിധാനം ഉണ്ടാകുമോ ;

(ഇ) ഈ കൃഷിയെ സംബന്ധിച്ച് ആവശ്യമായ പ്രചരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ,ബി&സി) വാണിജ്യാടിസ്ഥാനത്തിൽ പൂകൃഷി എന്ന പദ്ധതിയിലൂടെ പ്രധാനമായും ഓർക്കിഡ് കൃഷിയാണ് പ്രോൽസാഹിപ്പിക്കുന്നത്. പദ്ധതിയുടെ ഭാഗമായി ഈ സാമ്പത്തിക വർഷം എൺപതു ഫ്ളോറി ക്ലബ്ബുകൾ രൂപീകരിക്കുന്നതാണ്. ഫ്ളോറി ക്ലബ്ബുകൾ മുഖേന ക്ലബ്ബ് അംഗങ്ങൾക്ക് ദേശീയ അന്തർദേശീയ വിപണിയിൽ വിപണന സാദ്ധ്യതയുള്ള പുഷ്പങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനുതകുന്ന തൈകൾ 50 ശതമാനം സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതാണ്. ചെടികൾ നടുന്നതിനാവശ്യമായ ഗ്രീൻ ഹൗസ്, ബേസ്നെറ്റ് എന്നിവയുടെ നിർമ്മാണത്തിന് സാമ്പത്തിക സഹായം അനുവദിക്കും. ക്ലബ്ബ് അംഗങ്ങൾക്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ മുഖേന 6% (ശതമാനം) പലിശനിരക്കിൽ സാമ്പത്തിക സഹായവും ലഭ്യമാക്കും. ക്ലബ്ബ് അംഗങ്ങൾ ഉൽപ്പാദിപ്പിക്കുന്ന പുഷ്പങ്ങൾക്ക് നല്ല വില ലഭ്യമാക്കുംവിധം വിപണന സൗകര്യവും ഏർപ്പെടുത്തുന്നതാണ്.

(ഡി) ഫ്ളോറിക്ലബ്ബ് അംഗങ്ങൾക്ക് ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് സെന്ററിൽ നിന്നും കാർഷിക പരിശീലനം നൽകുന്നതാണ്. പുഷ്പ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് ദൈനംദിന ഉപദേശം നൽകുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരുടെ സേവനവും ഉറപ്പാക്കുന്നതാണ്.

(ഇ) നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ശീതകാല പച്ചക്കറികളുടെ ഉൽപ്പാദനം

19 (*668) പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. സി. എൻ. ജയദേവൻ :
ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാബേജ്, കാരറ്റ്, ബീറ്റ്റൂട്ട് തുടങ്ങിയ ശീതകാല പച്ചക്കറികളുടെ ഉൽപ്പാദനത്തിന് എന്തെങ്കിലും സാദ്ധ്യതകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അവയുടെ ഉൽപ്പാദനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം പച്ചക്കറികൾ ശേഖരിക്കുന്നതിനും സംഭരിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി എത്രകോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിവകുപ്പുമന്ത്രി (ശ്രീ.കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) ഇടുക്കി, വയനാട് ജില്ലകളിൽ ശീതകാല പച്ചക്കറികൃഷിക്കായി പ്രത്യേകം ഹരിതസംഘങ്ങൾ രൂപീകരിച്ചു. ഇവയ്ക്ക് പ്രത്യേക ധനസഹായം അനുവദിക്കുകയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു. ഇടുക്കി ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന ഉരുളക്കിഴങ്ങ്, കാബേജ്, കാരറ്റ്, ബീറ്റ്റൂട്ട് എന്നിവ കൃഷിവകുപ്പും ഹോർട്ടികോർപ്പും നേരിട്ടുശേഖരിച്ച് വിപണിയിൽ എത്തിക്കുന്ന നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് കൃഷിവകുപ്പും ഹോർട്ടികോർപ്പും പച്ചക്കറികൾ നേരിട്ട് ശേഖരിച്ച് വിപണിയിലെത്തിക്കുന്നു. കൃഷിവകുപ്പിന്റെ കീഴിലുള്ള ബ്ലോക്കുതല ചന്തകളിൽകൂടി ഇവ വിറ്റഴിക്കാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. കൂടാതെ പഞ്ചായത്ത്തല മാവേലി സ്റ്റോറിനോടനുബന്ധിച്ച് പച്ചക്കറി വിപണനശാലകൾ തുറക്കാനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) രണ്ട് ശീതകാല പച്ചക്കറി സംഭരണ ഗോഡൗണുകൾ സ്ഥാപിക്കുന്നതിന് 43 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇടുക്കി, വയനാട് ജില്ലകളിൽ ഓരോ ബ്ലോക്കുതല വിപണന കേന്ദ്രങ്ങൾക്കായി 20,000 രൂപ വീതം ചെലവഴിച്ചിട്ടുണ്ട്.

## ട്രേഡേഴ്സ് വെൽഫയർ ഫണ്ട് ബോർഡ്

20 (*669) ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എം. ദാസൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ട്രേഡേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ബി) വ്യാപാരികൾക്ക് ഈ സ്ഥാപനത്തിൽനിന്നും ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണ് ;

(സി) അപകടംമൂലം നാശനഷ്ടങ്ങൾ സംഭവിച്ച എത്ര വ്യാപാരികൾക്ക് കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഈ സ്ഥാപനത്തിൽ നിന്നും സാമ്പത്തിക സഹായം നൽകിയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ ഇനത്തിൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഉണ്ടായ ചെലവ് എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) വിൽപ്പനനികുതി നിയമപ്രകാരം രജിസ്ട്രേഷൻ എടുക്കുകയോ ലോക്കൽ അതോറിറ്റിയിൽനിന്നും ലൈസൻസ് എടുക്കുകയോ ചെയ്തിട്ട് ഒരു വർഷമായി വ്യാപാരം നടത്തിക്കൊണ്ടിരിക്കുന്നവർ നൽകുന്ന അപേക്ഷകൾ

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിച്ച് അവരുടെ വാർഷിക ടേൺ ഓവർ അനുസരിച്ച് എ, ബി, സി, ഡി ക്ലാസുകളായി തിരിച്ച് ഈ ക്ഷേമനിധിയിൽ അംഗങ്ങളായി ചേർക്കുന്നു. തുടർന്ന് അവരുടെ ക്ലാസനുസരിച്ചുള്ള മെമ്പർഷിപ്പ് കാർഡ് നൽകുന്നു. വർഷംതോറും മെമ്പർ ഷിപ്പ് പുതുക്കുകയും ചെയ്യുന്നു.

(ബി) ഈ ക്ഷേമനിധിയിൽ അംഗങ്ങളായി വർഷംതോറും അംഗത്വം പുതുക്കിവരുന്ന വ്യാപാരികൾക്ക് പ്രകൃതിക്ഷോഭം, തീപിടുത്തം, അക്രമം എന്നിവ കൊണ്ട് കച്ചവട കേന്ദ്രത്തിനുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു. കൂടാതെ അംഗത്വമുള്ള മരിച്ചുപോകുന്ന വ്യാപാരികളുടെ കുടുംബത്തിന് ധനസഹായം നൽകുന്നു.

(സി) വ്യാപാരികൾക്ക് 17,000 രൂപ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഇതുകൂടാതെ മരണാനന്തരസഹായം, തീപിടുത്തം, അക്രമം, പ്രകൃതിക്ഷോഭം തുടങ്ങിയ 712 ക്ലെയിമുകളിലായി (519+61+19+113) 61,83,700 രൂപ കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി വ്യാപാരികൾക്ക് ബോർഡിൽനിന്നും സാമ്പത്തികസഹായം നൽകിയിട്ടുണ്ട്.

(ഡി) വ്യാപാരികൾക്ക് ബോർഡിൽ നിന്നും കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ 721 ക്ലയിമുകളിന്മേൽ ആകെ 62,00,700 രൂപയുടെ (അറുപത്തിരണ്ടു ലക്ഷത്തി എഴുന്നൂറുരൂപയുടെ) സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്.

## വിൽപ്പനനികുതി ചെക്ക്പോസ്റ്റുകൾ

21 (*670) ശ്രീ. പി. എസ്. സുപാൽ :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിൽപ്പനനികുതി ചെക്ക്പോസ്റ്റുകൾ ശക്തിപ്പെടുത്തുന്നതിനും ഇന്റേണൽ ചെക്ക്പോസ്റ്റുകൾ പുനഃസ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) സ്വീകരിച്ചുവരുന്നു.

(ബി) നിലവിലുള്ള ചെക്ക്പോസ്റ്റുകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(1) സംസ്ഥാനത്തെ പ്രധാന അതിർത്തി ചെക്ക്പോസ്റ്റുകളായ വാളയാർ, മഞ്ചേശ്വരം, അമരവിള എന്നീ ചെക്ക്പോസ്റ്റുകൾ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണറുടെ നിയന്ത്രണത്തിലാക്കി.

LIBRARY ARCHIVES Kerala Legislative Assembly

(2) പ്രധാനചെക്ക്പോസ്റ്റുകളും ജില്ലാ ആസ്ഥാനവും വകുപ്പ് ആസ്ഥാനവുമായി ബന്ധപ്പെടുത്തികൊണ്ട് ഒരു കമ്പ്യൂട്ടർ ശൃംഖല സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തിലെ എല്ലാ മേജർ ചെക്ക്പോസ്റ്റുകളും ഹൈവേയിൽ സ്ഥാപിച്ചിരിക്കുന്നതുകൊണ്ട് വളരെ തിരക്ക് അനുഭവപ്പെടുകയും വാഹനങ്ങൾ ശരിയായി പരിശോധിക്കുന്നതിനുള്ള ബുദ്ധിമുട്ട് അനുഭവപ്പെടാറുമുണ്ട്. അവ പരിഹരിക്കുന്നതിനുവേണ്ടി വാളയാർ, ആര്യങ്കാവ്, കുമിളി എന്നീ ചെക്ക്പോസ്റ്റുകളോടനുബന്ധിച്ച് സ്ഥലം അക്വയർചെയ്യുകയും ചരക്കു വാഹനങ്ങൾക്കുള്ള പാർക്കിംഗ് സൗകര്യം, ചേബ്രിഡ്ജ്, കെട്ടിടസൗകര്യങ്ങൾ മുതലായ നവീകരണപ്രക്രിയകൾ നടന്നുവരുന്നു. കാസർകോഡ്, മഞ്ചേശ്വരം ചെക്ക്പോസ്റ്റിനോടനുബന്ധിച്ച് സ്ഥലം അക്വയർചെയ്യുകയും മറ്റു പ്രാരംഭപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തുവരുന്നു. മുത്തങ്ങ ചെക്ക് പോസ്റ്റിനുവേണ്ടി സ്ഥലം ലഭിക്കുന്നതിലേക്കായി വനം വകുപ്പുമായി ബന്ധപ്പെട്ടു വരുന്നു.

(3) ചില ചെക്ക്പോസ്റ്റുകൾക്ക് സമാന്തരമായി അനധികൃതപാതകളിലൂടെ കള്ളക്കടത്തു നടത്തുന്നതായി മനസ്സിലാക്കുകയും അതനുസരിച്ച് നിലവിലുള്ള ചെക്ക്പോസ്റ്റും സമാന്തര വഴിയുമായി ബന്ധപ്പെടുത്തിക്കൊണ്ട് അവ മാറ്റി സ്ഥാപിക്കുന്നതിനും അവ പറ്റാത്ത സ്ഥലങ്ങളിൽ പുതിയ ചെക്ക്പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ എടുത്തുവരുന്നു.

(4) ഇന്റലിജൻസ് സ്ക്വാഡുകൾ ചെക്ക്പോസ്റ്റുകളിൽ കൂടി കടന്നു വരുന്ന വാഹനങ്ങൾ പരിശോധിച്ചു നികുതി വെട്ടിപ്പു ബോദ്ധ്യമാകുന്ന കേസുകളിന്മേൽ സെക്യൂരിറ്റി തുക ഈടാക്കുകയും അങ്ങനെ ചെക്കുപോസ്റ്റു വഴി കടന്നുവരുന്ന വാഹനങ്ങൾ ശരിയായ രീതിയിൽ പരിശോധിച്ചിട്ടില്ലെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

(5) വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥന്മാർ കൂടെക്കൂടെ ചെക്ക്പോസ്റ്റുകളിൽ മിന്നൽ പരിശോധന നടത്തുകയും ചെക്ക്പോസ്റ്റുകളിൽ ഡ്യൂട്ടിയിലിരിക്കുന്ന മുഴുവൻ ഉദ്യോഗസ്ഥൻമാരെയും മാറ്റി പകരം വേറെ ഉദ്യോഗസ്ഥന്മാരെ നിയോഗിച്ചുകൊണ്ട് ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം നിയന്ത്രിക്കുകയും പിഴവുകൾ കണ്ടുപിടിച്ചു അവയ്ക്കുള്ള പരിഹാരവും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

**പുഞ്ചകൃഷിക്കുവേണ്ടി വെള്ളം പമ്പ് ചെയ്യുന്നതിന് സബ്സിഡി**

22 (*671) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുഞ്ചകൃഷിക്കുവേണ്ടി വെള്ളം പമ്പുചെയ്യുന്നതിനു വേണ്ടിവരുന്ന ചെലവുകൾക്ക് സമ്പൂർണ്ണ സബ്സിഡി നൽകുന്നുണ്ടോ ;

(ബി) എങ്കിൽ ഏതു കാലഘട്ടത്തിലെ ചെലവിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി നിശ്ചയിച്ചിരിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പമ്പിംഗ് കോൺട്രാക്ടർ വെള്ളം വറ്റിക്കുന്നതിന് ചെലവഴിക്കുന്ന തുക മുഴുവൻ സബ്സിഡിയായി നൽകാത്തതുകൊണ്ട് കർഷകർ പമ്പിംഗ് കോൺട്രാക്ടർക്ക് അഡീഷണൽ നേർമ കൊടുക്കേണ്ടതായി വരുന്നുണ്ടോ ;

(ഡി) ഇക്കഴിഞ്ഞ പുഞ്ച കൃഷിക്ക് അഡിഷണൽ നേർമ എത്രയായിരുന്നു എന്ന് വെളിപ്പെടുത്തുമോ ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഇല്ല.

(ബി) നിലവിലുള്ള പമ്പിംഗ് റൂൾസ്പ്രകാരം മുൻകൊല്ലത്തെ കൃഷിക്കുള്ള പമ്പിംഗ് സബ്സിഡി തൊട്ടുമുമ്പുള്ള മൂന്നുകൊല്ലത്തെ പമ്പിംഗ് ലേലനിരക്കിന്റെ ശരാശരി തുകയായിരിക്കും.

(സി) ഉണ്ട്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

### മദ്യവർജ്ജനപ്രചാരണം

23 (*672) ശ്രീ. കെ.എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മദ്യവർജ്ജനത്തിന് പ്രചാരം നൽകുന്നതിനായി സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(ബി) ഇതുമൂലം മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള വീഴ്ചയെപ്പറ്റി അവലോകനം ചെയ്യുന്നതിന് സന്നദ്ധമാകുമോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) മദ്യത്തിനും മയക്കുമരുന്നിനുമെതിരെ സന്നദ്ധസംഘടനകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇത്തരം സംഘടനകൾക്ക് മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണം, കൗൺസലിംഗ്, ചികിത്സ എന്നിവ നടത്തുന്നതിന് 'സ്കീം ഫോർ പ്രൊഹിബിഷൻ ആന്റ് ഡ്രഗ് അബ്യൂസ് പ്രിവൻഷൻ' പ്രകാരം സംസ്ഥാന സർക്കാരിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ ധനസഹായം നൽകിവരുന്നുണ്ട്. കൂടാതെ സാമൂഹ്യ-സന്നദ്ധ സംഘടനകളുടെ ഇത്തരം പ്രവർത്തനങ്ങൾക്ക് സാമ്പത്തികസഹായം നൽകുന്നതിന് സംസ്ഥാനസർക്കാർ ഒരു പദ്ധതിക്ക് രൂപം നൽകി. 23-10-1999-ലെ ജി. ഒ. (എം. എസ്) 151/99/നി.വ.പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇന്ത്യൻ നിർമ്മിത വിദേശമദ്യ കുപ്പികളിലെ ലേബലിൽ "മദ്യപാനം ആരോഗ്യത്തിന് ഹാനികരം" എന്ന നിയമപരമായ മുന്നറിയിപ്പ് രേഖപ്പെടുത്തിയിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ഇതുമൂലം മദ്യത്തിന്റെ ഉപഭോഗം കുറയുന്നുണ്ടോ എന്ന് കണക്കാക്കിയിട്ടില്ല. എന്നാൽ ഇവർക്ക് ആവശ്യമായ ബോധവൽക്കരണവും ചികിത്സയും നടത്തുന്നതിന് എല്ലാവിധ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

**എതിർപ്രാണികളെ ഉപയോഗിച്ചുള്ള കീടനശീകരണം**

24 (*673) ശ്രീ. എം. എ. തോമസ് :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. പി. ടി. കുഞ്ഞി മുഹമ്മദ് :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കാർഷികവിളകളിലെ കീടബാധ തടയാൻ പ്രധാനമായും രാസവസ്തുക്കളെയാണ് ആശ്രയിച്ചുവരുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അമിതമായ രാസവളപ്രയോഗം പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച് കൃഷിവ കുപ്പ് എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) രാസവളത്തിനു പകരം കീടനശീകരണത്തിനായി എതിർ പ്രാണികളെ ഉപയോഗപ്പെടുത്തുന്ന രീതി സംസ്ഥാനത്ത് ഫലപ്രദമാണെന്ന് തെളിഞ്ഞിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത പദ്ധതി ആവിഷ്കരിക്കുവാൻ ബയോകൺട്രോൾ ലാബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ടോ ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) സംസ്ഥാനത്തെ ഉന്നതകാർഷിക മേഖലകളിലേക്ക് കൂടി ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ ;

(ജി) എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) രാസവള പ്രയോഗം പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അമിതമായ കീടനാശിനി ഉപയോഗം പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കും. എന്നാൽ കീടബാധ സാമ്പത്തിക ആഘാതം സൃഷ്ടിക്കുന്ന പരിധിക്കുമേൽ ആകുമ്പോൾ മാത്രമാണ് കീടനാശിനി പ്രയോഗം കൃഷിവകുപ്പ് ശുപാർശ ചെയ്യുന്നത്.

(സി) കീടനശീകരണത്തിന് എതിർപ്രാണികളെ ഉപയോഗപ്പെടുത്തുന്ന രീതി ഫലപ്രദമാണെന്ന് തെളിഞ്ഞിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആദ്യമായാണ് കേരളത്തിൽ ഇത്തരമൊരു സംവിധാനം പ്രായോഗികമാകുന്നത്. ബയോ കൺട്രോൾ ലാബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) സംസ്ഥാനത്തെ ബയോ കൺട്രോൾ ലാബിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഉദ്യോഗസ്ഥരുടെ തസ്തികകൾ അനുവദിച്ചു കഴിഞ്ഞു. ആവശ്യമായ ഉപകരണങ്ങളും മറ്റും വാങ്ങിക്കഴിഞ്ഞു. ഇങ്ങനെ ആവശ്യമായ എല്ലാ നടപടികളും കൈകൊണ്ടിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാനത്ത് ഇപ്പോൾ '9' പരാഗണജീവി പ്രജനന സ്റ്റേഷനുകൾ പ്രവർത്തിക്കുന്നു. ടി സ്റ്റേഷനുകളിൽ തെങ്ങിനെ ബാധിക്കുന്ന കരിത്തലപ്പുഴുവിന്റെ പരാഗണജീവികളെ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് നൽകിവരുന്നുണ്ട്.

(എഫ്) സംസ്ഥാനത്തെ പ്രമുഖ കാർഷിക വിളകളെ ബാധിക്കുന്ന കീടരോഗബാധകളെ ചെറുക്കാൻ സാധിക്കുന്ന എതിർപ്രാണികളേയും സൂക്ഷ്മ ജീവികളേയും വൻതോതിൽ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുക എന്നതാണ് ബയോ കൺട്രോൾ ലാബിന്റെ ലക്ഷ്യം. മണ്ണുത്തിയിലെ ബയോ കൺട്രോൾ ലാബ് പൂർണമായും പ്രവർത്തനക്ഷമമാകുമ്പോൾ ഇതിന്റെ സേവനം സംസ്ഥാനത്തെ മൊത്തം കാർഷിക മേഖലകൾക്കും ലഭ്യമാക്കുന്നതാണ്.

(ജി) കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയും കൃഷിവകുപ്പുമായി ആലോചിച്ച് ഒരു പ്രവർത്തന രൂപരേഖ തയ്യാറാക്കി നടപ്പിലാക്കുന്നതാണ്.

## കുട്ടനാടൻ പാടശേഖരങ്ങളുടെ വിസ്തൃതി

25 (*674) ശ്രീ. എം. മുരളി :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടനാടൻ പാടശേഖരങ്ങൾക്ക് എത്ര താലൂക്കുകളിലായി എന്ത് വിസ്തൃതിയുണ്ട് ;

(ബി) ഇതിൽ ഒരിപ്പുനിലങ്ങളും ഇരുപ്പുനിലങ്ങളും എത്രയുണ്ട് ;

(സി) ഈ നിലങ്ങളിൽ ഇപ്പോൾ എന്തെല്ലാം കൃഷി ചെയ്യുന്നുണ്ട് ;

(ഡി) ഇപ്പോൾ ഒരു കൃഷിയും ചെയ്യാത്ത കുട്ടനാടൻ നിലങ്ങളുടെ വിസ്തീർണം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര ?

കൃഷിവകുപ്പ് മന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) 8 താലൂക്കുകളിലായി ഉദ്ദേശം 33,000 ഹെക്ടർ വിസ്തൃതിയാണുള്ളത്.

(ബി) കൃത്യമായ വിവരം ശേഖരിച്ചുവരുന്നു.

(സി) നെല്ല് മാത്രമേ കൃഷി ചെയ്യുന്നുള്ളൂ.

(ഡി) ഉണ്ട്. ഉദ്ദേശം 6,600 ഹെക്ടർ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## അഗസ്ത്യവനത്തിലെ ആനവേട്ട

26 (*675) ശ്രീ. ജി. കാർത്തികേയൻ :

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗസ്ത്യവനത്തിൽ ആനവേട്ട വർദ്ധിച്ചു വരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇവിടെ എത്ര ആനവേട്ടകൾ നടന്നു എന്ന് അറിയിക്കുമോ ;

(സി) ഇതിനുത്തരവാദികളായ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ;

(ഡി) വന്യജീവി സങ്കേതങ്ങളിൽ വർദ്ധിച്ചുവരുന്ന ആനവേട്ടയ്ക്ക് അറുതി വരുത്തുവാൻ വനംവകുപ്പ് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) :

(എ) ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരുവനന്തപുരം വൈൽഡ്ലൈഫ് ഡിവിഷന്റെ അധികാര പരിധിയിൽ വരുന്ന പേപ്പാറ വന്യജീവി സങ്കേതത്തിൽ തോടയാർ സെക്ഷനിൽ രണ്ട് കൊമ്പനാന വേട്ട നടന്നിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) വന്യജീവി സങ്കേതങ്ങളിൽ മൃഗവേട്ട തടയുന്നതിന് ശക്തമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വന്യജീവി സംരക്ഷണ നിയമം കർശനമായി നടപ്പിലാക്കാൻ ഉതകുന്ന ഫീൽഡ് പട്രോളിംഗ് കാര്യക്ഷമമാക്കിയിട്ടുണ്ട്. സംരക്ഷണവിഭാഗം ഉദ്യോഗസ്ഥൻമാർക്ക് വാഹനം, ആയുധങ്ങൾ, വാർത്താവിനിമയ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുകയും പ്രശ്നപരിഹാരങ്ങളിലും ഉൾവനങ്ങളിലും പിക്കറ്റ് സ്റ്റേഷനുകൾ പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. പേപ്പാറ വന്യജീവി സങ്കേതത്തിലെ ബോണക്കാട്, അതിരുമല എന്നീ സ്ഥലങ്ങളിലും നെയ്യാർ വന്യജീവി സങ്കേതത്തിലെ ആനനിരത്തി എന്ന സ്ഥലത്തും പിക്കറ്റ് സ്റ്റേഷനുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഏഷ്യൻ ആനകളുടെ കൊമ്പിന്റെ വ്യാപാരം അന്തർദേശീയ തലത്തിൽ നിരോധിച്ചിട്ടുണ്ട്. അനധികൃത ആനക്കൊമ്പു കച്ചവടം നടക്കുന്നതായി ശ്രദ്ധയിൽപ്പെടുന്ന സ്ഥലങ്ങളിൽ റെയിഡുകളും മിന്നൽ പരിശോധനകളും നടത്തി വരുന്നുണ്ട്. വന്യജീവി സംരക്ഷണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംരക്ഷണ പ്രവർത്തനത്തിൽ ബഹുജന പങ്കാളിത്തം, പ്രത്യേകിച്ച് ആദിവാസികളുടെയും തദ്ദേശിയരുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനു വേണ്ട ഇക്കോ ഡവലപ്പ്മെന്റ് പദ്ധതിയും ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു.

## വനസംരക്ഷണം കാര്യക്ഷമമാക്കാൻ നടപടി

27 (*676) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനസംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) വനസംരക്ഷണ നിയമത്തിൽ എന്തെങ്കിലും ഭേദഗതികൾ വരുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ എന്തൊക്കെ ഭേദഗതികളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഫോറസ്റ്റ് ഗാർഡുകൾക്ക് ആധുനിക ഉപകരണങ്ങൾ നൽകാനുള്ള എന്തെങ്കിലും പദ്ധതികൾ ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ടോ ;

(എഫ്) എങ്കിൽ ഇതുസംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. പട്രോളിംഗ് ശക്തമാക്കി.
2. വനം വകുപ്പ് സംരക്ഷണ വിഭാഗം ഉദ്യോഗസ്ഥന്മാർക്ക് കൂടുതൽ വാഹനം, വയർലെസ് സെറ്റുകൾ, തോക്കുകൾ എന്നിവ നൽകിയിട്ടുണ്ട്.
3. കുറ്റവാളികൾക്ക് കഠിന ശിക്ഷ ഉറപ്പുവരുത്തുന്ന വിധത്തിൽ കേരള വനനിയമത്തിൽ ഭേദഗതി വരുത്തുവാൻ വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്.
4. വനം വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി.
5. വനാതിർത്തികൾ അളന്നുതിരിച്ച് സ്ഥിരം ജണ്ടകൾ നിർമ്മിക്കുന്നു.
6. വനം കേസുകൾ മാത്രം കൈകാര്യം ചെയ്യുന്നതിനായി മൂന്ന് പ്രത്യേക കോടതികൾ (പുനലൂർ, തൊടുപുഴ, മഞ്ചേരി) സ്ഥാപിച്ചിട്ടുണ്ട്.
7. വനസംരക്ഷണത്തിൽ പൊതുജനങ്ങളെ ബോധവാന്മാരാക്കാനുള്ള ശ്രമം നടത്തുകയും വനം കുറ്റങ്ങളെക്കുറിച്ച് അറിവ് നൽകുന്നവർക്ക് പ്രോത്സാഹനമായി റിവാർഡ് നൽകുകയും ചെയ്യുന്നു.

(സി&ഡി) ഉണ്ട്. വനനിയമം ഭേദഗതി ചെയ്യുന്ന കാര്യം സർക്കാർ പരിശോധനയിലാണ്.

(ഇ&എഫ്) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ നിർമ്മിക്കുക, കൂടുതൽ വയർലെസ് സെറ്റുകൾ, വാഹനങ്ങൾ, തോക്കുകൾ എന്നിവ നൽകുക എന്നീ നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## നികുതി വരുമാനം

28 (*677) ശ്രീ. പി. രാഘവൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എം. എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തികവർഷം നികുതിവരുമാനം കുറഞ്ഞിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ബി) വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽനിന്നും സർക്കാരിന് ലഭിക്കേണ്ട തുകകൾക്ക് വ്യാപകമായി സ്റ്റേ അനുവദിക്കാറുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) സ്റ്റേ അനുവദിക്കുന്നതിൽ സർക്കാർ ഇപ്പോൾ ഏർപ്പെടുത്തിവരുന്ന മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) കച്ചവടക്കാരിൽനിന്നും ലഭിക്കേണ്ട നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തുന്നത് അവസാനിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഈ സാമ്പത്തികവർഷം നികുതി വരുമാനം കുറഞ്ഞിട്ടില്ല.

(ബി) അനുവദിക്കാറില്ല.

(സി) ബാധകമല്ല.

(ഡി) കച്ചവടക്കാരിൽനിന്നും ലഭിക്കേണ്ട നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിനായി മാസംതോറും വകുപ്പുതല നികുതി പിരിവ് അവലോകനയോഗവും നിശ്ചിത ഇടവേളകളിൽ ഉന്നതതല അവലോകനയോഗവും നടത്തുകയും നിശ്ചിത ടാർജറ്റ് പിരിച്ചെടുക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും ഉത്തരവുകളും നൽകുകയും ചെയ്തുവരുന്നു. മനഃപൂർവം നികുതിപിരിവിൽ വീഴ്ചവരുത്തുകയും നിശ്ചയിച്ച ടാർജറ്റ് പിരിക്കാതിരിക്കുകയും, അസസ്മെന്റ് ക്വോട്ട തികയ്ക്കാതിരിക്കുകയും ചെയ്യുന്ന ആഫീസർമാർക്കെതിരെ നിയമാനുസരണം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## കെ. എസ്. ആർ. ടി. സി. ജീവനക്കാരുടെ മിന്നൽ പണിമുടക്ക്

29 (*678) ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ജീവനക്കാർ നടത്തുന്ന മിന്നൽ പണിമുടക്കുമൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതൊഴിവാക്കാനായി എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) :

(എ) കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാരുടെ മൊത്തത്തിലുള്ള മിന്നൽ പണിമുടക്ക് അടുത്ത കാലത്ത് ഉണ്ടാകാറില്ല. പ്രാദേശികമായ പ്രശ്നങ്ങൾ കൊണ്ട് അവിചാരിതമായ സർവ്വീസ് തടസ്സങ്ങളും അതുമൂലം യാത്രക്കാർക്ക് ക്ലേശങ്ങളും വളരെ വിരളമായി ഉണ്ടാകാറുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) യൂണിയൻ പ്രതിനിധികളുമായി സമ്പർക്കം പുലർത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് രമ്യമായ സമീപനം കൈക്കൊള്ളുന്നതുകൊണ്ട് മിന്നൽ പണിമുടക്കിനുള്ള സാദ്ധ്യത കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പ്രാദേശിക പ്രശ്നങ്ങൾമൂലം മിന്നൽ പണിമുടക്കുണ്ടാകുന്ന സന്ദർഭങ്ങളിൽ കോർപ്പറേഷന്റെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാരെ സംഭവസ്ഥലത്ത് അയച്ച് പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിക്കാനുള്ള സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്.

**(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

**ഏഷ്യൻ വികസന ബാങ്കിൽനിന്നും കടം**

1 (3533) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഷ്യൻ വികസന ബാങ്കിൽ നിന്നും കടം എടുക്കുവാൻ ഉദ്ദേശമുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച നടപടികളുടെ ഇപ്പോഴത്തെ അവസ്ഥയെന്ത് ;

(സി) എന്നേയ്ക്ക് ഈ വായ്പ കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു ;

(ഡി) എന്തു തുകയാണ് വായ്പയെടുക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി,സി&ഡി) ഏഷ്യൻ വികസന ബാങ്കുമായി ഇക്കാര്യത്തിൽ മൂന്നുവട്ടം ചർച്ച നടത്തി. അന്തിമഘട്ട ചർച്ചകൾക്ക് ശേഷം മാത്രമേ ഇക്കാര്യങ്ങളെ സംബന്ധിച്ചുള്ള വിശദാംശങ്ങളിൽ തീരുമാനം ആകുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചിട്ടുള്ള ശമ്പള കുടിശ്ശിക

2 (3534) ശ്രീ. കെ. മുഹമ്മദാലി :
ശ്രീമതി രാധാരാഘവൻ :
ശ്രീ. വി. ബാലറാം :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ശമ്പള പരിഷ്കരണ ഉത്തരവ് വഴി സംസ്ഥാന സർക്കാർ ജീവനക്കാർക്ക് രണ്ടായിരമാണ്ടിൽ പിൻവലിക്കാവുന്ന രീതിയിൽ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചിട്ടുള്ള കുടിശ്ശികയും ക്ഷാമബത്തയും നടപ്പുവർഷത്തെ വരുമാനമായി കണക്കാക്കാനാവുമോ ;

(ബി) ഇത്തരത്തിൽ ലയിപ്പിച്ച തുകയ്ക്ക് നടപ്പുവർഷം പ്രൊഫഷണൽ ടാക്സ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരത്തിൽ നികുതി പിരിച്ചത് ക്രമവിരുദ്ധമാണെങ്കിൽ അതിന് എപ്രകാരം പരിഹാരം കാണാനുദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്താമോ ?

### ഉത്തരം

(എ&ബി) 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, 1999-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് എന്നിവകൾ പ്രകാരം ഒരു ജീവനക്കാരന്റെ ശമ്പളം, ക്ഷാമബത്ത, ബോണസ്, മറ്റുവരുമാനങ്ങൾ എന്നിവ കൂട്ടിച്ചേർത്തതാണ് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള വരുമാനമായി കണക്കാക്കുന്നത്. ആയതിനാൽ ശമ്പള പരിഷ്ക്കരണ ഉത്തരവ് പ്രകാരവും കുടിശ്ശിക ക്ഷാമബത്തയായും ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ളതും പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചിട്ടുള്ളതുമായ തുകയും പ്രസ്തുത സാമ്പത്തികവർഷത്തെ വരുമാനമായി കണക്കാക്കുന്നതാണ്. രണ്ട് അർദ്ധവർഷ ഗഡുക്കളായാണ് തൊഴിൽ നികുതി ഈടാക്കുന്നത്.

(സി) ക്രമവിരുദ്ധമല്ല.

## സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി

3 (3535) ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ മേഖലകളിൽ ചെലവ് ചുരുക്കൽ പദ്ധതി ആവിഷ്ക്കരിച്ചു ;

(സി) സാമ്പത്തിക പ്രതിസന്ധി കാരണം ട്രഷറി ഇടപാടുകളിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) സാമ്പത്തിക പ്രതിസന്ധി ഇല്ല.

(ബി) സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനായി പുതിയ തസ്തിക സൃഷ്ടിക്കൽ, പുതിയ വാഹനങ്ങൾ വാങ്ങൽ, ഓഫീസ് ചെലവുകൾ, യാത്രാ ചെലവുകൾ എന്നിവയിൽ ചെലവു ചുരുക്കലിന്റെ ഭാഗമായി നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എസ്. ടി. ഡി/ഐ. എസ്. ഡി സൗകര്യത്തോടെയുള്ള ടെലിഫോൺ, മൊബൈൽഫോൺ എന്നിവ അനുവദിക്കുന്നതിലും സംസ്ഥാനത്തിനു പുറത്ത് കോൺഫറൻസ്/പരിശീലനം/സെമിനാർ എന്നിവയിൽ പങ്കെടുക്കുന്നതിനും, നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കാൻ പാടുള്ളതല്ല. ഉദ്യോഗസ്ഥന്മാർക്ക് സംസ്ഥാനത്തിനു പുറത്ത് പോകുന്നതിന് വിമാനയാത്ര നിരോധിച്ചിട്ടുണ്ട്. ഒഴിച്ചുകൂടാനാകാത്ത അവസരങ്ങളിൽ മാത്രം ഉദ്യോഗസ്ഥന്മാർക്ക് ഡൽഹിയിലേക്ക് വിമാനയാത്ര അനുവദിക്കുകയുള്ളൂ. വിദേശയാത്ര പൂർണമായും നിരോധിച്ചിട്ടുണ്ട്. ഈ ചെലവു ചുരുക്കൽ നടപടികളെല്ലാം തന്നെ സർക്കാർ കമ്പനികൾ/കോർപ്പറേഷനുകൾ/സ്വയംഭരണ സ്ഥാപനങ്ങൾ/സർവകലാശാലകൾ എന്നിവയ്ക്കും പൊതുമേഖലാ സ്ഥാപനങ്ങളും, അർദ്ധസർക്കാർ സ്ഥാപനങ്ങളുമടക്കം സംസ്ഥാന ഖജനാവിൽ നിന്നും സാമ്പത്തികസഹായം പറ്റുന്ന എല്ലാ സ്ഥാപനങ്ങൾക്കും ബാധകമാണ്.

(സി) സാമ്പത്തിക പ്രതിസന്ധി ഇപ്പോൾ ഇല്ലാത്തതിനാൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(ഡി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

## കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക

4 (3536) <u>പ്രൊഫ. സാവിത്രി ലക്ഷ്മണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക എത്രയെന്ന് തിട്ടപ്പെടുത്തി അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) കരാറുകാർ നൽകിയിട്ടുള്ള ബില്ലുകളുടെ മുൻഗണനാക്രമം തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് നൽകാമോ ;

(സി) 17-6-1999-ൽ കേരള ഗവൺമെന്റ് കോൺട്രാക്ടേഴ്സ് അസോസിയേഷനുമായി ബഹു: ധനകാര്യമന്ത്രി എന്തെല്ലാം കരാർ ഉണ്ടാക്കിയിട്ടുണ്ട് ;

(ഡി) എങ്കിൽ വിശദവിവരങ്ങൾ വ്യക്തമാക്കാമോ ;

(ഇ) ഈ കരാർ വ്യവസ്ഥകൾ ലംഘിക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദീകരണങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

(എ)

| | | |
|---|---|---|
| 1. റോഡുകളും പാലങ്ങളും | – | 500.52 കോടിരൂപ |
| 2. കെട്ടിടവിഭാഗം | – | 58.01 „ |
| 3. നാഷണൽ ഹൈവേസ് | – | 9.38 „ |
| 4. ജലസേചനം ഇൻവെസ്റ്റിഗേഷൻ | – | 6.16 „ |
| 5. ഇറിഗേഷൻ പ്രോജക്ട് (ഒന്ന്) | – | 7.99 „ |
| 6. ഇറിഗേഷൻ പ്രോജക്ട് (രണ്ട്) | – | 9.79 „ |
| 7. ഇറിഗേഷൻ പ്രോജക്ട് (മൂന്ന്) | – | 6.75 „ |
| 8. ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡ് | – | 0.73 „ |
| 9. ഇറിഗേഷൻ അഡ്മിനിസ്ട്രേഷൻ | – | 46.47 „ |

(ബി) ബില്ലുകളുടെ മുൻഗണനാക്രമം തയ്യാറാക്കിയിരിക്കുന്നത് ബന്ധപ്പെട്ട ഡിവിഷനുകളിലും സബ് ഡിവിഷനുകളിലുമാണ്. പകർപ്പ് സർക്കാരിൽ ലഭ്യമല്ല.

(സി) ചർച്ച ചെയ്തുവെന്നല്ലാതെ കരാർ ഒന്നും ഉണ്ടാക്കിയിട്ടില്ല.

(ഡി) 'സി' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

(ഇ) ബാധകമല്ല.

**ശമ്പളപരിഷ്ക്കരണത്തിലെ അപാകതകൾ**

5 (3537) <u>ശ്രീ. പാലോട് രവി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ശമ്പളപരിഷ്ക്കരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനായി എത്ര സംഘടനകളുടെ പരാതിയാണ് സർക്കാരിന് ലഭിച്ചത് ;

(ബി) ഈ പരാതികളിൽ പേ റിവിഷൻ ഉത്തരവിൽ പറഞ്ഞിട്ടുള്ളപ്രകാരം സാങ്കേതിക വിഭാഗത്തിൽ ഉൾപ്പെടുത്തണം എന്നാവശ്യപ്പെട്ടുകൊണ്ട് എത്ര അപേക്ഷകൾ ലഭിച്ചു ;

(സി) ഏതെല്ലാം ഡിപ്പാർട്ടുമെന്റിലെ ഏതെല്ലാം സ്റ്റാഫുകളെയാണ് സാങ്കേതികവിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ ആവശ്യപ്പെട്ടിട്ടുള്ളത് ;

(ഡി) ഇതിൽ ഏതെങ്കിലും അപേക്ഷകളിൻമേൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) കഴിഞ്ഞ ശമ്പളപരിഷ്ക്കരണ ഉത്തരവിനുശേഷം കൂടുതൽ ആനുകൂല്യങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് മിക്കവാറും എല്ലാ സംഘടനകളും നിവേദനങ്ങൾ നൽകുകയുണ്ടായി. ഇതിൽ വിവിധ വകുപ്പുകളിലെ വിവിധ സാങ്കേതിക വിഭാഗങ്ങളെ പ്രതിനിധീകരിക്കുന്ന സംഘടനകളും ഉൾപ്പെടുന്നു.



LIBRARY ARCHIVES Kerala Legislative Assembly

(സി) വിവിധവകുപ്പുകളിലെ സാങ്കേതിക വിഭാഗത്തിൽപ്പെടുന്ന മിക്കവാറും എല്ലാ വിഭാഗം ജീവനക്കാരെയും സാങ്കേതിക വിഭാഗത്തിൽ ഉൾപ്പെടുത്തി ഉയർന്ന സ്കെയിൽ നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക്ക് ഹെൽത്ത് നേഴ്സ്, ട്രേസർ മുതലായ തസ്തികകൾക്ക് ഉയർന്ന സ്കെയിൽ നൽകിയിട്ടുണ്ട്.

**പെൻഷൻതുകയും ഗ്രാറ്റുവിറ്റി തുകയും ഒറ്റഗഡുവായി നൽകുവാൻ നടപടി**

**6 (3538)** <u>ശ്രീ. വി. ജെ. പൗലോസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-3-1997 നും 25-11-1998 നും ഇടയ്ക്ക് സർവ്വീസിൽനിന്ന് വിരമിച്ചവരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്ന രീതി എന്തെന്ന് വിശദീകരിക്കാമോ ;

(ബി) ഈ കാലയളവിൽ സർവ്വീസിൽ നിന്നും വിരമിച്ചവരുടെ പെൻഷൻ കമ്മ്യൂട്ടേഷൻ തുകയും ഗ്രാറ്റുവിറ്റിയും ഗഡുക്കളായി നൽകിയാൽ മതിയെന്നു തീരുമാനിക്കാനുള്ള കാരണങ്ങൾ എന്തെല്ലാം ;

(സി) 25-11-1998 നുശേഷം സർവ്വീസിൽ നിന്നും വിരമിച്ചവർക്ക് ഗഡുക്കളായാണോ പെൻഷൻ ആനുകൂല്യങ്ങൾ നൽകി വരുന്നത് ;

(ഡി) അല്ലെങ്കിൽ കാരണമെന്ത് ;

(ഇ) ഈ കാലയളവിൽ പെൻഷനായവർക്ക് ഇതുവരെ പെൻഷൻ ആനുകൂല്യങ്ങളുടെ എത്ര ഗഡുക്കൾ കൊടുത്തിട്ടുണ്ട് ;

(എഫ്) ബാക്കിയുള്ള തുക ഒന്നിച്ചു നൽകണമെന്ന് പെൻഷൻകാരുടെ സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ജി) പ്രസ്തുത കാലയളവിൽ റിട്ടയർ ചെയ്തവരുടെ പെൻഷൻ ആനുകൂല്യങ്ങളുടെ ബാക്കിതുക ഒന്നിച്ചു നൽകുന്നതിന് അക്കൗണ്ടന്റ് ജനറലിന്റെ അനുമതിയോ അഭിപ്രായമോ ആവശ്യമുണ്ടോ ;

(എച്ച്) ഉണ്ടെങ്കിൽ എന്ത് അടിസ്ഥാനത്തിൽ എന്ന് വിശദീകരിക്കാമോ ;

(ഐ) 25-11-1998 നുശേഷം റിട്ടയർചെയ്തവരുടെ പെൻഷൻ കമ്മ്യൂട്ടേഷൻ തുകയും ഗ്രാറ്റുവിറ്റിതുകയും ഒന്നിച്ചുകൊടുക്കുന്നതിന്റെ അടിസ്ഥാനത്തിൽ 1-3-1997 നും 25-11-1998 നും ഇടയ്ക്ക് റിട്ടയർ ചെയ്തവർക്ക് കൊടുക്കുവാനുള്ള പെൻഷൻ കമ്മ്യൂട്ടേഷന്റെയും ഗ്രാറ്റുവിറ്റിയുടെയും ബാക്കിതുക ഒന്നിച്ചു നൽകുവാൻ നടപടി എടുക്കുമോ ?

<u>ഉത്തരം</u>

(എ) ശമ്പളപരിഷ്ക്കരണത്തെത്തുടർന്ന് 1-3-1997-നും 25-11-1998-നും ഇടയ്ക്ക് പെൻഷനായവരുടെ ഗ്രാറ്റുവിറ്റിയുടെയും പെൻഷൻ കമ്മ്യൂട്ടേഷന്റെയും കുടിശ്ശിക 8 ഗഡുക്കളായി 6 വർഷംകൊണ്ട് നൽകാനാണ് ഉത്തരവായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പെൻഷൻ ആനുകൂല്യങ്ങളുടെ കുടിശ്ശിക മാത്രമേ ഗഡുക്കളായി കൊടുക്കുവാൻ തീരുമാനിച്ചിട്ടുള്ളു.

(സി&ഡി) 25-11-1998-നു ശേഷം വിരമിച്ചവർക്ക് പെൻഷൻ ആനുകൂല്യങ്ങളുടെ കുടിശ്ശിക കൊടുക്കാനില്ല. അതിനാൽ ആനുകൂല്യങ്ങൾ ഗഡുക്കളായി നൽകേണ്ടതില്ല.

(ഇ) ഗഡുക്കൾ കൊടുത്തിട്ടുണ്ട്.

(എഫ്) ഉണ്ട്.

(ജി) ഇല്ല.

(എച്ച്&ഐ) സാമ്പത്തികസ്ഥിതി പരിഗണിച്ച് 1-3-1997-നും 25-11-1998-നും ഇടയ്ക്ക് റിട്ടയർ ചെയ്തവരുടെയെല്ലാം പെൻഷൻ ആനുകൂല്യങ്ങളുടെ കുടിശ്ശിക ഒറ്റഗഡുവായി നൽകാൻ നിർവാഹമില്ല. എന്നാൽ 8-3-2000-ലെ ജി.ഒ(പി)565/ധന/2000 ഉത്തരവുപ്രകാരം പെൻഷൻകാരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനും പെൻഷനറുടെ സാരമായ രോഗചികിത്സയ്ക്കും ടി കുടിശ്ശിക ചില നിബന്ധനകൾക്കു വിധേയമായി രൊക്കമായി നൽകാൻ ഉത്തരവായിട്ടുണ്ട്.

### പെൻഷൻകാരുടെ ഡി. എ. കുടിശ്ശിക

7 (3539) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസ് പെൻഷൻകാർക്ക് എത്രശതമാനം ഡി. എ. കുടിശ്ശിക നൽകുവാനുണ്ട് ;

(ബി) ഇത് എന്നുമുതൽ നൽകുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ;

(സി) കുടിശ്ശിക ഏതുവിധത്തിൽ നൽകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സർവ്വീസ് പെൻഷൻകാർക്ക് 1-1-1999 മുതലുള്ള 10%, 1-7-1999 മുതലുള്ള 5% എന്നിങ്ങനെ രണ്ടു ഗഡു ഡി. എ. കുടിശ്ശിക നൽകുവാനുണ്ട്.

(ബി) സംസ്ഥാന ജീവനക്കാർക്ക് അനുവദിക്കുന്നതോടൊപ്പംതന്നെ, സർവ്വീസ് പെൻഷൻകാർക്കും ഡി. എ. നൽകുന്നതാണ് പതിവ്. ആയതിനാൽ 7/2000 മുതൽ സർവ്വീസ് പെൻഷൻകാർക്ക് 10% ഡി. എ. നൽകുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഉത്തരവിറക്കുമ്പോൾ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

### പെൻഷൻ നിർണ്ണയത്തിലെ അപാകത

8 (3540) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) 28-2-1997-ന് പെൻഷനായവർ വാങ്ങിയിരുന്ന അതേശമ്പളവും മറ്റലവൻസുകളും വാങ്ങിയിരുന്ന 1-3-1997-നും 30-11-1997നും ഇടയ്ക്ക് പെൻഷനായവർക്ക് 28-2-1997-ൽ പെൻഷനായവരേക്കാൾ കുറഞ്ഞ പെൻഷനാണോ ലഭിക്കുന്നതെന്ന് അറിയിക്കാമോ ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെന്ന് വിശദീകരിക്കാമോ ;

(സി) ഇപ്രകാരം എത്രയാളുകൾ കുറഞ്ഞ പെൻഷൻ വാങ്ങേണ്ടതായി വരുന്നുണ്ട് ;

(ഡി) അവർക്ക് കുറഞ്ഞ പെൻഷൻ ഫിക്സ് ചെയ്തതുകാരണം അവർക്ക് കിട്ടാനുള്ള ഗ്രാറ്റുവിറ്റി പെൻഷൻ, കമ്മ്യൂട്ടേഷൻ എന്നീ ഇനങ്ങളിൽ കിട്ടുന്ന തുകയും കുറവു വരുന്നുണ്ടോ ;

(ഇ) 28-2-1997-ൽ റിട്ടയർ ചെയ്തവർക്ക് തുല്യ ശമ്പളവും അലവൻസുകളും വാങ്ങിക്കൊണ്ടിരിക്കുന്നവരും എന്നാൽ 1-3-1997 നും 30-11-1997 നും ഇടയ്ക്ക് റിട്ടയർ ചെയ്തവരുമായ ആളുകൾക്ക് പെൻഷനിൽ കുറവു വന്നിട്ടുള്ളപക്ഷം അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ,ബി&സി) ചില കേസുകളിൽ 28-2-1997 - ൽ പെൻഷനായവർ 1-3-1997 നും 30-11-1997 നും ഇടയ്ക്ക് പെൻഷനായവരേക്കാൾ കുറഞ്ഞ പെൻഷൻ വാങ്ങുന്നതായി കണ്ടിട്ടുണ്ട്. ഇത് പ്രധാനമായും രണ്ടു കാര്യങ്ങൾ കൊണ്ടാണ്. 28-2-1997 ൽ പെൻഷനായ വ്യക്തിക്ക് ശമ്പളപരിഷ്ക്കരണത്തിന്റെ ആനുകൂല്യം ലഭിക്കുന്നില്ല. മറിച്ച് ഇയാൾക്ക് 15% ഫിറ്റ്മെന്റ് ബെനിഫിറ്റ് ലഭിക്കുന്നു. എന്നാൽ 1-3-1997 ന് ശേഷം റിട്ടയർ ചെയ്യുന്നവർക്ക് പെൻഷൻകാർക്ക് ലഭിക്കുന്ന 15% ഫിറ്റ്മെന്റ് ബെനിഫിറ്റ് ലഭിക്കുന്നില്ല. മാത്രമല്ല 1-3-1997 നും 30-11-97 നും ഇടയ്ക്ക് റിട്ടയർ ചെയ്യുന്ന ആളുടെ ശമ്പളം പഴയ സ്കെയിലിലും പുതിയ സ്കെയിലിലും വ്യാപിച്ചുകിടക്കുന്നതിനാൽ പെൻഷനിൽ സാരമായ വർദ്ധനവ് വരുന്നില്ല.

(ഡി&ഇ) ശമ്പളപരിഷ്കരണംമൂലം 1-3-1997-ന് ശേഷം റിട്ടയർ ചെയ്തവർക്കെല്ലാം ഗ്രാറ്റുവിറ്റിയിലും പെൻഷൻ കമ്മ്യൂട്ടേഷനിലും സാരമായ വർദ്ധനവുണ്ടായിട്ടുണ്ട്. 1-3-97 - നു ശേഷം റിട്ടയർ ചെയ്തവർക്ക് വാങ്ങി കൊണ്ടിരിക്കുന്ന പെൻഷനിൽ, പെൻഷൻ കമ്മ്യൂട്ട് ചെയ്തത്കൊണ്ടല്ലാതെ കുറവ് സംഭവിച്ചിട്ടുണ്ടെങ്കിൽ ആ കുറവ് പരിഹരിക്കാൻ 2-2-1999-ലെ ജി. ഒ(പി) 373/99(6)/ധന. ഉത്തരവുപ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

**വിദേശമലയാളികളിൽ നിന്നും പിരിഞ്ഞുകിട്ടിയ നിക്ഷേപം**

**9 (3541)** <u>ശ്രീ. എം. കെ. മുനീർ :</u>
<u>ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :</u>
<u>ശ്രീ. ചെർക്കളം അബ്ദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദേശമലയാളികളിൽ നിന്നും ഇതുവരെ പിരിഞ്ഞു കിട്ടിയ നിക്ഷേപം എത്രയാണ് ;

(ബി) വിദേശ മലയാളി നിക്ഷേപം എപ്രകാരം ചെലവാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ;

(സി) ഏതെല്ലാം മേഖലകളിൽ മുതൽമുടക്കാനാണ് വിദേശ മലയാളികൾ താൽപ്പര്യം പ്രകടിപ്പിച്ചിട്ടുള്ളത് ?

ഉത്തരം

(എ) 1999 സെപ്റ്റംബർ വരെയുള്ള കണക്കുകൾ മാത്രമേ ലഭ്യമായിട്ടുള്ളു. അതനുസരിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ വിദേശ മലയാളികളുടെ (വാണിജ്യ ബാങ്കുകളിലെ) നിക്ഷേപം 1999 സെപ്റ്റംബർ വരെ 8702 കോടി രൂപയാണ്.

(ബി) വിദേശമലയാളികളുടെ നിക്ഷേപം സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഫലപ്രദമായി വിനിയോഗിക്കുന്നതിനും അതോടൊപ്പം വിദേശ മലയാളി നിക്ഷേപകന് സാമ്പത്തിക മേൻമ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

(സി) ആരോഗ്യം, വാണിജ്യം, പെട്രോളിയം, ടൂറിസം, വ്യവസായം, ഫുഡ്പ്രോസസിംഗ്, ഹോട്ടൽ മുതലായ മേഖലകളിലും സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ തുടങ്ങാനും ആണ് താൽപ്പര്യം പ്രകടിപ്പിച്ചിട്ടുള്ളത്.

ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ഫണ്ട്

10 (3542) ശ്രീ. കെ. കുട്ടി. അഹമ്മദ് കുട്ടി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. സി. ടി. അഹമ്മദ് അലി
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പുമെന്റ് ഫണ്ടിലൂടെ എത്രകോടി രൂപ നാളിതുവരെ സമാഹരിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത ഫണ്ടിൽ നിന്നും വിവിധ ഡിപ്പാർട്ടുമെന്റുകൾക്ക് എത്ര കോടി രൂപ വീതം നൽകിയിട്ടുണ്ട് ;

(സി) വകുപ്പ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 507.06 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

(ബി) ഇതുവരെ തുകയൊന്നും നൽകിയിട്ടില്ല.

(സി) മുൻ ഉത്തരവിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

### പൊതുമേഖലാബാങ്കുകളിലെ നിയമനം

11 (3543) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകളിൽ ഇപ്പോൾ എന്തു തുകയ്ക്കുള്ള നിക്ഷേപമുണ്ട് ;

(ബി) സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകൾ ഇപ്പോൾ എന്തു തുകയ്ക്കുള്ള വായ്പ സംസ്ഥാനത്തിനകത്ത് നൽകിയിട്ടുണ്ട് ;

(സി) സംസ്ഥാനത്തെ പൊതുമേഖലാ ബാങ്കുകളിൽ നിന്നുള്ള നിക്ഷേപത്തിൽ നിന്ന് എന്തു തുക സംസ്ഥാനത്തിന് പുറത്തേയ്ക്ക് കൊണ്ടുപോയിട്ടുണ്ട് എന്ന് അറിയാമോ ; എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1999 ഡിസംബർ 31-ലെ കണക്കനുസരിച്ച് കേരളത്തിലെ ഗ്രാമീണ ബാങ്കുകൾ ഉൾപ്പെടെയുള്ള പൊതുമേഖലാ ബാങ്കുകളിൽ 25,167.39 കോടിരൂപയുടെ നിക്ഷേപമുണ്ടായിരുന്നു.

(ബി) 1999 ഡിസംബർ 31-ലെ കണക്കനുസരിച്ച് കേരളത്തിലെ ഗ്രാമീണ ബാങ്കുകൾ ഉൾപ്പെടെയുള്ള പൊതുമേഖലാ ബാങ്കുകൾ 12,985.46 കോടിരൂപ സംസ്ഥാനത്ത് വായ്പയായി നൽകിയിട്ടുണ്ട്.

(സി) കണക്കുകൾ ലഭ്യമല്ല.

### വ്യാപാരി-വ്യവസായി ഏകോപന സമിതിയുടെ നിവേദനം

12 (3544) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാപാരി - വ്യവസായി ഏകോപന സമിതി ഗവൺമെന്റിന് നൽകിയ നിവേദനത്തിലെ പ്രധാന ആവശ്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ആവശ്യങ്ങൾ സംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് എന്ത് എന്ന് വ്യക്തമാക്കാമോ ;

(സി) ഈ ആവശ്യങ്ങൾ സംബന്ധിച്ച് വ്യാപാരി സംഘടനകളുമായി ചർച്ച ചെയ്യുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) വ്യാപാരി ക്ഷേമനിധിബോർഡിലെ ചെയർമാന്റേയും, മറ്റ് അനൗദ്യോഗിക അംഗങ്ങളുടെയും കാലാവധി കഴിഞ്ഞിട്ട് ഇപ്പോൾ എത്ര നാളായി ;

(ഇ) ഈ ബോർഡ് പുനഃസംഘടിപ്പിക്കാനുള്ള കാലതാമസം ഉണ്ടായത് എന്തുകൊണ്ടാണ് എന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ബോർഡ് നിലവിൽ ഇല്ലാത്തതുകൊണ്ട് ബോർഡിൽ നിന്ന് വ്യാപാരികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള സംവിധാനം എന്താണ് എന്ന് വ്യക്തമാക്കുമോ ;

(ജി) ബോർഡിൽ ഇപ്പോൾ എത്ര അപേക്ഷകൾ തീരുമാനം ആകാതെ ഉണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)

1. വിൽപ്പനനികുതി സമരവുമായി ബന്ധപ്പെട്ട കേസുകൾ പിൻവലിക്കുക.
2. വിൽപ്പനനികുതി നിയമപരിഷ്ക്കരണം അടിയന്തിരമായി നടപ്പാക്കുക.
3. വ്യാപാര സ്ഥാപനങ്ങൾക്കുള്ള വൈദ്യുതിചാർജ്ജ് വർദ്ധന പിൻവലിക്കുക.
4. മായംചേർക്കൽ നിരോധന നിയമത്തിൽ കാലോചിതമായ മാറ്റം വരുത്തുക.
5. പാക്കേജസ് കമ്മോഡിറ്റീസ് നിയമം നടപ്പാക്കാൻ ലീഗൽ മെട്രോളജി വകുപ്പിന്‌വേണ്ട നിർദ്ദേശം നൽകുക.
6. ഭക്ഷ്യ-സിവിൽ സപ്ലൈസ് ലൈസൻസുകൾ ഏകീകരിക്കുക.
7. വാടക നിയന്ത്രണ നിയമം നടപ്പാക്കുക.
8. കർഷകർക്കാവശ്യമായ യന്ത്ര സാമഗ്രികളുടെ വിതരണത്തിലെ നിയന്ത്രണങ്ങൾ പിൻവലിച്ച് അംഗീകൃത സ്ഥാപനങ്ങൾ വഴി വാങ്ങാൻ അനുവദിക്കുക.
9. അളവ് തൂക്ക ഉപകരണങ്ങളുടെ മുദ്രവയ്ക്കുന്നതിന് ഏർപ്പെടുത്തി യിട്ടുള്ള ഭീമമായ ചാർജ്ജ് പിൻവലിക്കുക.
10. സ്വർണ്ണ - മലഞ്ചരക്ക് വ്യാപാരികൾ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണുക.
11. വഴിയോരവ്യാപാരങ്ങൾ നിയമ നിർമ്മാണത്തിലൂടെ നിയന്ത്രിക്കുക.
12. തൊഴിൽ നിയമങ്ങൾ ഭേദഗതി ചെയ്യുക.
13. പഞ്ചായത്തു-മുനിസിപ്പാലിറ്റി ലൈസൻസുകൾക്കുള്ള ഫീസ് നിരക്കുകൾ കുറയ്ക്കുക.
14. വ്യാപാരത്തിൽ നിന്നുള്ള വരുമാനം കണക്കാക്കാതെയുള്ള തൊഴിൽ നികുതി ഈടാക്കുന്നത് നിർത്തലാക്കുക.
15. വിവിധ ആവശ്യങ്ങൾക്കായി ഒഴിപ്പിക്കപ്പെടുന്ന വ്യാപാരികൾക്ക് പുനരധിവാസം നൽകാൻ ആവശ്യമായ നിയമനിർമ്മാണങ്ങൾ നടപ്പാക്കുക. കൂടാതെ ക്ഷേമനിധി ആനുകൂല്യങ്ങൾ സമഗ്രമായി

LIBRARY ARCHIVES Kerala Legislative Assembly

പരിഷ്കരിക്കുക, വ്യാപാരക്ഷേമനിധി ബോർഡ് അടിയന്തിരമായി പുനഃസംഘടിപ്പിക്കുക, വാണിജ്യമന്ത്രാലയം ഉണ്ടാക്കുക തുടങ്ങിയവയാണ് വ്യാപാരി വ്യവസായി ഏകോപനസമിതിയുടെ നിവേദനത്തിലെ പ്രധാന ആവശ്യങ്ങൾ.

(ബി&സി) വ്യാപാരിവ്യവസായി ഏകോപന സമിതിയുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ചുള്ള നിവേദനം സർക്കാരിന്റെ വിവിധ വകുപ്പുകളിൽ പരിശോധിച്ചു വരുന്നു.

(ഡി&ഇ) ഒൻപത് മാസമായി. ബോർഡിന്റെ അംഗസംഖ്യയിൽ വർദ്ധന വരുത്തി പുനഃസംഘടിപ്പിക്കുമെന്ന് 2000-2001 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുപ്രകാരമുള്ള നടപടികൾ കൈകൊണ്ടുവരുന്നു.

(എഫ്) ബോർഡ് പുനഃസംഘടിപ്പിക്കുന്ന മുറയ്ക്ക് വ്യാപാരികൾക്കുള്ള ആനുകൂല്യം നൽകുന്നതാണ്.

(ജി) 602 അപേക്ഷകൾ.

## തയ്യൽ നൂലുകൾക്ക് നിലവിലുണ്ടായിരുന്ന വിൽപ്പന നികുതി

13 (3545) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തയ്യൽ നൂലുകൾക്ക് സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന വിൽപ്പന നികുതിയും സർചാർജും എത്രയായിരുന്നു ;

(ബി) ഇപ്പോൾ പ്രാബല്യത്തിലുള്ള പുതുക്കിയ നികുതി നിരക്കും സർചാർജും എത്രയാണ് ;

(സി) നികുതി നിരക്ക് പുതുക്കിയപ്പോൾ അയൽ സംസ്ഥാനങ്ങളിൽ തയ്യൽ നൂലുകൾക്ക് നിലവിലുള്ള നികുതി നിരക്ക് സർക്കാർ പരിഗണിച്ചിരുന്നുവോ ;

(ഡി) കേരളത്തെ അപേക്ഷിച്ച് അയൽ സംസ്ഥാനങ്ങളിൽ തയ്യൽ നൂലുകളുടെ നികുതി നിരക്ക് വളരെ കുറവായ സാഹചര്യത്തിൽ സംസ്ഥാനത്ത് നടക്കേണ്ട തയ്യൽ നൂലുകളുടെ ബിസിനസ് മറ്റ് സംസ്ഥാനങ്ങളിലേക്ക് മാറിപോകാനുള്ള സാദ്ധ്യത സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) അയൽ സംസ്ഥാനങ്ങളിൽ തയ്യൽ നൂലുകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള വിൽപ്പന നികുതി 4 ശതമാനം മാത്രമായിരിക്കെ വിൽപ്പന നികുതി ഏകീകരണത്തിന്റെ ഭാഗമായി സംസ്ഥാനത്തും തയ്യൽ നൂലുകളുടെ വിൽപ്പന നികുതി 4 ശതമാനമായി നിജപ്പെടുത്തുവാൻ സർക്കാർ തയ്യാറാകുമോ ?

ഉത്തരം

(എ) വിൽപ്പനനികുതി 5 ശതമാനം ആയിരുന്നു. പത്തുലക്ഷം വരെ വിൽപ്പനയുള്ളവർക്ക് നികുതിയുടെ 5 ശതമാനവും അതിനുമുകളിലുള്ളവർക്ക് നികുതിയുടെ 10 ശതമാനവും ആയിരുന്നു സർചാർജ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1-1-2000 മുതൽ വിൽപ്പന നികുതിനിരക്ക് 8 ശതമാനം ആണ്. സർചാർജ്ജ് ഇല്ല.

(സി) സംസ്ഥാന മുഖ്യമന്ത്രിമാരുടെ ഡൽഹി സമ്മേളനത്തിൽ വച്ചെടുത്ത തീരുമാനം അനുസരിച്ചുള്ള തറ നിരക്കാണ് കേരളത്തിൽ നടപ്പാക്കിയത്. അയൽ സംസ്ഥാനങ്ങളും ഈ തീരുമാനം നടപ്പിലാക്കാൻ ബാദ്ധ്യസ്ഥമാണ്.

(ഡി) തറനിരക്കുകൾ നടപ്പിലാക്കിയപ്പോൾ അയൽ സംസ്ഥാനങ്ങളായ കർണാടകത്തിൽ 8 ശതമാനം വിൽപ്പന നികുതിയും സെക്കന്റ് സെയിൽസിന് 1 ശതമാനം ടേൺ ഓവർ ടാക്സും ഉണ്ട്. തമിഴ്നാട്ടിൽ ആദ്യവിൽപ്പനയിൽ 4 ശതമാനം വിൽപ്പന നികുതിയും ഉണ്ട്. ഇതുകാരണം സംസ്ഥാനത്തു നടക്കേണ്ട തയ്യൽനൂലിന്റെ ബിസിനസ് അന്യസംസ്ഥാനങ്ങളിലേക്ക് മാറിപ്പോകാനുള്ള സാദ്ധ്യതയില്ല.

(ഇ) അഖിലേന്ത്യാതലത്തിൽ അംഗീകരിച്ചു നടപ്പിലാക്കിയിട്ടുള്ള വിൽപ്പന നികുതി തറ നിരക്കുകളാണ് കേരളത്തിലും നടപ്പിലാക്കിയിട്ടുള്ളത്. ഇതുപ്രകാരം തയ്യൽ നൂലിന്റെ വിൽപ്പനനികുതി 4 ശതമാനമായി കുറയ്ക്കേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല.

## ശ്രവണസഹായിക്ക് വിൽപ്പനനികുതി

14 (3546) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രവണസഹായിക്ക് സംസ്ഥാനത്ത് വിൽപ്പനനികുതി ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ബധിരരുടെ ഏക ആശ്രയമായ ഈ ഉപകരണത്തെ വിൽപ്പനനികുതിയിൽ നിന്നും ഒഴിവാക്കിക്കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## വിൽപ്പനനികുതി ഉദ്യോഗസ്ഥന്മാരുടെ കടപരിശോധനകൾ

15 (3547) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. ജോസ് ബേബി :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിൽപ്പനനികുതി ഉദ്യോഗസ്ഥന്മാർ ഇപ്പോൾ കടകൾ പരിശോധിക്കാറുണ്ടോ ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഈവർഷം എത്ര കടകൾ പരിശോധിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(സി) ഇത്തരം പരിശോധനകൾകൊണ്ട് എത്ര അധികവരുമാനം നേടാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ കാലയളവിൽ വിൽപ്പനനികുതി കാര്യത്തിൽ എത്ര കച്ചവടക്കാർക്കെതിരെ നടപടി എടുക്കേണ്ടിവന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പരിശോധിക്കാറുണ്ട്.

(ബി) 1999-2000 സാമ്പത്തിക വർഷം (31-12-1999 വരെ) 2616 കടകളിൽ വിൽപ്പന നികുതി ഉദ്യോഗസ്ഥന്മാർ പരിശോധന നടത്തിയിട്ടുണ്ട്.

(സി) പരിശോധന നടത്തിയപ്പോൾ 61.53 കോടി രൂപയുടെ പൂഴ്ത്തിവയ്പ് കണ്ടുപിടിക്കുകയും തുടർന്ന് കണക്കുകൾ പരിശോധിച്ചതിൽ പ്രകാരം വ്യാപാരികളിൽ നിന്നും 79.21 ലക്ഷം രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. യഥാർത്ഥ നികുതി വർദ്ധന കച്ചവടക്കാരുടെ വാർഷിക കണക്കുകൾ പരിശോധിച്ചാൽ മാത്രമേ തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളു, ഇതിനു പുറമേ കോമ്പൗണ്ടിംഗ് ഫീ ഇനത്തിൽ ഒരുകോടിയോളം രൂപ വസൂലാക്കിയിട്ടുണ്ട്.

(ഡി) 1999-2000 സാമ്പത്തിക വർഷം 2,129 കച്ചവടക്കാർക്കെതിരെ കേരള വിൽപ്പന നികുതി നിയമപ്രകാരം നടപടി എടുത്തിട്ടുണ്ട്.

**ഏകീകൃത വിൽപ്പന നികുതി ലഭിച്ച അധിക നികുതി**

16 (3548) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിൽപ്പന നികുതി ഏകീകരണം എന്നു മുതലാണ് പ്രാബല്യത്തിലായത് ;

(ബി) ഇപ്രകാരം ഏകീകൃത നികുതി പ്രാവർത്തികമാക്കിയതിനുശേഷം ഏതെങ്കിലും നികുതി നിരക്കുകൾ പിൻവലിച്ചിട്ടുണ്ടോ ;

(സി) അങ്ങനെ പിൻവലിക്കാതിരിക്കണമെങ്കിൽ ഇപ്രകാരം പിരിച്ച നികുതിയെപ്പറ്റി എന്തു തീരുമാനം എടുത്തിട്ടുണ്ട് ;

(ഡി) ഇപ്രകാരം നികുതി ഏകീകരണം ഏർപ്പെടുത്തിയതിനുശേഷം അധികമായി എന്തു നികുതിവിഹിതം സമാഹരിക്കുവാൻ കഴിഞ്ഞുവെന്ന് ലഭ്യമായ ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് അറിയിക്കുമോ ;

(ഇ) സംസ്ഥാനത്തെ റബ്ബർ കർഷകരുടെ ബുദ്ധിമുട്ടുകൾ കൂടുതൽ വളർത്തുന്നവിധം അധികമായി ഏർപ്പെടുത്തിയ നികുതിനിർദ്ദേശം പിൻവലിക്കാൻ സർക്കാർ സന്നദ്ധമാവുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1-1-2000 മുതൽ ആണ് വിൽപ്പനനികുതി തറനിരക്ക് പ്രാബല്യത്തിൽ വന്നത്.

(ബി) ഉണ്ട്. അയോഡയ്സ്ഡ് ഉപ്പ്, കൃഷി പണിയായുധങ്ങൾ, ഗ്രാനൈറ്റ്, ബ്രഡ്, ബൺ എന്നിവയെ നികുതിയിൽ നിന്നും ഒഴിവാക്കി.

(സി) വിൽപ്പനനികുതിയായി പിരിച്ചതുക സർക്കാരിലേയ്ക്ക് അടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ അടച്ച തുകയ്ക്ക് റീഫണ്ടും അനുവദനീയമല്ല.

(ഡി) നികുതി നിരക്കുകൾക്ക് തറനിരക്ക് ഏർപ്പെടുത്താൻ തീരുമാനിച്ചത് പെട്ടെന്ന് നികുതി വരുമാനത്തിൽ വർദ്ധന ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചു കൊണ്ടല്ല. സംസ്ഥാനങ്ങൾ തമ്മിൽ നികുതി നിരക്കുകളിലും നികുതി ഇളവുകളിലും നിലനിന്നിരുന്ന മത്സരം ഒഴിവാക്കുന്നതിനുവേണ്ടി അഖിലേന്ത്യാതലത്തിൽ കൈക്കൊണ്ട തീരുമാനമനുസരിച്ച് ആണ് ഇത് നടപ്പാക്കിയിട്ടുള്ളത്. രാജ്യത്താകമാനം ബാധകമായ മൂല്യവർദ്ധിതനികുതി സമ്പ്രദായം നടപ്പിലാക്കുന്നതിന്റെ മുന്നോടിയായിട്ടാണ് ഇപ്പോൾ ഏകീകൃത തറനിരക്കുകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. നികുതി ഏകീകരണത്തിന്റെ ഭാഗമായി എത്ര തുക കൂടുതൽ പിരിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടില്ല.

(ഇ) സർചാർജ് അടക്കം റബ്ബറിന്റെ വാങ്ങൽ നികുതി 31-12-1999 വരെ 11 (പതിനൊന്ന്) ശതമാനമായിരുന്നു. 1-1-2000 മുതൽ ഇത് തൊട്ടടുത്ത 12 ശതമാനമായി നിശ്ചയിച്ചു. ഈ വർഷത്തെ ബഡ്ജറ്റിലൂടെ ഈ നികുതി 11 ശതമാനമായി തന്നെ നിലനിർത്തിയിട്ടുണ്ട്. ഇതിനും പുറമെ അഞ്ച് ഹെക്ടർ വരെയുള്ള കർഷകരെ കാർഷികാദായ നികുതിയിൽനിന്നും 2000-2001 അക്കൗണ്ടിംഗ് വർഷം ഒഴിവാക്കാൻ ബഡ്ജറ്റിൽ നിർദ്ദേശമുണ്ട്. കൂടാതെ 20 ഹെക്ടർ വരെ കൃഷി ഭൂമിയുള്ള റബ്ബർ കർഷകരെ റബ്ബറിന്മേലുള്ള കാർഷികാദായത്തിൽ നിന്നും ഒരു വർഷത്തേയ്ക്ക് (2000-2001) ഒഴിവാക്കാനും ബഡ്ജറ്റിൽ നിർദ്ദേശമുണ്ട്.

## സെയിൽസ്ടാക്സ് ഓഫീസർമാരുടെ നേരിട്ടുള്ള നിയമനം

17 (3549) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെയിൽസ്ടാക്സ് ഓഫീസർമാരുടെ നേരിട്ടുള്ള നിയമനം ഇപ്പോഴും നടക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇത് നിർബന്ധമാക്കുന്നതിന് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ ഏതുവരെ ആയിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

**കെ. എസ്. എഫ്. ഇ. യുടെ പ്രവർത്തനം**

18 (3550) ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ. എസ്. എഫ്. ഇ. യുടെ പുതിയ ശാഖകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എത്ര എണ്ണം ; എവിടെയെല്ലാം ;

(സി) ശാഖകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ ;

(ഡി) കെ. എസ്. എഫ്. ഇ. യുടെ പ്രവർത്തനം ലാഭത്തിലാണോ ;

(ഇ) വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. (അനുബന്ധം കാണുക) †

(സി) ജനപ്രതിനിധികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ എന്നിവരിൽനിന്ന് ലഭിക്കുന്ന നിവേദനങ്ങൾ പരിഗണിച്ച് ശാഖകൾ ലാഭകരമായി നടത്തുവാൻ സാധിക്കുമോയെന്ന് പരിശോധിച്ച് കമ്പനിയുടെ ബോർഡ് ഓഫ് ഡയറക്ടർമാരുടെയും സർക്കാരിന്റെയും അനുമതിയോടെയാണ് പുതിയ ശാഖകൾ ആരംഭിക്കുന്നത്.

(ഡി) അതെ.

(ഇ) 1969-ൽ ആരംഭിച്ച കെ. എസ്. എഫ്. ഇ 1971-72 സാമ്പത്തികവർഷം മുതൽ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. കഴിഞ്ഞ മൂന്നു സാമ്പത്തികവർഷങ്ങളിലെ ലാഭത്തിന്റെ കണക്ക് താഴെ കൊടുക്കുന്നു.

| വർഷം | ലാഭം |
|---|---|
| 1997-98 | 766 ലക്ഷം രൂപ |
| 1998-99 | 550 ലക്ഷം രൂപ |
| 1999-2000 | 1,279 ലക്ഷം രൂപ |

ഈ കണക്ക് നികുതിയടയ്ക്കാനും കിട്ടാക്കടങ്ങൾക്കും വകയിരുത്തുന്നതിനുമുമ്പുള്ളതും, ഓഡിറ്റിംഗ് വിധേയമായിട്ടുള്ളതുമാണ്.

† അനുബന്ധം 1

LIBRARY ARCHIVES Kerala Legislative Assembly

## വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ. എസ്. എഫ്. ഇ ഓഫീസുകൾ

19 (3551) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ. എസ്. എഫ്. ഇ. യുടെ എത്ര ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട് ; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ ;

(ബി) എത്ര സ്ഥലത്ത് ഇവ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു ;

(സി) എത്ര ഓഫീസുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട് ;

(ഡി) വാടകയിനത്തിൽ ഓരോ വർഷവും കെ. എസ്. എഫ്. ഇ. എന്ത് തുക ചെലവാക്കുന്നു എന്നറിയിക്കാമോ ?

### ഉത്തരം

(എ) ഹെഡ് ഓഫീസിലും അഞ്ച് റീജണൽ ഓഫീസുകളും ഉൾപ്പെടെ സംസ്ഥാനത്ത് കെ. എസ്. എഫ്. ഇ. യുടെ 210 ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലതിരിച്ചുള്ള ശാഖകളുടെ കണക്ക് താഴെ ചേർക്കുന്നു.

| ജില്ല | ശാഖകൾ |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 35 |
| കൊല്ലം | 25 |
| പത്തനംതിട്ട | 8 |
| ആലപ്പുഴ | 15 |
| കോട്ടയം | 17 |
| ഇടുക്കി | 2 |
| എറണാകുളം | 22 |
| തൃശൂർ | 21 |
| പാലക്കാട് | 14 |
| മലപ്പുറം | 12 |
| കോഴിക്കോട് | 16 |
| വയനാട് | 4 |
| കണ്ണൂർ | 11 |
| കാസർഗോഡ് | 2 |
| ആകെ | 204 |

(ബി) 3 സ്ഥലങ്ങളിൽ.

(സി) രണ്ട് റീജിണൽ ഓഫീസുകൾ ഉൾപ്പെടെ 202 ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു.

(ഡി) വാടകയിനത്തിൽ 1997-1998-ൽ 1086 ലക്ഷം രൂപയും 1998-1999-ൽ 1,294 ലക്ഷം രൂപയും 1999-2000-ൽ 1,445 ലക്ഷം രൂപയും ചെലവായി.

## കെ. എസ്. എഫ്. ഇ. യിൽ നിന്നും നൽകുന്ന വായ്പകളുടെ പലിശ നിരക്ക് ഏകീകരിക്കാൻ നടപടി

20 (3552) ശ്രീ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. എഫ്. ഇ. യിൽ ഇപ്പോൾ നൽകുന്ന കണക്കുകൾ, വായ്പകളുടെയും സ്വർണ പണയ വായ്പകളുടെയും പലിശനിരക്ക് എത്രയാണ് ;

(ബി) ഈ നിരക്ക് സഹകരണവായ്പകൾ ഉൾപ്പെടെയുള്ള ബാങ്കുകളുടെ നിരക്കിനെക്കാൾ കൂടുതലാണോ ;

(സി) കൂടുതലാണെങ്കിൽ ബാങ്കുകളുടെ നിരക്കുമായി ഏകീകരിക്കാൻ ശ്രമിക്കുമോ ;

(ഡി) പലിശനിരക്കിൽ സ്വീകരിച്ചിരിക്കുന്ന പ്ലസ്റേറ്റ് സമ്പ്രദായം അവസാനിപ്പിച്ച് നീക്കിയിരിപ്പ് രീതി ആരംഭിക്കാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ) നിലവിലുള്ള പലിശനിരക്ക് താഴെ ചേർക്കുന്നു.

| പദ്ധതി | കാലാവധി | പരമാവധി തുക | പലിശ |
|---|---|---|---|
| (1) ഹയർപർച്ചേസ് | 1 വർഷം മുതൽ 2 വർഷംവരെ | ഇൻവോയ്സ് തുകയുടെ 90% | 50,000 രൂപ വരെ 10% (ക്ലാസ്സ്) 50,000 തുകയ്ക്ക് മുകളിൽ 11% (ക്ലാസ്സ്) |
| (2) വ്യക്തിഗത വായ്പ | 1 വർഷം മുതൽ 4 വർഷം വരെ | 50,000 രൂപ | 16% (ഉയർച്ച ഡിമിനിഷിംഗ്) |
| (3) സ്വർണവായ്പ | പരമാവധി 12 മാസം വരെ | 50,000 രൂപ | 10.5% |

(ബി) അൽപ്പം കൂടുതലാണ്.

(സി) കമ്പനി സ്വീകരിക്കുന്ന ഫിക്സഡ് ഡെപ്പോസിറ്റുകൾക്ക് അധിക പലിശ നൽകുന്നതിനും ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ 1 ശതമാനം സർക്കാരിന്

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്നതിനും മറ്റ് ബാങ്കുകളുടെ നിരക്കുമായി ഏകീകരിച്ചാൽ അത് കമ്പനിയുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നതിനാൽ, ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ഡി) പരിശോധിക്കാവുന്നതാണ്.

**കെ. എസ്. എഫ്. ഇ. വായ്പ വ്യവസ്ഥകൾ ലഘൂകരിക്കാനും പലിശ നിരക്ക് കുറയ്ക്കാനും നടപടി**

21 (3553) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ. എസ്. എഫ്. ഇ. യിൽ നിന്നും വായ്പ എടുക്കുന്നവരുടെ ബുദ്ധിമുട്ടുകൾ പരിഗണിച്ച് വായ്പ എടുക്കുന്നവർക്ക് തിരിച്ചടയ്ക്കുന്നതിനുള്ള വ്യവസ്ഥകൾ ലഘൂകരിക്കാനും പലിശനിരക്ക് കുറയ്ക്കാനും സർക്കാർ തയ്യാറാകുമോ ?

ഉത്തരം

കെ. എസ്. എഫ്. ഇ. യിൽ നിന്നും വായ്പ എടുക്കുന്നവർക്ക് തിരിച്ചടയ്ക്കുന്നതിനുള്ള തവണ വ്യവസ്ഥകൾ ഇപ്പോൾത്തന്നെ ലളിതമായതിനാൽ അവ കൂടുതൽ ലഘൂകരിക്കാൻ ഉദ്ദേശിക്കുന്നില്ല.

**കെ. എസ്. എഫ്. ഇ. ദൃശ്യമാധ്യമങ്ങളിലൂടെ നൽകിയ പരസ്യങ്ങൾ**

22 (3554) ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ദൃശ്യമാധ്യമങ്ങളിലൂടെ 1999 - 2000 വർഷത്തിൽ എത്ര ലക്ഷം രൂപയുടെ പരസ്യങ്ങൾ നൽകിയിട്ടുണ്ട് ;

(ബി) ഇങ്ങനെ നൽകിയ പരസ്യത്തിലൂടെ എത്ര ലക്ഷം രൂപയുടെ അധിക ബിസിനസ് മുൻവർഷത്തെ അപേക്ഷിച്ച് ലഭിച്ചിട്ടുണ്ട് ;

(സി) 2000 - 2001 സാമ്പത്തിക വർഷത്തിൽ ദൃശ്യമാധ്യമങ്ങൾ വഴിയും പത്രങ്ങൾ വഴിയും എത്രലക്ഷം രൂപയുടെ പരസ്യങ്ങൾ കൊടുക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) 17.55 ലക്ഷം രൂപയുടെ പരസ്യങ്ങൾ നൽകിയിട്ടുണ്ട് (20-3-2000 വരെ)

(ബി) മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ഈ സാമ്പത്തികവർഷം ജനുവരി മാസംവരെ 306.47 ലക്ഷം രൂപയുടെ അധിക ചിട്ടി ബിസിനസ് നടത്തുവാൻ സാധിച്ചിട്ടുണ്ട്.

(സി) 50 ലക്ഷം രൂപയുടെ പരസ്യങ്ങൾ നൽകാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

## പെരുനാട്ടിൽ സബ്ട്രഷറി

23 (3555) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഏറ്റവും വിസ്തൃതിയുള്ള റാന്നി നിയോജക മണ്ഡലത്തിന്റെ വടക്കേ ഭാഗത്തുള്ള ഗവിയിലെ ജനങ്ങൾ 130 കിലോമീറ്റർ യാത്ര ചെയ്താണ് റാന്നി സബ്ട്രഷറിയിലെത്തി ഇടപാടുകൾ നടത്തുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവരെ സഹായിക്കുവാൻ പെരുനാട്ടിൽ പുതിയ സബ്ട്രഷറി അനുവദിക്കുന്ന കാര്യം അടിയന്തിരമായി പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭരണപരമായ സൗകര്യവും, സർക്കാരിന്റെ മറ്റു പരിമിതികളും കണക്കിലെടുത്ത് ഏറ്റവും ആവശ്യമായ ഘട്ടത്തിലാണ് സബ്ട്രഷറികൾ അനുവദിച്ച് വരുന്നത് എന്നതിനാൽ, അടിയന്തിരമായ നടപടി ഇക്കാര്യത്തിൽ ബുദ്ധിമുട്ടാണ്.

## ലോക്കൽഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റ് ജീവനക്കാരുടെ പ്രൊമോഷൻ

24 (3556) ശ്രീ. ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റിന്റെ ഡയറക്ടറായി ഇന്ത്യൻ ആഡിറ്റ് ആന്റ് അക്കൗണ്ട്സ് സർവീസിൽ നിന്ന് നിയമനം നടത്തുന്നതുമൂലം ആ വകുപ്പിലെ ജീവനക്കാരുടെ പ്രൊമോഷൻ സാധ്യതകൾ നഷ്ടപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആ വകുപ്പിലെ ജീവനക്കാരുടെ നിലവിലുണ്ടായിരുന്ന പ്രൊമോഷൻ സാധ്യതകൾ നിലനിർത്താൻ സർക്കാർ എന്ത് നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു ;

(സി) ഭാരിച്ച ഉത്തരവാദിത്വവും ജോലിഭാരവും പരിഗണിച്ച് വിവിധ യൂണിവേഴ്സിറ്റികളിൽ ഇപ്പോഴുള്ള ഡെപ്യൂട്ടി ഡയറക്ടറുടെ തസ്തികകൾ അഡീഷണൽ ഡയറക്ടറുടേതായി ഉയർത്തുമോ ?

ഉത്തരം

(എ) ലോക്കൽഫണ്ട് ആക്ട് പ്രകാരം ഡയറക്ടറുടെ പോസ്റ്റ് പ്രൊമോഷൻ പോസ്റ്റ് അല്ലാത്തതുകൊണ്ട് ഇന്ത്യൻ ആഡിറ്റ് ആന്റ് അക്കൗണ്ട്സ് സർവ്വീസിൽ നിന്നും ഡയറക്ടറെ നിയമിച്ചതുകൊണ്ട് വകുപ്പിലെ ജീവനക്കാരുടെ പ്രൊമോഷൻ സാദ്ധ്യതകൾ നഷ്ടപ്പെട്ടിട്ടില്ല.

(ബി) മേൽപ്പറഞ്ഞ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## കേരള സർക്കാർ ലോട്ടറി

25 (3557) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് :
ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാർ നടത്തുന്ന ഓരോ ലോട്ടറിയുടെയും ആകെ ടിക്കറ്റുകളുടെ എണ്ണവും വിവിധ സമ്മാനങ്ങളുടെ എണ്ണവും എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ ലോട്ടറിയുടെയും വരുമാനത്തിന്റെ എത്രശതമാനം സമ്മാനങ്ങൾക്കുവേണ്ടി നൽകുന്നുണ്ട് ;

(സി) ഓരോ ലോട്ടറിയിൽനിന്നും ലഭ്യമാകുന്ന വരുമാനത്തിന്റെ എത്ര ശതമാനം ഏജന്റുമാർക്കുള്ള കമ്മീഷൻ ഇനത്തിന് നൽകുന്നുണ്ട് ;

(ഡി) ലോട്ടറി രംഗത്ത് ചിലർ മൊത്തക്കച്ചവടക്കാരായി പ്രവർത്തിച്ച് സബ് ഏജന്റുമാരെ വച്ച് വൻതുക കമ്മീഷൻ ഇനത്തിൽ കൈപ്പറ്റുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) നിശ്ചിത തുകയിൽ കൂടുതലുള്ള ടിക്കറ്റുകൾ കുത്തക ഏജന്റുമാർക്ക് നൽകാതെ കൂടുതൽ ഏജൻസികൾ നൽകി ഈ രംഗത്തെ ചൂഷണം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

| | ലോട്ടറി | ടിക്കറ്റുകളുടെ എണ്ണം ലക്ഷത്തിൽ | സമ്മാനങ്ങളുടെ എണ്ണം |
|---|---|---|---|
| (എ) | മാവേലി | 7.5 | 1,66,821 |
| | പെരിയാർ | 8.25 | 1,75,000 |
| | കൈരളി | 12.00 | 2,65,670 |
| | സൗഭാഗ്യ | 8.25 | 85,000 |
| | കൈരളി | 20.00 | 2,04,970 |
| | ബംബറുകൾ | | |
| | ന്യൂഇയർ | | |
| | ജയന്തി<br>ദീപാവലി<br>ശബരി സമ്മർ<br>വിഷുബംബർ | 20.00 | 2,04,366 |
| | ഓണം സൂപ്പർബംബർ | 20.00 | 2,05,306 |
| (ബി) | മാവേലി | 31% | |
| | പെരിയാർ | 44% | |
| | കൈരളി | 55% | |

| | |
|---|---|
| സൗഭാഗ്യ | 33% |
| സാധാരണബംബർ | 33% |
| വിഷുബംബർ | 29% |
| ഓണംസൂപ്പർബംബർ | 26% |

(സി) ഓരോ ലോട്ടറിയിലും സമ്മാനത്തുകയുടെ 10 ശതമാനം പ്രൈസ് കമ്മിഷനായി ഏജന്റുമാർക്കും വിൽപ്പനക്കാർക്കും നൽകുന്നുണ്ട്. കൂടാതെ വരുമാനത്തിന്റെ 25 ശതമാനം മുതൽ 28.5 ശതമാനംവരെ വിൽപ്പന കമ്മീഷനും നൽകുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടിക്കറ്റ് എടുക്കുന്നതനുസരിച്ച് എല്ലാ ഏജന്റുമാർക്കും സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിലാണ് ഡിസ്ക്കൗണ്ട് നൽകുന്നത്.

(ഇ) ഭാഗ്യക്കുറി വകുപ്പ് തികച്ചും ഒരു ബിസിനസ് വകുപ്പാണ്. എല്ലാ ഏജന്റുമാർക്കും ആവശ്യാനുസരണം സർക്കാർ നിയമാവലി അനുസരിച്ച് ടിക്കറ്റ് നൽകുന്നു. ഏതെങ്കിലും ഒരു ഏജന്റിനു നൽകുന്ന ടിക്കറ്റിന്റെ എണ്ണം നിജപ്പെടുത്തുവാൻ നിലവിലുള്ള നിയമം അനുവദിക്കുന്നില്ല. കൂടുതൽ ടിക്കറ്റുകൾ വിൽക്കുന്നതിനായി കൂടുതൽ ടിക്കറ്റുകൾ എടുക്കുന്ന ഏജന്റുമാർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഉയർന്ന നിരക്കിലുള്ള കമ്മീഷൻ നൽകുന്നു.

## ലോട്ടറി നിരോധനം

**26 (3558)** ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. വി. ബാലറാം :
ശ്രീമതി രാധാരാഘവൻ :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലോട്ടറി നിരോധനം നടപ്പാക്കേണ്ടതായി വരുമോ ;

(ബി) എങ്കിൽ ഇതു സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) ലോട്ടറി നിരോധനം കേരളത്തിൽ നടപ്പിലാക്കാതിരിക്കാൻ കേരള സർക്കാർ സാദ്ധ്യമായ എല്ലാ സമ്മർദ്ദവും ചെലുത്തിയിരിക്കുകയാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തികൊണ്ട് ധനകാര്യമന്ത്രി, പ്രധാനമന്ത്രിക്കും, കേന്ദ്ര ധനകാര്യമന്ത്രിക്കും ഫാക്സ് സന്ദേശം അയച്ചിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രി പ്രധാനമന്ത്രിക്കു നൽകുന്ന മെമ്മോറാണ്ടത്തിൽ ഈ ആവശ്യവും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ നിന്നുള്ള എം. പി. മാർ സംയുക്തമായി ചെറുത്തുനിൽപ്പ് സംഘടിപ്പിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ലോട്ടറി നിരോധനം സംസ്ഥാനത്തു നടപ്പിലാക്കേണ്ടിവന്നാൽ നികുതിയേതര വരുമാനത്തിൽ ഗണ്യമായ കുറവ് സംഭവിക്കുന്നതോടൊപ്പം 2.5 ലക്ഷത്തോളം ആളുകൾക്ക് ഉപജീവനമാർഗം നഷ്ടപ്പെടുന്നതുമാണ്.

**ബാറ്ററി വാങ്ങുന്നതിന് നൽകിയ ടെണ്ടർ**

27 (3559) ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. വി. ബാലറാം :
ശ്രീ. എം. മുരളി :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനസർക്കാർ വാഹനങ്ങൾക്ക് ബാറ്ററി എവിടെ നിന്നാണ് വാങ്ങുന്നത് ;

(ബി) ടെണ്ടർ വിളിച്ചാണോ സപ്ലൈയറെ തെരഞ്ഞെടുക്കുന്നത് ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനായി ടെണ്ടർ വിളിച്ചപ്പോൾ എത്ര സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ലഭിക്കുകയുണ്ടായി ; അവ ഏതെല്ലാമാണ് ;

(ഡി) ബാംഗ്ലൂരിലെ സതേൺ ബാറ്ററീസിനെ തെരഞ്ഞെടുക്കുകയുണ്ടായോ ; എങ്കിൽ എന്തുകൊണ്ട് അവർക്ക് ടെണ്ടർ നൽകിയില്ലായെന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ ഇടപാടുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ ആരെല്ലാമാണ് ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ വാഹനങ്ങൾക്കു വേണ്ടതായ ബാറ്ററി ബന്ധപ്പെട്ട വകുപ്പുകൾ അതാതു വർഷത്തെ റേറ്റ്, കോൺട്രാക്റ്റ് ഹോൾഡർമാരിൽ നിന്നാണ് വാങ്ങുന്നത്.

(ബി) അതെ.

(സി,ഡി&ഇ) ഈ വിഷയവുമായി ബന്ധപ്പെട്ട ഫയലുകളെല്ലാം കേരള ലോകായുക്തയുടെ ഓഫീസിലാണ്. അവ തിരികെ ലഭിച്ചതിനുശേഷമേ കൃത്യമായ മറുപടി നൽകുവാൻ നിർവാഹമുള്ളൂ.

**കള്ള്ഷാപ്പ് ലേലത്തുക**

28 (3560) ശ്രീ. ബി. വിജയകുമാർ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ബാലറാം :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ വർഷം ഇതുവരെ എത്ര ജില്ലകളിൽ കള്ളുഷാപ്പുകൾ ലേലം ചെയ്തു ;

(ബി) ഓരോ ജില്ലയിലേയും കഴിഞ്ഞ വർഷത്തെയും ഈ വർഷത്തെയും ലേലത്തുക എത്ര വീതമായിരുന്നു ;

(സി) മുൻവർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം വർദ്ധനവാണ് ഓരോ ജില്ലയിലും ഉണ്ടായത് ;

(ഡി) സംസ്ഥാനത്തെ കള്ളുഷാപ്പുകളിൽ വിൽക്കുന്നതിനാവശ്യമായ കള്ള് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നുണ്ടോ ;

(ഇ) ലേലത്തുക വർദ്ധിക്കുന്നതിന് കാരണം ഷാപ്പുകൾ വഴി വ്യാജകള്ള് വിൽക്കുന്നതിന് സൗകര്യം വർദ്ധിച്ചതുകൊണ്ടാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) വ്യാജകള്ള് വിൽപ്പനയ്ക്കെതിരെ കർശന നടപടിയെടുക്കുമോ ?

<u>ഉത്തരം</u>

(എ) 11 ജില്ലകളിൽ കള്ളുഷാപ്പുകൾ ലേലം ചെയ്തു.

(ബി&സി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഡി) ഉണ്ട്.

(ഇ) ഇല്ല.

(എഫ്) വ്യാജകള്ള് വിൽപ്പനയ്ക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

## സ്പിരിറ്റ് കള്ളക്കടത്തുമായി ബന്ധപ്പെട്ട കേസ്

29 (3561) <u>ശ്രീ. മാമ്മൻ മത്തായി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യാപകമായ രീതിയിൽ സ്പിരിറ്റ് കള്ളക്കടത്ത് വർദ്ധിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് തടയുന്നതിനായി എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യാജ സ്പിരിറ്റുമായി ബന്ധപ്പെട്ട എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര ലിറ്റർ സ്പിരിറ്റ് പിടിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ചും ആണ്ട് തിരിച്ചുമുള്ള കണക്കുകൾ ഹാജരാക്കാമോ ;

(ഡി) സ്പിരിറ്റ് കള്ളക്കടത്തുമായി ബന്ധപ്പെട്ട് എത്ര വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട് ; ഇതിൽ എത്ര എണ്ണം പിന്നീട് വിട്ടുകൊടുത്തു ;

† അനുബന്ധം 2

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പാലക്കാട് ജില്ലയിലെ വാളയാർ, തിരുവനന്തപുരം ജില്ലയിലെ കളിയിക്കാവിള, ചെങ്കവിള എന്നീ ചെക്ക് പോസ്റ്റിലൂടെയുള്ള അനധികൃത സ്പിരിറ്റ് കടത്ത് തടയാൻ സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വ്യാപകമായ രീതിയിൽ സ്പിരിറ്റ് കടത്ത് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും ചെക്ക്പോസ്റ്റുകളിലെ പരിശോധന ശക്തമാക്കുകയും വാഹനപരിശോധനകളും, രാത്രികാല പെട്രോളിംഗും ശക്തമാക്കുകയും ചെയ്തിട്ടുണ്ട്.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**മണർക്കാട് മോണായ്ക്ക് ബാറിലെ റെയ്ഡ്**

29 (3562) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ മണർക്കാട് മോണായ്ക്ക് ബാറിൽ എക്സൈസ് ഉദ്യോഗസ്ഥന്മാരോ പോലീസോ 13-3-2000-ത്തിൽ റെയ്ഡ് നടത്തിയിരുന്നോ ;

(ബി) ഏതെങ്കിലും പരാതിയുടെ അടിസ്ഥാനത്തിലാണോ റെയ്ഡ് നടത്തിയത് ;

(സി) എങ്കിൽ പരാതി നൽകിയത് ആരാണ് ;

(ഡി) റെയ്ഡിന്റെ ഫലമായി എന്തെല്ലാം കണ്ടുപിടിച്ചു എന്നും എത്രപേരെ അറസ്റ്റു ചെയ്തു എന്നും വ്യക്തമാക്കാമോ ;

(ഇ) അറസ്റ്റുചെയ്തവരുടെ പേരിൽ എന്തെല്ലാം കുറ്റങ്ങൾക്കാണ് കേസെടുത്തത് ;

(എഫ്) റെയ്ഡ് നടത്തുന്നതിന് സെർച്ച് വാറണ്ട് ഉണ്ടായിരുന്നോ ;

(ജി) ഏതെല്ലാം ഉദ്യോഗസ്ഥന്മാരാണ് ഈ റെയ്ഡിൽ പങ്കെടുത്തത് ;

(എച്ച്) ഇവരിൽ ആരെങ്കിലും അധികാരപരിധിക്ക് പുറത്തുനിന്നും ഉള്ളവർ ആയിരുന്നോ ;

(ഐ) എങ്കിൽ ആരെല്ലാമെന്നും അധികാരപരിധി വിട്ടുവന്ന് റെയ്ഡ് നടത്തുവാൻ ആര് അധികാരപ്പെടുത്തി എന്നും അതിന്റെ സാഹചര്യം എന്തെന്നും വ്യക്തമാക്കാമോ ;

(ജെ) അറസ്റ്റുചെയ്തവർ മദ്യപിച്ചിരുന്നോ എന്നറിയുന്നതിന് മെഡിക്കൽ പരിശോധന നടത്തിയിരുന്നോ ; ഇല്ലെങ്കിൽ അതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(കെ) ഈ ബാർ സംബന്ധിച്ചുള്ള ഹൈക്കോടതി വിധി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദവിവരങ്ങൾ എന്തെല്ലാം ;

(എൽ) ഈ വിധി ബാർ ഉടമയോ ബാറിൽ നിന്നും അറസ്റ്റുചെയ്തിട്ടുള്ളവരോ ലംഘിച്ചിട്ടുണ്ടോ എന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ,ബി,സി,ഡി,ഇ,എഫ്,ജി,എച്ച്,ഐ,ജെ,കെ&എൽ) വിവരം ശേഖരിച്ചുവരുന്നു.

**അബ്കാരി ചട്ടത്തിൽ വരുത്തിയ മാറ്റങ്ങൾ**

**31 (3563)** ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ അബ്കാരി നയം പ്രഖ്യാപിച്ചതിനെത്തുടർന്ന് അബ്കാരി ചട്ടങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ ;

(ബി) സ്പിരിറ്റ് കൊണ്ടുവരുന്നതിന് മുൻസർക്കാർ ഉണ്ടാക്കിയിരുന്ന വ്യവസ്ഥകൾ ഇല്ലാതാക്കിയിട്ടുണ്ടോ ;

(സി) സ്പിരിറ്റ് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നതിന് നിലവിലുള്ള നിയമത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിരുന്നോ ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) സ്പിരിറ്റ് ചാരായമാക്കുമ്പോൾ ഡിസ്റ്റിൽഡ് വാട്ടർ ഉപയോഗിക്കണമെന്ന നിർദ്ദേശം ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) പുതിയ അബ്കാരിനയ പ്രഖ്യാപനവുമായി ബന്ധപ്പെട്ട് അബ്കാരി ചട്ടങ്ങളിൽ മാറ്റമൊന്നും വരുത്തിയിട്ടില്ല.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ചാരായ നിരോധനം നിലനിൽക്കുന്നതിന്റെ അടിസ്ഥാനത്തിൽ സ്പിരിറ്റ് ചാരായമാക്കുന്ന സാഹചര്യം ഇല്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

**എക്സൈസ് ലേലം**

**32 (3564)** ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ ഈ വർഷം എക്സൈസ് ലേലം നടന്നതെന്നാണ് ;

(ബി) ഏതെല്ലാം ഇനങ്ങളിലാണ് ലേലം നടന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എത്ര കോടി രൂപയ്ക്കാണ് ലേലം ഉറപ്പിച്ചത് ;

(ഡി) വിശദവിവരം ഇനം തിരിച്ച് വെളിപ്പെടുത്തുമോ ;

(ഇ) ലേല സമയത്ത് ലേലത്തിനെതിരെ ആരെങ്കിലും പ്രകടനം നടത്തുകയുണ്ടായോ ;

(എഫ്) എങ്കിൽ പ്രകടനം നടത്തിയത് ആരായിരുന്നു ;

(ജി) അവരുടെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ ഈ വർഷം അബ്കാരിലേലം നടന്നത് 10-3-2000, 15-3-2000, 20-3-2000 എന്നീ തീയതികളിലാണ്.

(ബി) കള്ള്, വിദേശമദ്യം എന്നീ ഇനങ്ങളിലാണ് ലേലം നടന്നത്.

(സി) 31,75,86,201 രൂപയ്ക്കാണ് (31.75 കോടി) ലേലം ഉറപ്പിച്ചത്.

(ഡി) കള്ളുഷാപ്പുകൾ 26,01,36,101 രൂപയ്ക്കും വിദേശ മദ്യ ഷാപ്പുകൾ 4,95,50,100 രൂപയ്ക്കും ലേലം ചെയ്യുകയുണ്ടായി.

(ഇ) ഉണ്ടായി.

(എഫ്) മദ്യനിരോധന പ്രവർത്തകരാണ് പ്രകടനം നടത്തിയത്.

(ജി) മദ്യനിരോധനം നടപ്പിലാക്കുക എന്നതായിരുന്നു ആവശ്യം.

**സ്വയംതൊഴിൽ വായ്പ ലഭിക്കുന്നതിൽ കാലതാമസം ഒഴിവാക്കാൻ നടപടി**

33 (3565) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ തൊഴിൽരഹിതർക്ക് പി. എം. ആർ. വൈ. തുടങ്ങിയ പദ്ധതികൾ പ്രകാരം സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വായ്പ ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുമൂലം അപേക്ഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം വായ്പകൾ അനുവദിക്കുന്നതിൽ പല ബാങ്കുകളും കാലതാമസം വരുത്തുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതു സംബന്ധിച്ച് ബാങ്കുകൾക്ക് ഗവൺമെന്റ് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) അപേക്ഷകർക്ക് വായ്പ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും വായ്പ ലഭിക്കുന്നതിനും നിലവിലുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) സംസ്ഥാനതല പി. എം. ആർ. വൈ. കമ്മിറ്റിയും ജില്ലാതല പി. എം. ആർ. വൈ. കമ്മിറ്റിയും ഈ പദ്ധതിയുടെ പ്രവർത്തനത്തെപ്പറ്റി അവലോകനം ചെയ്യുകയും ലോൺ അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാനായി ബാങ്കുകൾക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്.

(ഇ) പി. എം. ആർ. വൈ. പദ്ധതി മുഖേന വായ്പ അനുവദിക്കുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിനുവേണ്ടി ബ്ലോക്കുതലത്തിൽ ബ്ലോക്കുലെവൽ ബാങ്കേഴ്സ് കമ്മിറ്റിയും ജില്ലാതലത്തിൽ ജില്ലാതല ബാങ്കേഴ്സ് കമ്മിറ്റിയും സംസ്ഥാനതലത്തിൽ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയും വിശകലനം ചെയ്യുകയും കാലതാമസം ഒഴിവാക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്.

(എഫ്) പി. എം. ആർ. വൈ. കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. ഈ പദ്ധതിയുടെ നടപടിക്രമങ്ങൾ ഇപ്പോൾതന്നെ ലഘൂകരിച്ചതാണ്. കേന്ദ്ര ഗവൺമെന്റ് നിർദ്ദേശങ്ങൾക്കനുസൃതമായി മാത്രമേ കൂടുതൽ വ്യത്യാസങ്ങൾ വരുത്തുവാൻ സാധിക്കുകയുള്ളൂ.

## വനവിഭവങ്ങൾ കടത്തുന്നത് തടയാൻ നടപടി

34 (3566) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ നിന്നും ചന്ദനത്തടി, വിലപിടിപ്പുള്ള മരങ്ങൾ, മറ്റു വനവിഭവങ്ങൾ തുടങ്ങിയവ കടത്തികൊണ്ടു പോകുന്നതു തടയാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ ചന്ദനത്തടി, മരങ്ങൾ, വനവിഭവങ്ങൾ തുടങ്ങിയവ കടത്തിക്കൊണ്ടുപോയതു സംബന്ധിച്ച് എത്രകേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എന്തുതുകയുടെ വനവിഭവങ്ങളും മറ്റുമാണ് ഇപ്രകാരം അപഹരിക്കപ്പെട്ടതെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) വനസമ്പത്തു മോഷണവുമായി ബന്ധപ്പെട്ട് വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) വനവിഭവങ്ങൾ അപഹരിക്കപ്പെടുന്നതുമായി ബന്ധപ്പെട്ട കേസുകളിലെ തൊണ്ടി സാധനങ്ങളുടെ വില നിശ്ചയിച്ച് അപ്പോൾ തന്നെ ഖജനാവിലേക്ക് മുതൽ കൂട്ടുന്നതിന് ഉദ്ദേശമുണ്ടോ ;

(ജി) ഇപ്രകാരമുള്ള നടപടിക്ക് എന്തെങ്കിലും നിയമ തടസ്സമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) താഴെപ്പറയുന്നനടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

1 ബീറ്റ്, സെക്ഷൻ സമ്പ്രദായം പുനഃസംഘടിപ്പിച്ച്, ഫോറസ്റ്റ് സ്റ്റേഷനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തി.

2 വനം, വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി.

3 വനനിയമങ്ങൾ ഫലപ്രദമായി പ്രയോഗിക്കാൻ ഉതകുമാറ് ഭേദഗതി വരുത്തുന്ന കാര്യം പരിഗണിച്ചു.

4 വനം കേസുകൾ മാത്രം കൈകാര്യം ചെയ്യാനായി പ്രത്യേക കോടതികൾ സ്ഥാപിച്ചു.

5 വനം കുറ്റങ്ങളെക്കുറിച്ച് അറിവു നൽകുന്നവർക്ക് പ്രോൽസാഹനമായി റിവാർഡ് നൽകുക എന്നത് നടപ്പിലാക്കി.

6 വനസംരക്ഷണസേനയ്ക്ക് കൂടുതൽ ആയുധങ്ങളും വാർത്താവിനിമയ ഉപകരണങ്ങളും നൽകി.

7 ജനപങ്കാളിത്തത്തോടെ വനസംരക്ഷണം ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിച്ചു.

8 വനസംരക്ഷണ കാര്യങ്ങളിൽ ജനങ്ങളെ ബോധവൽക്കരിക്കുന്നു.

(ബി) 7773 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി&ഡി) ഉണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ വനം കുറ്റങ്ങൾമൂലം ഉദ്ദേശം 238 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

(ഇ) ഉണ്ട്. വനസമ്പത്ത് മോഷണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ മൂന്നു വർഷ കാലയളവിൽ 122 വിവിധതരം വാഹനങ്ങൾ പിടിച്ചെടുത്ത് നിയമാനുസൃത നടപടികൾ കൈക്കൊണ്ടുവരുന്നു.



LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ജി) പിടിച്ചെടുത്ത വസ്തുക്കളിൽ പെട്ടെന്ന് സ്വാഭാവിക നാശം സംഭവിക്കുന്നവ മാത്രമേ കേസ് തീരുന്നതിനുമുമ്പ് വിൽക്കുവാൻ നിലവിൽ വ്യവസ്ഥയുള്ളൂ. വനനിയമം 58-ാം വകുപ്പുപ്രകാരം ഇങ്ങനെ വിൽക്കുന്നതിന് കോടതിയുടെ അനുമതി വാങ്ങേണ്ടതുണ്ട്. മുറപ്രകാരം അനുമതി ലഭിക്കുന്നതിനു മുമ്പുതന്നെ ഏതെങ്കിലും വസ്തു നശിച്ചുപോകുമെന്ന് ബോധ്യമായാൽ പിടിച്ചെടുക്കുന്ന ഉദ്യോഗസ്ഥന് അത് വിൽക്കാവുന്നതാണെന്നും വിൽപ്പനവില ഖജനാവിൽ അടയ്ക്കേണ്ടതാണെന്നും ഈ വകുപ്പിൽ നിർദ്ദേശിച്ചിട്ടുണ്ട്.

**ജൈവ മേഖലയിലെ മഴക്കാടുകളിൽ മരം മുറിക്കുന്നതിനെതിരെ ഹൈക്കോടതി ഉത്തരവ്**

35 (3567) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജൈവമേഖലയിലെ മഴക്കാടുകളിൽ നിന്നും മരം മുറിക്കുന്നത് ഹൈക്കോടതി തടഞ്ഞുകൊണ്ട് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) സംസ്ഥാനത്തിന് അനധികൃതമായ മരംമുറിക്കലും വനനശീകരണവും തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ഒ.പി.8957/91 ൽ 13-6-1997 ൽ ഹൈക്കോടതി പുറപ്പെടുവിച്ച വിധിപ്രകാരം വനം എന്ന നിർവചനത്തിൽപ്പെടുന്ന ഏതു സ്ഥലത്തുനിന്നും മരം മുറിക്കുന്നത് വിലക്കിയിട്ടുണ്ട്. അതനുസരിച്ച് സെലക്ഷൻഫെല്ലിംഗും ക്ലിയർഫെല്ലിംഗും ഉൾപ്പെടെയുള്ള മരംമുറി നിർത്തിവച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് അനധികൃതമായ മരംമുറിക്കലും വനനശീകരണവും തടയുന്നതിന് താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്.

1 പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്.

2 വനം വകുപ്പു സംരക്ഷണ വിഭാഗം ഉദ്യോഗസ്ഥർക്ക് കൂടുതൽ വാഹനം വയർലസ് സെറ്റ്, തോക്കുകൾ ഉൾപ്പെടെയുള്ള ആയുധങ്ങൾ എന്നിവ നൽകി ശക്തിപ്പെടുത്തി.

3 കുറ്റവാളികൾക്ക് കഠിനശിക്ഷ ഉറപ്പുവരുത്തുന്ന വിധത്തിൽ കേരള വന നിയമ ഭേദഗതി വരുത്തി. ഏറ്റവും കുറഞ്ഞ തടവ് ഒരു കൊല്ലമാക്കിയിട്ടുണ്ട്. ഈ നിയമം കർശനമായി നടപ്പാക്കുവാനും കള്ളക്കടത്തിന് ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുത്ത് കണ്ടുകെട്ടുവാനും നടപടി സ്വീകരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

4 മോഷ്ടിക്കപ്പെട്ട തടികൾ ഉപയോഗിക്കാൻ സാധ്യതയുണ്ട് എന്ന് സംശയം ഉള്ള സ്ഥലങ്ങളിൽ മിന്നൽ പരിശോധന നടത്തുകയും വനം വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും ചെയ്തു.

5 വനംകേസുകൾ മാത്രം കൈകാര്യം ചെയ്യുന്നതിനായി മൂന്നു പ്രത്യേക കോടതികൾ (പുനലൂർ, തൊടുപുഴ, മഞ്ചേരി) സ്ഥാപിച്ചു.

6 വനസംരക്ഷണത്തിൽ പൊതുജനങ്ങളെ ബോധവാന്മാരാക്കാനുള്ള ശ്രമം നടത്തുകയും വനം കുറ്റങ്ങളെക്കുറിച്ച് അറിവു നൽകുന്നവർക്ക് പ്രോൽസാഹനമായി റിവാർഡു നൽകുകയും ചെയ്യുന്നു.

7 വനാതിർത്തികൾ അളന്നു തിരിച്ച് സ്ഥിരം ജണ്ടകൾ നിർമ്മിക്കുന്നു.

### ട്രെയിനിംഗിന് ആളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം

36 (3568) ശ്രീ. ജോർജ്. ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വനം വികസനകോർപ്പറേഷൻ 1981 ൽ അരിപ്പയിൽ സ്ഥാപിച്ച സ്ഥാപനം എന്തിനുവേണ്ടിയുള്ളതായിരുന്നു ;

(ബി) ഏതെല്ലാം തരത്തിലുള്ള ട്രെയിനിംഗ് ഇവിടെ നൽകുന്നുണ്ട് ;

(സി) ഇവിടെ നിന്നും എത്രപേർ ഓരോ വർഷവും പരിശീലനം പൂർത്തിയാക്കി പുറത്തിറങ്ങുന്നുണ്ട് ;

(ഡി) ഇവിടെ ട്രെയിനിംഗിന് ആളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരള വനം വികസന കോർപ്പറേഷനിലെ ഫീൽഡ് അസിസ്റ്റന്റുമാരെ പരിശീലിപ്പിക്കുന്നതിന് വേണ്ടിയായിരുന്നു.

(ബി) ഇപ്പോൾ ഈ സ്ഥാപനത്തിൽ ഫോറസ്റ്റ് ഗാർഡുമാർക്കും ഫോറസ്റ്റർമാർക്കും, സി. എസ്. സി. ഫോറസ്ട്രി ക്വാട്ടയിൽ നിയമനം ലഭിക്കുന്ന റെയിഞ്ചർമാർക്കും തുടക്കത്തിലുള്ള പരിശീലനം (ഇൻഡക്ഷൻ ട്രെയിനിംഗ് നൽകുന്നുണ്ട്)

(സി) ഇവിടെ നിന്നും രണ്ടു ബാച്ചുകളിലായി 70 ഗാർഡുമാരും ഒരു ബാച്ചിലായി 35 ഫോറസ്റ്ററുമാരും പരിശീലനം പൂർത്തിയാക്കി പുറത്തിറങ്ങുന്നുണ്ട്. ഗാർഡുമാരുടെ പരിശീലനം 6 മാസവും ഫോറസ്റ്റർമാരുടെ പരിശീലനം 9 മാസവുമാണ്.

(ഡി) പി. എസ്. സി. വഴി നിയമനം ലഭിച്ച് വരുന്ന ഗാർഡ്, ഫോറസ്റ്റർ, റെയിഞ്ചർ എന്നീ വിഭാഗം ജീവനക്കാരെ പ്രാഥമിക പരിശീലനത്തിനായി ബന്ധപ്പെട്ട ടെറിട്ടോറിയൽ ഫോറസ്റ്റ് കൺസർവേറ്റർമാരും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും ഇവിടേയ്ക്ക് ട്രെയിനിംഗിന് നിയോഗിക്കുന്നു. അവർക്കാണ് ഇവിടെ പരിശീലനം നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## നൂറ് ഏക്കർ നിക്ഷിപ്ത വനഭൂമി ലഭിച്ചവർ

37 (3569) ഡോ. കെ. സി. ജോസഫ് :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീമതി രാധാരാഘവൻ :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് നിക്ഷിപ്ത വനഭൂമിയിൽ നിന്നും ഇതുവരെ കോടതി വിധിയുടെ അടിസ്ഥാനത്തിൽ 100 ഏക്കറിൽ കൂടുതൽ വനഭൂമി ആർക്കെല്ലാം വിട്ടുകൊടുക്കേണ്ടതായി വന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

സംസ്ഥാനത്ത് നിക്ഷിപ്ത വനഭൂമിയിൽ നിന്ന് കോടതി വിധിയുടെ അടിസ്ഥാനത്തിൽ 100 ഏക്കറിൽ കൂടുതൽ വനഭൂമി 21 പേർക്ക് വിട്ടുകൊടുത്തിട്ടുണ്ട്. ഇവരുടെ പേര് വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

## റബ്ബർത്തടി അന്യസംസ്ഥാനങ്ങളിലേക്ക് കൊണ്ടു പോകുന്നതിനുള്ള നിരോധനം നീക്കാൻ നടപടി

38 (3570) ശ്രീ. കെ. എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർത്തടി അന്യസംസ്ഥാനങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നതിന് നിലവിൽ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ കാരണം വിശദമാക്കാമോ ;

(സി) ഈ നിരോധനംമൂലം സംസ്ഥാനത്തെ കർഷകർ ബുദ്ധിമുട്ടിൽ ആണെന്ന സംഗതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 23-7-1992-ലെ ജി.ഒ.(എം.എസ്) 30/92/വനം എന്ന ഉത്തരവ് പ്രകാരം റബ്ബർ തടി പാക്കിംഗ് കേയ്സ് വുഡ് ഇനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കേരളത്തിലെ തടി വ്യവസായങ്ങൾക്ക് അസംസ്കൃത പദാർത്ഥമായും വിറകിനും വേണ്ടി ഉപയോഗിക്കുന്ന ചില ഇനം മരങ്ങൾ കേരളത്തിൽനിന്നും അന്യ സംസ്ഥാനങ്ങളിലേയ്ക്ക് വലിയ തോതിൽ കൊണ്ടുപോയിരുന്നതിനാൽ ഇവിടെ

† അനുബന്ധം 3

ലഭ്യമല്ലാതായിരുന്നു. തൽഫലമായി പ്രാദേശിക വ്യവസായ യൂണിറ്റുകൾക്ക് ന്യായവിലയ്ക്ക് ആവശ്യമുള്ള അളവിൽ തടി കിട്ടാതിരുന്ന സാഹചര്യത്തിൽ അവശ്യസാധനങ്ങളുടെ ലഭ്യത സംസ്ഥാനത്തിലെ വ്യവസായത്തിന് ഉറപ്പു വരുത്തുന്നതിന് വേണ്ടി ഈ ഇനത്തിൽപ്പെട്ട തടിയും വിറകും 1986 - ലെ കേരള അവശ്യസാധന നിയന്ത്രണത്തിൻകീഴിൽ അവശ്യസാധനങ്ങളായി പ്രഖ്യാപിക്കേണ്ടത് ആവശ്യമായി തീർന്നതിനാലാണ് അവയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തിയത്.

(സി) റബ്ബർ തടിയ്ക്ക് ന്യായമായവില ലഭിക്കുന്നില്ലയെന്നുള്ള കർഷകരുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നിയന്ത്രണം നീക്കം ചെയ്യുവാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

## പെരുവ ആദിവാസി കോളനി വൈദ്യുതീകരിക്കുന്നതിന് നടപടി

39 (3571) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളയാട് പഞ്ചായത്തിലെ പെരുവ ആദിവാസി കോളനി വൈദ്യുതീകരിയ്ക്കുന്നതിന് വനംവകുപ്പിൽ നിന്നുള്ള തടസ്സം ഒഴിവാക്കികൊടുക്കണമെന്ന നാട്ടുകാരുടെ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) കോളയാട് പഞ്ചായത്തിലെ പെരുവ ആദിവാസി കോളനിയിലെ കടൽക്കണ്ടം പാലം നിർമ്മിക്കുന്നതിനുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പാലം നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വനത്തിനുള്ളിൽ കൂടി വൈദ്യുതി ലൈൻ വലിക്കുന്നതിനും മരങ്ങൾ മുറിച്ചു മാറ്റുന്നതിനും 1980-ലെ കേന്ദ്ര വനസംരക്ഷണ നിയമത്തിലെ സെക്ഷൻ 2 അനുസരിച്ച് കേന്ദ്ര സർക്കാരിന്റെ അനുവാദം ആവശ്യമാണ്. അനുവാദം ലഭിക്കുന്നതിനാവശ്യമായ പ്രഫോർമ വിവരങ്ങൾ നൽകണമെന്ന് ഉപഭോക്തൃ ഏജൻസിയായ കോളയാട് പഞ്ചായത്ത് പ്രസിഡന്റിനോട് ആവശ്യപ്പെടുകയും വിവരം കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) അപേക്ഷ ലഭിച്ചതായി കാണുന്നില്ല.

## ഫോറസ്റ്റ് അക്കാഡമി

40 (3572) ശ്രീ. തമ്പാനൂർ രവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) വനംവകുപ്പിന്റെ നേതൃത്വത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഫോറസ്റ്റ് അക്കാഡമിയിൽ ഏതെല്ലാം തരത്തിലുള്ള ട്രെയിനിംഗ് ആണ് നൽകാൻ ഉദ്ദേശിക്കുന്നത് ;

(ബി) സ്വാഭാവിക വനവൽക്കരണം ഒരു പ്രത്യേക വിഷയമായി ഇവിടെ പഠിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) വനം വകുപ്പിന്റെ മാനവശേഷി ശക്തിപ്പെടുത്തുന്നതിനായി വിവിധ വിഭാഗം ജീവനക്കാർക്ക് ഇൻസർവീസ് ട്രെയിനിംഗ്, ഇൻഡക്ഷൻ ട്രെയിനിംഗ്, മോഡ്യുലാർ ട്രെയിനിംഗ്, മറ്റ് ഹ്രസ്വകാല ട്രെയിനിംഗ് എന്നിവയാണ് നൽകാൻ ഉദ്ദേശിക്കുന്നത്.

(ബി) ഉണ്ട്.

## വനം വകുപ്പിൽ റെയിഞ്ച് ഓഫീസർമാരിൽ നിന്നും ലഭിക്കാനുള്ള മിസലേനിയസ് അഡ്വാൻസ് റിക്കവറി

**41 (3573)** ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പിൽ റെയിഞ്ച് ഓഫീസർമാരിൽനിന്നും ലഭിക്കാനുള്ള മിസലേനിയസ് അഡ്വാൻസ് തിരിച്ചുപിടിക്കുന്ന കാര്യത്തിൽ എന്തെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടോ ;

(ബി) 31-12-1999-വരെ മിസലേനിയസ് അഡ്വാൻസ് ഇനത്തിൽ എന്തു തുക ഈടാക്കാനുണ്ടെന്ന് അറിയിക്കുമോ ;

(സി) ഇതിൽ 1999 വർഷത്തിൽ എന്തു തുക ഈടാക്കിയിട്ടുണ്ട് ;

(ഡി) മിസലേനിയസ് അഡ്വാൻസ് ഈടാക്കുന്നതിന് സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(ഇ) റിട്ടയർ ചെയ്ത ഓഫീസർമാരിൽനിന്നും ഈ തുക ഈടാക്കുന്നതിന് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1,71,57,471 രൂപ.

(സി) 1999 വർഷത്തിൽ ഈടാക്കിയ തുകയെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ചു വരികയാണ്. 26 ഡിവിഷനുകളിൽനിന്നായി 8,29,569 രൂപ ഈടാക്കിയിട്ടുണ്ട്.

(ഡി) ശമ്പളത്തിൽനിന്നും പിടിക്കുക, ഒരു നിശ്ചിത തീയതിയ്ക്കകം തുക ട്രഷറിയിൽ ഒടുക്കുന്നതിന് കൗണ്ടർസൈൻഡ് ചെലാൻ സഹിതം നോട്ടീസ്

LIBRARY ARCHIVES Kerala Legislative Assembly

നൽകുക. എ. ജി. യു മായി ബന്ധപ്പെട്ട് റീട്രെഞ്ചുമെന്റ് സ്ലിപ്പു പുറപ്പെടുവിക്കുക, റവന്യൂ റിക്കവറി നടപടികൾ കൈക്കൊള്ളുക എന്നീ നടപടികളാണ് സ്വീകരിച്ചു വരുന്നത്.

(ഇ) റിട്ടയർ ചെയ്ത ഓഫീസർമാരുടെ ഡി. സി. ആർ. ജി. യിൽ നിന്നും ഈ തുക അഡ്ജസ്റ്റ് ചെയ്യുന്നു. ഡി. സി. ആർ. ജി. തികയാതെ വന്നാൽ റവന്യൂ റിക്കവറി വഴിയും തുക ഈടാക്കാൻ നടപടികൾ കൈക്കൊള്ളുന്നുണ്ട്.

**വനപ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി പദ്ധതി**

42 (3574) ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. നാരായണൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി വനംവകുപ്പ് എന്തെങ്കിലും പദ്ധതി നടപ്പാക്കി വരുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതികൾ ഏതൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ക്ഷേമപ്രവർത്തനങ്ങളുടെ ഫലമായി എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനായി എന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത ക്ഷേമപ്രവർത്തനങ്ങളുടെ നടത്തിപ്പിനായി കേന്ദ്രഗവൺമെന്റ് എന്തെങ്കിലും സഹായം നൽകി വരുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനപ്രദേശങ്ങളിൽ താമസിക്കുന്നവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി എന്തുതുക ചെലവഴിച്ചെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) വനപ്രദേശങ്ങളിൽ അധിവസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സെൻസസ് വനംവകുപ്പ് നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) ചെറുചരക്ക് ശേഖരിക്കുന്നതിന് സൂക്ഷിക്കുന്നതിനുള്ള ഷെഡ്ഡുകൾ, ആരോഗ്യ കേന്ദ്രങ്ങൾ, പാർപ്പിട സൗകര്യം, റോഡുകളുടെ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ സർക്കാരിന് ഉദ്ദേശമുണ്ടോ ; എങ്കിൽ ഇക്കാര്യങ്ങളിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ വർഷം പൊതുവിൽ ട്രൈബൽ സബ്പ്ലാൻ എന്ന പദ്ധതിയും പെരിയാർ ടൈഗർ റിസർവ്വിൽ ഇന്ത്യ ഇക്കോ ഡവലപ്പ്മെന്റ് എന്ന പദ്ധതിയും മറ്റുചില വന്യജീവി സങ്കേതങ്ങളിൽ കേരളാ ഫോറസ്ട്രി പ്രോജക്ടിന്റെ കീഴിൽ ഇക്കോ ഡവലപ്പ്മെന്റ് പദ്ധതിയും നടപ്പിലാക്കി വരുന്നു.

(സി) കമ്മ്യൂണിറ്റി ഹാളുകൾ, കുടിവെള്ളലഭ്യത, പാർപ്പിടങ്ങൾ ഗതാഗത സൗകര്യങ്ങൾ തുടങ്ങിയ നേട്ടങ്ങൾ കൈവരിക്കാനായിട്ടുണ്ട്. ഗിരിജനങ്ങളെ മൊത്തത്തിൽ അപകടങ്ങളിൽ നിന്നുള്ള സംരക്ഷണത്തിന് ഉദ്ദേശിച്ചുള്ള ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്തുകയും യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനിയിലേക്ക് ഈ വർഷം പ്രീമിയം തുകയായി 5 ലക്ഷം രൂപ അടച്ചിട്ടുള്ളതുമാണ്. ഇക്കോ ഡവലപ്പ്മെന്റ് പദ്ധതികളിൽ ഈ വിഭാഗം ജനങ്ങളുടെ സാമ്പത്തിക സ്ഥിതി പൊതുവിൽ മെച്ചപ്പെട്ടിട്ടുണ്ട്. പണം പലിശയ്ക്കു കടം കൊടുക്കുന്നവരുടെ ചൂഷണത്തിൽ നിന്നും അവരെ മുക്തരാക്കാൻ സാധിച്ചിട്ടുണ്ട്.

(ഡി) 1996 മുതൽ 2001 വരെ നടപ്പിലാക്കുന്ന ഇൻഡ്യാ ഇക്കോ ഡവലപ്പ്മെന്റ് പദ്ധതിക്ക് മൊത്തം 6.82 കോടി രൂപ കേന്ദ്രസഹായമുണ്ട്. ലോകബാങ്ക് സഹായത്തോടെ 1998 - 99 മുതൽ 2001 - 2002 വരെ നടപ്പാക്കുന്ന ഇക്കോ ഡവലപ്പ്മെന്റ് പദ്ധതിയിൽ മൊത്തം 2.4 കോടി രൂപയാണ് പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമത്തിനായി വിനിയോഗിക്കുന്നത്.

(ഇ) 837.20 ലക്ഷം രൂപ.

(എഫ്) കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് 1994-ൽ സെൻസസ് എടുത്തിട്ടുണ്ട്. കേരളത്തിലെ വനങ്ങളിൽ 71,918 പട്ടികവർഗ്ഗക്കാരും 1,514 പട്ടികജാതിക്കാരും അധിവസിക്കുന്നതായി തിട്ടപ്പെടുത്തിയിട്ടുണ്ട്.

(ജി) ജി. എസ്. പി. സ്കീമിൽ ഉൾപ്പെടുത്തി പൊതുവിലും സംരക്ഷിത മേഖലയിൽ ഇക്കോ ഡവലപ്പ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തിയും ജെ. എഫ്. എം. സ്കീമിൽ ഉൾപ്പെടുത്തി പെരിഫറൽ ഫോറസ്റ്റ് ഏരിയായിലും വരുന്ന ഗിരിജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യ കേന്ദ്രങ്ങൾ, പാർപ്പിട സൗകര്യം, റോഡുകളുടെ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി ചെയ്യാൻ ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികൾക്ക് അധികാരമുള്ളതാണ്. ഗിരിജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമായി വകുപ്പിൽ ഒരു ചീഫ് ഫോറസ്റ്റ് കൺസർവേറ്ററെ നിയമിച്ചിട്ടുണ്ട്.

ചെറുചരക്ക് ശേഖരണം, സംഭരണം എന്നിവ മെച്ചപ്പെടുത്തുന്നതിനായി വേണ്ടുന്ന പഠനം നടത്തുന്നതിന് ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, എന്നീ സ്ഥാപനങ്ങൾ മുഖേന പ്രത്യേക പദ്ധതി നടന്നു വരുന്നു.

## വൃക്ഷത്തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത

43 (3575) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെച്ചപ്പെട്ട ഇനം വിത്തുകൾ വാങ്ങുന്നതിനും സംഭരിക്കുന്നതിനും അവ കൈകാര്യം ചെയ്യുന്നതിനും വനംവകുപ്പിൽ എന്തൊക്കെ സംവിധാനങ്ങളും പദ്ധതികളുമാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) തേക്ക്, പൾപ്പ്‌വുഡ്, വൃക്ഷത്തൈകൾ എന്നിവ ഉൽപ്പാദിപ്പിക്കുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇപ്പോൾ സംസ്ഥാനത്ത് എവിടെയെല്ലാം കേന്ദ്രീകൃത നഴ്സറികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) തേക്ക്, യൂക്കാലി, ഈട്ടി, ഉറപ്പുകുറഞ്ഞ മരങ്ങൾ മുതലായ വിലപിടിപ്പുള്ളതും വ്യവസായത്തിന് ആവശ്യമുള്ളതുമായ വൃക്ഷത്തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് ;

(ഇ) വർഷംതോറും എത്ര ഹെക്ടർ സ്ഥലത്ത് തേക്കും, യൂക്കാലിയും വിളപ്പെടുപ്പ് നടക്കുന്നുണ്ട് ;

(എഫ്) സംസ്ഥാനത്ത് വനമേഖലയിൽ നിന്നുള്ള വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; എങ്കിൽ കഴിഞ്ഞ അഞ്ചു വർഷത്തെ വരുമാനം എത്ര വീതമെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് നൽകുമോ ?

### ഉത്തരം

(എ) മെച്ചപ്പെട്ട തേക്ക് വിത്തുകൾ വിത്തുൽപ്പാദന ഏരിയകളിൽ നിന്നാണ് ശേഖരിക്കുന്നത്. കൂടാതെ, ഉൽപ്പാദനക്ഷമത കൂടിയ അക്കേഷ്യ, യൂക്കാലിപ്റ്റസ് വിത്തുകൾ മൈസൂർ പേപ്പർ മില്ലിൽ നിന്നും, ആസ്ട്രേലിയായിൽനിന്നും ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കിവരുന്ന കേരളാഫോറസ്ട്രി പ്രോജക്ടിന്റെ ഭാഗമായി ഇറക്കുമതി ചെയ്യുകയുണ്ടായി. കൂടാതെ 4 കേന്ദ്രീകൃത തവാരണകളിൽ കംപോസ്റ്റ് നിറച്ച റൂട്ട് ട്രെയിനറുകളിൽ വളർത്തിയെടുക്കുന്ന നല്ലയിനം വൃക്ഷ തൈകളും മുന്തിയ ഇനം വിത്തിൽ നിന്നുള്ള സ്റ്റംമ്പുകളും ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഇവ നട്ടുപിടിപ്പിക്കുന്ന തോട്ടങ്ങളിൽ മണ്ണുസംരക്ഷണം, വളംഇടീൽ, കീടങ്ങളും മറ്റു രോഗങ്ങളിൽ നിന്നുമുള്ള സംരക്ഷണം കൂടാതെ മറ്റു പരിചരണ പ്രവൃത്തികളും ചെയ്തു വരുന്നുണ്ട്.

(ബി&സി) ഉണ്ട്. വനം വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് ഇതിനായി 4 കേന്ദ്രീകൃത നഴ്സറികൾ താഴെപറയുന്ന സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(1) ഡീസന്റ് മുക്ക് - കുളത്തൂപ്പുഴ റെയിഞ്ച് (കൊല്ലം സർക്കിൾ)
(2) ചെട്ടിക്കുളം (തൃശൂർ സർക്കിൾ)
(3) വള്ളുവശ്ശേരി (ഒലവക്കോട് സർക്കിൾ)
(4) ചെറുവാഞ്ചേരി (കോഴിക്കോട് സർക്കിൾ)

(ഡി) സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് റോസ്‌വുഡ്, റീജനറേഷൻ ഓഫ് ഡിസയേർഡ് സ്പീഷിസ്, ഹാർഡ്‌വുഡ് സ്പീഷിസ്, ഇൻഡസ്ട്രിയൽ റാ മെറ്റീരിയൽസ് എന്നീ സ്കീമുകളിലും ലോക ബാങ്ക് സഹായത്തോടെയുള്ള കേരളാ ഫോറസ്ട്രി പ്രോജക്ടിൽ ഉൾപ്പെടുത്തി തേക്ക് തോട്ടങ്ങളും പൾപ്പ് വുഡ് തോട്ടങ്ങളും നിർമ്മിക്കൽ എന്നിവയാണ് വ്യവസായത്തിനാവശ്യമായ വൃക്ഷത്തോട്ടങ്ങൾ വച്ചു പിടിപ്പിക്കുന്ന പ്രധാന പദ്ധതികൾ. കൂടാതെ കേരളാ ഫോറസ്റ്റ് ഡവലപ്പ്മെന്റ് ഫണ്ട് ഉപയോഗിച്ചും കേന്ദ്രസഹായത്തോടെ (50%) നടപ്പാക്കിവരുന്ന ഫ്യൂഡൽ ആന്റ് ഫോയർ പദ്ധതിയിലും വൃക്ഷത്തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നുണ്ട്.

(ഇ) വർക്കിംഗ് പ്ലാൻ, മാനേജുമെന്റ് പ്ലാൻ എന്നിവ നിഷ്കർഷിച്ചിട്ടുള്ള റൊട്ടേഷൻ പ്രായം എത്തുന്ന തോട്ടങ്ങളാണ് ഓരോ വർഷവും വിളവെടുക്കുന്നത്. ആയതിനാൽ തോട്ടങ്ങളുടെ വിസ്തീർണം ഓരോ വർഷവും വ്യത്യാസപ്പെട്ടിരിക്കും. നടപ്പു വർഷം വിവിധ സ്ഥലങ്ങളിലായി 2,477 ഹെക്ടർ തേക്കുതോട്ടവും, 2,233 ഹെക്ടർ യൂക്കാലി തോട്ടവും വിളവെടുപ്പ് നടത്തുന്നുണ്ട്.

(എഫ്) വനമേഖലയിൽ നിന്നുള്ള വരുമാനത്തിൽ 1995 - 96 വരെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ 1996 -97 - നുശേഷം വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്.

കഴിഞ്ഞ 5 വർഷത്തെ വരുമാനം താഴെ കൊടുക്കുന്നു.

| | |
|---|---|
| 1994-95 | 13,688.5 ലക്ഷം |
| 1995-96 | 16,076.5ലക്ഷം |
| 1996-97 | 15,891 ലക്ഷം |
| 1997-98 | 14,237 ലക്ഷം |
| 1998-99 | 12,079 ലക്ഷം |

## എൻ. ഒ. സി. നൽകുന്നതിനുള്ള അധികാരം

44 (3576) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടയം നൽകുന്നതിനായി കർഷകർ നൽകുന്ന അപേക്ഷകളിന്മേൽ ലാൻഡ് ട്രൈബ്യൂണൽ തീരുമാനമെടുക്കുമ്പോൾ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകാൻ ഇതുവരെ ഡി. എഫ്. ഒ. മാർക്കുണ്ടായിരുന്ന അധികാരം ചീഫ് കൺസർവേറ്റർക്ക് നൽകാനുള്ള കാരണം വെളിപ്പെടുത്തുമോ ;

(ബി) ലാൻഡ് ട്രൈബ്യൂണലുകൾ ചീഫ് കൺസർവേറ്റർക്ക് അയയ്ക്കുന്ന അപേക്ഷകൾ യാതൊരു തീരുമാനവുമെടുക്കാതെ വർഷങ്ങളായി കെട്ടിക്കിടക്കുകയാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എൻ. ഒ. സി. നൽകാനുള്ള അധികാരം ബന്ധപ്പെട്ട ഡി. എഫ്. ഒ. മാർക്ക് തന്നെ തിരികെ നൽകാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) പട്ടയം നൽകുന്നതിനായി കർഷകർ നൽകുന്ന അപേക്ഷകളിന്മേൽ ലാന്റ് ട്രൈബ്യൂണൽ തീരുമാനമെടുക്കുമ്പോൾ 'നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്' നൽകാനുള്ള അധികാരം മുമ്പിലത്തെപ്പോലെ ഇപ്പോഴും ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ആഫീസറിൽ നിക്ഷിപ്തമാണ്. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കുള്ള ഈ അധികാരം ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കോ, ഫോറസ്റ്റ് കൺസർവേറ്റർമാർക്കോ മാറ്റി നൽകിയിട്ടില്ല. എന്നാൽ ഇപ്രകാരം എൻ.ഒ.സി. നൽകുമ്പോൾ ക്രമക്കേടുകൾ ഒഴിവാക്കാൻ വേണ്ട അപേക്ഷകളിൽ തീരുമാനമെടുക്കുമ്പോൾ അത് ബന്ധപ്പെട്ട കൺസർവേറ്ററുടെ മുൻകൂർ അനുവാദത്തോടെ ആയിരിക്കണം എന്ന ഒരു നിബന്ധന പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ 9-5-1997 – ലെ 7/97 നമ്പർ സർക്കുലർ പ്രകാരം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ലാൻഡ് ട്രൈബ്യൂണലുകൾ അപേക്ഷകൾ ചീഫ് കൺസർവേറ്റർക്ക് അയയ്ക്കുന്നില്ല. ട്രൈബ്യൂണലുകൾ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർമാർക്ക് അയയ്ക്കുന്ന അപേക്ഷകളിൻമേൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) എൻ. ഒ. സി. നൽകാനുള്ള അധികാരം ഇപ്പോഴും ബന്ധപ്പെട്ട ഡി. എഫ്. ഒ.മാരിൽ തന്നെ നിക്ഷിപ്തമാണ്.

### വനം കൊള്ളയ്ക്ക് ഉദ്യോഗസ്ഥന്മാർക്കെതിരെ കേസ്

45 (3577) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പിൽ ഹൈറേഞ്ച് സർക്കിളിൽ 1999 മുതൽ ഇതേവരെ വനം കൊള്ളയ്ക്ക് ഫോറസ്റ്റ് 'വിജിലൻസ്' വിഭാഗം എത്ര കേസുകൾക്ക് മഹസ്സർ എഴുതിയിട്ടുണ്ട് ;

(ബി) ഇത് എത്ര ലക്ഷം രൂപ ഉൾക്കൊള്ളുന്നതാണെന്ന് വ്യക്തമാക്കുമോ ;

(സി) വിജിലൻസ് വിഭാഗം നടത്തിയ അന്വേഷണത്തിൽ എത്ര ഉദ്യോഗസ്ഥന്മാർ ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) ഹൈറേഞ്ച് സർക്കിളിലെ വനംവകുപ്പ് ഉദ്യോഗസ്ഥൻമാർ വനം കൊള്ളയ്ക്ക് കൂട്ടുനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) വനംകൊള്ളയും അഴിമതിയും സംബന്ധിച്ച് ഹൈറേഞ്ച് സർക്കിളിലെ എത്ര ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 82 കേസുകൾക്ക് മഹസ്സർ എഴുതിയിട്ടുണ്ട്.

(ബി) 75,92,800 രൂപ.

(സി) 62 ഉദ്യോഗസ്ഥന്മാർ.

(ഡി) ഉണ്ട്.

(ഇ) 40 ജീവനക്കാരുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

**വേളൂർ തേക്കുതോട്ടത്തിലെ തേക്കുതടി കാണാതായ സംഭവം**

46 (3578) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പിൽ കോതമംഗലം ഡിവിഷനിൽ തൊടുപുഴ റെയിഞ്ചിൽ 40 ഹെക്ടർ വിസ്തൃതിയുള്ള വേളൂർ തേക്കുതോട്ടത്തിലെ തേക്കുതടി മുഴുവൻ കാണാതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് പോലീസ് വിജിലൻസ് വിഭാഗത്തിനെക്കൊണ്ട് അന്വേഷണം നടത്തുമോ ;

(സി) പ്രസ്തുത തേക്കുതോട്ടത്തിലെ തേക്കുതടി കാണാതായതു സംബന്ധിച്ച് സർക്കാരിന് എന്തു നഷ്ടം സംഭവിച്ചിട്ടുണ്ട് ;

(ഡി) ഇതിന് ഉത്തരവാദികളായ ഡി. എഫ്. ഒ. യുടെയും റെയിഞ്ച് ഓഫീസറുടെയും മറ്റു ഉദ്യോഗസ്ഥന്മാരുടെയും പേരിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇത്തരത്തിൽ ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

**നെയ്യാർഡാം വന്യജീവി സംരക്ഷണ കേന്ദ്രത്തിലെ ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം**

47 (3579) ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാർഡാം വന്യജീവി സംരക്ഷണ കേന്ദ്രത്തിലെ ക്രമക്കേടുകളെക്കുറിച്ച് 1994-ൽ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തുതരം അന്വേഷണമാണ് നടത്തിയത് ; ആർക്കായിരുന്നു അന്വേഷണ ചുമതല ; ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആർക്കെതിരെയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ;

(ഡി) കേസ് അന്വേഷണം ഏതവസ്ഥയിലാണ് ; വിശദവിവരം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പോലീസ് വിജിലൻസ് അന്വേഷണമാണ് നടത്തിയത്. തിരുവനന്തപുരം ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്, വിജിലൻസ് ആയിരുന്നു അന്വേഷണ ചുമതല വഹിച്ചത്. എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നുള്ളതിന്റെ വിശദവിവരം ഈ വകുപ്പിൽ ലഭ്യമല്ല.

(സി) ആർക്കെതിരെയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന വിവരം ഈ വകുപ്പിൽ ലഭ്യമല്ല.

(ഡി) കേസ് അന്വേഷണം ഏത് അവസ്ഥയിലാണെന്നും, കേസ് സംബന്ധിച്ചുള്ള മറ്റുവിശദവിവരങ്ങളും ഈ വകുപ്പിൽ ലഭ്യമല്ല.

## മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിൽ കുമ്പിൾ പ്ലാന്റേഷനെതിരെ വിജിലൻസ് കേസ്

48 (3580) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിൽ കുമ്പിൾ പ്ലാന്റേഷനെതിരെ വിജിലൻസ് കേസ് നിലവിലുണ്ടോ ;

(ബി) എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ ;

(സി) മേൽപ്പറഞ്ഞ പ്ലാന്റേഷനിൽനിന്നും ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന് ഏതുതരം മരങ്ങളാണ് നൽകിയിട്ടുള്ളത് ;

(ഡി) ഇതു സംബന്ധിച്ച് വിശദവിവരം വെളിപ്പെടുത്തുമോ ;

(ഇ) വിജിലൻസ് കേസ് അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണത്തിൽ മലയാറ്റൂർ ഡിവിഷനിലെ 1977 മേക്കപ്പാല മിസലേനിയസ് പ്ലാന്റേഷനിൽ നിന്നും മെ. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റു ലിമിറ്റഡ് കമ്പനിക്ക് അലോട്ട് ചെയ്തുകൊടുത്ത 500 മെ.ടൺ കുമ്പിൾ തടി കമ്പനി വെട്ടി ശേഖരിച്ചു നീക്കം ചെയ്തപ്പോൾ 247.06 മെ.ടൺ കുമ്പിൾ തടി നഷ്ടപ്പെട്ടിട്ടുള്ളതായിട്ട് കണക്കാക്കിയിട്ടുണ്ട്. ഇത് വിശദമായി പരിശോധിച്ചുവരുന്നു. കൂടാതെ ടി തോട്ടം വനം വകുപ്പ് വച്ചു പിടിപ്പിച്ചിട്ടുള്ളതാണെന്നും ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റു ലിമിറ്റഡിന്റെ യൂക്കാലിപ്റ്റ്സ് ഫംഗസ് ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് വച്ച് പിടിപ്പിച്ചതല്ലെന്നും റിപ്പോർട്ടുചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കുമ്പിൾ തടിയാണ് നൽകിയിട്ടുള്ളത്.

(ഡി) മെ. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് കമ്പനി അവരുടെ ഫാക്ടറി പരീക്ഷണത്തിനായി 500 മെ.ടൺ കുമ്പിൾ തടികൾ നൽകണമെന്ന് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ 500 മെ.ടൺ കുമ്പിൾ തടി മലയാറ്റൂർ ഡിവിഷനിലെ 1977 മേക്കപ്പാല സ്റ്റേഷൻ മിസലേനിയസ് പ്ലാന്റേഷനിൽ നിന്നും ടി കമ്പനിയ്ക്ക് 1997-98 വർഷത്തെ അലോട്ടുമെന്റിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ളതാണ്.

(ഇ) ടി പ്ലാന്റേഷനിൽ നിന്നും മെ.ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് ശേഖരിച്ചപ്പോൾ നഷ്ടപ്പെട്ട കുമ്പിൾ തടിയുടെ യഥാർത്ഥ കുറവ് സംബന്ധിച്ച് വിശദമായി അന്വേഷിച്ചു വരികയാണ്.

## അച്ചൻകോവിൽ കോന്നി റോഡ്

49 (3581) ശ്രീ. അടൂർപ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അച്ചൻകോവിൽ കോന്നി റോഡിന് 1999-2000 വർഷത്തെ ബഡ്ജറ്റിൽ വനംവകുപ്പിന്റെ ഹെഡ്ഡിൽ വിവിധ റീച്ചുകളിലായി എന്തു തുക വീതം വകയിരുത്തിയിട്ടുണ്ട് ; ഏതെല്ലാം കാര്യങ്ങൾക്കായാണ് ഈ തുക വകയിരുത്തിയിരുന്നത് ;

(ബി) ഈ തുക ബഡ്ജറ്റിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള റീച്ചുകളുടെ പണിക്കാണോ വിനിയോഗിച്ചത് ; അല്ലെങ്കിൽ കാരണമെന്ത് ;

(സി) ഇതു സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ;

(ഡി) ഇത്രയും തുക വകയിരുത്തിയിട്ടും അച്ചൻകോവിൽ കോന്നി റോഡ് ഗതാഗത യോഗ്യമാക്കാനായി പ്രസ്തുത തുക വിനിയോഗിക്കാതിരിക്കാൻ കാരണമെന്ത് ; ആരുടെ ശുപാർശ പ്രകാരമാണ് ഈ തുക വകമാറ്റി ചെലവഴിക്കുകയോ വിനിയോഗിക്കാതിരിക്കുകയോ ചെയ്തത് ;

(ഇ) 1999-2000 വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത റോഡിനുവേണ്ടി വകയിരുത്തിയിരിക്കുന്ന തുക ഇക്കാര്യത്തിനു മാത്രമായി വിനിയോഗിക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ ?

### ഉത്തരം

(എ) അച്ചൻകോവിൽ കോന്നി റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി 1999-2000-ലെ ബഡ്ജറ്റിൽ അച്ചൻകോവിൽ ഡിവിഷനിൽ ഉൾപ്പെടുന്ന ഭാഗത്തിന് 5.5 ലക്ഷം രൂപയും കോന്നി ഡിവിഷനിൽ ഉൾപ്പെടുന്ന ഭാഗത്തിന് 36 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. റോഡിന്റെ അറ്റകുറ്റപ്പണികൾ, പുനരുദ്ധാരണ പ്രവർത്തനങ്ങൾ, മെറ്റലിംഗും, ടാറിംഗും 4.5 കി. മീ നീളത്തിലെ റീടാറിംഗ് എന്നീ കാര്യങ്ങൾക്കായാണ് ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നത്.

(ബി) 'ടി' തുകയിൽ നിന്ന് ഈ റോഡിലെ കോന്നി ഡിവിഷനിൽ വരുന്ന ഭാഗത്തെ ജോലികൾ മുൻവർഷം ചെയ്തുതീർത്തതിന് കൊടുക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

ബാക്കിയുണ്ടായിരുന്ന തുകയായ 5.54 ലക്ഷംരൂപ നടപ്പുവർഷം കൊടുത്തു തീർത്തിട്ടുണ്ട്. കോന്നി അച്ചൻകോവിൽ റോഡിലെ തുറ മുതൽ ചിറ്റാർ വരെയുള്ള 3.6 കി.മീ ദൂരം മൂന്ന് റീച്ചുകളിലായി റീടാറിംഗ് ചെയ്യുന്നതിലേയ്ക്ക് 12.58 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. 'ടി' റോഡിലെ അച്ചൻകോവിൽ ഭാഗത്ത് 1 ലക്ഷം രൂപയ്ക്കുള്ള അറ്റകുറ്റപ്പണികൾ നടന്നുവരുന്നു.

(സി) ഇല്ല.

(ഡി&ഇ) വിവിധ ജനപ്രതിനിധികളുടെ നിവേദനത്തിന്റെ വെളിച്ചത്തിൽ വകുപ്പുമന്ത്രി 7-4-1999, 29-11-1999, 16-12-1999, 21-12-1999, 7-3-2000 എന്നീ തീയതികളിൽ നടത്തിയ അവലോകന യോഗങ്ങളിൽ റോഡ് ജോലികൾക്ക് അനുവദിച്ച തുകകൾ കണക്കിലെടുത്ത് ജോലിയുടെ പുരോഗതി വിലയിരുത്തുകയും ചില ഡിവിഷനിലേക്കുള്ള അലോട്ട്മെന്റ് മറ്റു ചില ഡിവിഷനിലേക്ക് മാറ്റിക്കൊടുക്കുവാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഡിവിഷനുകളിലേയ്ക്ക് അലോട്ട്മെന്റ് നൽകുകയും ചെയ്യുകയാണുണ്ടായത്.

## കൊടിയൂരിലെ ആനത്താരാ പദ്ധതി

**50 (3582)** ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ കൊടിയൂരിൽ ആനത്താരാ പദ്ധതി പ്രദേശത്ത് എലിഫന്റു കോറിഡോർ പുനഃസ്ഥാപിക്കുന്നതിനായി എത്ര ഏക്കർ ഭൂമി, വനം വന്യജീവി വകുപ്പ് ഏറ്റെടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി കേന്ദ്രസർക്കാരിൽ നിന്നും എന്തു തുക അനുവദിച്ചിരുന്നു ; എന്നാണ് തുക നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) മൊത്തം എത്ര ഏക്കർ ഭൂമി ഏറ്റെടുക്കാനാണ് സർക്കാർ തീരുമാനമെടുത്തിട്ടുള്ളത് ; ഇതിൽ എത്ര ഏക്കർ സ്ഥലം ഇപ്പോൾ ഏറ്റെടുത്തു ; ബാക്കിവരുന്ന സ്ഥലം എന്നത്തേയ്ക്ക് ഏറ്റെടുക്കും ; വിശദമാക്കാമോ ;

(ഡി) സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ച 56 കുടുംബങ്ങളുടെ വസ്തു വകകളിൽ അവശേഷിക്കുന്ന 22 കുടുംബങ്ങളുടെ കൂടി സ്ഥലം ഏറ്റെടുക്കുന്നതിനായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ) യാതൊരു ഭൂമിയും ഏറ്റെടുത്തിട്ടില്ല. എന്നാൽ, 26.9225 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഏതെങ്കിലും പ്രത്യേക പ്രദേശം ഏറ്റെടുക്കുവാൻ വേണ്ടിയല്ല കേന്ദ്രം തുക അനുവദിക്കുന്നത്. ആനത്താരകളുടെ പുനഃസ്ഥാപനത്തിനായി സംസ്ഥാനത്തിന് മൊത്തമായാണ് കേന്ദ്രത്തിൽ നിന്നും തുക അനുവദിക്കുന്നത്. ഇത് 1991-92, 1994-95, 1998-99 എന്നീ വർഷങ്ങളിൽ യഥാക്രമം 100 ലക്ഷം രൂപ, 33.58 ലക്ഷം രൂപ,

LIBRARY ARCHIVES Kerala Legislative Assembly

105 ലക്ഷം രൂപ ഇതിനായി കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. 1998-99 ൽ ലഭിച്ച തുകയിൽ 96.28 ലക്ഷം രൂപ കണ്ണൂർ കളക്ടർക്ക് ഭൂമി ഏറ്റെടുക്കാനായി നൽകിയിട്ടുണ്ട്.

(സി) പ്രോജക്ട് എലിഫന്റു പദ്ധതി വാർഷിക കർമ്മ പരിപാടി അനുസരിച്ച് കണ്ണൂർ ജില്ലയിലെ 63.7211 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനുവേണ്ടി വരുന്ന മുഴുവൻ തുകയും കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടില്ല. 96.28 ലക്ഷം രൂപ മാത്രമാണ് സ്ഥലമേറ്റെടുക്കൽ നടപടികൾക്കായി കണ്ണൂർ ജില്ലാ കളക്ടറെ ഏൽപ്പിച്ചിട്ടുള്ളത്. കൂടുതൽ ധനസഹായം കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ബാക്കി സ്ഥലംകൂടി ഏറ്റെടുക്കുന്ന കാര്യം പരിഗണിക്കും.

(ഡി&ഇ) സാങ്കേതിക വികസനം മുൻനിർത്തിയുള്ള നിർദ്ദേശങ്ങൾ അനുസരിച്ചുള്ള മുൻഗണനാക്രമത്തിലാണ് ഭൂമി ഏറ്റെടുക്കുന്നത്. കണ്ണൂർ ജില്ലയിലെ കൊടിയൂർ വില്ലേജിലുള്ള അംബയത്തോട് ഭാഗത്ത് പ്രോജക്ട് എലിഫന്റു പദ്ധതിയിലെ ആനത്താര നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. 1998-99 -ൽ 96.28 ലക്ഷം രൂപ കണ്ണൂർ കളക്ടറെ ഏൽപ്പിക്കുകയും കണ്ണൂർ ഡി. എഫ്. ഒ. യുടെ സഹായത്തോടെ ഇതിനായുള്ള പ്ലോട്ടുകൾ മുൻഗണനാ ക്രമം നിശ്ചയിച്ച് ഏറ്റെടുക്കാൻ കണ്ണൂർ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## വന്യമൃഗസംരക്ഷണത്തിന് നടപടി

51 (3583) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വന്യമൃഗ സങ്കേതങ്ങൾ എവിടെയൊക്കെയാണ് ഉള്ളതെന്നറിയിക്കുമോ ;

(ബി) വന്യമൃഗങ്ങളുടെ പുതുക്കിയ സെൻസസ് തയ്യാറാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) വന്യമൃഗസംരക്ഷണത്തിന് സർക്കാർ ഇപ്പോൾ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്ന് വിശദീകരിക്കുമോ ?

## ഉത്തരം

(എ) സംസ്ഥാനത്ത് താഴെപ്പറയുന്ന സ്ഥലങ്ങളിലാണ് വന്യജീവി സങ്കേതങ്ങളുള്ളത്.

1. തേക്കടി
2. വയനാട്
3. പറമ്പിക്കുളം
4. നെയ്യാർ
5. പീച്ചി
6. തെൻമല
7. ചിന്നാർ, ഇടുക്കി ജില്ല

LIBRARY ARCHIVES Kerala Legislative Assembly

8. ഇടുക്കി
9. ആറളം, കണ്ണൂർ
10. പേപ്പാറ, തിരുവനന്തപുരം ജില്ല
11. തട്ടേക്കാട്, എറണാകുളം ജില്ല.
12. ചിമ്മിണി, തൃശൂർജില്ല.

(ബി) ഉദ്ദേശിക്കുന്നുണ്ട്.

(സി) സംസ്ഥാനതലത്തിൽ കേന്ദ്രസർക്കാർ നിർദ്ദേശിച്ചപ്രകാരം 4 വർഷം കൂടുമ്പോഴാണ് സെൻസസ് എടുക്കുന്നത്. കഴിഞ്ഞ സെൻസസ് 1997 – ലാണ് നടത്തിയത്. കേന്ദ്രസർക്കാരിന്റെ സഹായത്തോടെ അടുത്ത സെൻസസ് 2001 – ൽ നടത്താൻ ഉദ്ദേശിക്കുന്നു.

(ഡി) വന്യമൃഗസംരക്ഷണത്തിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

1. വന്യമൃഗങ്ങളുടെ ആവാസവ്യവസ്ഥ പരിരക്ഷിക്കുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക, പ്രക്ഷീണ ആവാസവ്യവസ്ഥകൾ പുനരുജ്ജീവിപ്പിക്കുക, തീറ്റപ്പുല്ല്, ഫലവൃക്ഷങ്ങൾ എന്നിവ വച്ച് പിടിപ്പിക്കുക, കളനിർമ്മാർജനം ചെയ്യുക.

2. മൃഗവേട്ട തടയുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്.

3. സംരക്ഷണ പരിരക്ഷണ പ്രവർത്തനങ്ങൾക്കുവേണ്ടി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വന്യജീവി സങ്കേതങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു വയർലെസ് ശൃംഖല രൂപീകരിക്കുകയും അത് കാലാകാലങ്ങളിൽ വിപുലീകരിക്കുകയും ചെയ്തിട്ടുണ്ട്. സംരക്ഷണ പ്രവർത്തനങ്ങൾക്കായി, റോഡ്, ട്രക്പാത്ത് എന്നിവ നിർമ്മിക്കുക, വാഹനങ്ങൾ, ബോട്ട് മുതലായവ വാങ്ങുക, വാച്ച് ടൗവറുകൾ, പിക്കറ്റ് സ്റ്റേഷനുകൾ എന്നിവ നിർമ്മിക്കുക, ക്യാമ്പിംഗ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുക. സംരക്ഷണ ഉദ്യോഗസ്ഥന്മാർക്ക് ആയുധങ്ങളും മറ്റും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

4. മനുഷ്യരും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷം കുറയ്ക്കുന്നതിന് വൈദ്യുതി കമ്പിവേലികളും ട്രഞ്ചുകളും മറ്റും നിർമ്മിച്ച് വന്യമൃഗങ്ങൾ വനാതിർത്തി വിട്ട് പരിസരവാസികളുടെ കൃഷിയിടങ്ങളിലേയ്ക്കും സെറ്റിൽമെന്റുകളിലേയ്ക്കും കടക്കുന്നത് തടയുന്നതോടൊപ്പം വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരവും നൽകുന്നുണ്ട്.

5. തദ്ദേശികളുടെയും ആദിവാസികളുടെയും വനത്തിനോടുള്ള അമിതാശ്രയം കുറയ്ക്കുന്നതിന് എക്കോ ഡവലപ്പ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു.



LIBRARY ARCHIVES Kerala Legislative Assembly

6. കൂടുതൽ ശാസ്ത്രീയമായി വന്യജീവി പരിപാലനം നടപ്പിലാക്കുന്നതിന് വിവിധ ആവാസ വ്യവസ്ഥകളെയും വന്യജീവികളെയും കുറിച്ച് ഗവേഷണപഠനങ്ങൾ നടത്തുന്നുണ്ട്.

7. വന്യജീവി സംരക്ഷണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ബോധവൽക്കരണ പരിപാടികളും പ്രകൃതി പഠന ക്യാമ്പുകളും പൊതുജനങ്ങൾക്കായി നടത്തുന്നുണ്ട്.

8. പ്രശ്ന പ്രദേശങ്ങളിലെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് പിൻബലമേകാൻ 8 ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷനുകളും, 22 ഫ്ളയിംഗ് സ്ക്വാഡ് റെയിഞ്ചുകളും ആയുധ വാഹന വയർലസ് സെറ്റോടുകൂടി പ്രവർത്തിക്കുന്നുണ്ട്.

9. അതിർത്തി പ്രദേശങ്ങളിൽ കുറ്റകൃത്യങ്ങളുടെ വിവരങ്ങൾ പരസ്പരം കൈമാറുന്നതിനും അങ്ങനെ സംരക്ഷണ പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ വൈൽഡ് ലൈഫ് വാർഡൻമാർക്കും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും നൽകിയിട്ടുണ്ട്.

### കാലപ്പഴക്കം ചെന്ന വാഹനങ്ങൾ നിരോധിക്കാൻ നിയമം

52 (3584) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലപ്പഴക്കം ചെന്ന വാഹനങ്ങൾ നിരോധിക്കാൻ നിലവിൽ നിയമമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദീകരിക്കുമോ ;

(സി) പരിസ്ഥിതി മലിനീകരണം ഒഴിവാക്കാനും യാത്ര സുരക്ഷിതമാക്കാനും വേണ്ടി 20-ലേറെ വർഷം പഴക്കമുള്ള വാഹനമെങ്കിലും നിരോധിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കേന്ദ്ര സർക്കാരാണ് ഈ കാര്യത്തിൽ മോട്ടോർ വാഹന നിയമം അനുസരിച്ച് തീരുമാനം എടുക്കേണ്ടത്.

### ഹഡ്കോയിൽ നിന്നും ജില്ലാ സഹകരണ ബാങ്കിൽ നിന്നും കെ. എസ്. ആർ. ടി. സി. ക്ക് ലഭ്യമായ തുക

53 (3585) ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഹഡ്കോയിൽ നിന്നും ജില്ലാ സഹകരണ ബാങ്കിൽ നിന്നും ലഭ്യമായ പണം ഉപയോഗിച്ച് കെ. എസ്. ആർ. ടി. സി. ഇതുവരെ എത്ര ബസ് ചേസിസ് വാങ്ങിയിട്ടുണ്ട് ; ഇനിയും വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇനിയും എത്രയെണ്ണം വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ട് ;

(സി) ബസ് വാങ്ങുന്നതിനു വേണ്ടി ഹഡ്കോയിൽ നിന്നും, ജില്ലാ സഹകരണ ബാങ്കിൽ നിന്നും എന്തു തുക ലഭ്യമാക്കാനാണ് സർക്കാർ തീരുമാനിക്കുന്നത് ;

(ഡി) എത്രകാലം കൊണ്ട് മുതലും പലിശയും തിരിച്ചു നൽകണം ; പലിശ എത്ര ശതമാനമാണ് ;

(ഇ) കൂടുതൽ കടം വാങ്ങുമ്പോൾ കെ. എസ്. ആർ. ടി. സി. യുടെ നിലനിൽപ്പിനെ ബാധിക്കുമോ ; കെ. എസ്. ആർ. ടി. സി. ഇതിനെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ നിന്നും 2.87 കോടി രൂപ വായ്പ എടുത്ത് 30 പുതിയ ബസ്സുകൾ ഇറക്കിയിട്ടുണ്ട്.

(ബി&സി) ഹഡ്കോയിൽ നിന്നും ലഭിക്കുന്ന 100 കോടി രൂപ വിനിയോഗിച്ച് 1200 ബസ്സുകളും സഹകരണ ബാങ്കുകൾ മുഖേന ലഭ്യമാകുന്ന തുക വിനിയോഗിച്ച് 300 ബസ്സുകളും അടുത്ത സാമ്പത്തിക വർഷം നിരത്തിലിറക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

(ഡി) സഹകരണ ബാങ്കുകൾക്ക് 13% പലിശ നിരക്കും ഹഡ്കോയ് 13.25 ശതമാനം പലിശ നിരക്കുമാണ് ബാധകമായിട്ടുള്ളത്. സഹകരണ ബാങ്കുകളുടെ വായ്പ പലിശയടക്കം 35 മാസം കൊണ്ടും ഹഡ്കോയുടേത് 36 മാസംകൊണ്ടും അടച്ചുതീർക്കണം.

(ഇ) ഇല്ല. നേരെ മറിച്ച് കൂടുതൽ പുതിയ ബസ്സുകൾ നിരത്തിലിറക്കി വരുമാനം വർദ്ധിപ്പിച്ചാലെ കെ.എസ്.ആർ.ടി.സി.ക്ക് നിലനിൽക്കാനാകൂ. കോർപ്പറേഷന്റെ ഇതുവരെയുള്ള സഞ്ചിത നഷ്ടം 450 കോടി രൂപയോളമാണ്. 4000-ത്തോളം വരുന്ന വാഹന വ്യൂഹത്തിൽ മൂന്നിലൊന്ന് 7 കൊല്ലത്തിനകം പഴക്കമുള്ളതാണ്. അതിനാൽ ഒരു വശത്ത് ഇന്ധനത്തിനും അറ്റകുറ്റപ്പണികൾക്കുമുള്ള ചെലവ് വർദ്ധിക്കുന്നതോടൊപ്പം മറുവശത്ത് ഡൗൺ ടൈം കൂടുതൽ ആയതിനാൽ വരുമാനത്തിൽ കുറവും സംഭവിക്കുന്നു. ആകയാൽ പുതിയ ബസ്സുകൾ നിരത്തിലിറക്കി ലാഭകരമായ റൂട്ടുകളിൽ കൂടി ഓടിക്കുമ്പോൾ ചെലവ് കുറയുകയും വരുമാനം വർദ്ധിക്കുകയും ചെയ്യും. അങ്ങനെ നഷ്ടത്തിൽ നിന്നും കരകയറാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## കെ. ടി. ഡി. എഫ്. സി - യിലെ ജീവനക്കാരുടെ ലിസ്റ്റ്

**54 (3586)** ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ. ടി. ഡി. എഫ്. സി - യിൽ എത്ര ജീവനക്കാരുണ്ടെന്നതിന്റെ ലിസ്റ്റ് കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

കെ. ടി. ഡി. എഫ്. സി - യിൽ വിവിധ തസ്തികകളിലായി മാനേജിംഗ് ഡയറക്ടറെ കൂടാതെ 12 ജീവനക്കാർ ജോലി നോക്കുന്നുണ്ട്.

| | | |
|---|---|---|
| മാനേജർ | 1 | ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ |
| അസിസ്റ്റന്റ് | 8 | ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ |
| മാനേജിംഗ് ഡയറക്ടറുടെ പി. എ | 1 | ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ |
| ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 2 | സ്ഥിരനിയമനം |

കൂടാതെ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി അത്യാവശ്യം വേണ്ടുന്ന ജീവനക്കാരെ വിവിധ തസ്തികകളിൽ (പ്യൂൺ, ഡ്രൈവർ, വാച്ചർ, മെസഞ്ചർ, ക്ലീനർ മുതലായവ) സർക്കാർ നിശ്ചയിച്ചിട്ടുള്ള ദിവസവേതനത്തിന്റെ അടിസ്ഥാനത്തിലും എക്സ് സർവീസ് ലീഗിൽ നിന്നും നിയമിച്ചാണ് പ്രവർത്തനം നടത്തിവരുന്നത്.

## കെ. എസ്. ആർ. ടി. സി. യിലെ ഗ്ലാസ് കട്ടർ തസ്തികയിലേക്കുള്ള നിയമനം

**55 (3587)** ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി - യിലെ ഗ്ലാസ് കട്ടർ തസ്തികകളിലേക്ക് എപ്രകാരമാണ് നിയമനം നടത്തുന്നത് ;

(ബി) ഈ തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ട് ; ഈ തസ്തികകളിൽ നിയമനത്തിനായി പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(സി) എങ്കിൽ ഇതിൽനിന്നും എത്ര പേരെ നിയമിച്ചു ;

(ഡി) പി. എസ്. സി ശുപാർശ ചെയ്തവർ ആരെങ്കിലും ജോയിൻ ചെയ്യാതിരുന്നിട്ടുണ്ടോ ; എങ്കിൽ ആ ഒഴിവുകൾ നികത്താൻ എന്തു നടപടി സ്വീകരിച്ചു ;

(ഇ) റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ പ്രസ്തുത തസ്തികയിലേക്ക് ദിവസ ശമ്പളത്തിൽ ജീവനക്കാരെ നിയമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചു ;

(ജി) റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി ആളുകളെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളപബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് സ്ഥിര നിയമനം നടത്തുന്നത്.

(ബി) ഈ തസ്തികയിൽ ഒഴിവുകൾ നിലവിലില്ല. ലിസ്റ്റ് നിലവിലുണ്ടോ എന്ന വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) 2-1-1998-ൽ പബ്ലിക് സർവീസ് കമ്മീഷൻ അഡ്വൈസ് ചെയ്ത രണ്ടു പേരെയും നിയമിച്ച് ഉത്തരവിറക്കിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.

(ഇ) ഇല്ല.

(എഫ്&ജി) ചോദ്യം ഉദിക്കുന്നില്ല.

**പുതിയ ബസുകൾ വാങ്ങുന്നതിന് സ്വീകരിക്കുന്ന നടപടികൾ**

56 (3588) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. എത്ര പുതിയ ബസുകളാണ് വാങ്ങുവാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഇവയ്ക്ക് മൊത്തം എത്രകോടി രൂപ വിലവരും ;

(സി) ഇതിനുവേണ്ട തുക എങ്ങനെ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) പണം കടം എടുക്കുന്ന ഏജൻസികൾ എന്തെങ്കിലും പ്രത്യേക നിബന്ധനകൾ മുന്നോട്ടു വച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്താണ് നിബന്ധനകൾ ;

(ഇ) നിബന്ധനകൾ കെ. എസ്. ആർ. ടി. സി. റൂൾസിന് വിരുദ്ധമാണോയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) താൽക്കാലിക ബഡ്ജറ്റനുസരിച്ച് 1200 ബസ്സുകൾ വാങ്ങാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഏകദേശം 120 കോടി രൂപയോളം വിലവരും.

(സി) സർക്കാർ മൂലധനനിക്ഷേപമായി നൽകുന്ന തുക കൂടാതെ സഹകരണ ബാങ്കുകൾ, ഹഡ്കോ മുതലായ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ തുക വായ്പയായി സമാഹരിക്കുവാനുമുള്ള നടപടികൾ നടന്നുവരുന്നു.

(ഡി&ഇ) പണം കടം എടുക്കുന്ന ഏജൻസി കെ. എസ്. ആർ. ടി. സി.യാണ്. കെ. എസ്. ആർ. ടി. സി പ്രത്യേക നിബന്ധനകൾ ഒന്നും മുന്നോട്ട് വച്ചിട്ടില്ല.

റൂൾസിന് വിരുദ്ധമായ നിബന്ധനകൾ കെ. എസ്. ആർ. ടി. സി. ഉന്നയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

### കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം കമ്പ്യൂട്ടറൈസ് ചെയ്യുവാൻ നടപടി

57 (3589) ശ്രീ. ജി. സുധാകരൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം കമ്പ്യൂട്ടറൈസ് ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം വികസിപ്പിക്കുന്നതിന്റെ ഭാഗമായി പുതുതായി വർക്ക്ഷോപ്പുകളും ഡിപ്പോകളും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കമ്പ്യൂട്ടർവൽക്കരണ പരിപാടികൾ ഘട്ടംഘട്ടമായി നടപ്പാക്കി കൊണ്ടിരിക്കുകയാണ്.

(ബി) കെ. എസ്. ആർ. ടി. സി. യുടെ ഓഫീസുകളും വർക്ക്ഷോപ്പുകളും ഘട്ടംഘട്ടമായി കമ്പ്യൂട്ടറൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നു. ചീഫ് ഓഫീസിൽ 15 കമ്പ്യൂട്ടറുകൾ ഉൾക്കൊള്ളുന്ന ഒരു ലോക്കൽ ഏരിയ നെറ്റ് വർക്ക് സജ്ജമാക്കിയിട്ടുണ്ട്. അവയിലൂടെ എല്ലാ ഡിപ്പോകളിലെയും സർവീസ് ഓപ്പറേഷനെ സംബന്ധിക്കുന്ന കാര്യങ്ങൾ, പ്രതിദിന വരുമാന കണക്കുകൾ എന്നിവ വിശകലനം ചെയ്യാനും കഴിയുന്നു. കൂടാതെ ജീവനക്കാരുടെ ബയോഡേറ്റ, പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട്സ്, വാഹനങ്ങളെ സംബന്ധിച്ച കണക്കുകൾ, റോഡപകടങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ തുടങ്ങിയവയും ചീഫ് സ്റ്റോറിലെ ഇൻവെൻറ്ററി എന്നിവയും കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. തിരുവനന്തപുരം സെൻട്രൽ, കൊട്ടാരക്കര, കണ്ണൂർ എന്നീ ഡിപ്പോകളിലെ ടിക്കറ്റ് ആന്റ് ക്യാഷ് വിഭാഗം പൂർണമായും കമ്പ്യൂട്ടറൈസ് ചെയ്തു കഴിഞ്ഞു.

(സി) വർക്ക്ഷോപ്പുകളും ഡിപ്പോകളും ആരംഭിക്കുന്നതിനുള്ള പുതിയ നിർദ്ദേശങ്ങൾ പരിഗണനയിലില്ല. എന്നാൽ കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഇപ്പോൾ ഏറ്റെടുത്തിട്ടുള്ള ചുമതലകൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.

### ജീവനക്കാരിൽ നിന്നും ബാങ്ക്/സഹകരണ കുടിശ്ശികയിനത്തിൽ ഈടാക്കുന്ന തുക യഥാസമയം അടയ്ക്കുവാൻ സംവിധാനം

58 (3590) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി - യിലെ ജീവനക്കാരിൽ നിന്നും ബാങ്ക്/ സഹകരണ സംഘം കുടിശ്ശികയിനത്തിൽ ശമ്പളത്തിൽ നിന്നും ഈടാക്കുന്ന തുക പ്രസ്തുത ബാങ്ക്/ചിട്ടി സ്ഥാപനങ്ങൾ, സഹകരണസംഘം എന്നിവയിൽ മാസങ്ങൾക്കുശേഷം മാത്രമേ അടയ്ക്കാറുള്ളൂ എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധമായി അന്വേഷണം നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(സി) ശമ്പളത്തിൽ നിന്നും മാസംതോറും റിക്കവറി നടത്തുകയും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ യഥാസമയം അടയ്ക്കാതിരിക്കുകയും ചെയ്യുന്നതുമൂലം പ്രസ്തുത ജീവനക്കാർക്ക് പലിശയിനത്തിൽ വലിയ തുക വീണ്ടും കുടിശ്ശിക യാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരത്തിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കോർപ്പറേഷന്റെ കടുത്ത സാമ്പത്തിക ഞെരുക്കം മാത്രമാണ് ഇത്തരം കാലതാമസം ഉണ്ടാകുന്നതിന് കാരണം. ആകയാൽ മേലിൽ ജീവനക്കാരിൽ നിന്ന് പിടിക്കുന്ന തുക യഥാസമയം ബാങ്ക്/ചിട്ടി സ്ഥാപനങ്ങൾ ഇവയിൽ അടയ്ക്കണമെന്ന് കെ. എസ്. ആർ. ടി. സി. ക്ക് കർശന നിർദ്ദേശം നൽകുന്നതാണ്. ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള വീഴ്ചകൾ കാരണം കാലതാമസം ഉണ്ടായാൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

**ഏറ്റുമാനൂർ കെ. എസ്. ആർ. ടി. സി ബസ്സ്റ്റാൻഡ് ഉപയോഗയോഗ്യമാക്കണമെന്ന ആവശ്യം**

59 (3591) ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറ്റുമാനൂർ കെ. എസ്. ആർ. ടി. സി. ബസ്സ്റ്റാൻഡ് ടാർ ചെയ്ത ഭാഗം പൂർണമായും തകർന്നു കിടക്കുകയാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ബസ്സ്റ്റാൻഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഡി) ഈ ബസ്സ്റ്റാൻഡ് കോൺക്രീറ്റ് ചെയ്ത് നിർമ്മിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) അടുത്ത മഴക്കാലം ആരംഭിക്കുന്നതിന് മുമ്പായി ഈ ബസ് സ്റ്റാൻഡ് കോൺക്രീറ്റ് ചെയ്തു നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) ബസ്സ്റ്റാൻഡ് വീണ്ടും ടാർ ചെയ്യുന്നതിനും ജലനിർഗ്ഗമനത്തി നാവശ്യമായ ഓടകെട്ടുന്നതിനുമുള്ള ജോലികൾക്ക് 2,61,500 രൂപയുടെ എസ്റ്റിമേറ്റിൽ കരാർ കൊടുത്തിട്ടുണ്ട്. ഓടകെട്ടുന്ന ജോലി, തൊട്ടടുത്ത സ്ഥലമുടമയുടെ തർക്കം കാരണം തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ടാർ ചെയ്യുന്നതിലേയ്ക്ക് മെറ്റലും മറ്റും ലാൻഡിൽ ശേഖരിച്ചിട്ടുണ്ട്. ടാർ കിട്ടിയാലുടൻ പ്രസ്തുത ജോലി തുടങ്ങാൻ കഴിയും.

(ഡി) അങ്ങനെയൊരു നിവേദനം ലഭിച്ചതായി അറിയില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ടാർ ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്ന സ്ഥിതിക്ക് കോൺക്രീറ്റു ചെയ്യാനുള്ള തീരുമാനമെടുത്താൽ കാലതാമസം ഉണ്ടാകും. മാത്രമല്ല കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ചു മാത്രമേ ഇത്തരത്തിലൊരു തീരുമാനമെടുത്ത് നടപടികൾ സ്വീകരിക്കുവാൻ കഴിയൂ.

**കെ. എസ്. ആർ. ടി. സി. ബസുകളിലെ സീറ്റ് റിസർവേഷൻ കൂപ്പൺ**

**60 (3592)** ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ബസുകളിൽ മാത്രം ആരംഭിക്കുന്ന സ്ഥലത്തു നിന്നും സീറ്റ് റിസർവേഷൻ കൂപ്പൺ എടുത്തു കയറുന്നവർക്കുള്ള സീറ്റ് യാത്രാമദ്ധ്യേ സ്ത്രീകൾക്കു വേണ്ടി വിട്ടുകൊടുക്കണമെന്ന് ആവശ്യപ്പെടാമോ ;

(ബി) കൂപ്പൺ എടുത്തു സീറ്റ് ഉറപ്പു വരുത്തുന്ന യാത്രക്കാർക്ക് സ്ത്രീകൾക്ക് വേണ്ടി സീറ്റ് ഒഴിഞ്ഞുകൊടുക്കണമെങ്കിൽ അത്തരം സീറ്റുകളിലേയ്ക്ക് കൂപ്പൺമൂലം സീറ്റ് റിസർവ് ചെയ്യാതിരിക്കാൻ നിർദ്ദേശം കൊടുക്കുമോ ;

(സി) റിസർവേഷൻ കിട്ടുന്ന യാത്രക്കാരെ സീറ്റ് ഒഴിഞ്ഞുകൊടുക്കാൻ നിർബന്ധിക്കാതിരിക്കാൻ നിർദ്ദേശിക്കുമോ ?

ഉത്തരം

(എ) റിസർവേഷൻ കൂപ്പൺ മുഖേന സീറ്റു കിട്ടി ടിക്കറ്റെടുത്തു യാത്ര ചെയ്യുന്നവരോട് യാത്രാമദ്ധ്യേ സ്ത്രീകൾക്ക് വേണ്ടി സീറ്റൊഴിഞ്ഞു കൊടുക്കണമെന്ന് അഭ്യർത്ഥിക്കാമെങ്കിലും നിർബന്ധിക്കാൻ വ്യവസ്ഥയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദീർഘദൂര സർവീസുകളിൽ സ്ത്രീ യാത്രക്കാരുടെ അഭാവത്തിൽ പുരുഷന്മാർക്ക് സീറ്റ് റിസർവേഷൻ കൊടുക്കാതിരിക്കുന്നത് കോർപ്പറേഷനു കനത്ത സാമ്പത്തിക നഷ്ടം വരുത്തുകമാത്രമല്ല യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും ചെയ്യുവാൻ ഇടയുള്ളതു കൊണ്ട് നിർദ്ദേശം സ്വീകരിക്കാൻ നിർവാഹമില്ല.

(സി) നിർദ്ദേശം നിലവിലുണ്ട്.

**ചങ്ങനാശ്ശേരി ട്രാൻസ്പോർട്ട് ഡിപ്പോയുടെ അറ്റകുറ്റപ്പണികൾ**

61 (3593) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി ട്രാൻസ്പോർട്ട് ഡിപ്പോയിൽ ബസ് കയറിയിറങ്ങുന്ന ഭാഗത്തും വർക്ക്ഷോപ്പിന്റെയും പമ്പിന്റെയും ഭാഗത്തും തറ തകർന്ന നിലയിലാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആവശ്യമായ പുനരുദ്ധാരണ ജോലികൾക്ക് നടപടി സ്വീകരിക്കുമോ ;

(സി) ഇപ്പോൾ ഡിപ്പോയിലുള്ള വർക്ക്ഷോപ്പിൽ മൂന്നു ബസുകൾക്ക് മാത്രമേ അറ്റകുറ്റപ്പണികൾക്കായുള്ള സൗകര്യമുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അവിടെ ഒരു ഡോക്ക് കൂടി പണിയുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ഡിപ്പോയിലും വർക്ക്ഷോപ്പിലുമുള്ള വയറിംഗ് പല സ്ഥലത്തും പഴക്കംമൂലം പ്രവർത്തനക്ഷമമല്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) റീ വയറിംഗ് നടത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ജി) ഡിപ്പോയിലുള്ള മൈക്ക് അനൗൺസ്മെന്റ് സംവിധാനം പ്രവർത്തനക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(എച്ച്) ഡിപ്പോയിലെ പ്രധാന കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബസ്സ്റ്റേഷൻ യാർഡ് ടാർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ബസ് സ്റ്റേഷനിലെ സ്ഥലപരിമിതിമൂലം ടയർ സെക്ഷൻ, സ്റ്റോർ, കാന്റീൻ തുടങ്ങിയവ പ്രവർത്തിക്കുന്നത് ഒരു ഗ്യാരേജിലാണ്. രണ്ടാമത്തെ ഗ്യാരേജിൽ അഞ്ചു വണ്ടികൾക്കു അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള സൗകര്യമുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചങ്ങനാശ്ശേരി ബസ് സ്റ്റേഷനിലെ സ്ഥലദൗർലഭ്യവും കോർപ്പറേഷന്റെ സാമ്പത്തിക ബുദ്ധിമുട്ടുകളും ഇത്തരമൊരു നിർമ്മാണ പ്രവർത്തനം അനുവദിക്കാത്ത സാഹചര്യമാണുള്ളത്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) വർക്ക്ഷോപ്പിലെ വയറിംഗിന് 6 വർഷത്തെ പഴക്കമേയുള്ളു എങ്കിൽ തന്നെയും ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(ജി) പ്രവർത്തനക്ഷമമാക്കുവാൻ വേണ്ടതു ചെയ്യുന്നതാണ്.

(എച്ച്) നടപടി സ്വീകരിച്ചുവരുന്നു.

### ട്രാം സർവ്വീസ്

62 (3594) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഉൾപ്പെടെയുള്ള നഗരങ്ങളിൽ റോഡ് ഗതാഗതത്തിനു പുറമേ ട്രാം സർവ്വീസോ സമാനമായ മറ്റു ഗതാഗത സർവ്വീസോ ആരംഭിക്കുന്നതിനുള്ള പദ്ധതിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി എന്താണെന്നും എന്ന് നിലവിൽ വരുമെന്നും വ്യക്തമാക്കുമോ ?

### ഉത്തരം

(എ&ബി) ഇങ്ങനെയുള്ള ഗതാഗത സർവ്വീസ് ആരംഭിക്കുന്നതിന് പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി സർക്കാർ ഒരു ഏജൻസിയെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത ഏജൻസിയുടെ അന്തിമ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതാണ്.

### കോട്ടയം കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിന്നുള്ള സർവ്വീസുകൾ മുടങ്ങുന്ന വിവരം

63 (3595) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബസുകളുടെ കുറവുമൂലം കോട്ടയം കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിന്നുള്ള സർവ്വീസുകൾ മുടങ്ങുന്നതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ സർവ്വീസുകളാണ് മുടങ്ങിയിട്ടുള്ളതെന്നും ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നും വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കോട്ടയം ഡിപ്പോയിൽ ദിവസേന എത്ര ഷെഡ്യൂളുകൾ ആണ് ഉള്ളതെന്നും നിലവിലുള്ള ഷെഡ്യൂളുകൾ പൂർണ്ണമായും നടത്താൻ കഴിയുന്നുണ്ടോയെന്നും അറിയിക്കാമോ ;

(ഡി) കോട്ടയം-മൂവാറ്റുപ്പുഴ റൂട്ടിൽ യാത്രാക്ലേശം രൂക്ഷമായിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതു പരിഹരിക്കുന്നതിനും കോട്ടയം-മൂവാറ്റുപുഴ റൂട്ടിൽ ലിമിറ്റഡ് സ്റ്റോപ്പു ഓർഡിനറി സർവ്വീസുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബസുകളുടെയും ജീവനക്കാരുടെയും മറ്റും അപര്യാപ്തതമൂലം വരുമാനം കുറവായ സർവ്വീസുകളിൽ ചിലത് മറ്റു ഡിപ്പോകളിലെന്നപോലെ കോട്ടയം ഡിപ്പോയിലും ക്യാൻസൽ ചെയ്യേണ്ടി വരുന്നുണ്ട്. സഹകരണ ബാങ്കുകൾ, ഹഡ്കോ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പതുകകൾ ഗഡുക്കളായി ലഭിച്ചു തുടങ്ങിയിട്ടുണ്ട്. ഇതുപയോഗിച്ച് കൂടുതൽ ബസുകൾ നിരത്തിലിറങ്ങുന്ന തോടെ ഇത്തരം ക്യാൻസലേഷനുകൾ ഒഴിവാക്കാനാകുമെന്നു പ്രതീക്ഷിക്കുന്നു.

(സി) 101 ഷെഡ്യൂളുകളാണുള്ളത്. ബസുകളുടെയും ജീവനക്കാരുടെയും അപര്യാപ്തതമൂലം നിലവിലുള്ള ഷെഡ്യൂളുകൾ പൂർണമായും ഓപ്പറേറ്റ് ചെയ്യാൻ കഴിയാറില്ല.

(ഡി) ഉണ്ട്.

(ഇ) ബസുകളുടെയും ജീവനക്കാരുടെയും കുറവ് പരിഹരിക്കപ്പെടുന്നതോടെ കോട്ടയം - മൂവാറ്റുപുഴ റൂട്ടിലും ആവശ്യാനുസരണം ഓർഡിനറി സർവ്വീസുകൾ ആരംഭിക്കുന്നതാണ്.

### എറണാകുളത്തേക്ക് കെ. എസ്. ആർ. ടി. സി. യുടെ ലിമിറ്റഡ് സ്റ്റോപ്പ്

64 (3596) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര കേന്ദ്രമായ ആതിരപ്പള്ളിയിൽ നിന്നും ചാലക്കുടി വഴി എറണാകുളത്തേയ്ക്ക് കെ. എസ്. ആർ. ടി. സി - യുടെ ഒരു ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസ് ചാലക്കുടി ഡിപ്പോയിൽ നിന്നും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത സർവ്വീസ് എന്നുമുതൽ തുടങ്ങാൻ സാധിക്കുമെന്ന് അറിയിക്കുമോ ;

(സി) അതിന് ആവശ്യമായ ഒരു ലൈലാന്റ് ബസ് ചാലക്കുടി ഡിപ്പോയിലേക്ക് അനുവദിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബസുകൾ കുറവായതിനാൽ ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

**പാലക്കാട്-മുപ്പുഴ, തോലന്നൂർ-പാലക്കാട് എന്നീ സർവീസുകളുടെ മുടക്കം**

65 (3597) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യുടെ പാലക്കാട് ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന പാലക്കാട്-മുപ്പുഴ, തോലന്നൂർ-പാലക്കാട് എന്നീ സർവ്വീസുകൾ ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യാത്തതിന് കാരണം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സർവ്വീസുകളുടെ ഒരു മാസത്തെ ശരാശരി കളക്ഷൻ എത്രയാണ് ;

(ഡി) പ്രസ്തുത സർവ്വീസുകൾ നിറുത്തലാക്കിയതിനെ തുടർന്ന് ഏതെങ്കിലും സ്വകാര്യ സർവ്വീസുകൾ അവിടെ സർവ്വീസ് നടത്തുന്നുണ്ടോ ;

(ഇ) യാത്രക്കാരുടെ സൗകര്യാർത്ഥം പ്രസ്തുത സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ദേശസാൽകൃത മേഖലയിലെ സർവ്വീസുകൾക്കും വരുമാനം കൂടുതൽ ലഭിക്കുന്ന സർവ്വീസുകൾക്കുമാണ് മുൻഗണന നൽകിക്കൊണ്ടിരിക്കുന്നത്. ബസുകളുടെയും ജീവനക്കാരുടെയും അപര്യാപ്തതമൂലം ചില സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യാൻ കഴിയാറില്ല. ഈ സർവ്വീസുകൾ അത്തരത്തിൽപ്പെട്ടതാണ്.

(സി) വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.

(ഡി) മൂന്ന് പ്രൈവറ്റ് ബസുകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ട്. 22-12-1994 -ലെ ആർ. ടി. എ. തീരുമാനപ്രകാരം കെ. സി. ആർ. 171 എന്ന ബസിന് പാലക്കാട് -മുപ്പുഴ റൂട്ട് അനുവദിച്ച് പെർമിറ്റ് നൽകിയിട്ടുണ്ട്. 27-4-1998-ലെ ആർ. ടി. എ. തീരുമാനപ്രകാരം കെ. എൽ. 8 സി - 4493 എന്ന ബസിന് ചിറ്റൂർ-മുപ്പുഴ (വഴി പാലക്കാട്-തോലന്നൂർ) റൂട്ടനുവദിച്ച് പെർമിറ്റ് നൽകി. 28-9-1999-ലെ ആർ. ടി. എ. തീരുമാനപ്രകാരം കെ. എൽ.13 - എ1 എന്ന ബസിന് പാലക്കാട് - മുപ്പുഴ - തോലന്നൂർ റൂട്ടിലും പെർമിറ്റ് അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ബസുകളുടെയും ജീവനക്കാരുടെയും അപര്യാപ്തത പരിഹരിക്കപ്പെടുന്നതനുസരിച്ച് ഈ ആവശ്യം പരിഗണിക്കുന്നതാണ്.

**പൂജപ്പുര രാജീവ് നഗർ ഗവൺമെന്റ് ക്വാർട്ടേഴ്സിലേക്കുള്ള കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസുകൾ**

66 (3598) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂജപ്പുര രാജീവ് നഗർ ഗവൺമെന്റ് ക്വാർട്ടേഴ്സിലേയ്ക്ക് കെ. എസ്. ആർ.ടി. സി. ഇപ്പോൾ എത്ര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട് ; അവ ഏതെല്ലാം ; ഏതൊക്കെ ഡിപ്പോകളിൽ നിന്നാണ് ഇവ ഓപ്പറേറ്റ് ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ബസുകളുടെ ഡെസ്റ്റിനേഷൻ ബോർഡിൽ ഈ അടുത്ത കാലത്ത് എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ മാറ്റം വരുത്തുന്നതിന് മുമ്പും പിൻപും ഡെസ്റ്റിനേഷൻ ബോർഡിൽ ചേർത്ത വിവരങ്ങൾ എന്തെല്ലാമാണ് ;

(ഡി) ഇപ്പോൾ ഡെസ്റ്റിനേഷൻ ബോർഡിൽ മാറ്റം വരുത്താനുള്ള കാരണം വെളിപ്പെടുത്തുമോ ;

(ഇ) രാജീവ് നഗർ ഗവൺമെന്റ് ക്വാർട്ടേഴ്സിന്റെ പേരിൽ എന്തെങ്കിലും മാറ്റം വരുത്തിയതിന്റെ പേരിലാണോ ഇപ്രകാരം ഡെസ്റ്റിനേഷൻ ബോർഡിൽ മാറ്റം വരുത്തിയത് ;

(എഫ്) ഇപ്രകാരം പുതിയ ഡെസ്റ്റിനേഷൻ ബോർഡ് പ്രസ്തുത ബസിൽ പ്രദർശിപ്പിച്ചത് ആരുടെ ഉത്തരവാദിത്വത്തിലാണ് ;

(ജി) ഈ ബസ് മേലാറന്നൂരിൽ പോകുന്നുണ്ടോ ;

(എച്ച്) ഈ ബസ് സർവ്വീസ് ടെർമിനേറ്റ് ചെയ്യുന്നത് എവിടെയാണ് ;

(ഐ) ഈ ബസ് പോകാത്ത മേലാറന്നൂർ എന്ന സ്ഥലപ്പേര് ഈ ബസിന്റെ ഡെസ്റ്റിനേഷൻ ബോർഡിൽ വച്ചതുമൂലം യാത്രക്കാർക്ക് തെറ്റിദ്ധാരണയും ബുദ്ധിമുട്ടും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജെ) രാജീവ് നഗർ ഗവൺമെന്റ് ക്വാർട്ടേഴ്സിൽ വരുന്നതും ഇതുവഴി പോകുന്നതുമായ കെ. എസ്. ആർ. ടി. സി. ബസുകൾക്ക് ഡെസ്റ്റിനേഷൻ ബോർഡ് മുമ്പുണ്ടായിരുന്നതു പോലെയാക്കുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 19 ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. തിരുവനന്തപുരം സിറ്റി ഡിപ്പോയിൽ നിന്നും 18 - ഉം പാപ്പനംകോട് ഡിപ്പോയിൽ നിന്ന് ഒരു ട്രിപ്പും.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മുമ്പ് ഒരു സർവ്വീസ് രാജീവ്നഗർ എന്നും മറ്റൊന്ന് മേലാറന്നൂർ ഗവൺമെന്റ് ക്വാർട്ടേഴ്സ് എന്നും ആയിരുന്നു. സ്ഥല നാമത്തിൽ മേലാറന്നൂർ ഗവൺമെന്റ് ക്വാർട്ടേഴ്സ് എന്നാണ് ഇപ്പോഴത്തെ ഡെസ്റ്റിനേഷൻ ബോർഡ്.

(ഡി) രാജീവ്നഗർ എന്ന് തിരുവനന്തപുരം നഗരത്തിൽ മറ്റു സ്ഥലങ്ങളും ഉള്ളതിനാൽ യാത്രക്കാർക്ക് ബസ് പോകുന്ന സ്ഥലം മനസ്സിലാക്കാൻ വേണ്ടിയാണ് ഡെസ്റ്റിനേഷൻ ബോർഡിൽ ടി മാറ്റം വരുത്തിയിട്ടുള്ളത്.

(ഇ) ഇല്ല.

(എഫ്) യാത്രക്കാർക്ക് സ്ഥലം വ്യക്തമാക്കുന്നതിനുവേണ്ടിയാണ് കോർപ്പറേഷൻ ഇപ്രകാരം ഡെസ്റ്റിനേഷൻ ബോർഡിൽ മാറ്റം വരുത്തിയത്.

(ജി) ഉണ്ട്.

(എച്ച്) ഗവൺമെന്റ് ക്വാർട്ടേഴ്സ് കോമ്പൗണ്ടിൽ.

(ഐ) പ്രസ്തുത ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്നത് മേലാറന്നൂർ എന്ന സ്ഥലത്താണ്. തൻമൂലം യാത്രക്കാർക്ക് ഇപ്പോഴത്തെ ഡെസ്റ്റിനേഷൻ ബോർഡ് കൂടുതൽ വ്യക്തത നൽകുന്നതാണ്.

(ജെ) യാത്രക്കാർക്ക് കൂടുതൽ വ്യക്തത കിട്ടാൻ വേണ്ടി ഡെസ്റ്റിനേഷൻ ബോർഡിൽ വരുത്തിയ മാറ്റം വ്യത്യാസപ്പെടുത്തുന്നത് ശരിയായ നടപടിയായിരിക്കുമെന്നു കരുതുന്നില്ല.

## രാജീവ് നഗറിലേക്കുള്ള സിറ്റി ബസിന്റെ ഡെസ്റ്റിനേഷൻ ബോർഡിൽ വന്ന മാറ്റം

67 (3599) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം രാജീവ് നഗർ ഗവൺമെന്റ് ക്വാർട്ടേഴ്സിലേക്ക് വരുന്നതും അതുവഴി പോകുന്നതുമായ കെ. എസ്. ആർ. ടി. സി. സിറ്റി ബസുകൾക്ക് 2000 ജനുവരി 27 മുതൽ ഡെസ്റ്റിനേഷൻ ബോർഡിൽ മാറ്റം വരുത്തിയതുമൂലം യാത്രക്കാർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളെ സംബന്ധിച്ച് ആരിൽ നിന്നെല്ലാം പരാതി കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഡെസ്റ്റിനേഷൻ ബോർഡിൽ പ്രസ്തുതമാറ്റം വരുത്തുവാൻ കെ. എസ്. ആർ. ടി. സി – യിൽ നിന്നും ബന്ധപ്പെട്ട ഡിപ്പോകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ ;

(സി) ഇല്ലെങ്കിൽ ഡെസ്റ്റിനേഷൻ ബോർഡിൽ മാറ്റം വരുത്തിച്ചവർക്കെതിരെ നടപടികൾ കൈക്കൊള്ളുമോ ;

(ഡി) യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ഡെസ്റ്റിനേഷൻ ബോർഡ് 2000 ജനുവരി 27-നു മുമ്പ് ഉണ്ടായിരുന്നതുപോലെ പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) രാജീവ്നഗർ റസിഡന്റ്സ് അസോസിയേഷന്റെ സെക്രട്ടറിയുടെ പരാതി ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. രാജീവ് നഗർ എന്ന് തിരുവനന്തപുരം നഗരത്തിൽ മറ്റു സ്ഥലങ്ങളും ഉള്ളതിനാൽ യാത്രക്കാരിൽ നിന്നും ലഭിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ, ബസ് പോകുന്ന സ്ഥലം വ്യക്തമാക്കുന്നതിനു വേണ്ടിയാണ് മേലാറന്നൂർ ഗവൺമെന്റ് ക്വാർട്ടേഴ്സ് എന്ന് ഡെസ്റ്റിനേഷൻ ബോർഡിൽ മാറ്റം വരുത്തിയത്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഗവൺമെന്റ് ക്വാർട്ടേഴ്സിലേക്കുള്ള ബസുകൾ യാത്രക്കാർക്ക് വ്യക്തമാക്കുന്നതിനുവേണ്ടിയാണ് ഡെസ്റ്റിനേഷൻ ബോർഡിൽ മാറ്റം വരുത്തിയത്. ആയതിനാൽ മുമ്പുണ്ടായിരുന്നതു പോലെ പുനഃസ്ഥാപിക്കുന്നത് ശരിയായ നടപടിയാണെന്ന് കരുതുന്നില്ല.

**കോഴിക്കോട് നിന്ന് രാത്രി 10 മണിക്കുശേഷമുള്ള ബസ് സർവ്വീസുകൾ**

68 (3600) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാത്രി 10 മണിക്കുശേഷം കോഴിക്കോട് നിന്ന് കണ്ണൂർ, പയ്യന്നൂർ, കാസർഗോഡ്, മംഗലാപുരം ഭാഗത്തേക്ക് എത്ര കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസുകൾ നിലവിലുണ്ട്.

(ബി) പ്രസ്തുത റൂട്ടിൽ 1995-നു മുമ്പ് നിത്യേന എത്ര രൂപ കളക്ഷൻ ഉണ്ടായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(സി) കൂടുതൽ വരുമാനമുണ്ടായിരുന്ന പ്രസ്തുത റൂട്ടുകളിൽ സർവ്വീസ് പുനഃസ്ഥാപിക്കാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) രാത്രി 10 മണിക്കും രാവിലെ 5 മണിക്കും ഇടയിൽ പത്ത് കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ നിലവിലുണ്ട്.

(ബി) വിവരം ശേഖരിച്ച് മറുപടി സമർപ്പിക്കുന്നതാണ്.

(സി) ബസുകൾ കൂടുതൽ ലഭ്യമാക്കാനാകുന്നതോടെ വരുമാനം കൂടുതൽ ലഭിക്കുന്ന റൂട്ടുകൾക്ക് മുൻഗണന നൽകി സർവ്വീസ് നടത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

**മാള കെ. എസ്. ആർ. ടി. സി. ഡിപ്പോയിലെ ഷെഡ്യൂളുകൾ**

69 (3601) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് മാള കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിന്നും എത്ര ഷെഡ്യൂളുകൾ വെട്ടിക്കുറച്ചു ;

(ബി) വെട്ടിക്കുറച്ച ദീർഘദൂര സർവ്വീസുകൾ എത്ര ;

(സി) വെട്ടിക്കുറച്ച ദീർഘദൂര സർവ്വീസുകൾ പുനഃസ്ഥാപിക്കാമോ ;

(ഡി) പ്രസ്തുത സർവ്വീസുകൾ നിർത്തലാക്കാനുള്ള കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സർവ്വീസുകൾ ഒന്നും വെട്ടിക്കുറച്ചിട്ടില്ല.

(ബി,സി&ഡി) ചോദ്യം ഉദിക്കുന്നില്ല.

**കെ. എസ്. ആർ. ടി. സി. ബസ് സർവീസ് പുനഃസ്ഥാപിക്കാൻ നടപടി**

70 (3602) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ അനുവദിച്ചിരുന്ന നാല് കെ. എസ്. ആർ. ടി. സി. ബസുകളിൽ ഒരു ബസ് മാത്രമേ ഇപ്പോൾ സർവ്വീസ് നടത്തുന്നുള്ളു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മറ്റ് ബസുകളുടെ സർവ്വീസ് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബസുകളുടെ കുറവ് പരിഹരിക്കപ്പെടുന്നതനുസരിച്ച് മറ്റ് സർവ്വീസുകൾ പുനഃസ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**തിരുവനന്തപുരം നഗരത്തിലെ മെട്രോ സർവ്വീസ്**

71 (3603) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ വാർഷികം പ്രമാണിച്ച് തിരുവനന്തപുരം നഗരത്തിൽ കെ. എസ്. ആർ. ടി. സി മെട്രോ സർവ്വീസ് ആരംഭിച്ചിട്ടുണ്ടോ ;

(ബി) എത്ര സർവ്വീസുകളാണ് ആരംഭിച്ചത് ;

(സി) ഇതിൽ എത്ര സർവ്വീസുകൾ ഇപ്പോൾ നിലവിലുണ്ട് ;

(ഡി) മെട്രോ സർവ്വീസുകൾ കൂടുതലായി ആരംഭിക്കാൻ ഉദ്ദേശമുണ്ടോ ;

(ഇ) പ്രസ്തുത സർവ്വീസുകൾ നിർത്തലാക്കിയെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മെട്രോ സർവ്വീസുകൾ ആരംഭിച്ചിരുന്നു.

(ബി) രണ്ടു സർവ്വീസുകളാണ് ആരംഭിച്ചത്.

(സി) ഇപ്പോൾ ഒന്നും തന്നെ നിലവിലില്ല.

(ഡി) ഇല്ല.

(ഇ) വരുമാനം കുറവായതിനാലാണ് നിർത്തലാക്കിയത്.

**റാന്നി താലൂക്കിലേക്കുള്ള കെ. എസ്. ആർ. ടി. സി. സർവ്വീസ് പുനരാരംഭിക്കൽ**

72 (3604) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ നിന്നും റാന്നി താലൂക്കിലേയ്ക്ക് എത്ര ബസ് സർവ്വീസുകളാണുള്ളത് ;

(ബി) 2000 ഫെബ്രുവരി മാസത്തിലും മാർച്ച് 5-ാം തീയതിവരെയുള്ള ദിവസങ്ങളും ഇതിൽ ഓരോ ബസും എത്ര ദിവസം വീതം സർവ്വീസ് നടത്തിയിട്ടുണ്ട് ;

(സി) ഇടയ്ക്കിടെ മാത്രം സർവ്വീസ് നടത്തുന്നതു കൊണ്ട് കളക്ഷൻ കുറഞ്ഞു എന്ന കാരണത്താൽ സർവ്വീസുകൾ റദ്ദാക്കാൻ ചില ഉദ്യോഗസ്ഥർ നീക്കം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) റാന്നി സെക്ടറിൽ കെ. എസ്. ആർ. ടി. സി. സർവ്വീസ് നടത്തുന്ന റൂട്ടുകൾ മറ്റു സ്വകാര്യ ബസുകൾപോലും ഇല്ലാത്തതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇങ്ങനെ കെ. എസ്. ആർ. ടി. സി. ബസുകൾ മാത്രം സർവ്വീസ് നടത്തുന്ന റാന്നി സെക്ടറിലേയ്ക്ക് ബസ് അനുവദിക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(എഫ്) സർവ്വീസുകൾ റദ്ദാക്കാൻ ആരെങ്കിലും മുൻകൈ എടുക്കുന്നുണ്ടോ ;

(ജി) സ്ഥിരമായി ഓടിക്കുന്ന ബസുകൾ റണ്ണിംഗ് കണ്ടീഷനിലായിട്ടും ഈ റൂട്ടുകളിലേക്ക് സർവ്വീസ് വിടാതിരുന്ന സംഭവം ഉണ്ടായിട്ടുണ്ടോ ;

(എച്ച്) റാന്നി സെക്ടറിലേയ്ക്ക് സർവ്വീസ് റദ്ദാക്കുന്ന സംഭവത്തെപ്പറ്റി അന്വേഷണം നടത്തുമോ ?

ഉത്തരം

(എ) 14 സർവ്വീസുകൾ

(ബി) 06.00 മണി എറണാകുളം (ഫാസ്റ്റ് പാസഞ്ചർ) 25 ദിവസം.



LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| 06.20 മണി വയ്യാറ്റുപുഴ | 33 ദിവസം |
| 06.00 മണി പരുവ | 33 ദിവസം |
| 10.45 മണി കോട്ടയം | 32 ദിവസം |
| 10.05 മണി അങ്കമാലി | 34 ദിവസം |
| 10.20 മണി വെച്ചൂച്ചിറ | 30 ദിവസം |
| 10.40 മണി ബീമ്മയോട് | 27 ദിവസം |
| 06.30 മണി ആങ്ങമൂഴി | 20 ദിവസം |
| 06.35 മണി റാന്നി | 32 ദിവസം |
| 05.45 മണി പെരുംതേനരുവി | 33 ദിവസം |
| 06.00 മണി കഞ്ഞസമൻ | 22 ദിവസം |
| 06.30 മണി റാന്നി | 33 ദിവസം |
| 13.00 മണി റാന്നി | 30 ദിവസം |
| 05.40 മണി മോതിരവയൽ | 17 ദിവസം |

(സി) ബസിന്റെയും ജീവനക്കാരുടെയും ദൗർലഭ്യംമൂലം ചില ദിവസങ്ങളിൽ വരുമാനം കുറവുള്ള ചില സർവ്വീസുകൾ റദ്ദാക്കേണ്ടിവരാറുണ്ട്.

(ഡി) മിക്ക റൂട്ടുകളിലും സ്വകാര്യ ബസുകൾ സർവ്വീസ് നടത്തുന്നുണ്ട്.

(ഇ) ബസിന്റെയും ജീവനക്കാരുടെയും ദൗർലഭ്യം പരിഹരിക്കുന്നതോടെ ഇത്തരം റൂട്ടുകളിൽ കൃത്യമായി സർവ്വീസ് നടത്താൻ കഴിയും.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) ചില പ്രത്യേക സാഹചര്യങ്ങളിൽ ബസിന്റെ കുറവ് നിമിത്തം റൂട്ടു മാറ്റി അയയ്ക്കേണ്ടി വരുന്നുണ്ട്.

(എച്ച്) വ്യക്തമായ പരാതിയിന്മേൽ അന്വേഷണം നടത്താൻ നിർദ്ദേശിച്ചിട്ടുണ്ട്.

**ആതിരപ്പിള്ളിയിലേക്ക് കെ. എസ്. ആർ. ടി. സി.**
**ബസ് സർവ്വീസ് തുടങ്ങാൻ നടപടി**

73 (3605) <u>പ്രൊഫ. സാവിത്രി ലക്ഷ്മണൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര കേന്ദ്രമായ ആതിരപ്പിള്ളിയിലേക്ക് തിരുവനന്തപുരത്തുനിന്നും ആലപ്പുഴ-എറണാകുളം-ചാലക്കുടി വഴി കെ. എസ്.ആർ. ടി.സി. ഒരു ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ ബസ് സർവ്വീസ് ആരംഭിക്കുമോ ;

(ബി) മേൽപറഞ്ഞ സർവ്വീസ് എത്രയും പെട്ടെന്ന് തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) പ്രസ്തുത സർവ്വീസ് എന്നുമുതൽ തുടങ്ങാൻ സാധിക്കുമെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ധാരാളം ബസുകൾ ഈ റൂട്ടിലൂടെ ചാലക്കുടി വരെ സർവ്വീസ് നടത്തുന്നതു കൊണ്ടും ബസുകളുടെ ദൗർലഭ്യം നിമിത്തവും ഈ സർവ്വീസ് ആരംഭിക്കാൻ നിർവ്വാഹമില്ല.

(ബി&സി) ബസുകളുടെ ദൗർലഭ്യം പരിഹരിക്കപ്പെടുന്ന മുറയ്ക്ക് ഈ സർവ്വീസിനുള്ള സാദ്ധ്യത പരിശോധിക്കുന്നതാണ്.

**വാഹനനിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ആവശ്യമായ ജീവനക്കാർ ഇല്ല എന്ന പരാതി**

**74 (3606)** ശ്രീമതി കെ. ആർ ഗൗരിയമ്മ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹനനിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ആവശ്യമായ ജീവനക്കാർ മോട്ടോർ വാഹനവകുപ്പിൽ ഇല്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനും വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനും ജീവനക്കാരുടെ കുറവുമൂലം കാലതാമസമുണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതുകൊണ്ട് വാഹന നികുതി പൂർണ്ണമായി പിരിച്ചെടുക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടോ ;

(ഡി) വാഹന വകുപ്പിൽ ഒഴിവുള്ള അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെ പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമിച്ച് വാഹന വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) 1999-2000 വർഷത്തേക്ക് വാഹനവകുപ്പിൽ നിന്നും ലക്ഷ്യമിട്ട 431 കോടി രൂപയുടെ വരുമാനത്തിൽ ഫെബ്രുവരി അവസാനം വരെ എന്തു തുക ലഭിച്ചിട്ടുണ്ട് ;

(എഫ്) സി.എ.ജി. റിപ്പോർട്ടിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ എൻഫോഴ്സ്മെന്റ് സ്ക്വാഡ് ഇല്ലാത്തതാണ് നികുതി പിരിച്ചെടുക്കാൻ കഴിയാത്തതിന്റെ കാരണമെന്ന് പറഞ്ഞിട്ടുണ്ടോ ;

(ജി) വാഹന വകുപ്പിലെ നികുതി പിരിവുമായി ബന്ധപ്പെട്ട എന്തെങ്കിലും പരാമർശം സി. എ. ജി. യുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. മോട്ടോർ വാഹന വകുപ്പിൽ സമഗ്രമായ വർക്ക്സ്റ്റഡി നടത്താൻ ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ടി റിപ്പോർട്ട് കിട്ടിയാൽ ആയത് പരിശോധിച്ചതിനുശേഷം വ്യക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) എ. എം. വി. ഐ. തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനത്തിനായി പി. എസ്. സി. യെ അറിയിച്ചിട്ടുണ്ട്.

(ഇ) 350.73 കോടി രൂപ ഫെബ്രുവരി 2000 വരെ പിരിഞ്ഞു കിട്ടിയിട്ടുണ്ട്.

(എഫ്) ഇല്ല. എന്നാൽ സി. എ. ജി. റിപ്പോർട്ടിൽ ഫീൽഡ് ചെക്കിംഗിന്റെ അപര്യാപ്തതയെക്കുറിച്ചും പരാമർശമുണ്ട്..

(ജി) 1998-ലെ സി. ആന്റ് എ. ജി. റിപ്പോർട്ടിൽ വാഹന നികുതി പിരിവിനെ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ നടത്തിയ റിവ്യൂ റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ വാഹന നികുതി പിരിച്ചെടുക്കാൻ ആവശ്യമായ നടപടികൾ കൃത്യമായി നടക്കുന്നില്ലെന്ന് പരാമർശിച്ചിട്ടുണ്ട്.

### മോട്ടോർ വാഹന വകുപ്പിലെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലേക്ക് ആശ്രിത നിയമനം

75 (3607) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹനവകുപ്പിലെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലേക്ക് മറ്റ് ഡിപ്പാർട്ടുമെന്റിൽ ജോലി ചെയ്യവെ മരിച്ചു പോയവരുടെ ആശ്രിതർക്ക് ഇപ്പോൾ നിയമനം നൽകുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ അവസാനം ഇത്തരത്തിൽ നിയമനം നൽകിയത് ഏതു വർഷമാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഡൈ-ഇൻ-ഹാർനസ്സ് വഴി ഈ വകുപ്പിൽ ഇതുവരെ എത്രപേരെ പ്രസ്തുത തസ്തികകളിൽ നിയമിച്ചിട്ടുണ്ട് ;

(ഡി) മോട്ടോർ വാഹന വകുപ്പിലേയ്ക്ക് ഇന്റർ ഡിപ്പാർട്ടുമെന്റ് ട്രാൻസ്ഫർ നൽകാറുണ്ടോ ;

(ഇ) മോട്ടോർ വാഹനവകുപ്പിൽ 1975 നുശേഷം പി. എസ്. സി മുഖേന എത്ര എ. എം. വി. ഐ. മാരെ നിയമിച്ചിട്ടുണ്ട് ;

(എഫ്) മോട്ടോർ വാഹനവകുപ്പിൽ 1975 നുശേഷം സാങ്കേതിക വൈദഗ്ധ്യം നേടിയ എത്ര ക്ലാർക്കുമാർക്ക് എ. എം. വി. ഐ. ആയി പ്രൊമോഷൻ നൽകിയിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) 1998-ൽ ആണ് അവസാനമായി മറ്റ് ഡിപ്പാർട്ട്മെന്റിൽ ജോലി ചെയ്യവെ മരിച്ചു പോയവരുടെ ആശ്രിതർക്ക് എ. എം. വി. ഐ. തസ്തികയിൽ ജോലി നൽകിയത്.

(സി) 1-1-1990-ന് ശേഷം 10 പേരെ നിയമിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ നൽകാറില്ല.

(ഇ) 1-1-1990-ന് ശേഷം 138 പേരെ നിയമിച്ചിട്ടുണ്ട്. (1975 മുതൽ 31-12-1989 വരെയുള്ള കാലഘട്ടത്തിലെ വിവരം പിന്നീട് അറിയിക്കുന്നതാണ്.)

(എഫ്) 1-1-1990-ന് ശേഷം 20 പേർക്ക് എ. എം. വി. ഐ. ആയി തസ്തിക മാറ്റം നടത്തിയിട്ടുണ്ട്. (1975 മുതൽ 1999 വരെയുള്ള കാലഘട്ടത്തിലെ നിയമനങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.)

**മോട്ടോർവാഹനവകുപ്പിലെ സർവ്വീസ് മെച്ചപ്പെടുത്താൻ നടപടി**

76 (3608) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ആവശ്യങ്ങൾക്കുവേണ്ടി മോട്ടോർ വാഹന വകുപ്പ് ഓഫീസുകളിൽ എത്തുന്നവർ നേരിടുന്ന പ്രയാസം ലഘൂകരിക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(ബി) അവ കൃത്യമായി പാലിക്കുന്നുണ്ടെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഡി) മോട്ടോർ വാഹന വകുപ്പിൽ വിവിധതരം സർവ്വീസുകൾക്കുള്ള ഫീസ് പുതുക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ഇ) മുൻനിരക്കുമായി താരതമ്യം ചെയ്താൽ എത്രശതമാനം വർദ്ധനവാണ് വന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മോട്ടോർ വാഹന വകുപ്പിൽ വിവിധ ആവശ്യങ്ങൾക്കായി വരുന്ന പൊതുജനങ്ങളുടെ സൗകര്യാർത്ഥം ടാക്സും ഫീസും സ്വീകരിക്കുന്ന ഗുമസ്തനു തന്നെ ഇവ ഒപ്പിട്ടു നൽകുവാനുള്ള അധികാരം കൊടുത്തിട്ടുണ്ട്. ഈ നടപടി കൊണ്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിഞ്ഞു. മോട്ടോർ വാഹന വകുപ്പിന്റെ വിവിധ ഓഫീസുകളിൽ നൽകുന്ന അപേക്ഷകൾക്ക് രസീത് നൽകാൻ തീരുമാനിച്ചതുകാരണം പൊതുജനങ്ങൾക്ക് വീണ്ടും ഓഫീസുമായി ബന്ധപ്പെടാൻ കൂടുതൽ സൗകര്യം ലഭിച്ചു. ഇതിനുപരിയായി ഓഫീസുമായി ബന്ധപ്പെടുന്ന പൊതുജനങ്ങൾക്ക്

ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുവാനായി എൻക്വയറി കൗണ്ടറിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) മോട്ടോർ വാഹന വകുപ്പിൽ ഏർപ്പെടുത്തിയിട്ടുള്ള പുതിയ പരിഷ്കാരങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ വകുപ്പിലെ മേലുദ്യോഗസ്ഥർ മിന്നൽ പരിശോധന നടത്തി വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

(ഡി) ഉണ്ട്. വിവിധതരം സർവ്വീസുകൾക്കുള്ള ഫീസ് പുതുക്കുവാൻ സർക്കാർ കേരള മോട്ടോർ വാഹന ചട്ടം 164-ൽ ഭേദഗതി വരുത്തി കരടു വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) മുൻ നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ 200 മുതൽ 571% വരെ വർദ്ധന ഉണ്ടായിട്ടുണ്ട്.

## ജലഗതാഗത വികസനം

77 (3609) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് :
ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലഗതാഗതം വികസിപ്പിക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ബോട്ടുജെട്ടികളുടെ നവീകരണത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിച്ചു നടപ്പാക്കിയിട്ടുള്ളതെന്നറിയിക്കുമോ ?

## ഉത്തരം

(എ) പശ്ചിമ തീരകനാലിൽ ഉൾപ്പെടുന്ന ടി.എസ്.കനാലിന്റെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗവും ഉപകനാലുകളായ ചമ്പക്കര കനാലും ഉദ്യോഗമണ്ഡൽ കനാലും ദേശീയജലപാത-3 ആയി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ഭാഗത്തു വരുന്ന എല്ലാ വികസന നവീകരണ പ്രവർത്തനങ്ങളും കേന്ദ്രസർക്കാരിന്റെ സ്റ്റാറ്റ്യൂട്ടറിയായ ഇൻലാന്റ് വാട്ടർ വെബ്സ് അതോറിട്ടി ഓഫ് ഇന്ത്യ വഴിയാണ് നടത്തി വരുന്നത്. ഈ ജലപാതയുടെ ആഴവും വീതിയും കൂട്ടുക, ജലഗതാഗത ടെർമിനലുകൾ നിർമ്മിക്കുക, ലോക്കുകളുടെ നിർമ്മാണം പുനരുദ്ധാരണം മുതലായ ജോലികൾ ധ്രുതഗതിയിൽ നടന്നു വരികയാണ്. കൂടാതെ ജലപാതകളുടെ പുനരുദ്ധാരണത്തിനായി താഴെപറയുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുകയാണ്.

1. കൊറ്റി-കോട്ടപ്പുറം-വളപട്ടണം പറശ്ശിനിക്കടവ് റൂട്ടിൽ ഗതാഗതം സുഗമമാക്കുന്നതിനായി 13 കോടി രൂപയുടെ എസ്റ്റിമേറ്റിൽ ഡ്രഡ്ജിംഗ്, പാർശ്വഭിത്തി നിർമ്മാണം, പാലങ്ങളുടെയും ജെട്ടികളുടെയും നിർമ്മാണം എന്നിവ ഉൾപ്പെടെ നവീകരണ ജോലികൾ പൂർത്തിയായി വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

2. ടി. എസ്. കനാലിൽ കോവളം മുതൽ കൊല്ലം വരെയുള്ള ഭാഗത്ത് തോടു ഗതാഗതം സുഗമമാക്കുന്നതിനും തദ്വാര ടൂറിസം വികസിപ്പിക്കുന്നതിനുമായി ഏകദേശം 40 (നാൽപ്പത്) കോടിരൂപ എസ്റ്റിമേറ്റ് പ്രതീക്ഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ അടുത്ത സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കത്തക്ക വിധത്തിൽ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു.

3. ആലപ്പുഴ കനാൽ നവീകരിക്കുന്നതിനും മാലിന്യങ്ങൾ നീക്കി വൃത്തിയാക്കുന്നതിനുമായി വിവിധ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ട് ഒരു പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

4. കൂടാതെ, ആലപ്പുഴ-കോട്ടയം, കോട്ടയം-വൈക്കം, ആലപ്പുഴ-ചങ്ങനാശ്ശേരി ജലപാതകൾ വികസിപ്പിക്കുന്നതിന് നാഷണൽ ഹൈവേ പ്രോജക്ടിൽ കൂടി ഉൾപ്പെടുത്തി ലോകബാങ്കിന്റെ സഹായം തേടുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.

5. കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിന് താഴെക്കാണിച്ചിരിക്കുന്ന ജലപാതകളുടെ വികസനത്തിനുള്ള പ്രോജക്ട് റിപ്പോർട്ടുകൾ ഉപരിതല ഗതാഗത മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്. ബേസ്പൂർ-കല്ലായി കനാൽ - 1080 ലക്ഷം രൂപ, മാഹി-വളപട്ടണം കനാൽ - 150 കോടി രൂപ, വടകര-മാഹി കനാൽ -1692 ലക്ഷം രൂപ, കൂടാതെ, കൊറ്റി-കോട്ടപ്പുറം കനാലിന്റെ വികസനത്തിന് 321.21 ലക്ഷം രൂപ ചെലവുവരുന്ന ഒരു പദ്ധതിക്ക് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുകയും പണികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കേരളത്തിലെ 379 ബോട്ടുജെട്ടികളുടെ നവീകരണത്തിനായുള്ള ഒരു പദ്ധതി കേന്ദ്രസഹായത്തോടെ നടപ്പിലാക്കി വരികയാണ്. ഇവയിൽ, 292 ജെട്ടികളുടെ പണി പൂർത്തിയായിട്ടുണ്ട്. കൂടാതെ, കേരളത്തിലെ 141 ജെട്ടികളുടെയും 13 ലാന്റിംഗ് സ്ഥലങ്ങളുടെയും നവീകരണത്തിനായുള്ള ഏകദേശം 1,000 ലക്ഷം രൂപ മറിച്ച് ചെലവ് പ്രതീക്ഷിക്കുന്ന പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ സഹായത്തിനായി സമർപ്പിക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

## ആവശ്യത്തിന് ബോട്ടുകൾ ഇല്ലെന്നുള്ള പരാതി

78 (3610) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി ബോട്ട് ജട്ടിയിൽ ആവശ്യത്തിന് ബോട്ടുകൾ ഇല്ലെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പ്രശ്നം പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(സി) കിടങ്ങറ തോട്ടിൽ നിർമ്മിച്ചിരിക്കുന്ന പൊക്കം കുറഞ്ഞ പാലത്തിന്റെ താഴെകൂടെ പോകുവാൻ അനുയോജ്യമായ ബോട്ടുകൾ ചങ്ങനാശ്ശേരി / ബോട്ട് ജട്ടിയിലേക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

(സി) പൊക്കം കുറഞ്ഞ പാലത്തിനടിയിൽ കൂടി കടന്നുപോകത്തക്കവിധം ചുക്കായക്കൂട് താഴ്ത്തി എ-10 -ാം നമ്പർ ബോട്ട് പണിതീർത്ത് ചങ്ങനാശ്ശേരി സ്റ്റേഷന് നൽകിയിട്ടുണ്ട്. മറ്റൊരു ബോട്ടിന്റെ കൂടി ചുക്കായക്കൂട് താഴ്ത്തി പണി പൂർത്തിയാക്കി അധികം താമസിയാതെ സർവ്വീസിന് നൽകുന്നതാണ്.

**റയിൽവേ റസിഡന്റ് കമ്മീഷണറെ നിയമിക്കണമെന്ന ആവശ്യം**

79 (3611) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എ. കെ. മണി :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ റയിൽവേ പദ്ധതികളും പ്രവർത്തനങ്ങളും സംബന്ധിച്ച് മന്ത്രാലയവും സംസ്ഥാന സർക്കാരുമായുള്ള ഏകോപനത്തിന് റയിൽവേ റസിഡന്റ് കമ്മീഷണറെ തിരുവനന്തപുരത്ത് നിയമിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ,ബി&സി) 2000-2001 വർഷത്തേക്കുള്ള റയിൽവേ ബഡ്ജറ്റിൽ കേരളത്തോട് കാണിച്ച കടുത്ത അവഗണനയ്ക്കെതിരെ വ്യാപകമായ പ്രതിഷേധം ഉണ്ടായതിനെ തുടർന്ന് റയിൽവേ മന്ത്രി റസിഡന്റ് കമ്മീഷണറുടെ നിയമനം സംബന്ധിച്ച് പ്രഖ്യാപനം നടത്തിയതായി വിവരം ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

**മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം**

80 (3612) ശ്രീ. എളമരം കരീം :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടോ ;

(സി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സംഘടനകളുമായി ചർച്ച ചെയ്ത് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) വാഹന നികുതി അടയ്ക്കുന്നതിനും ആർ. ടി. ഓഫീസുകളിൽ കൂടുതൽ കൗണ്ടറുകൾ ആരംഭിക്കുമോ ;

(ഇ) സെക്രട്ടേറിയറ്റ്, വികാസ്ഭവൻ, സിവിൽസ്റ്റേഷൻ തുടങ്ങിയ സ്ഥലങ്ങളിൽ പ്രത്യേക കൗണ്ടറുകൾ ആരംഭിക്കുമോ ;

(എഫ്) ആർ. ടി. ഓഫീസുകളിൽ ഏജന്റുമാരുടെ കടന്നുകയറ്റം പൂർണ്ണമായും നിരോധിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ആർ. ടി. ഓഫീസുകളുമായി നേരിട്ട് ബന്ധപ്പെടുന്ന പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി കൗണ്ടർ സംവിധാനം കാര്യക്ഷമമാക്കി. ഓഫീസിൽ നൽകുന്ന എല്ലാ അപേക്ഷകൾക്കും രസീത് നൽകുന്ന സമ്പ്രദായം നടപ്പിലാക്കി. ലൈസൻസ് ടെസ്റ്റിനു വിളിക്കുന്നതിനുള്ള അപേക്ഷയും എസ്. റ്റി. എ യിൽ നിന്നും ലഭിക്കേണ്ട സർവ്വീസുകൾക്കുള്ള അപേക്ഷകളും തപാലിൽ അയയ്ക്കണമെന്ന് നിഷ്കർഷിച്ചു. ഡ്രൈവിംഗ് ലൈസൻസിനുള്ള ലേണേഴ്സ് ടെസ്റ്റ് എഴുത്തു പരീക്ഷയാക്കി. ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിന് രണ്ട് ഉദ്യോഗസ്ഥന്മാർ ചേർന്ന ഒരു ടീമായിരിക്കണമെന്ന് നിഷ്കർഷിച്ചു. ഈ ടെസ്റ്റിന് ഒരു മാർഗനിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചു. സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ് നൽകുന്നു, അത് രണ്ട് ഉദ്യോഗസ്ഥന്മാർ ചേർന്ന ഒരു ടീമാകണമെന്നും ഇരുപത് വർഷംവരെ പഴക്കമുള്ള വാഹനങ്ങൾ ഒരു എം. വി. ഐ. യും ഒരു എ. എം. വി. ഐ. യും ചേർന്നു നടത്തണമെന്നും അതിനു മുകളിൽ പഴക്കമുള്ള വാഹനങ്ങൾ ഒരു ആർ. ടി. ഒ. യും ഒരു ജോയിന്റ് ആർ. ടി. ഒ. യും (ഇതിൽ ഒരാൾ സാങ്കേതിക പരിജ്ഞാനം ലഭിച്ച ആളായിരിക്കണം) ചേർന്ന് നടത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനു പുറമേ വാഹനങ്ങളുടെ നികുതി അടയ്ക്കുന്നതിനും വിവിധ ആവശ്യങ്ങൾക്കുള്ള ഫീസ് അടയ്ക്കുന്നതിനും നേരിട്ടുകൊണ്ടിരിക്കുന്ന കാലതാമസം ഒഴിവാക്കുന്നതിനായി അവ സ്വീകരിക്കുന്ന ഗുമസ്തനു തന്നെ ഒപ്പിട്ട് നൽകുവാനുള്ള അധികാരം നൽകി. ഏജന്റുമാരേയും ഇടനിലക്കാരേയും ഓഫീസ് പ്രവർത്തനങ്ങളിൽ നിന്നും പൂർണ്ണമായി ഒഴിവാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുജനങ്ങളുടെ സൗകര്യാർത്ഥം എൻക്വയറി കൗണ്ടറിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി. മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം കുറ്റമറ്റതാക്കി തീർക്കാൻ വിപുലമായ ഒരു കമ്പ്യൂട്ടർവൽക്കരണ പദ്ധതിക്ക് രൂപം കൊടുത്ത് നടപ്പിലാക്കി വരുന്നു.

(ബി) ഉണ്ട്. വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ തലത്തിൽ രൂപം കൊടുത്തിട്ടുള്ള പ്രധാന നിർദ്ദേശം ആർ. ടി. ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണമാണ്.



LIBRARY ARCHIVES Kerala Legislative Assembly

(സി) വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ആരംഭിക്കുന്നതാണ്.

(ഇ) സെക്രട്ടേറിയറ്റിൽ ഇപ്പോൾ തന്നെ ടാക്സ് അടയ്ക്കുന്നതിനായി ഗ്രേസ്സ് പീരിയഡിൽ ഒരു ദിവസം പ്രത്യേക കൗണ്ടർ പ്രവർത്തിക്കുന്നുണ്ട്. ജീവനക്കാരുടെ കുറവും മറ്റു സൗകര്യങ്ങളുടെ അപര്യാപ്തതയും കാരണം വികാസ് ഭവൻ, കളക്ടറേറ്റ് എന്നിവിടങ്ങളിൽ പ്രത്യേക കൗണ്ടറുകൾ തുടങ്ങാൻ തൽക്കാലം നിവൃത്തിയില്ല.

(എഫ്) ആർ. ടി. ഓഫീസുകളിൽ നിന്നും ഏജന്റുമാരെ പൂർണ്ണമായും ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥൻമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവ കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ ഉന്നത ഉദ്യോഗസ്ഥർ പരിശോധന നടത്താറുണ്ട്.

## II ചരമോപചാരം

### ബി. രാച്ചയ്യ, തച്ചടി പ്രഭാകരൻ, കെ. കെ. കുമാരപിള്ള, എം. പി. എം. ജാഫർഖാൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച്

മി. സ്പീക്കർ : ഓർഡർ, ഓർഡർ

മുൻ കേരള ഗവർണർ ബി. രാച്ചയ്യ അടുത്തകാലത്ത് നിര്യാതനായി. 1922-ൽ മൈസൂർ ജില്ലയിലെ ആലൂർ ഗ്രാമത്തിലാണ് ബി.രാച്ചയ്യ ജനിച്ചത്.
9.30 A.M.] നിയമബിരുദം സമ്പാദിച്ചശേഷം അദ്ദേഹം സജീവ രാഷ്ട്രീയത്തിൽ പ്രവേശിച്ചു. കർണാടക നിയമസഭയിൽ അംഗമായിരുന്ന രാച്ചയ്യ വിവിധകാലഘട്ടങ്ങളിലായി, ബി. ഡി. ജട്ടി, നിജലിംഗപ്പ, ദേവരാജ് അരശ്, രാമകൃഷ്ണ ഹെഗ്ഡെ, എസ്. ആർ. ബൊമ്മൈ എന്നിവരുടെ നേതൃത്വത്തിലുള്ള മന്ത്രിസഭകളിൽ അംഗമായിരുന്നു. 1974-77 കാലയളവിൽ രാജ്യസഭാംഗമായും അദ്ദേഹം സേവനമനുഷ്ഠിച്ചു. ചരൺസിംഗിന്റെ നേതൃത്വത്തിലുള്ള കേന്ദ്ര മന്ത്രി സഭയിലും അദ്ദേഹം അംഗമായിരുന്നു. 1990-ൽ ഹിമാചൽ പ്രദേശ് സംസ്ഥാന ഗവർണറായി നിയുക്തനായ രാച്ചയ്യയെ അതേവർഷംതന്നെ കേരള സംസ്ഥാന ഗവർണറായി നിയമിക്കുകയുണ്ടായി. 1995-ൽ തന്റെ ഔദ്യോഗിക കാലാവധി തീരും വരെ കേരള ഗവർണർ പദവിയിൽ തുടരുകയും ചെയ്തു. പ്രസ്തുത കാലയളവിൽ കുറച്ചുകാലം ഗോവാ സംസ്ഥാന ഗവർണറുടെ അധികച്ചുമതല കൂടി അദ്ദേഹം വഹിച്ചു. രാഷ്ട്രീയ, ഭരണരംഗങ്ങളിൽ വ്യത്യസ്ത പദവികൾ വഹിക്കുമ്പോഴും അധഃസ്ഥിത ജനവിഭാഗങ്ങളുടെ മോചനം മുന്നിൽ കണ്ടു കൊണ്ടാണ് അദ്ദേഹം പ്രവർത്തിച്ചത്. കേരള ഗവർണർ എന്ന നിലയിൽ ബി.രാച്ചയ്യ സംസ്ഥാനത്തിന് നൽകിയ വിലപ്പെട്ട സേനവങ്ങൾ കൃതജ്ഞതാപുരസ്സരം ഈ സഭ സ്മരിക്കുന്നു. സന്തപ്ത കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ ഈ സഭ പങ്കുചേരുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## തച്ചടി പ്രഭാകരൻ

പ്രമുഖ കോൺഗ്രസ് നേതാവും മുൻ മന്ത്രിയുമായ തച്ചടി പ്രഭാകരൻ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ മുൻനിരയിലെ പ്രമുഖനായിരുന്നു. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ പൊതുപ്രവർത്തനമാരംഭിച്ച തച്ചടി പ്രഭാകരൻ മാവേലിക്കര, കാർത്തികപ്പള്ളി താലൂക്കുകളിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ സംഘടനാപരമായ വളർച്ചയിൽ മുഖ്യപങ്ക് വഹിക്കുകയുണ്ടായി. ആലപ്പുഴ ഡി. സി. സി. പ്രസിഡന്റ്, കെ. പി. സി. സി. ജനറൽ സെക്രട്ടറി, വൈസ് പ്രസിഡന്റ് എന്നീ പദവികൾ അദ്ദേഹം വഹിച്ചിട്ടുണ്ട്. 1980-ൽ കായംകുളം നിയോജകമണ്ഡലത്തിന്റെ പ്രതിനിധിയായി കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം, 1982-ലും 1991-ലും അതേ മണ്ഡലത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഹ്രസ്വമായ ഒരു കാലയളവിൽ ധനകാര്യമന്ത്രിയായും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ മികച്ച സംഭാവനകൾ നൽകിയിട്ടുള്ള തച്ചടി, ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക്, ആലപ്പുഴ സെൻട്രൽ കയർ മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ എന്നിവയുടെ പ്രസിഡന്റായിരുന്നു. തച്ചടി പ്രഭാകരന്റെ നിര്യാണം നമ്മുടെ പൊതു ജീവിതത്തിലും പ്രത്യേകിച്ച് സഹകരണ മേഖലയിലും വൻനഷ്ടമാണ് വരുത്തിയിട്ടുള്ളത്. സഹകരണമേഖലയ്ക്ക് അദ്ദേഹം നൽകിയിട്ടുള്ള മികവുറ്റ സംഭാവനകൾ എക്കാലവും സ്മരിക്കപ്പെടും.

## കെ. കെ. കുമാരപിള്ള

മുൻ നിയമസഭാംഗവും സ്വാതന്ത്ര്യസമര സേനാനിയുമായിരുന്ന കെ.കെ.കുമാരപിള്ള സ്റ്റേറ്റ് കോൺഗ്രസുമായി ബന്ധപ്പെട്ട പ്രവർത്തനത്തിലൂടെയാണ് പൊതുരംഗത്തേയ്ക്ക് കടന്നുവന്നത്. ക്വിറ്റ് ഇൻഡ്യ സമരത്തിൽ പങ്കെടുത്തതിന് ജയിൽശിക്ഷ അനുഭവിച്ചിട്ടുള്ള അദ്ദേഹം പിൽക്കാലത്ത് ഇടതുപക്ഷ പ്രസ്ഥാനത്തിലേക്ക് ആകൃഷ്ടനാവുകയും വിദ്യാർത്ഥി ഫെഡറേഷന്റെ സെക്രട്ടറി സ്ഥാനം വഹിക്കുകയും ചെയ്തു. കുറച്ചുകാലം കെ. എസ്. പി. യിൽ അംഗമായിരുന്ന കുമാരപിള്ള പിന്നീട് റവല്യൂഷണറി സോഷ്യലിസ്റ്റ് പാർട്ടിയുടെ സ്ഥാപകനേതാക്കളിൽ ഒരാളായി മാറി. പന്ത്രണ്ട് വർഷക്കാലം അദ്ദേഹം ആർ. എസ്. പി. സംസ്ഥാന സെക്രട്ടറിയായി പ്രവർത്തിച്ചു. 1952-ൽ കെ. കെ. കുമാരപിള്ള അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽനിന്ന് തിരു-കൊച്ചി നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. കേരള നിയമസഭയിൽ രണ്ടുതവണ അദ്ദേഹം അംഗമായിരുന്നിട്ടുണ്ട്. 1967-ൽ കുട്ടനാട് നിയോജകമണ്ഡലത്തിന്റെയും 1977-ൽ അമ്പലപ്പുഴ നിയോജക മണ്ഡലത്തിന്റെയും പ്രതിനിധിയായിരുന്നു അദ്ദേഹം. ട്രെയിഡ് യൂണിയൻ രംഗത്തും അദ്ദേഹം സജീവമായി പ്രവർത്തിച്ചിട്ടുണ്ട്. കെ. കെ. കുമാരപിള്ളയുടെ നിര്യാണം പുരോഗമനപ്രസ്ഥാനങ്ങൾക്ക് കനത്ത നഷ്ടമാണുണ്ടാക്കിയിരിക്കുന്നത്.

### എം. പി. എം. ജാഫർഖാൻ

മുസ്ലീം ലീഗിന്റെ പ്രമുഖ നേതാവും മുൻ ഡെപ്യൂട്ടി സ്പീക്കറുമായിരുന്നു എം. പി. എം. ജാഫർഖാൻ. കെ. എം. സീതിസാഹിബിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് മുസ്ലീം ലീഗിൽ അംഗത്വം സ്വീകരിച്ച ജാഫർഖാൻ ആ സംഘടനയിൽ നാലു പതിറ്റാണ്ടുകാലം പ്രമുഖമായ സ്ഥാനങ്ങൾ വഹിക്കുകയുണ്ടായി. 1962-ൽ മുസ്ലീംലീഗ് എറണാകുളം ജില്ലാ സെക്രട്ടറിയായി സ്ഥാനമേറ്റ ജാഫർഖാൻ സംസ്ഥാന ഉന്നതാധികാര സമിതി അംഗമായും അഖിലേന്ത്യാ മുസ്ലീംലീഗ് സംസ്ഥാന സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്. 1965-ലും 1967-ലും അദ്ദേഹം മട്ടാഞ്ചേരി നിയോജകമണ്ഡലത്തിൽ നിന്ന് നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1967-70 കാലയളവിൽ ഡെപ്യൂട്ടി സ്പീക്കർ എന്ന നിലയിൽ പ്രശംസനീയമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. പ്രഗത്ഭനായ ഒരു അഭിഭാഷകനായിരുന്നു അദ്ദേഹം. കുറച്ചുകാലം കേരള സർവകലാശാല സിൻഡിക്കേറ്റിൽ അദ്ദേഹം അംഗമായിരുന്നു. പുരോഗമനാശയങ്ങളോട് എപ്പോഴും അദ്ദേഹം ആഭിമുഖ്യം പുലർത്തിയിട്ടുണ്ട്. ന്യൂനപക്ഷ സമുദായങ്ങളുടെ ഉന്നമനത്തിനുവേണ്ടി അദ്ദേഹം അക്ഷീണം പ്രവർത്തിച്ചു. താൻ ഏറ്റെടുക്കുന്ന കാര്യങ്ങൾ നിശ്ചയദാർഢ്യത്തോടെയും അർപ്പണ മനോഭാവത്തോടെയും പൂർത്തീകരിക്കണമെന്ന നിർബന്ധക്കാരനായിരുന്നു അദ്ദേഹം. അടുത്ത കാലത്തായി സജീവ രാഷ്ട്രീയത്തിൽ നിന്ന് വിട്ടുനിൽക്കുകയായിരുന്നുവെങ്കിലും വിദ്യാഭ്യാസ സംബന്ധമായ പ്രവർത്തനങ്ങൾക്കുവേണ്ടി സമയം കണ്ടെത്താൻ അദ്ദേഹത്തിനു കഴിഞ്ഞു. ജാഫർഖാന്റെ വേർപാട് നമ്മുടെ രാഷ്ട്രീയ സാമൂഹ്യ മണ്ഡലങ്ങളിൽ ഉണ്ടാക്കിയിരിക്കുന്ന നഷ്ടം വളരെ വലുതാണ്.

പരേതരോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റു നിൽക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു)

## III അടിയന്തിരപ്രമേയം

### പട്ടം-പ്ലാമൂട്ടിലെ കടകൾ തകർത്തതു സംബന്ധിച്ച്

മി. സ്പീക്കർ : ഇന്നലെ ഒരുകൂട്ടം അക്രമികൾ തിരുവനന്തപുരത്ത് പട്ടം -പ്ലാമൂട് പാലത്തിനുസമീപം കടകൾ തല്ലിത്തകർക്കുകയും നാശനഷ്ടങ്ങൾ വരുത്തുകയും കടയുടമകളെ ആക്രമിക്കുകയും ചെയ്തതിന്റെ ഫലമായി ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം കണക്കിലെടുത്ത് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ പാലോട് രവി, ചെർക്കളം അബ്ദുള്ള, ഉമ്മൻചാണ്ടി, ജോണി നെല്ലൂർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചട്ടം-50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, 28-3-2000 ചൊവ്വാഴ്ച രാത്രി എട്ടു മണിയോടുകൂടി തിരുവനന്തപുരത്തെ പട്ടം-പ്ലാമൂട്ടിൽ ഇരുവിഭാഗങ്ങൾ തമ്മിൽ അടിപിടിയും സംഘട്ടനവും ഉണ്ടായ സംഭവം ഉണ്ടായിട്ടുണ്ട്. അവിടെ

LIBRARY ARCHIVES Kerala Legislative Assembly

കടകൾ നടത്തിവരുന്ന ഹരികുമാർ, കെന്നഡി തുടങ്ങി ആറോളം കടയുടമകൾക്കും അവരുടെ സ്ഥാപനങ്ങൾക്കും സംഘട്ടനത്തിന്റെ ഫലമായി നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. സംഭവത്തിൽ പരിക്കുപറ്റിയ ഹരികുമാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിൽസയിൽ കഴിയുകയാണ്. പരിക്കേറ്റ മറ്റ് ആറുപേരെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രഥമ ശുശ്രൂഷയ്ക്കു ശേഷം വിട്ടയച്ചിട്ടുണ്ട്. ഒരു സംഘം ഡി. വൈ. എഫ്. ഐ. പ്രവർത്തകരാണ് തങ്ങളെ ആക്രമിച്ചതെന്ന് പരിക്കേറ്റവർ മൊഴിനൽകിയിട്ടുണ്ട്. ഡി.വൈ.എഫ്.ഐ. പ്രവർത്തകരായ ദിനേശ്, അജിത് എന്നിവരെ 28-3-2000-വൈകുന്നേരം 5 മണിയോടുകൂടി കെന്നഡിയെന്ന ആൾ നടത്തിവരുന്ന കേരള ഫർണിച്ചർ കടയിൽ തടഞ്ഞുവച്ച് ദേഹോപദ്രവം ഏൽപ്പിച്ച മറ്റൊരു സംഭവവും ഉണ്ടായിട്ടുണ്ട്. ദിനേശ്കുമാറിനേയും അജിത്തിനേയും ദേഹോപദ്രവം ഏൽപ്പിച്ചതിനെ തുടർന്നുള്ള വിരോധമാണ് കടയുടമകൾക്ക് നേരെയുണ്ടായ സംഭവത്തിന് അടിസ്ഥാനം എന്ന് കരുതുന്നു. കടയുടമകളുടെ മൊഴിയുടെ അടിസ്ഥാനത്തിൽ മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം 57/2000 നമ്പരായി ഒരു കേസ് രജിസ്റ്റർചെയ്ത് അന്വേഷണം നടത്തിവരുന്നു. കേസിൽ പ്രതികളായ ആറ് പേരെ ഇന്നലെ രാത്രിതന്നെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. ദിനേശ്കുമാറിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ ക്രൈം 88/2000 നമ്പറായി മ്യൂസിയം പോലീസ് മറ്റൊരു കേസും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. മേൽപ്പറഞ്ഞ സംഭവത്തിൽ ആരുടെയും പരിക്കുകൾ ഗുരുതരമല്ലെന്നാണ് റിപ്പോർട്ട്. സംഭവ സ്ഥലത്ത് ആവശ്യമായ പോലീസ് ബന്തവസ് ഏർപ്പെടുത്തിയിട്ടുണ്ട്. ആറ് പ്രതികളെ ഇതിനകം പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. മറ്റ് പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിതമായ നടപടികൾ സ്വീകരിച്ചുവരുകയാണ്. സ്ഥലത്ത് ഇപ്പോൾ സ്ഥിതിഗതികൾ ശാന്തമാണ്. സഭാ നടപടി നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല.

ശ്രീ. പാലോട് രവി: സർ, അങ്ങേയ്ക്ക് അടിയന്തിര പ്രമേയത്തിനുള്ള നോട്ടീസ് തന്നിരുന്നതിൽ ഡി.വൈ.എഫ്.ഐ.യുടെ ദേശീയ സമ്മേളനത്തിന് പണം പിരിക്കാൻ പോയ പ്രസ്തുത സംഘടനാപ്രവർത്തകർ ആവശ്യപ്പെട്ട തുക സംഭാവന നൽകിയില്ല എന്നതിന്റെ പേരിൽ നടത്തിയ അക്രമത്തെത്തുടർന്നുണ്ടായ സംഘർഷത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് സഭാനടപടികൾ നിറുത്തിവയ്ക്കണ മെന്നാണ് പറഞ്ഞിരുന്നത്. ഈ സഭ ഒന്നടങ്കം എഴുന്നേറ്റ് നിന്ന് പ്രതിഷേധം രേഖപ്പെടുത്തേണ്ടുന്ന, ശക്തമായി അപലപിക്കേണ്ടുന്ന ഒരു സംഭവത്തെക്കുറിച്ച് വളരെ ലാഘവബുദ്ധിയോടുകൂടിയാണ് കേരളത്തിന്റെ മുഖ്യമന്ത്രി സഭയിൽ എഴുന്നേറ്റുനിന്ന് പറഞ്ഞത്. അങ്ങ് ആഭാസന്മാരുടെ കൈയിൽ വളയണിയിക്കുന്നതിൽ ഞങ്ങൾക്ക് പരാതിയില്ല. അങ്ങ് ഈ രാജ്യത്ത് ധാർഷ്ഠ്യത്തോടെ, അഹങ്കാരത്തോടെ അധികാരം കൈയിലെടുത്ത കുറേ ആളുകൾ ഈ തലസ്ഥാന നഗരിയിൽ കഴിഞ്ഞ കുറേ നാളുകളായി നടത്തുന്ന അഴിഞ്ഞാട്ടത്തെ - ആ സംഭവങ്ങളെക്കുറിച്ച്, ഇവിടെ എഴുതിത്തരുന്നത് വായിക്കുന്നതിൽ ഞങ്ങൾക്കാർക്കും പരാതി ഇല്ല. എന്താണ് സർ, ഇവിടെ ഇന്നലെ നടന്നത്? ഇവിടെ നിന്ന് വിളിച്ചാൽ വിളി കേൾക്കുന്ന, തൊട്ടടുത്ത പട്ടം-പ്ലാമൂട്, നിയമസഭ സമ്മേളനം നടന്നുകൊണ്ടിരിക്കുന്ന തിരുവനന്തപുരം നഗരത്തിൽ കഴിഞ്ഞ കുറേ നാളുകളായി ഭരണക്കാരായ സി.പി.ഐ (എം) ഡി.വൈ.എഫ്.ഐ. പ്രവർത്തകർ ഉണ്ടാക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഭീകരവാഴ്ചയുടെ ഏറ്റവും വലിയ മുഖമാണ് ഇന്നലെ പട്ടം-പ്ലാമൂട് ദേശീയ പാതയോരത്ത് കാണാൻ കഴിയുന്നത്. തിരുവനന്തപുരത്ത് നടക്കുന്ന ഡി. വൈ. എഫ്. ഐ. യുടെ ദേശീയ സമ്മേളനത്തിന് ചോദിച്ച പണം സംഭാവന നൽകാൻ കഴിയാത്ത കച്ചവടക്കാരെ ഏതാണ്ട് ഇരുപത്തഞ്ചോളം പേരടങ്ങിയ സംഘം വാൾ, കമ്പിപ്പാര, പിച്ചാത്തി, നാടൻബോംബ് തുടങ്ങിയ മാരകായുധങ്ങളുമായി അവിടെയെത്തി ആക്രമണം നടത്തുകയാണുണ്ടായത്. അങ്ങ് പറഞ്ഞത്, ഇരുവിഭാഗങ്ങൾ തമ്മിലുള്ള തർക്കം എന്നാണ്. എന്താ വസ്തു തർക്കമാണോ ? എന്താ അവിടെ വഴിതർക്കമാണോ ? (റസീറ്റ് സഭയിൽ ഉയർത്തിക്കാണിച്ചു) ഇത് മുഖ്യമന്ത്രി നോക്കണം. ഇത് ഡി. വൈ. എഫ്. ഐ. യുടെ റസീറ്റാണ്. കടകളിൽ കൊണ്ടു കൊടുത്തതാണ്. ഇത് ആയിരം രൂപയുടെ റസീറ്റാണ്. ഇത് ഞാൻ സഭയുടെ മേശപ്പുറത്തുവയ്ക്കാം. അങ്ങേയ്ക്കറിയാം, പട്ടം-പ്ലാമൂട് ദേശീയപാതയോരത്ത് പാലത്തിന്റെ പണി നടക്കുകയാണ്. അവിടത്തെ കടകളിൽ പത്ത് പൈസയുടെ കച്ചവടം നടക്കുന്നില്ല. പട്ടം-പ്ലാമൂട് വഴി ദേശീയ പാത തിരിച്ചുവിട്ടിരിക്കുകയാണ്. ഒരു ലോക്കൽ കമ്മിറ്റി സെക്രട്ടറിയുടെ നേതൃത്വത്തിൽ ആദ്യം രണ്ടുപേർ അവിടെ വന്നു ; എന്നിട്ട് പറഞ്ഞു നിങ്ങൾക്ക് 5,000 രൂപയാണ് വരിയിട്ടിരിക്കുന്നത് എന്ന്. പട്ടം പബ്ലിക് സർവ്വീസ് കമ്മിഷന്റെ കവലയിൽ ഞങ്ങൾ ഒരുലക്ഷം രൂപയുടെ ഒരു സ്തൂപം സ്ഥാപിക്കുകയാണ്. കടയിൽ ചെന്ന് പറഞ്ഞതാണ്. തിരുവനന്തപുരം നഗരത്തിൽ ദേശീയ സമ്മേളനത്തിന്റെ പേരിൽ എന്താ അഞ്ച് കോടി രൂപയുടെ സ്തൂപം വേണോ ? അങ്ങ് മുഖ്യമന്ത്രിയാണ്. അങ്ങയുടെ പാർട്ടി ഈ നാട് ഭരിക്കുകയാണ്. പാവപ്പെട്ടവന്റെ പാർട്ടി! ഒരു ലക്ഷം രൂപയുടെ സ്തൂപം പബ്ലിക് സർവ്വീസ് കമ്മിഷൻ കവലയിൽ സ്ഥാപിക്കാൻ ഞങ്ങളുടെ പാർട്ടി കമ്മിറ്റി തീരുമാനിച്ചിരിക്കുന്നു. നിങ്ങളുടെ വിഹിതം അയ്യായിരം രൂപയാണ്. കടയുടമ പെട്ടി തുറന്ന് കാണിച്ചുകൊടുത്തു. വൈകുന്നേരം അഞ്ചര മണിയായി. ഇതിനകത്ത് ഉള്ളതു മുഴുവൻ നിങ്ങൾ നുള്ളിപ്പെറുക്കൂ. നുള്ളിപ്പറുക്കിയപ്പോൾ കിട്ടിയത് 1,012 രൂപ. അതാണ് അന്നത്തെ വിറ്റുവരവ്. നിങ്ങൾക്ക് നൂറുരൂപ തരാം, അടുത്ത ദിവസം വന്നാൽ നൂറുരൂപകൂടി തരാം എന്ന് കടയുടമ പറഞ്ഞു. അയാളുടെ വിഹിതം അയ്യായിരം രൂപ! കടയുടമയായ കുഞ്ഞുമോൻ എന്ന ജസ്റ്റിൻ മോസസ്സ്, അയാളുടെ ഭാര്യ ശോഭന, കുഞ്ഞുമോന്റെ അമ്മ ആലീസ്ഭായി, ഹരികുമാർ, രതീഷ് എന്നിവർക്ക് സാരമായ പരിക്കേറ്റു. കടകൾ അടിച്ചുതകർത്ത് ഇവർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. അബ്രഹാമിന്റെ കേരള ഹാന്റിക്രാഫ്റ്റ്, കുഞ്ഞുമോന്റെ ബോയ്സ്‌വേൾഡ്, കെന്നഡിയുടെ കേരള ഫർണിച്ചർമാർട്ട്, ബാബുവിന്റെ ബാബു ഫർണിച്ചർ, വിമലിന്റെ വിമൽ ഫർണിച്ചർ - ഞാൻ വിമലിന്റെ എന്നു പറയാൻ കാരണം വിമലിന്റെ വീട്ടിൽ അങ്ങൊന്ന് വിളിച്ച് ചോദിച്ചാൽ മതി, അദ്ദേഹം ഇവിടെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഉണ്ടാക്കിയ ആളാണ്. അങ്ങേയ്ക്കറിയാമല്ലോ ? വിമലിന്റെ വിമൽ ഫർണിച്ചർ, വിമലിന്റെ പലവ്യഞ്ജനക്കട തുടങ്ങിയ കടകളെല്ലാം അടിച്ചുതകർത്തു. വൈകിട്ട് അഞ്ചരയോടെയാണ് തുടക്കം. ബൈക്കിൽ എത്തിയ രണ്ടുപേരിലൊരാൾ ഒരു ലോക്കൽ സെക്രട്ടറിയാണ് എന്നു പറയുന്നു അദ്ദേഹമാണ് ഓരോ കടയ്ക്കും വരി നിശ്ചയിച്ചിരിക്കുന്നത്. അയ്യായിരം, രണ്ടായിരത്തിയഞ്ഞൂറ്, മൂവായിരം, ഏഴായിരം എന്നിങ്ങനെ കടകൾക്ക് വരി നിശ്ചയിച്ചിരിക്കുന്നു, ജസ്റ്റിനോട്,

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾക്ക് അയ്യായിരം രൂപ വരി നിശ്ചയിച്ചിരിക്കുന്നു എന്നു പറഞ്ഞു. 101 രൂപ തരാമെന്ന് അദ്ദേഹം പറഞ്ഞു. വഴക്കുണ്ടായി, തർക്കമുണ്ടായി. അയാൾ എഴുന്നേറ്റ് മാറി നിന്നിട്ട് അന്നത്തെ കളക്ഷൻ മുഴുവൻ മേശ തുറന്ന് കാണിച്ചുകൊടുത്തു. 1012 രൂപയുണ്ടായിരുന്നു. ഈ 1012 രൂപയും അവർ എടുത്തു. അതിനുശേഷം ഡി. വൈ. എഫ്. ഐ.യുടെ അഖിലേന്ത്യാ സമ്മേളനത്തിൽ ശ്രീ. എം. വി. ജയരാജൻ, എം. എൽ. എ. ഒപ്പിട്ട ഒരു റസീറ്റ് കൊടുത്തു. 1012 രൂപയും എടുത്തതിനുശേഷം 1001 രൂപയുടെ ഒരു റസീറ്റ് എടുത്ത് മുഖത്തെറിഞ്ഞിട്ടുപറഞ്ഞു, നിന്നെ കാണിച്ചുതരാമെന്ന്. നിന്റെ വിഹിതം നീ തന്നില്ല. ഇന്നലെയാണ് കടകളിൽ പിരിവ് തുടങ്ങിയത്. ഇതൊരു മുന്നറിയിപ്പാണ് നിങ്ങൾക്ക്. ഓരോരുത്തർക്കും ഞങ്ങൾ അയ്യായിരവും പതിനായിരവുമാണ് വരിയിട്ടിരിക്കുന്നത്. ഞങ്ങൾ ഈനാട് ഭരിക്കുന്ന പാർട്ടിയാണ്. വിഹിതം തന്നില്ലെങ്കിൽ എന്ത് ചെയ്യും എന്ന് കാണിച്ചു കൊടുക്കാൻ രാത്രി എട്ട് മണിക്ക് സഖാക്കൾ എത്തി. വിമൽ – കമ്മ്യൂണിസ്റ്റ് പാർട്ടി ഉണ്ടാക്കിയ ആളാണ്. കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ പല സഖാക്കൾക്കും എല്ലാ വിധ സഹായങ്ങളും ചെയ്തു കൊടുത്ത വിമലിന്റെ പലവ്യഞ്ജനക്കടയും ഫർണിച്ചർ മാർട്ടും അടക്കം എല്ലാ കടകളും തകർത്തതിനുശേഷം ടെലിഫോൺ കമ്പി മുഴുവൻ വിഛേദിച്ചു. പട്ടം-പ്ലാമൂട് എന്നുപറയുന്നത് എവിടെയാണ്? പി. എം. ജി. യിൽ നിന്ന് 1 കി.മി. ദൂരമേയുള്ളു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് മനുഷ്യാവകാശ ധ്വംസനത്തിന് എതിരായി ശബ്ദിക്കുന്ന ആളാണല്ലോ. ഇത് മനുഷ്യാവകാശ ധ്വംസനമല്ലേ ? ഇവിടെ എങ്ങനെ രണ്ട് കേസ് ഉണ്ടായി ? അങ്ങ് ഇങ്ങനെയാണോ മറുപടി പറയേണ്ടത് ? അവിടെ എന്ത് വസ്തു തർക്കം ? അവിടെ എന്ത് അതിർത്തി തർക്കം ? ഇവിടെ എങ്ങനെ രണ്ട് കേസ് ഉണ്ടായി ? ഇങ്ങനെയാണ് ഈ സഭയിൽ മറുപടി പറയുന്നതെങ്കിൽ എം. എൽ. എ. മാർക്ക് പുറത്തിറങ്ങി നടക്കാൻ പറ്റുമോ ? ഈ മറുപടി നാട്ടുകാർ വായിക്കില്ലേ ? തിരുവനന്തപുരത്തുള്ളവർ ഈ മറുപടി വായിക്കില്ലേ ? അങ്ങ് മുഖ്യമന്ത്രി അല്ലേ? അങ്ങയെ പ്രായമായ ഒരു മാതൃകാ നേതാവായി ഈ കേരളം കാണുന്നതല്ലേ? ഇങ്ങനെയാണോ മറുപടി പറയേണ്ടത് ? അങ്ങ് ആദ്യം ഈ മറുപടി തിരുത്തണം. അങ്ങ് ഈ സഭയിൽ സത്യം പറയണം. ഇത് മനുഷ്യാവകാശ ധ്വംസനമാണ് ; പ്രാകൃതമാണ് ; കാട്ടാളത്തമാണ്. ഇത് ഹിറ്റ്ലേറിയൻ ഫാസിസത്തിന്റെ അനുകരണമാണ്. അങ്ങ് അംഗീകരിച്ചാലും അംഗീകരിച്ചില്ലെങ്കിലും ഇത് ഹിറ്റ്ലേറിയൻ ഫാസിസത്തിന്റെ അനുകരണമാണ് ഇന്നലെ ഈ തലസ്ഥാനനഗരിയ്ക്ക് സാക്ഷ്യം വഹിക്കേണ്ടി വന്നത്. നമ്മുടെ സംസ്ഥാനം ഉണ്ടാക്കിയ ജനാധിപത്യ മനുഷ്യാവകാശത്തിന്റെ ഏറ്റവും ക്രൂരമായ കടന്നുകയറ്റം അതിനെ എന്ത് ലാഘവബുദ്ധിയോടുകൂടിയാണ് കണ്ടത്. അങ്ങ് സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത ആളാണെന്നല്ലേ പറയുന്നത്. അങ്ങേയ്ക്ക് ഇത് എങ്ങനെ പറയാൻ കഴിഞ്ഞു? ഇത് ആര് അങ്ങേയ്ക്ക് എഴുതി തന്നതാണ് ? അങ്ങ് അവിടത്തെ ലോക്കൽ കമ്മിറ്റി സെക്രട്ടറിയെ വിളിച്ച് ചോദിക്കാത്തതെന്ത് ? അങ്ങ് സ്പീക്കറോട് ചോദിക്കണമെന്ന് ഞാൻ പറയുന്നില്ല. അങ്ങ് ഇതിനെക്കുറിച്ച് ആരോടെങ്കിലും അന്വേഷിക്കാത്തതെന്ത് ? ജനാധിപത്യ പരമായ, നിയമപരമായ ഈ ആഭാസത്തെ, ഈ അശ്ലീലത്തെ, ഇത് ഇല്ലീഗൽ മാത്രമല്ല ഇമ്മോറലാണ്. ഈ പ്രസംഗം വഴി നിങ്ങൾ വസ്ത്രാക്ഷേപം ചെയ്യുകയാണ്. ഈ ഇമ്മോറൽ, ഈ ഇല്ലീഗൽ, ഈ ആഭാസത്തെ, ഈ അശ്ലീലത്തെ ജനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ചെറുക്കും എന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഈ സഭ ഒന്നടങ്കം, ശ്രീ. ടി. കെ. രാമകൃഷ്ണൻ അടക്കം - അങ്ങ് സാംസ്ക്കാരിക വകുപ്പ് മന്ത്രിയല്ലേ, അങ്ങ് മാനവീയത്തിന്റെ മന്ത്രിയല്ലേ, മാനവീയത്തിന്റെ മന്ത്രിയായ ശ്രീ. ടി. കെ. രാമകൃഷ്ണൻ അടക്കം കേരളത്തിന്റെ മുഖ്യമന്ത്രി അടക്കം അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന ആളുകൾ ഒറ്റക്കെട്ടായി ഈ നിയമസഭയിൽ എഴുന്നേറ്റ് നിന്ന് ഇക്കാര്യം ചർച്ചചെയ്തില്ലെങ്കിൽ സഭ പ്രതിഷേധിക്കണം. ആഭാസന്മാരുടെ കൈയിൽ, ആരാച്ചാരൻമാരുടെ കൈയിൽ, കശാപ്പുകാരുടെ കൈയിൽ, വളയണിയിച്ചുകൊടുക്കരുതേ. അതുകൊണ്ട് ഈ സംഭവം:...... അങ്ങ് രണ്ട് കേസെടുത്തു. എന്താ ഈ കാണിച്ചിരിക്കുന്നത്? അങ്ങ് രണ്ട് കേസെടുത്തു എന്നു എങ്ങനെ ഈ സഭയിൽ പറഞ്ഞു? ഇത് വളരെ ഗുരുതരമായ ഒരു സാഹചര്യമാണ്. ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യണം. ഇത് കടക്കാരുടെ കാര്യമാണ്. പിരിവ് തുടങ്ങിയതേ ഉള്ളൂ. ഈ ജില്ല മുഴുവൻ വിറങ്ങലിച്ചിരിക്കുകയാണ്. ഈ നഗരത്തെ രക്ഷിക്കാൻ, നാട്ടുകാരെ രക്ഷിക്കാൻ മനുഷ്യാവകാശത്തെ രക്ഷിക്കാൻ ഈ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, അക്രമം ആരുടെ ഭാഗത്തുനിന്നുണ്ടായാലും അതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കും. ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കാൻവേണ്ടി പോലീസിന് ഇന്നലെത്തന്നെ പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ ഫലമായി മണിക്കൂറുകൾക്കകം കേസിൽപ്പെടുത്തി 6 പേരെ അറസ്റ്റ് ചെയ്തുകഴിഞ്ഞിട്ടുണ്ട്. രണ്ട് സംഘടനകളുടെ പരസ്പര അക്രമപ്രവർത്തനമാണ്. ഇതിനെ സംബന്ധിച്ച് കേസെടുത്തിട്ടുണ്ട്. 6 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവരേയും അറസ്റ്റ് ചെയ്യും. അക്രമ പ്രവർത്തനം ഏത് ഭാഗത്തുനിന്നുണ്ടായാലും, ഡി. വൈ. എഫ്. ഐ. ആയാലും, ഏത് ഭാഗത്തുനിന്നുണ്ടായാലും നടപടിയെടുക്കും. ഇതിനകം 6 പേരെ അറസ്റ്റ് ചെയ്തു. ബാക്കിയുള്ളവരെ അറസ്റ്റ് ചെയ്യാനുള്ള നടപടിയെടുക്കുകയും ചെയ്യും. യാതൊരു വീഴ്ചയും ഇക്കാര്യത്തിലില്ല. കേസ് അന്വേഷണം ഊർജിതമാക്കി. തീർച്ചയായും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതോ അല്ലയോ എന്നുള്ളത് പോലീസിന്റെ അന്വേഷണത്തിനുശേഷം നടപടിയെടുക്കുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുംവേണ്ട. ഇക്കാര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിരപ്രമേയത്തിനുള്ള അവതരണാനുമതി ചെയർ നിഷേധിക്കുന്നു.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, ചമ്പൽക്കാടുകളിലെ കൊള്ളക്കാരേക്കാൾ ഭീകരമായ നിലയിലാണ് ഇവിടത്തെ ഭരണകക്ഷിയിലെ യുവജനവിഭാഗം അഴിഞ്ഞാട്ടം നടത്തുന്നതെന്ന് പറയേണ്ടിവന്നതിൽ എനിക്ക് ദുഃഖമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി മനുഷ്യത്വത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കണികപോലും ഇല്ലാത്ത തരത്തിലായിപ്പോയതിൽ എനിക്ക് അതിലേറെ ദുഃഖമുണ്ട്. അതിൽ പ്രതിഷേധിച്ചുള്ള ഒരു പതിവ് വാക്കൗട്ട് പ്രസംഗത്തിനല്ല ഞാൻ ഇവിടെ നിൽക്കുന്നത്. വാക്കൗട്ട് ഈ സഭയിലെ ഒരു പതിവു ചടങ്ങല്ല. ഈ സംസ്ഥാനത്ത്, ഈ ഭരണത്തിൻ കീഴിൽ നടക്കുന്ന അക്രമങ്ങൾക്കെതിരായി, ജനവിരുദ്ധനയങ്ങൾക്കെതിരായി, പ്രതിപക്ഷം ഇങ്ങനെ വാക്കൗട്ട് മാത്രം നടത്തിയാൽ പോരാ. ഭരണകക്ഷിയിലും പ്രതിപക്ഷത്തുമുള്ള അംഗങ്ങൾ ലോകസഭയിൽ ദിവസങ്ങളോളം ലോകസഭ സ്തംഭിപ്പിച്ചതുപോലെ ഈ സഭയും സ്തംഭിപ്പിക്കണമെന്നും നടുത്തളത്തിലേക്ക് ദിവസവും ഇറങ്ങണമെന്നുമുള്ള അഭിപ്രായക്കാർ ഞങ്ങളുടെകൂടെയുണ്ട്. ഈ രാജ്യത്തെ ജനങ്ങളുടെയിടയിലുമുണ്ട്. എന്നാലും പരമാവധി നിയന്ത്രണം പാലിച്ചുകൊണ്ട് ജനകീയ പ്രശ്നങ്ങളിൽ ജനവികാരം പ്രതിഫലിപ്പിക്കുന്ന ഒരു സമീപനരീതിയാണ് പ്രതിപക്ഷം ഇതുവരെ സ്വീകരിച്ചിട്ടുള്ളത്. അത് ദൗർബല്യ ലക്ഷണമായിട്ട് ആരും കാണരുതെന്നാണ് എനിക്ക് ആദ്യമേ സൂചിപ്പിക്കാനുള്ളത്.

ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ : സർ, വെളിയിൽ ഇറങ്ങിയാൽ ടി. വി. യിൽ കാണാം.

ശ്രീ. ജി. കാർത്തികേയൻ : സർ, വെളിയിൽ ഇറങ്ങിയാൽ ടി.വി.യിൽ കാണാമെന്ന് പറയുന്നു. എന്ത് വൃത്തികേടാണ് പറയുന്നത്. പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോൾ ടി. വി. യിൽ കാണാമെന്നാണോ പറയുന്നത് ?.......(ബഹളം) ..........

ശ്രീ. എ. കെ. ആന്റണി : സർ, ബഹുമാനപ്പെട്ട ഗോവിന്ദൻ മാസ്റ്റർ ടി.വി. യെക്കുറിച്ച് ഓർമ്മിപ്പിച്ചതു നന്നായി. ഇന്നലെയുണ്ടായത് ടി.വി. ചാനലിന്റെ പിരിവിനുവേണ്ടിയും കേരളത്തിൽ ആവർത്തിക്കാൻ പോവുകയാണ്. ടി. വി. ചാനലിന് നിങ്ങൾ 100 കോടിരൂപയുണ്ടാക്കാൻ പോകുന്നതും ഇതുപോലുള്ള ഭീകരപ്രവർത്തനങ്ങളിൽ കൂടിയാണെന്നുള്ളതിന്റെ സൂചനയാണ് ഇവിടെ ഉണ്ടായിരിക്കുന്നത്. ഇത് പകൽക്കൊള്ളയാണ്. പിടിച്ചുപറിയാണ്. നിങ്ങളുടെ യുവജനനേതാക്കൾ നിങ്ങളുടെ പാർട്ടി നേതാക്കന്മാരുടെ അനുമതിയോടുകൂടി നടത്തുന്നത് പിടിച്ചുപറിയാണ്. പകൽക്കൊള്ളയാണ്. അത് അവസാനിപ്പിക്കണം. കഴിഞ്ഞ കുറെ ദിവസങ്ങളായി ഡി. വൈ. എഫ്. ഐ. യുടെ ദേശീയ സമ്മേളനത്തിന്റെ പേരിൽ കേരളത്തിന്റെ പലഭാഗത്തും ആളുകളെ ഭീഷണിപ്പെടുത്തുന്ന ടെലിഫോൺ കാളുകൾ ഉണ്ടാകുന്നു ........... (ബഹളം)..........കച്ചവടക്കാരെ ഭീഷണിപ്പെടുത്തുന്നു, വ്യവസായികളെ ഭീഷണിപ്പെടുത്തുന്നു..........(ബഹളം)..............

മി. സ്പീക്കർ : വെറുതേ സഭയുടെ സമയം കളയരുത്. ഉള്ളകാര്യം ഞാൻ പറയാം.

ശ്രീ. എ. കെ. ആന്റണി : സർ, ഈ സംസ്ഥാനത്ത് നടക്കുന്ന പച്ചയായ സത്യങ്ങൾ ഈ സഭയിൽ പറയുന്നതിൽ നിങ്ങൾ ഇത്രമാത്രം ക്ഷോഭിച്ചിട്ട് കാര്യമില്ല. ഇന്ന് കേരളത്തിലുടനീളം ഇതുപോലെ നടക്കുകയാണ്. കച്ചവടക്കാർ, പെട്ടിക്കടക്കാർ, വ്യാപാരികൾ, കൃഷിക്കാർ, ഇവർക്കെല്ലാം നിങ്ങൾ വരിയിട്ടിരിക്കുകയാണ്. ഓരോരുത്തരും കൊടുക്കേണ്ട തുക നിശ്ചയിച്ചിട്ട് അവരെ



LIBRARY ARCHIVES Kerala Legislative Assembly

ഭീഷണിപ്പെടുത്തി പിരിക്കുകയാണ്. അതിന്റെ ഒരു രൂപമാണ് ഇവിടെ കണ്ടത്. ..........(ബഹളം) ..........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞങ്ങളെ വിരട്ടുകയാണോ ? .............(ബഹളം) ..............

ശ്രീ. എ. കെ. ആന്റണി : സർ, ഏതായാലും പട്ടം-പ്ലാമൂടിലെ കച്ചവടക്കാരെ വിരട്ടിയതു പോലെ അസംബ്ലിയിലെ പ്രതിപക്ഷാംഗങ്ങളെ വിരട്ടാൻ ശ്രമിക്കരുത്. കേരളത്തിൽ നിർബന്ധിച്ച് പിരിവ് നടത്തുന്നു. തിരുവനന്തപുരത്ത് തലസ്ഥാന നഗരിയിൽ ഡി. വൈ. എഫ്. ഐ. യുടെ ദേശീയ സമ്മേളനത്തിന് ചോദിച്ച തുക സംഭാവന ചെയ്യാത്തതിന്റെ പേരിൽ 6 കടകളാണ് തല്ലിത്തകർത്തിരിക്കുന്നത്. ഇതൊരു മുന്നറിയിപ്പ് ആണ്. ഇതൊരു സന്ദേശം ആണ്. ഡി. വൈ. എഫ്. ഐ. യുടെ സമ്മേളനത്തിനുവേണ്ടി ചോദിക്കുന്ന പണം കൊടുത്തില്ലെങ്കിൽ, ടി.വി. ചാനലിനുവേണ്ടി ചോദിക്കുന്ന പണം കൊടുത്തില്ലെങ്കിൽ, കട-കമ്പോളങ്ങൾ തകർക്കുമെന്നുള്ള ഒരു വെല്ലുവിളിയാണ്. ഇതിനെ നിങ്ങൾ എങ്ങനെ കൈകാര്യം ചെയ്യുന്നു ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിനെ ന്യായീകരിച്ചിരിക്കുകയാണ്. ഡി. വൈ. എഫ്. ഐ. കാർ കാണിച്ച അക്രമത്തെ, ഭീഷണിയെ, കൊള്ളയെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ന്യായീകരിച്ചിരിക്കുകയാണ്. ഇതു വളരെ നിർഭാഗ്യകരമായിപ്പോയി. ഈ രാജ്യത്ത് സമാധാനപരമായി കച്ചവടം ചെയ്യുന്ന, വ്യാപാരം നടത്തുന്ന, കൃഷി ചെയ്യുന്ന കർഷകരേയും വ്യവസായികളേയും കച്ചവടക്കാരേയും പീഡിപ്പിച്ച് പണപ്പിരിവ് നടത്തിക്കൊണ്ട് നിങ്ങൾക്ക് മുന്നോട്ട് പോകാമെന്നു കരുതണ്ട. ജനങ്ങൾ ചെറുക്കും, സംശയിക്കേണ്ടതില്ല. എനിക്ക് ഒറ്റകാര്യമേ പറയാനുള്ളൂ. ബേപ്പൂർ മാർക്സിസ്റ്റു പാർട്ടിയും ബി. ജെ. പി. യും തമ്മിൽ സംഘട്ടനമുണ്ടായി. നിങ്ങൾ ലക്ഷക്കണക്കിന് രൂപ സംസ്ഥാന ഖജനാവിൽനിന്നു കൊടുത്തു. ലക്ഷക്കണക്കിനു രൂപ സംഘട്ടനത്തിൽപ്പെട്ടവർക്ക് കൊടുത്തു. പാനൂരിൽ കൊടുത്തു. തലശ്ശേരിയിൽ കൊടുത്തു. അങ്കമാലിയിൽ കൊടുത്തു. നിങ്ങൾ രണ്ടിലൊന്നു ചെയ്യണം. ഒന്നുകിൽ ഈ കടക്കാർക്ക് വന്നിട്ടുള്ള നാശനഷ്ടങ്ങളുടെ വില ഡി. വൈ. എഫ്. എ. ക്കാരെകൊണ്ട് കൊടുപ്പിക്കണം. അല്ലെങ്കിൽ എ. കെ. ജി. സെന്ററിൽ നിന്ന് കൊടുക്കണം. അതും അല്ലെങ്കിൽ മറ്റു സ്ഥലങ്ങളിൽ അക്രമങ്ങൾക്ക് വിധേയരായവർക്ക് കൊടുത്തതുപോലെ ഈ ഏഴ് കടകളിലേയും കച്ചവടക്കാർക്ക് സർക്കാർ നഷ്ടപരിഹാരം കൊടുക്കാൻ തയ്യാറാകണം. ഇന്നലെ അക്രമം നടത്തിയ യഥാർത്ഥ പ്രതികളെ അറസ്റ്റു ചെയ്തിട്ടില്ല. അവരെ അറസ്റ്റു ചെയ്യണം. അവർക്കെതിരെ കേസെടുക്കണം. ഇതിന് ഗവൺമെന്റ് തയ്യാറാകണം. മാത്രമല്ല ഡി. വൈ. എഫ്. ഐ. യുടെ സമ്മേളനം തുടങ്ങാൻ പോകുന്നതേയുള്ളൂ. ആ സമ്മേളനത്തിനുവേണ്ടി, തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം നഗരത്തിൽത്തന്നെ ഏതാണ്ട് അൻപതു ലക്ഷത്തോളം രൂപ പ്രചരണത്തിനുവേണ്ടി ഇപ്പോൾത്തന്നെ ചെലവഴിച്ചു കഴിഞ്ഞിരിക്കുകയാണ്. കേരളത്തിൽ കോടികൾ ചെലവഴിച്ചുകൊണ്ടുള്ള പ്രചരണം നടത്താൻ പോകുന്നു. നിങ്ങളുടെ കൈവശമുള്ള പണം ചെലവാക്കിക്കോ. പക്ഷേ അതിനുവേണ്ടി ഇവിടെ ഇന്നലെയുണ്ടായതുപോലെ ഈ കേരളത്തിലെ മുഴുവൻ കച്ചവടക്കാരേയും വ്യവസായികളേയും കൃഷിക്കാരേയും ജീവനക്കാരേയും ഭീഷണിപ്പെടുത്തി പണം

LIBRARY ARCHIVES Kerala Legislative Assembly

പിരിക്കാനാണ് ഡി. വൈ. എഫ് ഐ. യുടെ ഭാവമെങ്കിൽ ആ കളി തീക്കളിയാണെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. അതുകൊണ്ട് ശക്തമായ നടപടി സ്വീകരിക്കണം. അക്രമകാരികളായ ഡി. വൈ. എഫ്. ഐ. ക്കാർക്കും അവർക്ക് നേതൃത്വം കൊടുത്തവർക്കും എതിരായി അതിശക്തമായ നടപടിയെടുക്കാൻ തയ്യാറാകുന്നതിനു പകരം രണ്ടു കൂട്ടർ തമ്മിലുള്ള തർക്കമെന്നുള്ള നിലയിലുള്ള ഒരു പതിവ്, ആരോ എഴുതികൊടുത്ത പ്രസ്താവന വായിക്കാൻ മുഖ്യമന്ത്രി തയ്യാറായതിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് നടത്തുകയാണ്.

(പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, ഡി. വൈ. എഫ്. ഐ. യുടെ സമ്മേളനത്തിനുവേണ്ടി ഒരു നിർബന്ധിത പിരിവിനു തയ്യാറായി എന്നുള്ളതിന്റെ പേരിൽ കച്ചവട സ്ഥാപനങ്ങൾ തകർക്കുന്ന നടപടി വളരെ മോശമായിപ്പോയി. ഒരു നിർബന്ധ പിരിവിന്റെ പേരിൽ അക്രമം നടത്തിയാൽ, നിർബന്ധ പിരിവ് പറഞ്ഞ് അക്രമം നടത്തിയാൽ ഈ സംസ്ഥാനത്തെ ക്രമസമാധാനനില പിടിച്ചു നിറുത്താൻ കഴിയാത്ത വിധത്തിൽ തകരുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഇന്നലെയുണ്ടായ സംഭവം ഇവിടെ വിശദീകരിച്ചു. ഇത്തരത്തിലുള്ള സംഭവങ്ങൾ ഒരു കാരണവശാലും ഈ സംസ്ഥാനത്ത് ഉണ്ടാകാതിരിക്കാനുള്ള നടപടികൾ ഗവൺമെന്റ് ഭാഗത്തുനിന്നുണ്ടാകണം. കുറ്റക്കാർ ആരായിരുന്നാലും യഥാർത്ഥ പ്രതികളെ കണ്ടെത്തി അവരെ കർശനമായ ശിക്ഷണ നടപടിക്ക് വിധേയമാക്കണ മെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്. ഇക്കാര്യം സംബന്ധിച്ച് നമ്മുടെ സംസ്ഥാനത്തിന്റെ ഭാവി സുരക്ഷിതത്വത്തെ ഓർത്തെങ്കിലും വിശദമായ ഒരു ചർച്ചയ്ക്ക് വിധേയമാക്കേണ്ടത് ആവശ്യമായിരുന്നു. ഈ തരത്തിലുള്ള ഒരു ചർച്ച അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു. (ശ്രീ. ചെർക്കളം അബ്ദുള്ളയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റ് അംഗങ്ങളും സഭ വിട്ടു പുറത്തുപോയി)

ശ്രീ. കെ. എം. മാണി : സർ, വളരെ ഭീകരമായ ഒരു സാഹചര്യമാണ് കേരളത്തിലുണ്ടായിരിക്കുന്നത്. ഈ പ്രശ്നത്തിന്റെ ഗൗരവമല്ല, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പ്രശ്നത്തിൽനിന്നും ശ്രദ്ധ തിരിച്ചുവിടാൻവേണ്ടി ഒരു ഉപായം പ്രഖ്യാപിച്ചത്, ഒരു കടക്കാരൻ ഡി. വൈ. എഫ്. ഐ. പ്രവർത്തകനെ മർദ്ദിച്ചു. അതിന്റെ പേരിൽ കേസെടുത്തിട്ടുണ്ട്. അതിന്റെ ഫലമായിട്ട് പ്രതികാരമായിട്ടായിരിക്കാം കടകൾ തകർത്തതെന്നാണ്. അതല്ല ഇവിടത്തെ കാര്യം. ഇവിടത്തെ പ്രശ്നം എന്നുപറയുന്നത് ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രിയുടെ പാർട്ടിയായ സി. പി. ഐ. (എം) പോലീസിന്റെ പിൻബലത്തോടുകൂടി, ഭരണത്തിന്റെ പിൻബലത്തോടുകൂടി നിർബന്ധിത പിരിവ് കേരളത്തിൽ നടത്തുന്നു. നിർബന്ധിത പിരിവിന് വഴങ്ങാത്തവരെ അതിഭീകരമായി മർദ്ദിക്കുന്നു അവരുടെ കച്ചവടസ്ഥാപനങ്ങളും വീടുകളും തകർക്കുന്നു എന്നുള്ള സ്ഥിതിവിശേഷം ഉണ്ടായിരിക്കുന്നുവെന്നുള്ളത് ഗുരുതരമായ അവസ്ഥയാണ്. ആ ഗുരുതരമായ അവസ്ഥ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് സി. പി. ഐ. (എം) നുവേണ്ടി ഈ സഭയിൽ മാപ്പു പറയേണ്ടതായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഈ അവസ്ഥ ഇനി ഇവിടെ ഉണ്ടാവുകയില്ല എന്നുള്ള ഒരു ഉറപ്പ് വാസ്തവത്തിൽ നിയമസഭയ്ക്ക് അങ്ങ് നൽകേണ്ടതായിരുന്നു. അതിനു പകരം സി. പി. ഐ (എം) ന്റെ നിർബന്ധിത പിരിവിനെ അങ്ങ് ന്യായീകരിച്ചിരിക്കുകയാണ്. അതു വളരെ തെറ്റായിപ്പോയി. ഒരിക്കലും അനുവദിക്കാൻ പാടില്ലാത്ത ഒരു കാര്യമാണ്. കേരളത്തിലെ ജനങ്ങൾ സർവശക്തിയുമുപയോഗിച്ചുകൊണ്ട് ഇതിനെ ചെറുക്കും. കായംകുളം കൊച്ചുണ്ണിയുടെയും വെള്ളായണി പരമുവിന്റെയും റോൾ കേരളത്തിലെ സി. പി. ഐ (എം) എടുക്കുന്നത് ആക്ഷേപകരമാണ്. ആ റോളിലേക്ക് നിങ്ങൾ അധഃപതിക്കാൻ പാടില്ല. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി കാണിക്കുന്ന ഈ അക്രമം എന്തു വില കൊടുത്തും ഞങ്ങൾ ചെറുത്തു തോൽപ്പിക്കും, നിർബന്ധമായി നിങ്ങൾ പണം പിരിക്കുകയാണ്. നിങ്ങൾക്ക് കപ്പം തന്നില്ലെങ്കിൽ ആളുകൾക്ക് ജീവിക്കാൻ പറ്റില്ല. നിങ്ങൾക്ക് കപ്പം തരാത്തവരെ അടിച്ചമർത്തുമെന്നുള്ള നിലപാട് കേരളത്തിൽ സൃഷ്ടിക്കാനാണ് നിങ്ങൾ ഉദ്ദേശിച്ചതെങ്കിൽ അതിനെ ഞങ്ങൾ എന്തു വില കൊടുത്തും പ്രതിരോധിക്കും. ചെറുത്തു തോൽപ്പിക്കുമെന്ന് മുഖ്യമന്ത്രിക്ക് ഞാൻ മുന്നറിയിപ്പ് നൽകുന്നുണ്ട്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കുവേണ്ടി സത്വര ശ്രദ്ധ നിങ്ങൾ പതിപ്പിക്കണം. മുഖ്യമന്ത്രി കേരളത്തിലെ ജനങ്ങളോടു പറയണം, ഇന്നലെ ചെയ്ത തെറ്റായ പ്രവർത്തനങ്ങൾക്ക് പാർട്ടിക്കുവേണ്ടി ഞങ്ങൾ മാപ്പു ചോദിക്കുന്നുവെന്ന്. ഇപ്രകാരമുള്ള ചെയ്തികൾ ഇനി ഉണ്ടാവുകയില്ലെന്ന് പരസ്യമായി പ്രഖ്യാപിക്കാൻ ആ കസേരയിലിരിക്കുന്ന മുഖ്യമന്ത്രി അതിനുള്ള മാന്യത കാണിക്കണമെന്നു മാത്രമാണ് എനിക്ക് പറയാനുള്ളത്. ആ മാന്യത കാണിക്കാത്ത ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റംഗങ്ങളും സഭ വിട്ടു പുറത്തുപോയി.)

ശ്രീ. ജോണി നെല്ലൂർ : സർ, മനുഷ്യത്വം നശിച്ച മനഃസാക്ഷി മരവിച്ച ആളുകളാണ് ഇവിടെ ബഹളം വയ്ക്കുന്നത്. ഇന്ന് ഈ നിയമസഭയിൽ ബഹുമാന്യനായ മുഖ്യമന്ത്രി .... (ബഹളം).... അങ്ങ് എനിക്ക് സംരക്ഷണം തന്നാൽ ഞാൻ സംസാരിക്കാം.... ഇന്നലെയുണ്ടായ സംഭവത്തെ സംബന്ധിച്ച് ബഹുമാന്യനായ മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞ മറുപടി മനുഷ്യത്വമുള്ള ആർക്കും പറയാൻ പറ്റുന്നതല്ല. കേരളത്തിന്റെ സാംസ്ക്കാരികരംഗത്ത് ഇത്രമാത്രം തകർച്ചയുണ്ടായോ എന്ന് എല്ലാവരും കരുതത്തക്കവിധത്തിൽ അത്ര ഭീകരമായ ഈ സംഭവത്തെ ഒരു പരിധിവരെ ന്യായീകരിച്ചുകൊണ്ടാണ് മുഖ്യമന്ത്രി മറുപടി പറഞ്ഞത്. യഥാർത്ഥ കുറ്റവാളികളെ പിടികൂടാനും കർശനമായ നടപടിയെടുക്കാനും മുഖ്യമന്ത്രി ആത്മാർത്ഥമായി ശ്രമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഏത് അക്രമം ഏതുഹീന സംഭവം എവിടെ ഉണ്ടായാലും മനഃസാക്ഷി മരവിച്ചവരെപ്പോലെ, മനുഷ്യത്വം നശിച്ചവരെപ്പോലെ പ്രവർത്തിക്കുന്ന മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി.... സർ, എനിക്ക് വേദനയുണ്ട് പിന്നീട് ഞാൻ പറഞ്ഞുകൊള്ളാം കാരണം എന്താണെന്ന്. അത്ര മനുഷ്യത്വം നശിച്ചവരാണ് ഇവർ. എനിക്ക് വ്യക്തിപരമായി ഉണ്ടായ അനുഭവം ഞാൻ പിന്നീട് പറഞ്ഞുകൊള്ളാം. അതുപറയുമ്പോൾ.... അതാണ് പിന്നിൽ നിന്നും ഇവിടെ വിളിച്ചു പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ വികാരംകൊണ്ട് ഈ നിയമസഭയിൽ എന്തെങ്കിലും പറഞ്ഞെങ്കിൽ അതിനു ബഹളം വച്ചിട്ട് കാര്യമില്ല. കേരള നിയമസഭയുടെ ചരിത്രത്തിൽ ഇത്ര മാത്രം നിയമസഭയെപ്പോലും അവഹേളിക്കത്തക്ക തരത്തിൽ ഒരു സംഭവം ലഘുവായി ചിത്രീകരിച്ചുകൊണ്ട് മറുപടി പറഞ്ഞ ഈ മുഖ്യമന്ത്രിയുടെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും വാക്കൗട്ടിൽ പങ്കുചേരുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രസ്താവന നടത്തിയതിനുശേഷം ശ്രീ. ജോണി നെല്ലൂർ സഭ വിട്ട് പുറത്തുപോയി. ശ്രീമതി കെ. ആർ. ഗൗരിയമ്മയും സഭവിട്ട് പുറത്തു പോയി. അൽപ്പസമയത്തിനുള്ളിൽ പ്രതിപക്ഷാംഗങ്ങൾ സഭയിൽ വീണ്ടും ഹാജരായി).

## IV ശ്രദ്ധക്ഷണിക്കൽ

### സംസ്ഥാനത്തെ മെഡിക്കൽകോളേജ് ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. രാജു : സർ, ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ആരോഗ്യമേഖലയിൽ വളരെയധികം നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള ഒരു കൊച്ചു സംസ്ഥാനമാണ് കേരളം. ആരോഗ്യ രംഗത്ത് സുപ്രധാന മേഖലയെന്നുള്ള നിലയിൽ മെഡിക്കൽകോളേജുകളുടെയും അവയോടനുബന്ധിച്ചുള്ള ആശുപത്രികളുടെയും പ്രാധാന്യം വളരെ വലുതാണ്. ജനങ്ങൾക്ക് വിദഗ്ദ്ധ ചികിൽസയും ആരോഗ്യ രക്ഷാ പ്രവർത്തനങ്ങളും സമൂഹത്തിന് നൽകുക എന്ന ലക്ഷ്യമാണ് മെഡിക്കൽകോളേജുകൾക്ക് ഇന്ന് നിർവഹിക്കാനുള്ളത്. ആരംഭ കാലത്ത് അവയുടെ പ്രവർത്തനം ഈ ലക്ഷ്യം വച്ചുകൊണ്ടായിരുന്നുവെങ്കിലും ഇന്ന് സ്ഥിതി അത്ര ആശാവഹമല്ല. പോരായ്മകളുടെയും അശ്രദ്ധയുടെയും ചിത്രമാണ് ഇന്ന് മെഡിക്കൽകോളേജുകളിലും അവയോടനുബന്ധിച്ചുള്ള ആശുപത്രികളിലും കാണാൻ കഴിയുന്നത്. മെഡിക്കൽ വിദ്യാഭ്യാസത്തിന് കേരളത്തിൽ ഇന്ന് ആറ് മെഡിക്കൽകോളേജുകളാണുള്ളത്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശൂർ, കോഴിക്കോട് മെഡിക്കൽകോളേജുകളും പുറമേ പരിയാരം സഹകരണ മെഡിക്കൽ കോളേജുമാണ്. മെഡിക്കൽ വിജ്ഞാന മേഖലയിലെ അഭിമാന സ്തംഭങ്ങളായിത്തീരേണ്ടിയിരുന്ന മെഡിക്കൽ കോളേജുകളുടെയും അവയോടനുബന്ധിച്ചുള്ള ആശുപത്രികളുടെയും അവസ്ഥ ഇന്ന് ശോചനീയമാണ്. ഈ സ്ഥാപനങ്ങളുടെ പ്രവർത്തനരീതിയിൽ സാമാന്യജനങ്ങളും വിദ്യാർത്ഥികളുമടക്കമുള്ളവരും തൃപ്തരല്ല. വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതോടൊപ്പം സാമാന്യജനങ്ങൾക്ക് ഉന്നത നിലവാരം പുലർത്തുന്ന വിദഗ്ദ്ധ ചികിൽസ ലഭ്യമാക്കുകയെന്ന ലക്ഷ്യം ഇന്ന് നിറവേറ്റപ്പെടുന്നില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യം മാത്രമാണ്. മെഡിക്കൽകോളേജാശുപത്രികളുടെ ഗുണനിലവാരത്തകർച്ച ഇന്ന് ഒരു പ്രധാനപ്പെട്ട ചർച്ചാവിഷയമാണ്. ഇതിന് പ്രധാനപ്പെട്ട കാരണം രോഗികളുടെ ബാഹുല്യമാണ്. ഇത് കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. പലപ്പോഴും ഏറ്റവും ചെറിയ രോഗങ്ങൾക്കുവരെ ആളുകൾ മെഡിക്കൽകോളേജുകളിലാണ് പോകുന്നത്. അതിന്റെ ഫലമായി മെഡിക്കൽ കോളേജുകളിൽ യഥാർത്ഥത്തിൽ ലഭിക്കേണ്ട ചികിൽസ ഇന്ന് രോഗികൾക്ക് ലഭിക്കുന്നില്ല. മെഡിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കോളേജാശുപത്രികളെ നിർബന്ധമായും റെഫറൽ ആശുപത്രികളാക്കി മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ ഗവൺമെന്റ് ഉത്തരവിലൂടെ സ്വീകരിച്ചിട്ടുണ്ടെങ്കിൽ പോലും ഇപ്പോഴും ആ സംവിധാനം കർശനമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ലെന്നുള്ള അവസ്ഥയാണുണ്ടായിട്ടുള്ളത്. മെഡിക്കൽ കോളേജാശുപത്രിയിൽ ലഭിക്കേണ്ട സ്പെഷ്യാലിറ്റി ചികിൽസകൾ ഇന്ന് പൂർണമായും ലഭിക്കുന്നില്ല. പല പ്രധാനപ്പെട്ട സ്പെഷ്യാലിറ്റികളും ഇന്ന് മെഡിക്കൽ കോളേജാശുപത്രികളിൽ പ്രവർത്തിക്കുന്നില്ല. മെഡിക്കൽ കോളേജാശുപത്രിയിൽ സ്പെഷ്യാലിറ്റി വിംഗ് പൂർണമായും പ്രവർത്തിപ്പിക്കാനുള്ള സംവിധാനം ഉണ്ടാക്കണമെന്ന നിർദ്ദേശം പല പ്രാവശ്യം ഉയർന്നുവന്നിട്ടുണ്ടെങ്കിൽപ്പോലും അവയെല്ലാം ഇന്ന് ജലരേഖയായി മാറിക്കൊണ്ടിരിക്കുകയാണ്. മെഡിക്കൽ കോളേജാശുപത്രികളോടനുബന്ധിച്ച് സ്പെഷ്യാലിറ്റി വിംഗുകളാണ് ഏറ്റവും പ്രധാനമായി വേണ്ടത്. സാധാരണ ചികിൽസ ലഭിക്കാൻവേണ്ടി വരുന്ന രോഗികളല്ല മെഡിക്കൽ കോളേജാശുപത്രിയിൽ വരുന്നത്. വിദഗ്ദ്ധ ചികിൽസയ്ക്കായി വരുന്നവർക്ക് ഏറ്റവും നല്ല സ്പെഷ്യാലിറ്റി ചികിൽസ ലഭ്യമല്ലാത്തതുകൊണ്ടാണ് സ്വകാര്യ ആശുപത്രികളേയും മറ്റ് ആശുപത്രികളേയും ആശ്രയിക്കുന്നതിനും കേരളത്തിനു പുറത്ത് പോകുന്നതിനുമുള്ള സംവിധാനം ഇന്ന് ഉണ്ടാക്കിയിട്ടുള്ളതും. ഇന്ന് സംസ്ഥാനത്തിലെ മെഡിക്കൽ കോളേജാശുപത്രിയിൽ ആവശ്യത്തിന് ഡോക്ടർമാരില്ലെന്നുള്ള അവസ്ഥ സംജാതമായിരിക്കുകയാണ്. കേരളത്തിലെ 5 മെഡിക്കൽകോളേജുകളിലായി 1,602 ഡോക്ടർമാരുടെ തസ്തികകളാണ് ഇന്നുള്ളത്. അതിൽ 373 ഡോക്ടർമാരുടെ തസ്തിക മാസങ്ങളായി ഒഴിഞ്ഞുകിടക്കുകയാണ്. മെഡിക്കൽകോളേജാശുപത്രിയിലേക്ക് വിദഗ്ദ്ധ ഡോക്ടർമാരെ പോസ്റ്റു ചെയ്താൽ പലരും ആ ജോലിയിൽ പ്രവേശിക്കാതെ ലീവെടുത്ത് പോകുന്ന പ്രവണത നമ്മുടെ സംസ്ഥാനത്ത് സംജാതമായിരിക്കുകയാണ്. മെഡിക്കൽകോളേജാശുപത്രികളിൽ മാത്രമല്ല, മെഡിക്കൽകോളേജുകളിൽ 1602 ഡോക്ടർമാരിൽ 373 വേക്കൻസികൾ ഉള്ളപ്പോൾ നമ്മുടെ ഏറ്റവും താഴെത്തട്ടിലുള്ള പി. എച്ച്. സി.യിൽ വരെ നൂറുകണക്കിന് ഡോക്ടർമാരില്ലാത്തതിന്റെ ഫലമായി പല പി. എച്ച്. സി. കളും അടച്ചുപൂട്ടേണ്ട സാഹചര്യം ഇന്ന് നമ്മുടെ സംസ്ഥാനത്ത് സംജാതമായിരിക്കുകയാണ്. കേരളത്തിൽ നിന്നും എം. ബി. ബി. എസ് പാസാകുന്ന ഡോക്ടർമാരിൽ പകുതിയിലേറെപേരും നമ്മുടെ സംസ്ഥാനത്ത് ഗവൺമെന്റ് സർവ്വീസിൽ പ്രവേശിക്കാൻ തയ്യാറാകുന്നില്ല. അവരെല്ലാം സ്വകാര്യ ആശുപത്രികളിലും കേരളത്തിനു പുറത്തുള്ള ആശുപത്രികളിലും ജോലിക്കായി പോകുന്ന പ്രവണതയാണ് ഇന്ന് കേരളത്തിൽ കാണാൻ കഴിയുന്നത്. ഡോക്ടർമാരെ ഒരു മെഡിക്കൽകോളേജിൽ നിന്ന് മറ്റൊരു മെഡിക്കൽകോളേജിലേക്ക് ട്രാൻസ്ഫർ ചെയ്ത് നിയമിക്കുമ്പോൾ പല ഡോക്ടർമാരും ജോലിയിൽ പ്രവേശിക്കാതെ സൗകര്യപ്രദമല്ലായെന്ന് കണ്ടു കൊണ്ട് ലീവെടുത്ത് മാറിനിൽക്കുന്ന പ്രവണത വർദ്ധിച്ചുവന്നുകൊണ്ടിരിക്കുകയാണ്. ഇത് നിയന്ത്രിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കാൻ കഴിയുമോയെന്നുള്ള കാര്യം ഗവൺമെന്റ് പരിശോധിക്കണം. അതുപോലെ മെഡിക്കൽകോളേജാശുപത്രിയിൽ സ്ഥാപിച്ചിട്ടുള്ള അത്യാധുനിക ഉപകരണങ്ങൾ പലതും പ്രവർത്തനരഹിതമാണ്. ഒരു ചെറിയ റിപ്പെയർ നടത്താൻ കഴിയുന്ന സാഹചര്യം ഇന്ന് മെഡിക്കൽ കോളേജാശുപത്രിയിലില്ല. വിദേശത്തുനിന്ന് ഇറക്കുമതി ചെയ്തതും ഇവിടെനിന്ന്

വളരെ വിലകൊടുത്ത് വാങ്ങിയിട്ടുള്ളതുമായ ഉപകരണങ്ങൾ പലതും മെഡിക്കൽ കോളേജാശുപത്രിയിൽ പ്രവർത്തനരഹിതമായി കിടക്കുകയാണ്. അത് കാലാകാലങ്ങളിൽ റിപ്പെയർ ചെയ്യുന്നതിനും പ്രവർത്തന സജ്ജമാക്കുന്നതി നുമാവശ്യമായിട്ടുള്ള സ്റ്റാഫും സംവിധാനങ്ങളും ഇന്ന് മെഡിക്കൽ കോളേജിൽ ഇല്ലാത്തതുകൊണ്ട് ഈ ഉപകരണങ്ങളുടെ സേവനം ജനങ്ങൾക്ക് ലഭ്യമാകുന്നില്ല. അതിന്റെ ഫലമായി ഈ സേവനങ്ങൾ ലഭ്യമാകേണ്ട മെഡിക്കൽകോളേജുകളിലെ രോഗികൾ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ട സംവിധാനം ആണ് ഇന്ന് നിലനിൽക്കുന്നത്. അതുകൊണ്ട് കേരളത്തിലെ മെഡിക്കൽകോളേജുകളിലെ ഇന്നുള്ള സംവിധാനം മാറ്റിക്കൊണ്ട് ഏറ്റവും ഉയർന്ന ചികിൽസയും ഉയർന്ന പരിപാലനവും ലഭിക്കാൻ കഴിയുന്ന ആശുപത്രികളാക്കി മാറ്റുന്നതിനുള്ള നടപടിക്രമം ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. അതോടൊപ്പം മെഡിക്കൽകോളേജാശുപത്രിയുടെ പ്രവർത്തനത്തിന് നാം അലോട്ടുചെയ്യുന്ന ബഡ്ജറ്റ് വിഹിതം വളരെ കുറവാണ്. അത് കാലാകാലങ്ങളിൽ പുതുക്കണമെന്ന് പലപ്പോഴും ആവശ്യപ്പെടുന്നു ണ്ടെങ്കിൽപ്പോലും നമുക്ക് അതിന് കഴിയാതെ പോകുന്ന അവസ്ഥ ഇന്നുണ്ടായി ക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി കേരളത്തിലെ വിദഗ്ദ്ധ ചികിൽസാ കേന്ദ്രങ്ങളായി മാറേണ്ട മെഡിക്കൽകോളേജുകൾ പലപ്പോഴും ഉന്നത നിലവാരം പുലർത്താൻ കഴിയാതെ തരംതാണുപോകുന്ന അവസ്ഥ നമ്മുടെ സംസ്ഥാനത്ത് സംജാതമായിരിക്കുകയാണ്. സാമ്പത്തികമായ ഞെരുക്കം അനുഭവപ്പെടുന്നുണ്ടെങ്കിൽ പോലും മെഡിക്കൽ കോളേജുപോലെ കേരളത്തിലെ വിദഗ്ധ ചികിൽസ ലഭ്യമാകേണ്ട, ആരോഗ്യ സംരക്ഷണരംഗത്ത് സുപ്രധാനമായ മേഖലയായ മെഡിക്കൽകോളേജുകളെ സംരക്ഷിക്കുന്നതിന് ബഡ്ജറ്റ് അലോക്കേഷൻ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. നിരവധി നിർദ്ദേശങ്ങൾ മെഡി ക്കൽകോളേജിനെ സംബന്ധിച്ച് ഉയർന്നുവന്നിട്ടുണ്ട്. അത് പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനുമാവശ്യമായ നടപടിക്രമം ഗവൺമെന്റ് സ്വീകരിക്കണ മെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മെഡിക്കൽകോളേജുകൾക്കും അവയോട് അനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾക്കുമായി ഈ വർഷം അനുവദിച്ചിട്ടുള്ള തുക തീരെ അപര്യാപ്തമാണ്. കാലാകാലങ്ങളിൽ സബ്ജക്ട് കമ്മിറ്റികൾ കൂടുമ്പോൾ ഇത് പുനഃസംവിധാനം ചെയ്യണമെന്നും തുക കൂട്ടികൊടുക്കണമെന്നാവശ്യപ്പെട്ടാലും ഇത് പരിഹരിക്കപ്പെടുന്നില്ലെന്നുള്ള ആക്ഷേപം ഉയർന്നുവരുന്നുണ്ട്. അത് പരിഹരിക്കുന്നതിനുള്ള നടപടിക്രമം സ്വീകരിക്കണം. തിരുവനന്തപുരം ഉൾപ്പെടെയുള്ള മെഡിക്കൽകോളേജുകളിൽ നിലവിലുള്ള എമർജൻസി വിഭാഗം ഇന്ന് കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഒരപകടമുണ്ടായാൽ തിരുവനന്തപുരം മെഡിക്കൽകോളേജിൽ നാലോ അഞ്ചോ രോഗികളെ ഒരുമിച്ചുകൊണ്ടുവന്നാൽ കാഷ്യാലിറ്റിയിൽ അതിനുള്ള സംവിധാനമില്ല ആവശ്യത്തിന് ഡോക്ടർമാരില്ല രണ്ടോ മൂന്നോ ഡോക്ടർമാരുണ്ടാകും.

വിവിധ അപകടങ്ങളിൽപ്പെട്ട് എത്തിച്ചേരുന്നവരെ അത്യാവശ്യമായി ചികിൽസിക്കുന്നതിനുള്ള സംവിധാനം ഇന്ന് മെഡിക്കൽകോളേജിൽ ലഭ്യമല്ലെന്നുള്ള പരാതി ഉയർന്നുവരികയാണ്. പലപ്പോഴും മെഡിക്കൽകോളേജുകളെക്കുറിച്ച് ഉയർന്നുവരുന്ന പല ആക്ഷേപങ്ങൾക്കും പല ആരോപണങ്ങൾക്കും ഒരു കാരണം

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യത്തിന് ഡോക്ടർമാരും സ്റ്റാഫുമില്ല, അതിനുള്ള സംവിധാനം തിരുവനന്തപുരം മെഡിക്കൽകോളേജിൽ ഇപ്പോഴും ലഭ്യമല്ലെന്നുള്ളതാണ്. അതുകൊണ്ട് കേരളത്തിലെ മെഡിക്കൽകോളേജുകളിൽ പ്രധാനമായും എമർജൻസി യൂണിറ്റും കാഷ്യാലിറ്റി യൂണിറ്റും ഏറ്റവും സജീവമായി പ്രവർത്തിപ്പിക്കാനുള്ള സംവിധാനമുണ്ടാകണം. അപകടംമൂലം ഓടിയെത്തുന്ന രോഗികൾക്ക് ചികിൽസ ലഭ്യമാക്കുന്നതിന് ഒന്നോ രണ്ടോ ഡോക്ടർമാരെ പ്രത്യേകിച്ച് ചുമതല കൊടുത്ത് നിയമിക്കുന്നതിനു പകരം വിദഗ്ദ്ധരായ ഡോക്ടർമാരെ അതിനുവേണ്ടി എമർജൻസിയിലും കാഷ്യാലിറ്റിയിലും നിയമിക്കുന്നതിനാവശ്യമായ സംവിധാനമുണ്ടാക്കണം. 24 മണിക്കൂറും കേരളത്തിലെ മെഡിക്കൽകോളേജുകളിലെങ്കിലും കാഷ്വാലിറ്റികളും എമർജൻസി വിഭാഗവും സജീവമായി പ്രവർത്തിക്കുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കണം. മെഡിക്കൽകോളേജുകളിൽ കിടക്കുന്ന രോഗികളുടെ സ്ഥിതിയാണെങ്കിൽ ഏറ്റവും അശാസ്ത്രീയമായ ബെഡ് സംവിധാനമാണ് ഇന്നുള്ളത്. പതിനഞ്ചും ഇരുപത്തഞ്ചും മുപ്പതും പേർക്ക് കിടക്കാവുന്ന ഹാളിൽ എല്ലാ norms കളേയും ലംഘിച്ചുകൊണ്ട് അറുപതും എഴുപതും ബെഡ്ഡുകൾ ആ ഹാളിൽ ഇടുന്നുവെന്നുള്ള സ്ഥിതി രോഗികൾക്ക് ചികിൽസക്ക് തടസ്സമുണ്ടാക്കുന്നുവെന്നുള്ളത് മെഡിക്കൽകോളേജ് സന്ദർശിച്ചാൽ ഏവർക്കും ബോധ്യപ്പെടും. മെഡിക്കൽകോളേജാശുപത്രിയിലെ ഡോക്ടർമാരുടെ സേവന - വേതന വ്യവസ്ഥകളെക്കുറിച്ചാണ് അടുത്തതായി പറയാനുള്ളത്. എന്തുകൊണ്ട് ഏറ്റവും വിദഗ്ദ്ധരായ ഡോക്ടർമാർ നമ്മുടെ മെഡിക്കൽ കോളേജിൽ വരുന്നില്ല ? നമ്മുടെ മെഡിക്കൽകോളേജിലെ ഡോക്ടർമാരിൽ പലരും ലീവെടുത്ത് വിദേശത്ത് പോകുന്നു. മറ്റുചിലർ സ്വകാര്യ ആശുപത്രിയിൽ സേവനമനുഷ്ഠിക്കാൻ പോകുന്നു. ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാകണം.

കേരളത്തിൽ ഒരു മെഡിക്കൽ വിദ്യാർത്ഥി എം. ബി. ബി. എസ്. പാസായി പുറത്തിറങ്ങുമ്പോൾ സംസ്ഥാന ഖജനാവിനുണ്ടാകുന്ന ചെലവ് 5 ലക്ഷം രൂപയാണ്. കേരളത്തിന് വിദഗ്ദ്ധരായ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് ഇന്നുള്ള സേവന-വേതന വ്യവസ്ഥ പരിഷ്ക്കരിക്കേണ്ടത് വളരെ അത്യാവശ്യമായി വന്നിരിക്കുകയാണ്. കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ ഡോക്ടർമാർക്കുള്ള സേവന - വേതന വ്യവസ്ഥ നടപ്പിലാക്കിക്കൊണ്ട് കേരളത്തിലെ ആരോഗ്യ സംരക്ഷണ രംഗത്തെ സേവനം ജനങ്ങൾക്ക് ലഭ്യമാക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം. സ്വകാര്യ ചികിൽസ അവസാനിപ്പിക്കണം. ഡോ. കെ. എം. പൈ റിപ്പോർട്ടും ജയചന്ദ്രൻ കമ്മീഷൻ റിപ്പോർട്ടും വന്നിട്ടുണ്ട്. സ്വകാര്യ ചികിൽസ അവസാനിപ്പിക്കണമെന്നുള്ളത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. സ്വകാര്യ ചികിൽസ അവസാനിപ്പിക്കണമെങ്കിൽ മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ സേവന - വേതന വ്യവസ്ഥയും സ്റ്റാഫിന്റെ സേവന - വേതന വ്യവസ്ഥയും പരിഷ്ക്കരിച്ചുകൊണ്ട് പുതിയ സംവിധാനമുണ്ടാക്കണം. ഡോക്ടർമാരുടെ സേവനം ഇപ്പോൾ 10 മണി മുതൽ 1 മണിവരെയാണ്. അത് മാറ്റി 9 മണി മുതൽ 5 മണിവരെ ഡോക്ടർമാർക്ക് ജോലി ചെയ്യാനുള്ള സംവിധാനം ഈ സേവന - വേതനവ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതോടൊപ്പം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണം. പഞ്ചിംഗ് സിസ്റ്റം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടപ്പിലാക്കുന്നത് സന്തോഷകരമായ കാര്യമാണ്. അത് കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളിലും ഉണ്ടാകണം. മെഡിക്കൽകോളേജിൽ ജോലി ചെയ്യുന്ന സ്റ്റാഫിന് ഐഡന്റിറ്റി കാർഡ് കൊടുക്കണം. ജോലി സമയത്ത് കാർഡ് ധരിക്കണമെന്ന് വ്യവസ്ഥ ചെയ്യണം. കൃത്യമായി ജോലിക്ക് ഹാജരാകണമെന്ന് വ്യവസ്ഥ ഉണ്ടാകണം. ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും ഒരുപക്ഷേ വസ്ത്രം കണ്ട് തിരിച്ചറിയാൻ കഴിയുമായിരിക്കും. അതുകൊണ്ട് ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും മറ്റ് സ്റ്റാഫിനും ഐഡന്റിറ്റി കാർഡ് കൊടുക്കുകയും ജോലി സമയത്ത് അത് ധരിക്കണമെന്നത് നിർബന്ധമാക്കുകയും ചെയ്യണം. കേരളത്തിൽ ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ക്യാൻസർ രോഗികളെ ചികിൽസിക്കുന്നതിന് തിരുവനന്തപുരത്തെ ആർ.സി.സി.ആണ് പ്രധാനമായിട്ടുള്ളത്. കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ പരിമിതമായ സൗകര്യങ്ങളാണുള്ളത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ അതിന് നല്ല സൗകര്യം ഉണ്ട്. മറ്റ് മെഡിക്കൽ കോളേജിലും പരിമിതമായ സൗകര്യങ്ങൾ ഇന്നുണ്ട്. കേരളത്തിൽ ക്യാൻസർ രോഗികളുടെ എണ്ണം അമിതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ എല്ലാ രോഗികളെയും ഉൾക്കൊള്ളാൻ ആർ. സി. സി. - ക്ക് കഴിയാത്തതുകൊണ്ട് മെഡിക്കൽ കോളേജ് ആശുപത്രികളിലും അതോടൊപ്പം തന്നെ ജില്ലാ ആശുപത്രികളിലും ക്യാൻസർ രോഗ ചികിൽസയ്ക്കുവേണ്ടി പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. ക്യാൻസർ പരിശോധന സെന്ററുകൾ ഇന്ന് കേരളത്തിൽ എല്ലാ ജില്ലകളിലുമില്ല. അത് എല്ലാ ജില്ലകളിലും സ്ഥാപിച്ചും ക്യാൻസർ നിർണയ ക്യാമ്പുകൾ സംഘടിപ്പിച്ചും അതിലൂടെ രോഗികളെ കണ്ടെത്തി ചികിൽസ ലഭ്യമാക്കാനുള്ള സംവിധാനമുണ്ടാക്കണം. മെഡിക്കൽ കോളേജുകളെ ജനങ്ങളുടെ പ്രധാന ചികിൽസാ കേന്ദ്രമാക്കി മാറ്റണം. സ്വകാര്യ ആശുപത്രികളെ മാത്രം ആശ്രയിക്കുന്ന ഹൃദയശസ്ത്രക്രിയ മെഡിക്കൽ കോളേജിൽ അപൂർവമാണ്. എല്ലാ സൗകര്യങ്ങളുമുണ്ട്. വിദഗ്ദ്ധന്മാരായ ഡോക്ടർമാരുണ്ട്. ഓപ്പറേഷൻ തിയേറ്ററും അതിനുള്ള സൗകര്യവുമില്ല. രോഗികളുടെ ബാഹുല്യമനുസരിച്ച് ഓപ്പറേഷൻ തിയേറ്റർ പുനഃസംവിധാനം ചെയ്യേണ്ട കാലം കഴിഞ്ഞിരിക്കുന്നു. ഇങ്ങനെ മെഡിക്കൽ കോളേജ് ശാസ്ത്രീയമായി പുനഃസംവിധാനം ചെയ്തുകൊണ്ട് അത്യാധുനിക ചികിൽസാ സംവിധാനം ലഭ്യമാക്കുന്ന കേന്ദ്രമാക്കി മാറ്റണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ആരോഗ്യ പരിരക്ഷ കണക്കിലെടുത്ത് 8-ാം പദ്ധതിയിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക 9-ാം പദ്ധതിയിൽ മെഡിക്കൽ കോളേജുകൾക്കായി വകയിരുത്തിയിട്ടുണ്ട്. 1998-99 ൽ പദ്ധതിയിനത്തിൽ 26.60 കോടി രൂപയും 1999-2000-ത്തിൽ 29.86 കോടി രൂപയും 2000-2001-ൽ 33.48 കോടി രൂപയും മെഡിക്കൽ കോളേജു കൾക്കായി വകയിരുത്തിയിട്ടുണ്ട്. തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം എന്നീ മെഡിക്കൽ കോളേജുകളിൽ റെഫറൽ സംവിധാനം നിലവിലുണ്ട്. തൃശ്ശൂർ, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ കൂടി വിപുലമായ സംവിധാനം നടപ്പിലാക്കുന്ന കാര്യം



LIBRARY ARCHIVES Kerala Legislative Assembly

പരിശോധിച്ചു വരുന്നു. തിരുവനന്തപുരം, കോഴിക്കോട്, കോട്ടയം എന്നീ മെഡിക്കൽ കോളേജാശുപത്രികളിലെല്ലാം മിക്കവാറും എല്ലാ സ്പെഷ്യാലിറ്റികളും നിലവിലുണ്ട്. ആലപ്പുഴ, തൃശൂർ, മെഡിക്കൽ കോളേജുകളിൽ ഇൻഫെക്ഷ്യസ് ഡിസീസസ്, ഹൃദയ ശസ്ത്രക്രിയാ വിഭാഗം നെഫ്രോളജി, പ്ലാസ്റ്റിക് സർജറി മുതലായ വിഭാഗങ്ങൾ പ്രവർത്തിച്ചുവരുന്നു. ധനലഭ്യതയനുസരിച്ച് നിലവിലുള്ള സ്പെഷ്യാലിറ്റികൾ കൂടുതൽ വിപുലീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. എമർജൻസി വിഭാഗം എല്ലാ മെഡിക്കൽ കോളേജുകളിലും പ്രവർത്തിക്കുന്നുണ്ട്. എമർജൻസി വിഭാഗം നവീകരിക്കുന്നതിന്റെ ഭാഗമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ലബോറട്ടറി സർവീസുകൾ എല്ലാ മെഡിക്കൽ കോളേജുകളിലും ഇപ്പോൾ ഉണ്ട്. ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സ് ഓരോ വിഭാഗത്തിനും കെ. എച്ച്. ആർ. ഡബ്ല്യൂ. എസ്. ന്റെയും ആശുപത്രി വികസനസമിതിയുടെയും സഹായത്തോടെ സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചു വരുന്നുണ്ട്. കോഴിക്കോടും തിരുവനന്തപുരത്തും മൈക്രോ സർജറി നിലവിലുണ്ട്. സാങ്കേതിക കാരണങ്ങളാൽ പി. എസ്. സി. യിൽ നിന്നും ഉദ്യോഗാർത്ഥികളെ ലഭിക്കാനുള്ള കാലതാമസവും ഉയർന്ന തസ്തികയിലേക്ക് പ്രമോഷന് യോഗ്യതയുള്ള ഡോക്ടർമാരുടെ അഭാവവും ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ ബുദ്ധിമുട്ടുണ്ടാക്കുന്നു. ഒഴിവുള്ള തസ്തികകൾ നികത്താൻ വേണ്ടി തീവ്രയത്ന പരിപാടി ആരോഗ്യവകുപ്പ് ആരംഭിച്ചിട്ടുണ്ട്. പ്രതിമാസം 1500 രൂപവരെ വരുമാനമുള്ള സാധാരണക്കാർക്ക് മെഡിക്കൽകോളേജ് ആശുപത്രിയിൽ ചികിൽസ സൗജന്യമാണ്. മരുന്നിന്റെ ഗുണനിലവാരം ഉറപ്പുവരുത്തിക്കൊണ്ടാണ് രോഗികൾക്ക് മരുന്ന് വിതരണം ചെയ്യുന്നത്. ധനലഭ്യത അനുസരിച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തൃശൂർ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് മുളങ്കുന്നത്തുകാവിൽ 1200 കിടക്കകളുള്ള പുതിയ ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ഇതിൽ 400 കിടക്കകളുള്ള ആശുപത്രി ബ്ലോക്കിന്റെ പണി പൂർത്തിയായിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിക്കുവേണ്ടി വണ്ടാനത്ത് ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ഇതിൽ ഒ. പി. ബ്ലോക്കിന്റെ പണി പൂർത്തിയായിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് നൽകിയിട്ടുണ്ട്. മറ്റ് മെഡിക്കൽ കോളേജുകളിൽകൂടി നടപ്പിൽ വരുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. പഞ്ചിംഗ് സംവിധാനം ഇപ്പോൾ നിലവിലില്ല ഡോക്ടർമാരുടെ സേവന – വേതനവ്യവസ്ഥകൾ പുതുക്കുന്നതിനാവശ്യമായ ചർച്ചകൾ മിക്കവാറും ഏപ്രിൽ മാസത്തിൽ പുതിയ ശമ്പള സ്കെയിലുകൾ അനുവദിക്കുന്നതിനുള്ള തീരുമാനത്തിലെത്താൻ സാദ്ധ്യതയുണ്ട്. ഡോക്ടർമാരോ മറ്റ് പാരാ മെഡിക്കൽ ജീവനക്കാരോ രോഗികളിൽ നിന്നും പണം കൈപ്പറ്റുന്നതായി പരാതി ലഭിച്ചാൽ അന്വേഷണം നടത്തി തക്കതായ നടപടികൾ സ്വീകരിക്കുന്നതാണ്. മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് പി. ഡബ്ല്യു. ഡി. യിലെ പ്രത്യേക എഞ്ചിനീയറിംഗ് സെക്ഷനുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് അടുത്തുതന്നെ ചർച്ചകൾ നടത്തിയിട്ടുണ്ട്. ഒന്നരക്കോടി രൂപ ചെലവിൽ ഒരു ട്രോമാ കെയർ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാജു : മെഡിക്കൽകോളേജിനോടനുബന്ധിച്ച് ക്യാൻസർ രോഗികൾക്കുള്ള ചികിൽസയ്ക്ക് ഇന്നുള്ള സൗകര്യം കൂടുതൽ മെച്ചപ്പെടുത്താൻ മെഡിക്കൽ കോളേജുകൾ ഇല്ലാത്ത ജില്ലകളിൽ ജില്ലാ ആശുപത്രിയില്ലെങ്കിലും എല്ലാ സൗകര്യങ്ങളോടുകൂടി ക്യാൻസർ ചികിൽസാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

ശ്രീ. വി. സി. കബീർ : അതൊരു നല്ല നിർദ്ദേശമാണ്. ക്യാൻസർ ചികിൽസയ്ക്ക് ജില്ലാ ആശുപത്രികളിൽ സംവിധാനം ഏർപ്പെടുത്തണമെന്നുള്ളത് ഘട്ടം ഘട്ടമായി പരിഗണിക്കുന്നതാണ്.

## (2) സംസ്ഥാനത്തെ ഇ. എസ്. ഐ. ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. എഴുകോൺ നാരായണൻ : സർ, നമ്മുടെ സംസ്ഥാനത്തെ ഇ. എസ്. ഐ. ആശുപത്രികളിലെ ശോച്യാവസ്ഥയിലേയ്ക്കാണ് ഞാൻ ശ്രദ്ധ ക്ഷണിക്കുന്നത്. ലക്ഷക്കണക്കിന് തൊഴിലാളികൾ അംഗങ്ങളായിട്ടുള്ള ഇ.എസ്.ഐ.കോർപ്പറേഷൻ, തൊഴിലാളികൾക്കു വേണ്ടി നടത്തുന്ന മിക്ക ആശുപത്രികളുടെയും സ്ഥിതി വളരെ ദയനീയമാണ്. ഇ. എസ്. ഐ. കോർപ്പറേഷനിൽ അംഗങ്ങളായിട്ടുള്ള ലക്ഷക്കണക്കിന് തൊഴിലാളികളിൽ നിന്നും പിരിച്ചെടുക്കുന്ന വിഹിതവും മാനേജ്മെന്റിന്റെ വിഹിതവുമാണ് ഇ.എസ്.ഐ.യുടെ പ്രധാനപ്പെട്ട വരുമാന മാർഗം. തൊഴിലാളികളിൽ നിന്നും പിരിച്ചെടുക്കുന്ന തുകയുടെ വിനിയോഗത്തിൽ തൊഴിലാളികളുടെ ചികിൽസയ്ക്കു മുൻഗണന നൽകേണ്ടതല്ലേ? തൊഴിലാളികളുടെ ചികിൽസാ ചെലവിന്റെ എട്ടിൽ ഏഴുഭാഗവും ഇ.എസ്.ഐ.കോർപ്പറേഷനാണ് വഹിക്കുന്നതെങ്കിലും അത് നടപ്പിലാക്കുന്നത് സംസ്ഥാന ഗവൺമെന്റാണ്. സംസ്ഥാനത്ത് സ്പെഷ്യലിസ്റ്റ് സൗകര്യമുള്ള 13 ഇ.എസ്.ഐ.ആശുപത്രികളുണ്ട്. ഇവയിൽ പല ആശുപത്രികളിലും സ്പെഷ്യലിസ്റ്റുകളില്ല. ഓപ്പറേഷൻ തിയേറ്ററുകളും എക്സ്റേ യൂണിറ്റുകളും പല ആശുപത്രികളിലും നവീകരിച്ചിട്ടില്ല. മറ്റ് ഇ. എസ്. ഐ. ആശുപത്രികളുടെയും സ്ഥിതി വ്യത്യസ്തമല്ല. പല ഇ. എസ്. ഐ. ആശുപത്രികളിലും ഇന്ന് രോഗികൾക്ക് മരുന്നിന് പകരം തുണ്ടാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. അത്യാവശ്യം മരുന്നുകൾ പോലും ഇ. എസ്. ഐ. ആശുപത്രികളിൽ ലഭിക്കുന്നില്ല. ഇ. എസ്. ഐ.ആശുപത്രികളിലെ പരിശോധന ലഭിക്കേണ്ട ലക്ഷക്കണക്കിന് തൊഴിലാളികൾ കൊല്ലം ജില്ലയിലുണ്ട്. അവർക്കായി ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിക്കുവേണ്ടി 1997 ആഗസ്റ്റ് 9-ന് കേന്ദ്ര തൊഴിൽവകുപ്പുമന്ത്രി കൊല്ലത്ത് തറക്കല്ലിടുകയുണ്ടായി. ക്യാൻസർ, ഹൃദ്രോഗം തുടങ്ങി ഏതു രോഗം വന്നാലും രോഗികൾക്ക് മെച്ചപ്പെട്ട ചികിൽസ ലഭിക്കുന്നതിനുവേണ്ടി 50 കിടക്കകളുള്ള എല്ലാ ആധുനിക സൗകര്യങ്ങളുമുള്ള ഒരാശുപത്രി 6 മാസത്തിനുള്ളിൽ കൊല്ലത്ത് യാഥാർത്ഥ്യമാകുമെന്നാണ് അന്ന് പ്രഖ്യാപിച്ചത്. ഇതിന്റെ നിർമ്മാണത്തിനാവശ്യമായ 3 കോടിയോളം രൂപ കേന്ദ്രഗവൺമെന്റ് അനുവദിക്കുകയുണ്ടായി. നാളിതുവരെ കൊല്ലത്തെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി യാഥാർത്ഥ്യമാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. അത് യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട എഴുകോണിൽ 1974 -ൽ ആരംഭിച്ച ഒരു ഇ. എസ്. ഐ. ആശുപത്രിയുണ്ട്. ഈ ഇ. എസ്. ഐ. ആശുപത്രിയിൽ 150 - ൽപരം രോഗികളെ കിടത്തി ചികിൽസിക്കുവാനുള്ള സൗകര്യമുണ്ട്. ഈ ആശുപത്രിയിലും ആവശ്യത്തിനുള്ള ഡോക്ടർമാരും മറ്റു ജീവനക്കാരുമില്ല. എഴുകോൺ ഇ. എസ്. ഐ.ആശുപത്രിയിലെ പ്രധാനപ്പെട്ട പ്രശ്നം ശുദ്ധജലപ്രശ്നമാണ്. വേനൽക്കാലമായാൽ രോഗികളും ജീവനക്കാരു മൊക്കെ വെള്ളത്തിനായി നെട്ടോട്ടം ഓടുകയാണ്. ഈ ആശുപത്രി തുടങ്ങി 26 വർഷം കഴിഞ്ഞിട്ടും ശുദ്ധജലക്ഷാമം പരിഹരിക്കാനുള്ള നടപടികൾ ഉണ്ടായിട്ടില്ല. അതുകൊണ്ട് അടുത്ത കാലത്ത് കമ്മീഷൻ ചെയ്യാൻ പോകുന്ന കുണ്ടറ ജലവിതരണ പദ്ധതിയിൽ നിന്ന് കണക്ഷനെടുത്ത് എഴുകോൺ ഇ. എസ്. ഐ. ആശുപത്രിയുടെ ശുദ്ധജലക്ഷാമത്തിന് പരിഹാരമുണ്ടാക്കണമെന്നാണ് ഞാനാവശ്യപ്പെടുന്നത്. അതുപോലെ തന്നെ ഹൃദ്രോഗികളും ഗർഭിണികളുമടക്ക മുള്ള രോഗികളെ എഴുകോൺ ഇ.എസ്.ഐ. ആശുപത്രിയിൽ കൊണ്ടു വരുന്നതിന് ഗതാഗത യോഗ്യമായ റോഡില്ല. കൊല്ലം-ചെങ്കോട്ട റെയിൽവേ പാളം ക്രോസ് ചെയ്താലേ എഴുകോൺ ഇ.എസ്.ഐ.ആശുപത്രിയിലേക്ക് പോകാൻ കഴിയുകയുള്ളൂ. ആശുപത്രി തുടങ്ങി 26 വർഷംകഴിഞ്ഞിട്ടും ഒരു ലെവൽക്രോസിന്റെയും ആശുപത്രിയിലേക്ക് പോകുന്ന ഒരു അപ്രോച്ച് റോഡിന്റെയും പണി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. എഴുകോൺ ഇ. എസ്. ഐ. ആശുപത്രിയിലേക്ക് പോകുന്നതിന് ലെവൽക്രോസും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനാവശ്യമായ പ്രോപ്പോസൽ ഗവൺമെന്റിന്റെ പക്കലുണ്ട്. ഇത് യാഥാർത്ഥ്യമാക്കാൻ അടിയന്തിര നടപടി അങ്ങയുടെ ഭാഗത്തു നിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുക യാണ്. നമ്മുടെ സംസ്ഥാനത്തെ ഇ. എസ്. ഐ. ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകണ മെന്ന് വിനയപൂർവ്വം ഞാനഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, സംസ്ഥാനത്തെ ഇ. എസ്. ഐ. ആശുപത്രികളിലെ വിവിധ സ്പെഷ്യാലിറ്റി വിഭാഗങ്ങളിലെ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് അൽപ്പം കാലതാമസം നേരിടുന്നുണ്ട്. എങ്കിലും രോഗികൾക്കാവശ്യമായ ചികിൽസയും ഇ. എസ്.ഐ. ആശുപത്രിയിൽ ലഭ്യമല്ലെന്നിരിക്കുകയോ, കാലതാമസമുണ്ടാകുകയോ ചെയ്യുമ്പോൾ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള മറ്റു സ്ഥാപനങ്ങളിൽ നിന്ന് ചികിൽസ തേടാൻ അനുമതിയും അഡ്വാൻസ് തുകയും നൽകുന്നുണ്ട്. കൂടുതൽ സ്പെഷ്യലിസ്റ്റുകളുടെ സേവനം ലഭ്യമാക്കുന്നതിന് ഈ വകുപ്പിലേക്കുള്ള ഡോക്ടർമാർക്ക് ബിരുദാനന്തര പഠനത്തിന് പ്രത്യേക ക്വാട്ട അനുവദിച്ചിട്ടുണ്ട്. വകുപ്പ് ക്വാട്ടയിൽ പഠനം നടത്തുന്നവർക്ക് പഠനശേഷം ഈ വകുപ്പിൽ സ്പെഷ്യാലിറ്റി തസ്തികയിൽ സേവനം നിർബന്ധമാക്കിയിട്ടുണ്ട്. ഈ വകുപ്പിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് പി. എസ്. സി. റാങ്ക് ലിസ്റ്റ് 1993 - നുശേഷം 1999 ഫെബ്രുവരിയിലാണ് നിലവിൽ വന്നത്. ഈ രണ്ടു റാങ്കു ലിസ്റ്റിന്റേയും ഇടയിലുള്ള കാലയളവിൽ കരാർ അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിച്ചിരുന്നു. 1999-ലെ ലിസ്റ്റിൽ നിന്ന് 133 പേർക്ക് നിയമനം നൽകിയതിൽ 105 പേർ നിയമനം സ്വീകരിച്ച് ചാർജെടുത്തിട്ടുണ്ട്. ഇനി 28 ഒഴിവുകളുണ്ട്. പി. എസ്. സി.

നിയമനങ്ങൾക്ക് ക്രീമിലെയർ നിർണ്ണയത്തെത്തുടർന്ന് ഈയിടെയുണ്ടായ കാലതാമസം കാരണം ഈ ഒഴിവുകളിലേക്ക് നിയമനത്തിന് അഡ്വൈസ് ലഭിച്ചിട്ടില്ല. സ്പെഷ്യലിസ്റ്റുകളുടെ ഒഴിവുകൾ എത്രയും വേഗം നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓപ്പറേഷൻ തിയേറ്റർ, എക്സ്-റേ യൂണിറ്റുകൾ ലബോറട്ടറികൾ ഒക്കെ എല്ലാ ഇ. എസ്. ഐ. ആശുപത്രികളിലും ഏർപ്പെടുത്തിയിട്ടുണ്ട്. സർജന്റെയും റേഡിയോളജിസ്റ്റിന്റെയും മറ്റും ഒഴിവുള്ളതിനാൽ ചിലയിടങ്ങളിൽ ഓപ്പറേഷൻ തീയേറ്റർ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ല. പല ആശുപത്രികളിലും പഴയ എക്സ്-റേ മെഷീനാണുള്ളത്. പുതിയ രണ്ട് എക്സ്-റേ മെഷീൻ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആശ്രാമം ആശുപത്രിയിലെ എക്സ്-റേ മെഷീൻ പ്രവർത്തിക്കുന്നില്ല. പകരം പോർട്ടബിൾ മെഷീനാണ് അവിടെ ഉപയോഗിക്കുന്നത്. സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി തുടങ്ങുവാനുള്ള പ്രവർത്തനങ്ങൾ ആശ്രാമം ഇ. എസ്. ഐ. ആശുപത്രിയിൽ ആരംഭിച്ചു കഴിഞ്ഞു. എഴുകോൺ ഇ. എസ്. ഐ. ആശുപത്രിയിലേക്ക് കുണ്ടറ ശുദ്ധ ജലപദ്ധതിയിൽ നിന്ന് കണക്ഷൻ എടുക്കുന്നതിനുള്ള നടപടിയെക്കുറിച്ച് ആലോചിച്ചു വരുന്നു. പ്രായോഗികമായി അത് നടക്കാൻ പോകുന്നില്ല. നടക്കാൻ ബുദ്ധിമുട്ടുണ്ട് എന്നാണ് വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥന്മാർ അറിയിച്ചത്. ഇപ്പോൾ ഒരാഴ്ചയ്ക്കു മുമ്പ് അവിടത്തെ ശുദ്ധജലക്ഷാമം എന്റെ ശ്രദ്ധയിൽപ്പെട്ടു. വളരെ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ മൂന്നു ബോർവെല്ലുകൾ ആ ആശുപത്രിയിൽ കുഴിക്കാനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്. ഒന്ന് ഇ. എസ്. ഐ. കോർപ്പറേഷന്റെ നേതൃത്വത്തിലും മറ്റേത് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിലും. മൂന്നു ബോർവെൽ ഉടനടി കുഴിക്കാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്. എഴുകോൺ ആശുപത്രിയിലേക്ക് പുതിയ അപ്രോച്ച് റോഡും ലെവൽക്രോസും നിർമ്മിക്കുന്ന കാര്യത്തിൽ ഇ.എസ്.ഐ. കോർപ്പറേഷനുമായി ചേർന്ന് നടപടികൾ സ്വീകരിച്ചു വരികയാണ്. എഴുകോൺ ആശുപത്രി കേരളത്തിലെ തൊഴിലാളികൾക്ക് വേണ്ടി സ്ഥാപിച്ചിട്ടുള്ളതിനാൽ ഇതിന്റെ ചെലവ് സംസ്ഥാന സർക്കാർതന്നെ വഹിക്കണമെന്ന് ഇ.എസ്.ഐ. കോർപ്പറേഷൻ തീരുമാനിച്ചിരിക്കുന്നു. ഇതിന്റെ നിർമ്മാണം സംബന്ധിച്ചുള്ള കാര്യത്തിൽ പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണം, ഗതാഗതം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ടു വരികയാണ്.

<u>ശ്രീ. എഴുകോൺ നാരായണൻ</u> : ഇ. എസ്. ഐ. ആശുപത്രിയിൽ ഇപ്പോൾ നിലനിൽക്കുന്ന ശോചനീയാവസ്ഥയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയമസഭാ കമ്മിറ്റിയെ നിയോഗിക്കുന്ന കാര്യത്തെക്കുറിച്ച് അങ്ങ് ആലോചിക്കുമോ ?

<u>ശ്രീ. വി. പി. രാമകൃഷ്ണപിള്ള</u> : അതിന് നിയമസഭാകമ്മിറ്റിയുടെ ആവശ്യമൊന്നുമില്ല. അല്ലാതെ തന്നെ അതിനെക്കുറിച്ച് പഠിക്കുകയും അതിനെ സംബന്ധിച്ച് ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അത് പരിഹരിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## V സബ്മിഷൻ

### (1) പോലീസ് കസ്റ്റഡിയിൽ നിന്നും കൊലക്കേസ് പ്രതി രക്ഷപ്പെട്ട സംഭവം

ശ്രീ. കെ. എം. മാണി : സർ, വിധി പറയാൻ മിനിട്ടുകൾ ബാക്കി നിൽക്കേ കോടതി വരാന്തയിൽ പോലീസ് കസ്റ്റഡിയിൽ നിന്ന് കൊലക്കേസ് പ്രതി രക്ഷപ്പെട്ട സംഭവം വളരെ ഉത്കണ്ഠാജനകമാണ്. മോനിപ്പള്ളി ആച്ചിക്കൽ വേങ്ങാച്ചുവട്ടിൽ കുട്ടി എന്ന ജോർജാണ് കോട്ടയം അഡീഷണൽ സെഷൻസ് കോടതി വരാന്തയിൽ നിന്ന് 22-12-1999-ൽ ഓടി രക്ഷപ്പെട്ടത്. 1996 ജനുവരി മാസം 17-ാം തിയതി മോനിപ്പള്ളിയിൽ വച്ച് കേരളാ കോൺഗ്രസ് പ്രാദേശിക നേതാവും ഉഴവൂർ സർവീസ് സഹകരണ ബാങ്ക് ഡയറക്ടർ ബോർഡ് അംഗവുമായിരുന്ന ആച്ചിക്കൽ പുല്ലംപാറ പുത്തൻപുരയ്ക്കൽ 50 വയസ്സുള്ള ജോസിനെ ജീപ്പ് കയറ്റി കൊലപ്പെടുത്തിയ കേസിലെ പ്രതിയായ വേങ്ങാച്ചുവട്ടിൽ കുട്ടി എന്നു വിളിക്കുന്ന ജോർജ്ജ്, കേസിന്റെ വിധി കേൾക്കാൻ കോടതി വരാന്തയിൽ കാത്തു നിൽക്കവേ പോലീസ് കസ്റ്റഡിയിൽ നിന്ന് തന്ത്രപൂർവം രക്ഷപ്പെടുകയുണ്ടായി എന്നത് ഹൃദയ ഭേദകമാണ്. വിവരം പ്രോസിക്യൂട്ടർ കോടതിയെ ധരിപ്പിച്ചതിനെത്തുടർന്ന് കേസ് അവധിക്ക് മാറ്റുകയും പ്രതിക്ക് എതിരെ ജാമ്യമില്ലാ വാറണ്ട് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതുവരെ പ്രതിയെ കണ്ടുപിടിക്കാൻ പോലീസിന് കഴിഞ്ഞില്ല എന്നത് വളരെ വളരെ ആക്ഷേപകരമായ ഒരു കാര്യമാണ്. കൊലക്കേസിൽ ശിക്ഷിക്കപ്പെടുന്ന പ്രതിപോലും രക്ഷപ്പെടുന്നു. അവരെ പിടിക്കാൻ കഴിയുന്നില്ല എന്നുള്ളത് നമ്മുടെ നിയമസമാധാന നിലവാരം എത്ര താഴോട്ട് പോയി എന്നുള്ളതിന്റെ വ്യക്തമായ തെളിവാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്തെങ്കിലും സ്പെഷ്യൽ സംവിധാനം ഏർപ്പെടുത്തിക്കൊണ്ടായാലും ഈ പ്രതിയെ എത്രയും വേഗം കണ്ടുപിടിക്കുന്നതിനുള്ള ഏർപ്പാട് ചെയ്യണം. അതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, ഈ സംഭവം സംബന്ധിച്ച് ക്രൈം 17/96-ാം നമ്പരായി ഇൻഡ്യൻ ശിക്ഷാനിയമം 302, 307 വകുപ്പുകൾ പ്രകാരം ഒരു കേസ് കോട്ടയം കുറവിലങ്ങാട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിരുന്നു. ആ കേസ് എസ്.സി. 5/97-ാം നമ്പരായി കോട്ടയം അഡീഷണൽ സെഷൻസ് കോടതിയിൽ വിചാരണയിലായിരുന്നതും 21-12-1999 -ൽ വിചാരണ പൂർത്തിയാക്കിട്ടുള്ളതും, കോടതി ജാമ്യം റദ്ദാക്കി പ്രതിയെ റിമാന്റു ചെയ്തിട്ടുള്ളതുമാണ്. കേസിന്റെ വിധി പറഞ്ഞ ദിവസമായ 22-12-1999-ന് പ്രതിയെ കോടതിയിൽ കൊണ്ടു വന്നു. വിധി പ്രഖ്യാപിക്കുന്നതിനിടയിൽ കോടതിയിൽ നിന്ന് പ്രതി ഓടി രക്ഷപ്പെട്ടു. ഇത് സംബന്ധിച്ച് കോട്ടയം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു. തുടർന്ന് ക്രൈം മെമ്മോകൾ തയ്യാറാക്കി പോലീസ് സ്റ്റേഷനുകളിൽ അയച്ചിട്ടുള്ളതും, ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങളിൽ പരസ്യം നൽകിയിട്ടുള്ളതും, അന്യ സംസ്ഥാനങ്ങളിൽ തെരച്ചിൽ നടത്തിയിട്ടുള്ളതുമാണ്. ഇതിനുവേണ്ടി ഒരു പ്രത്യേക പോലീസ് ടീം രൂപീകരിച്ച് അന്വേഷണം നടത്തിവരുന്നു. അന്വേഷണം ത്വരിതപ്പെടുത്തി പ്രതിയെ കണ്ടെത്താനുള്ള നടപടി സ്വീകരിക്കാൻ ഡി. ജി. പി. ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസിന്റെ പ്രത്യേക ടീം അതിനായി അന്വേഷണം തുടരുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

### (2) അയിരൂർ പഞ്ചായത്തിലെ ബി. എസ്. എഫ്. ജവാൻ മോഹനൻ നായരുടെ കൊലപാതകം സംബന്ധിച്ച്

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട അയിരൂർ പഞ്ചായത്തിൽ ഇടപ്പാവൂർ പൂവത്തുങ്കൽ വീട്ടിൽ ബി. എസ്. എഫ്. ജവാൻ പി. ആർ. മോഹനൻ നായർ 19-3-2000-ത്തിന് ഇടപ്പാവൂർ ദേവീക്ഷേത്രത്തിനു സമീപം ചവിട്ടും തൊഴിയുമേറ്റ് ദയനീയമായി കൊല്ലപ്പെട്ടു. ജമ്മു-കാശ്മീരിൽ സേവനമനുഷ്ഠിച്ചിരുന്ന മോഹനൻ നായർ അവധിക്ക് വന്നതായിരുന്നു. യാതൊരു പ്രകോപനപരവുമല്ലാത്ത സംഭവത്തെ തുടർന്നാണ് മോഹനൻ നായർ കൊല്ലപ്പെട്ടത്. അയിരൂർ പട്ടശ്ശേരിൽ സന്തോഷ്, കൈതക്കോട് മേമഠത്തിൽ കുഞ്ഞുമോൻ, കൈതക്കോട് താഴത്തേതിൽ ശശിധരൻപിള്ള, അയിരൂർ ചെറുകോൽപ്പുഴ നെടുവേലിൽ സത്യൻ എന്നിവരാണ് പ്രതികളെന്ന് വ്യക്തമായിരിക്കുന്നു. സാക്ഷികളുമുണ്ട്. കൊലകഴിഞ്ഞ് 9 ദിവസമായിട്ടും ഇതുവരെ 3 പ്രതികളെ മാത്രമേ പിടികൂടാൻ പോലീസിന് കഴിഞ്ഞിട്ടുള്ളൂ. നാട്ടുകാർ വളരെ ക്ഷുഭിതരും ദുഃഖിതരുമാണ്. ജവാനായിരുന്ന മോഹനൻ നായരുടെ ശമ്പളം മാത്രമായിരുന്നു അദ്ദേഹത്തിന്റെ ഭാര്യയ്ക്കും വിദ്യാർത്ഥികളായ രണ്ടു കുട്ടികളുമടങ്ങുന്ന കുടുംബത്തിന്റെ വരുമാനം. അനാഥമായ ആ കുടുംബം ഇന്ന് ഗതിയില്ലാതെ കണ്ണീരിൽ കഴിഞ്ഞു കൂടുകയാണ്. കൊലയാളികളെ കാലതാമസം കൂടാതെ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിക്കുന്നതിനും നാട്ടുകാരുടെ ആശങ്കകൾ അകറ്റുന്നതിനും വേണ്ട നിർദ്ദേശം നൽകണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടപേക്ഷിക്കുന്നു. നിരാലംബമായ ആ കുടുംബത്തിന് ആശ്വാസമേകാൻ കഴിവുള്ള സഹായം അനുവദിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, പത്തനംതിട്ട ഇടപ്പാവൂർ പൂവത്തുങ്കൽ മോഹനൻ നായരെ 19-3-2000-ന് ചിലർ ചേർന്ന് ആക്രമിച്ചു പരിക്കേൽപ്പിച്ചു, ആശുപത്രിയിൽ എത്തുമ്പോഴേയ്ക്കും അയാൾ മരണപ്പെട്ടിരുന്നു. ഇത് സംബന്ധിച്ച് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 302,323,34 എന്നീ വകുപ്പുകൾ പ്രകാരം കോയിപ്പുറം പോലീസ് സ്റ്റേഷനിൽ ക്രൈം 64/2000 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും സന്തോഷ്, ഗോപകുമാർ, സത്യൻ എന്നു വിളിക്കുന്ന ആനന്ദ് കെ. നായർ എന്നിവരെ 26-3-2000-ന് പോലീസ് അറസ്റ്റ് ചെയ്യുകയും മറ്റൊരു പ്രതിയായ ശ്രീധരൻപിള്ള കോടതിയിൽ കീഴടങ്ങുകയും ചെയ്തിട്ടുണ്ട്. കേസന്വേഷണം ത്വരിതപ്പെടുത്താൻ പത്തനംതിട്ട എസ്. പി. ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### (3) ഇരിഞ്ഞാലക്കുട കാട്ടൂർ ഗവൺമെന്റ് ഹൈസ്ക്കൂളിലെ നാല് വിദ്യാർത്ഥികളെ കാണാതായത് സംബന്ധിച്ച്

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, ഇരിഞ്ഞാലക്കുട നിയോജകമണ്ഡലത്തിൽപ്പെട്ട കാട്ടൂർ ഗവൺമെന്റ് ഹൈസ്ക്കൂളിൽ പഠിക്കുന്ന ജിന്റോ ജെ. ആലപ്പാട്, വിപിൻ എ. വി., ദീപക്. പി. എൽ., അജീഷ്. കെ. എ. എന്നീ നാല് വിദ്യാർത്ഥികളെ കഴിഞ്ഞ ഫെബ്രുവരി 28 മുതൽ കാണാതായിരിക്കുന്നു. ഇതിൽ മൂന്ന് വിദ്യാർത്ഥികൾ

10-ാം ക്ലാസിലും ഒരു വിദ്യാർത്ഥി 9-ാം ക്ലാസിലുമാണ് പഠിക്കുന്നത്. ദുരൂഹമായ സാഹചര്യത്തിൽ ഒരു മാസം മുമ്പ് അപ്രത്യക്ഷരായ വിദ്യാർത്ഥികളെക്കുറിച്ച് വീട്ടുകാർക്കോ പോലീസുകാർക്കോ നാളിതുവരെ യാതൊരു വിവരവും ലഭിച്ചിട്ടില്ല. കുട്ടികളുടെ വീടുകളിൽ കൂട്ട നിലവിളിയാണ്. സ്കൂളിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും നാട്ടുകാരും വളരെയേറെ ദുഃഖത്തിലാണ് കഴിയുന്നത്. കാണാതായ നാല് വിദ്യാർത്ഥികളെ എത്രയും വേഗം കണ്ടുപിടിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സംസ്ഥാനത്തിന് പുറത്ത് അന്വേഷണം വ്യാപിപ്പിക്കുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, തൃശൂർ കാട്ടൂർ ഗവൺമെന്റ് ഹൈസ്ക്കൂളിലെ 15 വയസ്സ് വീതം പ്രായമുള്ള ജിന്റോ, അജീഷ്, ദീപക്, വിപിൻ എന്നീ കുട്ടികളെ 26-2-2000-മുതൽ കാണാനില്ലെന്ന പരാതി ലഭിച്ചു. ഇതു സംബന്ധിച്ച് കാട്ടൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 36/2000 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തു. കുട്ടികളുടെ അടയാള വിവരം എല്ലാ പോലീസ് സ്റ്റേഷനുകളിലും അറിയിക്കുകയും ടെലിവിഷൻ, പത്രം എന്നീ മാദ്ധ്യമങ്ങളിൽകൂടി പരസ്യം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ബോംബെ, ബാംഗ്ലൂർ എന്നിവിടങ്ങളിലും അന്വേഷണം നടത്തിയിരുന്നു. കുട്ടികൾ കളിക്കുന്ന സമയം സ്ക്കൂളിന്റെ ജനാലച്ചില്ല് എങ്ങനെയോ പൊട്ടാനിടയായി. അതെപ്പറ്റി ചോദിക്കാനായി രക്ഷകർത്താക്കളെ കൊണ്ടുവരണമെന്ന് സ്ക്കൂൾ അധികൃതർ പറഞ്ഞിരുന്നു. അതിലുള്ള മനോവിഷമത്താൽ അവർ സ്ഥലം വിട്ടുപോയതാകാമെന്ന് കരുതുന്നു. അന്വേഷണം ത്വരി തപ്പെടുത്തി കുട്ടികളെ കണ്ടുപിടിക്കാൻ ഡി.ജി.പി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### (4) മേപ്പാടി പഞ്ചായത്തിലെ മുസ്ലീംലീഗ് ജനറൽ സെക്രട്ടറി ആക്രമിക്കപ്പെട്ട സംഭവം

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : സർ, മേപ്പാടി പഞ്ചായത്തിൽപ്പെട്ട കുന്ന മംഗലം വയൽ മുസ്ലീം ലീഗ് ജനറൽ സെക്രട്ടറിയായ മുഹമ്മദ് എന്ന ബാപ്പൂട്ടിയെ ഈ കഴിഞ്ഞ വ്യാഴാഴ്ച വൈകുന്നേരം ഒരു സംഘം സി.പി.ഐ (എം) പ്രവർത്തകർ വളഞ്ഞുവച്ച് അദ്ദേഹത്തിന്റെ രണ്ടു കാലുകളും അടിച്ച് ഒടിക്കുകയുണ്ടായി. അടികൊണ്ട് രണ്ടു കാലും ഒടിഞ്ഞ മുഹമ്മദ് എന്ന ബാപ്പൂട്ടി മുമ്പ് സി.പി.ഐ (എം) പ്രവർത്തകൻ ആയിരുന്നു. അദ്ദേഹം സി.പി.ഐ.(എം) -ൽ നിന്ന് രാജിവച്ച് മുസ്ലീം ലീഗിൽ ചേർന്നതിനുശേഷം നിരവധി സി.പി.ഐ (എം) പ്രവർത്തകർ രാജി വച്ച് മുസ്ലീം ലീഗിൽ ചേരുകയുണ്ടായി. ബാപ്പൂട്ടിയുടെ പ്രവർത്തനഫലമായിട്ടാണ് സി. പി. ഐ (എം) - ൽ നിന്ന് മുസ്ലീം ലീഗിലേക്കുള്ള പ്രവർത്തകർ ഒഴുകികൊണ്ടിരിക്കുന്നത്. ഇതിന്റെ പ്രതികാരമായിട്ടാണ് സി.പി.ഐ (എം) പ്രവർത്തകർ അദ്ദേഹത്തെ ആക്രമിച്ചത്. രണ്ട് കാലും അടിച്ച് ഒടിച്ചത് വലിയ നടയിൽ ഹംസ എന്ന ഉമ്മാച്ചു ഹംസ, സുനിൽ, നാസർ, മൂസ്സക്കോ, റോസ്റ്റിൻ റോബർട്ട് എന്നിവരുടെ നേതൃത്വത്തിലാണ്. ഇതുവരെയായി പ്രതികളെ ആരെയും പിടിച്ചിട്ടില്ല, എന്നുമാത്രമല്ല ഏറ്റവും വലിയ വിരോധാഭാസം അക്രമികളെ പിടിക്കുന്നതിനുപകരം കേസിലെ പ്രധാന പ്രതിയായ വലിയങ്ങാടൻ ഹംസയ്ക്കും

LIBRARY ARCHIVES Kerala Legislative Assembly

ഹംസയുടെ വീടിനും പോലീസ് സംരക്ഷണം ഏർപ്പെടുത്തിയിരിക്കുകയാണ്. *** കഴിഞ്ഞ ജനുവരി മാസം 31-ാം തീയതി ഇതുപോലെതന്നെ മുസ്ലീംലീഗ് പ്രവർത്തകരെ അക്രമിക്കപ്പെട്ട സംഭവമുണ്ടായി.

മി. സ്പീക്കർ : ഇതൊന്നും രേഖയിലുണ്ടാകില്ല.

ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ : മുസ്ലീംലീഗിന്റെ മേപ്പാടി പഞ്ചായത്തിലുള്ള നേതാക്കന്മാരുടെ വീടുകളും തകർത്തു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളെ ആക്രമിച്ചു. മൻസൂർ എന്ന മുസ്ലീംലീഗ് പ്രവർത്തകന്റെ വീട്ടിൽ കയറി ആക്രമിക്കുക മാത്രമല്ല അദ്ദേഹത്തിന്റെ സഹോദരിയുടെ അഞ്ച് പവന്റെ മാല തട്ടിക്കൊണ്ടുപോകുകയും ചെയ്തു.

മി. സ്പീക്കർ : ഇങ്ങനെപോയാൽ ഇത് നാളത്തേയ്ക്ക് മാറ്റിവയ്ക്കേണ്ടി വരും. രണ്ട് വാചകം പറഞ്ഞാൽ പോരേ ? മറ്റ് ഇഷ്യൂസ് ഒന്നും രേഖയിൽ ഉണ്ടാകുകയില്ല.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : മുഹമ്മദ് എന്ന ബാപ്പൂട്ടിയെ അക്രമിച്ച കേസിലെ പ്രതികളെ ഉടനെ അറസ്റ്റ് ചെയ്ത് നിയമത്തിന്റെ മുന്നിൽ കൊണ്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : രണ്ട് മൂന്ന് വിഷയത്തിന് ഇവിടെ മറുപടിയില്ല. ഒറ്റ വിഷയത്തിനേ മറുപടിയുള്ളു. അതാണ് സബ്മിഷൻ. വയനാട് മേപ്പാടി ചേംപ്രാപ്പിക്ക് എസ്റ്റേറ്റ് ഗേറ്റിനടുത്തുവച്ച് 23-2-2000 -ന് വൈകുന്നേരം മുഹമ്മദ് എന്ന ബാപ്പൂട്ടിയെ ചിലർ ചേർന്ന് അക്രമിച്ചു പരിക്കേൽപ്പിച്ചു. ഇത് സംബന്ധിച്ച് മേപ്പാടി പോലീസ് സ്റ്റേഷനിൽ ക്രൈം 56/2000 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുക മാത്രമല്ല ..........................

മി. സ്പീക്കർ : ഇത് സംബന്ധിച്ച് കെ. പി. എ. മജീദും ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. ഇ. കെ. നായനാർ : പ്രതികളെ 28-3-2000-ന് രാവിലെ അറസ്റ്റ് ചെയ്തു കോടതിയിൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. അന്വേഷണം ത്വരിതപ്പെടുത്താൻ വയനാട് എസ്. പി. ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### (5) ശ്രീ. കെ. സി. വേണുഗോപാൽ, എം. എൽ. എ. യെ പോലീസ് മർദ്ദിച്ചത് കേസ് റഫർ ചെയ്തത് സംബന്ധിച്ച്

ശ്രീ. ഉമ്മൻ ചാണ്ടി : 27-3-2000-ൽ ഈ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ബി. വിജയകുമാർ എം.എൽ.എ.യുടെ ചോദ്യത്തിന് നൽകിയ മറുപടി എല്ലാ പേരേയും അത്ഭുതപ്പെടുത്തിയിരിക്കുകയാണ്. ഈ സഭയിലെ ഒരംഗമായ ശ്രീ. കെ. സി. വേണുഗോപാൽ, എം. എൽ. എ. യെ ക്രൂരമായി മർദ്ദിച്ച സംഭവത്തിൽ യാഥാർത്ഥ്യങ്ങൾ തകിടം മറിച്ചുകൊണ്ട് ഒരു നടപടിക്രമവും പൂർത്തിയാക്കാതെ mistake of fact -ആയിട്ട് കേസ് റഫർ ചെയ്തിരിക്കുന്നു എന്ന മറുപടി

*** ബഹു. സ്പീക്കറുടെ ഉത്തരവ് പ്രകാരം നീക്കം ചെയ്തു.



LIBRARY ARCHIVES Kerala Legislative Assembly

എല്ലാപേരേയും അൽഭുതപ്പെടുത്തിയിരിക്കുകയാണ്. ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും അതിൽ അമർഷവും പ്രതിഷേധവുമുണ്ട്. കഴിഞ്ഞ നിയമസഭയിൽ പ്രതിപക്ഷ നേതാവ് ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി നൽകിയ മറുപടി അന്വേഷണം പൂർത്തിയായി കേസെടുക്കുമെന്നാണ്. 1997 സെപ്റ്റംബർ 7 -ാം തീയതി ഉണ്ടായ സംഭവമാണ്. ഇതിനെക്കുറിച്ച് ഈ സഭയിൽ 7 പ്രാവശ്യം സബ്മിഷൻ ഉന്നയിച്ചു. ഒരു ന്യായീകരണവുമില്ലാത്ത കാലതാമസമാണ് ഈ ഇൻവെസ്റ്റി ഗേഷനിലുണ്ടായത്. ഒരു കേസിൽ എഫ്. ഐ. ആർ കൊടുത്തു കഴിഞ്ഞാൽ ആറ് മാസത്തിനകം അതിന്റെ ചാർജ് ഷീറ്റ് കൊടുക്കണമെന്നാണ്. പിന്നെ ഉണ്ടാകുന്ന ഡിലേയ്ക്കൊക്കെ കോടതിയുടെ അനുവാദം വാങ്ങണം. C.R.Pc.173 Every Investigation under this chapter shall be completed without unnecessary delay. ഈ കേസിൽ അനാവശ്യമായിട്ടുള്ള ഡിലേയുണ്ടായി. എന്നിട്ടോ, കേസ് റഫർ ചെയ്തുവെന്ന് മുഖ്യമന്ത്രി പറഞ്ഞിട്ട് അതിന്റെ ഒരു നടപടിക്രമങ്ങളും പൂർത്തീകരിച്ചിട്ടില്ല. സെക്ഷൻ 157(2) അനുസരിച്ച്, if it appears to the officer in charge of a police station that there is no sufficient ground for entering on an investigation, he shall not investigate the case.

ഇത് തുടരുന്നതിൽ അർത്ഥമില്ല എന്നുകണ്ടാൽ ആ ഉദ്യോഗസ്ഥന് അന്വേഷണം തുടരാതിരിക്കാം. പക്ഷേ വളരെ വ്യക്തമായിട്ട് പറഞ്ഞിരിക്കുന്നു. the officer shall also forthwith notify to the informant, if any, in such manner as may be prescribed by the State Government the fact that he will not investigate the case or cause it to be investigated. ഇവിടെ ഇൻവെസ്റ്റിഗേഷൻ തുടരാൻ സാധിക്കുന്നില്ല എന്ന വിവരം ശ്രീ. കെ. സി. വേണുഗോപാലിനെയോ, അദ്ദേഹത്തിന്റെ കൂടെ പരിക്കുപറ്റിയ മുനിസിപ്പൽ ചെയർമാനായിരുന്ന ഷുക്കൂറിനെയോ ആരേയും അറിയിച്ചിട്ടില്ല. അതിനു പുറമെ സെക്ഷൻ 173 അനുസരിച്ച് ഫൈനൽ റിപ്പോർട്ട് മജിസ്ട്രേട്ടിനു കൊടുക്കുമ്പോൾ അത് റഫർ ചെയ്യുകയാണെങ്കിൽ, അത് റഫർ ചെയ്യുന്ന വിവരം 173 സെക്ഷൻ (2) അനുസരിച്ച് അറിയിക്കേണ്ടതാണ്. അത് അറിയിച്ചിട്ടില്ല. ഞാൻ ആ സെക്ഷൻ വായിക്കുന്നില്ല. അതിനു പുറമെ, മജിസ്ട്രേട്ട് ഇത് റഫർ ചെയ്യുന്നതിനുമുമ്പ് ഈ പാർട്ടിക്കു നോട്ടീസ് കൊടുക്കേണ്ടതാണ്. പോലീസാണ് ആ നോട്ടീസ് കൊടുക്കേണ്ടത്. ശ്രീ. കെ. സി. വേണുഗോപാലിനോ, അദ്ദേഹത്തിന്റെ കൂടെയുള്ളവർക്കോ ആർക്കുംതന്നെ അങ്ങനെ ഒരു നോട്ടീസ് കിട്ടിയിട്ടില്ല. പോലീസ് അവിടേയും തെറ്റിദ്ധാരണയുണ്ടാക്കിയിരിക്കുന്നു. അതിനൊക്കെ പുറമെ, കോടതിയിൽ കൊടുത്തിരിക്കുന്ന റഫർ ചെയ്തു കൊണ്ടുള്ള റഫർ റിപ്പോർട്ട്, അതിനകത്ത് റഫർ ചാർജ്ഷീറ്റ് തയ്യാറാക്കി അസലും പകർപ്പും വാദിക്കു നൽകിയ നോട്ടീസും സഹിതം മേലധികാരി മുഖേന അയച്ച് അപേക്ഷിച്ചുകൊള്ളുന്നു എന്നുപറഞ്ഞാണ് കൊടുക്കേണ്ടത്. കോടതിയിൽ പോലീസ് കൊടുത്തു എങ്കിൽ കള്ള ഒപ്പിട്ടിട്ടല്ലേ കൊടുത്തിരിക്കുന്നത്. ശ്രീ. വേണുഗോപാൽ അങ്ങനെ ഒരു റിപ്പോർട്ടിൽ ഒപ്പിട്ടിട്ടില്ല. അദ്ദേഹത്തിന്റെ കൂടെയുള്ളവരാരും ഒപ്പിട്ടിട്ടില്ല. റഫർ ചെയ്യുന്നതിനുള്ള ആ കത്തിനകത്ത് ഇദ്ദേഹത്തിന്റെ കള്ള ഒപ്പിട്ടുകൊടുത്തു എന്നുവേണം ധരിക്കാൻ. അല്ലാതെ ഒരു നോട്ടീസും ഇതിനോടകം കിട്ടിയിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് നൽകിയിരിക്കുന്ന മിസ്റ്റേക്ക് ഓഫ് ഫാക്ടിന്റെ പേരിൽ മൂന്നു കേസും

LIBRARY ARCHIVES Kerala Legislative Assembly

പിൻവലിച്ചിരിക്കുന്നു എന്നാണ്. ഞാൻ അങ്ങയോട് ചോദിക്കുന്നത് ശരിയാണെങ്കിൽ 1997 സെപ്റ്റംബർ 7-ാം തീയതി അവിടെ ഒരു സംഭവവും ഉണ്ടായില്ല എന്നാണോ അങ്ങ് പറയുന്നത് ? ശ്രീ. കെ. സി. വേണുഗോപാൽ ഒരാഴ്ചക്കാലം ആലപ്പുഴ മെഡിക്കൽ കോളേജിൽ കിടന്നു. അവിടത്തെ ഡോക്ടർമാർ വിദഗ്ദ്ധ ചികിൽസ വേണമെന്ന് പറഞ്ഞ് തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്തു. ഇവിടെയും ഒരാഴ്ചക്കാലം കിടന്നു. പിന്നീട് നിരവധി ആഴ്ചകൾ അദ്ദേഹത്തിന് വിശ്രമം എടുക്കേണ്ടിവന്നു. ഇത്രയും ക്രൂരമായ മർദ്ദനം ............ ശ്രീ. കെ. സി. വേണുഗോപാലിന് എവിടെനിന്നാണ് മർദ്ദനം കിട്ടിയത് ? പോലീസ് സ്റ്റേഷനിൽ. ആരാണ് മർദ്ദിച്ചത് ? പോലീസുകാരൻ. പിന്നെയെങ്ങനെയാണ് മിസ്റ്റേക്ക് ഓഫ് ഫാക്ടായിട്ട് ഈ കേസ് റഫർ ചെയ്യുന്നത്? ..... പരിക്ക് ആര് അടിച്ചതുകൊണ്ടാണ് ; എങ്ങനെയാണ് പരിക്ക് ഉണ്ടായത് ? മെഡിക്കൽ കോളേജിലെ ഡോക്ടർമാർ ആഴ്ചകളോളം ചികിൽസിച്ചത് തെറ്റായിട്ടാണോ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് ? എവിടെയാണ് മിസ്റ്റേക്ക് ഓഫ് ഫാക്ട് ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിലെ അംഗത്തിനുണ്ടായ സംഭവത്തിന്റെ പേരിൽ എങ്കിലും, അങ്ങ് ഈ കേസ് റഫർ ചെയ്യുന്ന സമയത്ത് ചിലകാര്യങ്ങൾ ചെയ്യണമായിരുന്നു. ഇൻവെസ്റ്റിഗേഷനകത്ത് ഇതുപോലുള്ള ഇടപെടലുകൾ ഉണ്ടാകുന്നത് വളരെ നിർഭാഗ്യകരമാണ്. കൂത്തുപറമ്പ് കേസ് സംബന്ധിച്ച ജഡ്ജ്മെന്റുകളിൽ ഇൻവെസ്റ്റിഗേഷന് അകത്ത് ഇടപെടലുകൾ ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കിയിരിക്കുന്നു. ഒരു ജനാധിപത്യ സംവിധാനത്തിൽ ഒരു ഗവൺമെന്റിനും ഇത് ചേർന്നതല്ല. ഒരു ജനപ്രതിനിധിക്കുണ്ടായ സംഭവം പോലും ഇതുപോലെ കൈകാര്യം ചെയ്യുന്നത് ശരിയല്ല. ഇതിനകത്ത് മൂന്നുകാര്യങ്ങൾ ഉണ്ട്. ഒന്ന്, ഈ കാര്യത്തിൽ രണ്ടര കൊല്ലത്തെ കാലതാമസമുണ്ട്. രണ്ട്, സത്യത്തിനു വിരുദ്ധമായി കേസ് റഫർ ചെയ്തിരിക്കുന്നു. മൂന്ന്, റഫർ ചെയ്യുന്ന കാര്യത്തിൽ പോലും നിയമത്തിൽ പറഞ്ഞിട്ടുള്ള നടപടിക്രമങ്ങളൊന്നും പാലിച്ചിട്ടില്ല. മൂന്ന് ഗുരുതരമായിട്ടുള്ള തെറ്റുകളാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പോലീസിന്റെ ഭാഗത്തുനിന്നും ഈ സഭയിലെ ഒരംഗത്തിന്റെ കാര്യത്തിൽ ഉണ്ടായിട്ടുള്ളത്. പിന്നെ ഇവിടെ സാധാരണക്കാരന്റെ കാര്യം പറയാനുണ്ടോ ? ഇത് ഒരിക്കലും ജനാധിപത്യ സംവിധാനത്തിന് ഭൂഷണമല്ല.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ ശ്രീ.കെ.സി.വേണുഗോപാൽ എം.എൽ.എ.യെ മർദ്ദിച്ചു എന്ന ആരോപണത്തിന്മേൽ ക്രൈം 367/97-ാം നമ്പരായും പോലീസ് പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തി എന്ന ആരോപണത്തിന്മേൽ ക്രൈം 362/97-ാം നമ്പരായും ഹിന്ദുസ്ഥാൻ ലിവർ ലിമിറ്റഡിന്റെ ഡീലർ കൃഷ്ണ റെഡ്ഡിയാരുടെ പരാതിപ്രകാരം ക്രൈം 361/97-ാം നമ്പരായും 3 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നു. ഈ 3 കേസുകളും യഥാക്രമം 166/977, 165/97, 164/97 ക്രൈം നമ്പരുകളിലായി ക്രൈംബ്രാഞ്ച് വിഭാഗം ഏറ്റെടുത്ത് അന്വേഷണം നടത്തുകയും ചെയ്തിരുന്നു. ശ്രീ. കെ. സി. വേണുഗോപാൽ എം. എൽ. എ. യെ മർദ്ദിച്ചതായി ആരോപിക്കപ്പെട്ട കേസിൽ ആലപ്പുഴ ജില്ലാ പോലീസ് സൂപ്രണ്ട് ആയിരുന്ന രാജേഷ് ദിവാൻ, സർക്കിൾ ഇൻസ്പെക്ടറായിരുന്ന മുരളീധരൻ നായർ തുടങ്ങി കണ്ടാലറിയാവുന്ന മറ്റ് 11 പോലീസുകാർക്കും എതിരായിട്ടായിരുന്നു കേസ് രജിസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിരുന്നത്. പോലീസിന്റെ പ്രവർത്തനം തടസ്സപ്പെടുത്തി എന്ന് ആരോപിച്ചു കൊണ്ടുള്ള കേസിൽ ശ്രീ. കെ. സി. വേണുഗോപാൽ എം. എൽ.എ., മുനിസിപ്പൽ ചെയർമാൻ ഷുക്കൂർ, സുനിൽ തുടങ്ങിയവർക്കെതിരായിട്ടും കേസ് രജിസ്റ്റർ ചെയ്യപ്പെട്ടിരുന്നു. ഇതിനെ സംബന്ധിച്ച് കഴിഞ്ഞ അസംബ്ലിയിൽ ഞാൻ സംസാരിച്ചത്, ഇതു സംബന്ധിച്ച് കേസ് എടുക്കാൻവേണ്ടി ശ്രീ. കെ. സി. വേണുഗോപാലിന് നിയമോപദേശം നൽകാൻ അവകാശമുണ്ട് എന്നാണ്. കൃഷ്ണറെഡ്യാറുടെ പരാതി പ്രകാരമുള്ള കേസിൽ കോര, മോഹൻലാൽ എന്നിവർക്കെതിരായിട്ടാണ് കേസ് രജിസ്റ്റർ ചെയ്തിരുന്നത്. ഇതുമായി ബന്ധപ്പെട്ട 3 കേസുകളും കൊല്ലം ക്രൈംബ്രാഞ്ച് എസ്. പി. യുടെ നേതൃത്വത്തിലാണ് അന്വേഷണം പൂർത്തിയാക്കിയത്. അന്വേഷണ റിപ്പോർട്ട് ആവശ്യമായ നിയമോപദേശം ലഭിച്ച 3 കേസുകളും മിസ്റ്റേക്ക് ഓഫ് ഫാക്ടായിട്ടാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.......... (ബഹളം) .......... കേസിന്റെ നിയമ നടപടികൾ നടന്നുവരുകയാണ്. നടപടി ക്രമത്തിൽ എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അതിന് നിയമാനുസൃതമായ നടപടി സ്വീകരിക്കും. കേസിനെ സംബന്ധിച്ചുള്ള നിയമനടപടികൾ തുടരുകയാണ്. നടപടിക്രമത്തിൽ പരാതി ഉണ്ടെങ്കിൽ അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിക്കും. ....... (ബഹളം) .... (പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് നടുത്തളത്തിലേയ്ക്കിറങ്ങി).

<u>ശ്രീ. കെ. എം. മാണി</u> : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ.......... (ബഹളം) .............

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട അംഗങ്ങൾ അവരവരുടെ സീറ്റുകളിൽ പോയിരുന്നാൽ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ അവസരം തരാം. പോയിന്റ് ഓഫ് ഓർഡർ അനുവദിക്കാം. എല്ലാവരും കൂടി ഇങ്ങനെ കൂടിനിന്നാൽ പോയിന്റ് ഓഫ് ഓർഡർ അനുവദിക്കാൻ പറ്റില്ല....... (ബഹളം) ......(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിൽ പോയിരുന്നു).

<u>ശ്രീ. കെ. എം. മാണി</u> : സർ, ഈ സഭയിലെ അംഗമായ ശ്രീ. കെ. സി. വേണുഗോപാലിനെ ആലപ്പുഴ പോലീസ് സ്റ്റേഷനിൽ വച്ച് പോലീസ് മർദ്ദിച്ചു എന്നുള്ള കേസ് വളരെ ഗൗരവമുള്ള പ്രശ്നമാണ്. ആ കേസിനെ സംബന്ധിച്ചിടത്തോളം 'മിസ്റ്റേക്ക് ഓഫ് ഫാക്ട്' എന്നുള്ള രീതിയിൽ കോടതിയിലേക്ക് റഫർ ചെയ്തത് ശരിയായ നടപടിയല്ല. പോലീസിന്റെ മർദ്ദനമേറ്റ് അദ്ദേഹം കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലും തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലും ചികിൽസയിലായിരുന്നു എന്നതിന് വ്യക്തമായ തെളിവുകളുണ്ട്. ഈ വിഷയത്തെ സംബന്ധിച്ച് പലപ്പോഴായി 7 സബ്മിഷൻ ഈ സഭയിൽ വന്നിട്ടുണ്ട്. ഇതു സംബന്ധിച്ച് എന്തു നടപടിയുണ്ടായി എന്ന് കഴിഞ്ഞ നിയമസഭയിൽ മുഖ്യമന്ത്രിയോട് ബഹുമാനപ്പെട്ട സ്പീക്കർ ചോദിച്ചു. ഇത്ര ക്രൂരമായ ഒരു കേസിൽ പോലീസ് അത് റഫർ ചെയ്തുവെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു റീഇൻവെസ്റ്റിഗേഷന് നടപടിയെടുക്കുമോ ? അങ്ങനെ സ്വീകരിക്കാതിരിക്കുന്നത് ശരിയാണോ ? നിയമ സഭയിലെ ഒരു എം. എൽ. എ. ക്കുപോലും രക്ഷ വേണ്ടേ ? ഇത്ര നഗ്നമായ ഒരു നിയമലംഘനം നടത്തുന്നത് ശരിയാണോ ? അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറോട് എനിക്ക് ഒരു കാര്യം പറയാനുള്ളത്......

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : മുഖ്യമന്ത്രി ഇപ്പോൾ അവസാനം പറഞ്ഞത്, നിയമനടപടികൾ തുടരുകയാണ് എന്നാണ് ...... (ബഹളം) ..... അത്രമാത്രമേ ചെയറിന് അറിയാവൂ, മറ്റൊന്നും ചെയറിന് അറിയില്ല. ...... (ബഹളം) ...... (പ്രതിപക്ഷാംഗങ്ങൾ വീണ്ടും മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭയുടെ നടുത്തളത്തിലേക്കിറങ്ങി).

ശ്രീ. കെ. എം. മാണി : ക്രിമിനിൽ പ്രൊസ്യൂഡുവർ കോഡ് അനുസരിച്ച് ഒരു കേസ് റഫർ ചെയ്താൽ പോലീസിന് ഒരു അന്വേഷണവും പിന്നെയില്ല. പിന്നെ റഫർ റിപ്പോർട്ടിൻമേൽ കോടതിയിൽ ആക്ഷേപം കൊടുക്കാനേ പറ്റൂ. ഈ കേസിൽ പോലീസിന്റെ ഇൻവെസ്റ്റിഗേഷൻ നിർത്തി. അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ ഞങ്ങൾക്ക് സംരക്ഷണം നൽകണം. ഇതു സംബന്ധിച്ച് ഒരു റീഇൻവെസ്റ്റിഗേഷൻ, ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ .... (ബഹളം) .......

മി. സ്പീക്കർ : അതുതന്നെയാണ്.

ശ്രീ. കെ. എം. മാണി : അല്ല, അല്ല, ഇപ്പോഴത്തെ ഇൻവെസ്റ്റിഗേഷൻ ശരിയല്ല എന്നു കണ്ടുകൊണ്ട് ഒരു റീഇൻവെസ്റ്റിഗേഷന് ഗവൺമെന്റ് ഓർഡർ ഇടണം. നിർദ്ദേശം കൊടുക്കണം. ഒരു പ്രത്യേക ഏജൻസിയെ വച്ച് അന്വേഷിപ്പിക്കണം.

മി. സ്പീക്കർ : അങ്ങയുടെ ക്രമപ്രശ്നം കഴിഞ്ഞു.

ശ്രീ. കെ. എം. മാണി : വേറെ ഒരു ഏജൻസിയെ വച്ച് ഒരു റീഇൻവെസ്റ്റിഗേഷൻ നടത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, കേസന്വേഷണം mistake of fact ആയി റഫർ ചെയ്ത് അതിനുള്ള നടപടിക്രമങ്ങൾ അന്വേഷണ ഉദ്യോഗസ്ഥന്മാർ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഒന്ന്, അത്തരം നടപടി ക്രമങ്ങൾ നടന്നുവരികയാണ്. അതിൽ പരാതിയുണ്ടെങ്കിൽ നിയമാനുസൃതം പരിഹാരം കാണുകയും ചെയ്യും...... (ബഹളം) ....... (മുഖ്യമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ചും പ്രതിപക്ഷാംഗങ്ങൾ എണീറ്റുനിന്ന് ബഹളം വച്ചും സഭാനടപടികൾ തടസപ്പെടുത്താൻ ശ്രമിക്കുന്നുണ്ടായിരുന്നു).

### (6) കാരായ്മ കുടിയാന്മാർക്ക് പട്ടയം

ശ്രീ. എം. ദാസൻ : വളരെക്കാലത്തെ .... (ബഹളം) .... തുടർച്ചയായ പ്രക്ഷോഭങ്ങളുടെ ഫലമായിട്ടാണ് കേരളത്തിലെ കാരായ്മ കുടിയാൻമാർക്ക് ............ (ബഹളം) .......... സൗകര്യാവകാശം നൽകുന്ന ഒരു നിയമം ഈ സഭ പാസാക്കിയത്. ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ തങ്ങളുടെ കൈവശഭൂമിയിന്മേൽ പട്ടയം ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കോഴിക്കോട് നഗരത്തിലെ നൂറ് കണക്കിന് കാരായ്മ കുടിയാന്മാർ അപേക്ഷ കൊടുത്തിരിക്കുകയാണ്. എന്നാൽ ഈ നിയമം മറികടക്കുന്നതിനുവേണ്ടി പലയാളുകളും കോടതിയെ സമീപിച്ചിരിക്കുകയാണ്. ഇതിന്റെ ഫലമായി കാരായ്മ കുടിയാന്മാർക്ക് പട്ടയം ലഭിക്കുന്നതിന് വലിയ കാലതാമസം നേരിടുന്ന അവസ്ഥ വളർന്നുവന്നിരിക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത് നിയമമനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

കാരായ്മ കുടിയാന്മാർക്ക് എത്രയും വേഗം കൈവശഭൂമിയിൽ സൗകര്യാവകാശം ലഭിക്കുന്നതിനുവേണ്ടി പട്ടയം നൽകാനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നാണ്. ..... (ബഹളം) .....

(പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിൽ വന്നുനിന്ന് മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തി).

മി. സ്പീക്കർ : ഡിസ്റ്റർബൻസുണ്ടാക്കാതെ വെറുതെ നിന്നാൽ മതി....... (ബഹളം)......

(പ്രതിപക്ഷാംഗങ്ങൾ ............"മുഖ്യമന്ത്രി നീതി പാലിക്കുക ...............we want re-investigation ......." എന്നീ മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ടു നിന്നു). ........ (ബഹളം) ...........

മി. സ്പീക്കർ : നമുക്ക് പ്രതിഷേധവും വേണം സഭാനടപടികൾ നടക്കുകയും വേണം. രണ്ടും വേണം. അതാണല്ലോ സഭ എന്നുപറയുന്നത്.

Please co-operate ;

........ (ബഹളം) .........

ദയവായി സഹകരിക്കുക. പ്ലീസ് ...... ...... ഇന്ന് വളരെ പ്രധാനപ്പെട്ട വിഷയങ്ങളുള്ള ദിവസമാണ്. ...... (ബഹളം) ......

[ശ്രീ. കെ. സി. വേണുഗോപാൽ എം.എൽ.എ.യെ ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ വച്ച് മർദ്ദിച്ച കേസിന്മേൽ ഒരു പ്രത്യേക ഏജൻസിയെവച്ച് റീ-ഇൻവെസ്റ്റിഗേഷൻ നടത്തിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ സഭയിൽ ബഹളമുണ്ടാക്കുകയും അവർ സഭയുടെ നടുത്തളത്തിൽ വന്ന് മുദ്രാവാക്യം മുഴക്കിക്കൊണ്ട് സഭാ നടപടികൾ തടസപ്പെടുത്തുകയും ചെയ്തതിനെത്തുടർന്ന് ബഹുമാനപ്പെട്ട സ്പീക്കർ രാവിലെ 11.08 -ന് സഭാ നടപടികൾ അൽപ്പസമയത്തേക്ക് നിർത്തിവയ്ക്കുകയുണ്ടായി. 11.55-ന് ബഹു.സ്പീക്കറുടെ അധ്യക്ഷതയിൽ സഭാനടപടികൾ പുനരാരംഭിച്ചു.]

മി. സ്പീക്കർ : ഓർഡർ, ..... ഓർഡർ, ..... സഭാനടപടികൾ നടത്തിക്കൊണ്ടുപോകാനാകാതെ കുറച്ചുസമയം നഷ്ടപ്പെട്ടു. തുടർന്നുള്ള കാര്യങ്ങൾ എങ്ങനെയാണെന്ന് പരിശോധിക്കേണ്ടതുണ്ട്. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും മറ്റ് കക്ഷി നേതാക്കളുമായി സംസാരിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആശയവിനിമയം നടത്തി. അതിന്റെ അടിസ്ഥാനത്തിൽ സഭാ നടപടികൾ തുടരുകയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, ഈ നിയമസഭയിലെ ഒരംഗത്തിനുണ്ടായ ഭീകര മർദ്ദനത്തെക്കുറിച്ച് കഴിഞ്ഞ രണ്ടര വർഷമായിട്ട് ഏഴ് സബ്മിഷൻ ഈ സഭയിൽ അവതരിപ്പിച്ചു. ഈ നിയമസഭയിലെ ഒരു അംഗത്തെ മർദ്ദിച്ച പ്രശ്നംപോലും റഫർ ചെയ്തു കളയാൻ, ആ എം. എൽ. എ. യ്ക്ക് നോട്ടീസ് പോലും കൊടുക്കാതെ റഫർ ചെയ്ത് കളയാനുള്ള ഈ ധൈര്യം

LIBRARY ARCHIVES Kerala Legislative Assembly

ഇവിടത്തെ പോലീസിനു ഉണ്ടെന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം ഈ പോലീസിനെ നിയന്ത്രിക്കുന്നത് ആരാണെന്ന് വളരെ വ്യക്തമാണ്. ഞാൻ അതിന്റെ വിശദാംശത്തിലേയ്ക്കൊന്നും കടക്കുന്നില്ല. മറ്റു പ്രശ്നങ്ങളൊക്കെ വിടുകയാണ്.

മി. സ്പീക്കർ : മറ്റ് പ്രശ്നങ്ങളിലേക്ക് കടക്കേണ്ടതില്ല.

ശ്രീ. എ. കെ. ആന്റണി : ഞാൻ അതിലേയ്ക്ക് പോകുന്നില്ല. ഈ സഭയിലെ നമ്മുടെ കൂടെയുള്ള ഒരു സഹോദരൻ, ഏറ്റവും ചെറുപ്പക്കാരനായ ഒരു യുവജന പ്രവർത്തകൻ, അദ്ദേഹത്തെ മർദ്ദിച്ച ഒരു പ്രശ്നത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞു. കേസ് എടുത്ത് അതിന്റെ സത്യാവസ്ഥ കോടതി തീരുമാനിക്കുന്നതിനു മുമ്പായി അതു റഫർ ചെയ്തത് ശരിയായില്ല. ഏതായാലും അതു അങ്ങനെ സംഭവിച്ചു. അതുകൊണ്ട് റഫർ ചെയ്ത ഉദ്യോഗസ്ഥനെക്കാൾ സീനിയറായിട്ടുള്ള ഒരു ഉദ്യോഗസ്ഥനെവച്ച് ഒരു റീ ഇൻവെസ്റ്റിഗേഷനു ഗവൺമെന്റ് തയ്യാറാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, ഈ കേസിൽ റീ-ഇൻവെസ്റ്റിഗേഷന്റെ ആവശ്യമില്ല. നിയമപരമായി ഇതു പരിശോധിക്കാം എന്നാണ് ഞാൻ പറഞ്ഞത്. ഇപ്പോഴും അതു പരിശോധിക്കാവുന്നതാണ്. പക്ഷേ മർദ്ദിച്ചു എന്നുള്ളതിന്റെ വിശദീകരണത്തിലേയ്ക്ക് ഞാൻ പോകുന്നില്ല. ഞാൻ പോകുന്നില്ല ഇപ്പോൾ ..... (ബഹളം) ......

മി. സ്പീക്കർ : മുഖ്യമന്ത്രി പറഞ്ഞത് പരിശോധിക്കാമെന്നാണ്.............. (ബഹളം) ..... നേരത്തെ പറഞ്ഞതല്ല ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിച്ച കാര്യം പരിശോധിക്കാമെന്നാണ് മുഖ്യമന്ത്രി പറയുന്നത്........ (ബഹളം) ........... നിയമപരമായിട്ടുള്ള നടപടി എന്നാണ്............(ബഹളം) .............. please hear me ............ please hear me .............(ബഹളം) ............... നേരത്തെ പറഞ്ഞത് നിയമപരമായ നടപടികൾ സ്വീകരിക്കും എന്നാണ്. അതു ഇതല്ല. ഇപ്പോൾ പറയുന്നത്, ഇവിടെ ഉന്നയിക്കപ്പെട്ട പ്രശ്നം എന്താണെന്ന് അറിയാമല്ലോ ; ഞാൻ ആവർത്തിക്കുന്നില്ല. ഉന്നയിക്കപ്പെട്ട പ്രശ്നം പരിശോധിക്കാമെന്ന് മുഖ്യമന്ത്രി പറഞ്ഞു. അതു മുഖ്യമന്ത്രിയിൽ നിന്നുമുള്ള ഒരു പുതിയ അഷ്വറൻസ് തന്നെയാണ്. .................. (ബഹളം).......... ചർച്ചകളുടെ അടിസ്ഥാനത്തിൽ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെയും മറ്റ് കക്ഷിനേതാക്കന്മാരുടെയും അഭിപ്രായങ്ങൾ ആരാഞ്ഞതിനുശേഷം അല്ലെങ്കിൽ അവിടെ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഉണ്ടായ ഒരു തീരുമാനമാണ്. പരിശോധിക്കാം. പരിഗണിക്കാമെന്നല്ല എന്നു പറഞ്ഞാൽ അതു വീണ്ടും റീ ഓപ്പൺ ചെയ്യുന്നു എന്നാണ്......... (ബഹളം) .........

ശ്രീ. എ. കെ. ആന്റണി : അങ്ങ് അങ്ങനെ പറയരുത്. ഞങ്ങൾ വളരെ സ്പെസിഫിക്കായിട്ടുള്ള കാര്യമാണ് പറഞ്ഞത്. എം. എൽ. എ. യെ. മർദ്ദിച്ച സംഭവം റഫർ ചെയ്തത് ശരിയായില്ല. അതു കോടതിയാണ് തീരുമാനിക്കേണ്ടത്. ഇനി ഗവൺമെന്റിനു ചെയ്യാവുന്നത് റഫർ ചെയ്ത ഒരു കേസ് ..... എന്റെ ക്വസ്റ്റ്യൻ സ്പെസിഫിക്കാണ്.....(ബഹളം)..........

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അതു പരിശോധിച്ചാലേ ചെയ്യാൻ പറ്റൂ.........(ബഹളം)......

ശ്രീ. എ. കെ. ആന്റണി : ഗവൺമെന്റ് ദയവുചെയ്ത് ഇതിനകത്ത് പിടിവാശിയും ദുരഭിമാനവും കാണിക്കരുത്. ഒരു എം.എൽ.എ.യെ മർദ്ദിച്ച കാര്യത്തെ സംബന്ധിച്ച് സ്പെസിഫിക്കായിട്ട് റീ-ഇൻവെസ്റ്റിഗേറ്റ് ചെയ്താൽ ഈ ഗവൺമെന്റിനു എന്താണ് സംഭവിക്കുവാൻ പോകുന്നത് ? അതിനുള്ള മര്യാദ കാണിക്കണ്ടേ ; അതിനുള്ള മര്യാദ കാണിക്കണം.

ശ്രീ. ഇ. കെ. നായനാർ : ഇതിൽ ഗവൺമെന്റ് ഇടപെടില്ല. ................ (ബഹളം).......... നിങ്ങളുടെ ഈ നടപടിയോട് ഞാൻ യോജിക്കുമെന്ന് വിചാരിക്കേണ്ട. നിങ്ങൾ ബഹളം ഉണ്ടാക്കിയാൽ ഈ ഭാഗത്തുനിന്നും ബഹളം ഉണ്ടാകും. ...............(ബഹളം) ............... അതു വേണ്ട. ആ നടപടി വേണ്ട. ശ്രീ. ആര്യാടൻ മുഹമ്മദിനു അതാണ് ആഗ്രഹമെങ്കിൽ അതു ഇവിടെ നടക്കുകയില്ല. ഇത് ഒറീസാ അസംബ്ലിയും ആസാം അസംബ്ലിയും അല്ല. ഇത് കേരളാ അസംബ്ലിയാണ്. ഇന്നലെ ഒറീസ അസംബ്ലിയിൽ നിന്ന് നിങ്ങളുടെ പാർട്ടിയിൽപ്പെട്ടവരെ പുറത്താക്കിയല്ലോ. ഇവിടെ ബഹളം വേണ്ട. ബഹളം ആണെങ്കിൽ തീർച്ചയായും അസംബ്ലി നടക്കുകയില്ല എന്നുള്ളത് ഉറപ്പല്ലേ? ..... (ബഹളം) ......... ഇത് ഒറീസ അല്ല മനസ്സിലായോ ? ഇത് ഒറീസയല്ല. പത്രം വായിക്കണം. ഇവിടെ പ്രതിപക്ഷ നേതാവ് സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമപരമായി പരിശോധിക്കാമെന്ന് ഞാൻ പ്രഖ്യാപിച്ചതിൽ ഉറച്ചു നിൽക്കുകയാണ്. നിങ്ങളുടെ മറ്റ് വാചകത്തിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല; മർദ്ദനത്തെപ്പറ്റി പറഞ്ഞതിലും ഞാൻ കടക്കുന്നില്ല; മറ്റു ഭവിഷ്യത്തിലേക്കും കടക്കുന്നില്ല. അതിനൊക്കെ എന്റെ കയ്യിൽ മറുപടി ഇരിപ്പുണ്ട്. അതിലേക്ക് ഞാൻ ഇപ്പോൾ കടക്കുന്നില്ല. നിയമപരമായി പരിശോധിക്കാമെന്നു മാത്രമേ പറയുന്നുള്ളൂ......(ബഹളം)......... ഇവിടെ ബഹളം വേണ്ട.

മി.സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ സഭാനടപടികൾ തുടരുന്നതിന്......(ബഹളം)...........സഹകരിക്കണം.............. (ബഹളം).............പ്ലീസ്.....പ്ലീസ്......(ബഹളം)........ക്ഷമാപൂർവം കാര്യങ്ങൾ കാണുക. വികാരത്തിനൊന്നും അടിമപ്പെടാതിരിക്കുക......(ബഹളം)........... ക്ഷമാപൂർവം കാര്യങ്ങൾ കാണുക...........(ബഹളം).......... ദയവു ചെയ്ത് സഹകരിക്കുക........... (ബഹളം)............സഭാനടപടികൾ തുടരുന്നതിന് ദയവു ചെയ്ത് സഹകരിക്കുക ..........(ബഹളം)...........ശ്രീ. എം. ദാസൻ ...................

ശ്രീ. എം. ദാസൻ : സർ, കേരളത്തിലെ കാരായ്മ കുടിയാൻമാർക്ക് സൗകര്യാവകാശം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ കുറേക്കാലമായി നടന്ന പ്രക്ഷോഭങ്ങളുടെ ഭാഗമായിട്ടാണ് ഈ സഭ തന്നെ.............(ബഹളം)............ കാരായ്മ കുടിയാന്മാർക്ക് സൗകര്യാവകാശം നൽകുന്നതിന് ഒരു നിയമം പാസ്സാക്കിയത്. ആ നിയമമനുസരിച്ച് പട്ടയം ലഭിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷകൾ കോഴിക്കോട് നഗരത്തിലും മറ്റുമുള്ള കാരായ്മ സൗകര്യാവകാശം ലഭിക്കേണ്ട ആളുകൾക്ക് നൽകിയെങ്കിലും ഇപ്പോൾ പല ജന്മിമാരും കോടതിയെ സമീപിച്ചിരിക്കുകയാണ്. അതിന്റെ ഫലമായി പട്ടയം ലഭിക്കുന്നതിന് കാലതാമസം

LIBRARY ARCHIVES Kerala Legislative Assembly

നേരിടുകയാണ്........(ബഹളം)......... അതുകൊണ്ട് അങ്ങ് ഇടപെട്ട് കാരായ്മ കുടിയാൻമാർക്ക് പട്ടയം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണ മെന്നഭ്യർത്ഥിക്കുന്നു ...............(ബഹളം)........... ഞാൻ അവതരിപ്പിച്ചു ഇനി മറുപടി പറയണം........(ബഹളം)..............

മി. സ്പീക്കർ : (ബഹളം) ....... ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി....... (ബഹളം).............

................(ബഹളം) ......................

റവന്യൂവകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, കാരായ്മ കുടിയാന്മാർക്ക് സൗകര്യാവകാശം കൊടുക്കുന്നതിനുള്ള നിയമം 1999-ലാണ് നിലവിൽ വന്നത്. 533 കേസുകളിൽ വിചാരണ നടന്നു. 80 കേസുകളിൽ വിധി പ്രഖ്യാപിച്ചു. 10 കേസുകൾ കോടതിയുടെ പരിഗണനയിലുണ്ട്. കോടതിയിൽ നിന്ന് പലരും സ്റ്റേ വാങ്ങിയതിനെത്തുടർന്ന് .......... (ബഹളം) ......... കോടതി നടപടികളിൽ ഇപ്പോൾ കാലതാമസം വരുത്തിയിരിക്കുകയാണ്. കഴിയുന്നതും വേഗം കോടതിയുടെ നടപടികളിൽ മാറ്റം വരുത്തി തീർപ്പാക്കി കാരായ്മ കുടിയാൻമാർക്ക് പട്ടയം നൽകുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ് ..........(ബഹളം) ...........

## (7) കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും പ്രശ്നങ്ങൾ

ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ : സർ, കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിലെ അധ്യാപകരുടെയും ട്രേഡ് ഇൻസ്ട്രക്ടർമാരുടെയും പ്രധാനപ്പെട്ട പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. എഞ്ചിനീയറിംഗ് കോളേജ് അധ്യാപകർക്ക് 1986-നു ശേഷം 14 വർഷമായിട്ടും ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയിട്ടില്ല. മറ്റു സർക്കാർ ജീവനക്കാർക്കും കോളേജധ്യാപകർക്കും മൂന്നു പ്രാവശ്യം ശമ്പള പരിഷ്ക്കരണം ഈ കാലഘട്ടത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകൾ കുറവായതും അധ്യാപകരുടെ എണ്ണം അധികമില്ലാത്തതുകൊണ്ടുമാണ് ഈ വിഭാഗത്തിന്റെ ആവശ്യങ്ങൾ ഒരു പ്രധാനപ്പെട്ട പ്രശ്നമായിട്ട് ഉയർന്നുവരാത്തത്. ചില സമരങ്ങളുമായിട്ട് അധ്യാപകരും ജീവനക്കാരും മുന്നോട്ടുപോകുകയാണ്. കേരളത്തിൽ തന്നെ ആർ. ഇ. സി. കഴിഞ്ഞ ജനുവരി മുതൽ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയിട്ടുണ്ട്. തമിഴ്നാട്ടിലും കർണ്ണാടകത്തിലും ഇതിനകം ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയിട്ടുണ്ട്. എം. എച്ച്. ആർ. ഡി. 1-1-1996 മുതൽ 31-3-2000-വരെയുള്ള കാലയളവിൽ സാമ്പത്തികമായിട്ട് അധികം വരുന്നതിന്റെ 80 ശതമാനം ശമ്പള പരിഷ്ക്കരണത്തിന് നൽകാമെന്ന് സമ്മതിക്കുകയും ചെയ്തിട്ടുള്ളതാണ്. 1986 മുതൽ യു. ജി. സി. പേ റിവിഷനും എ. ഐ. സി. ടി. ഇ. പേറിവിഷനും ഒന്നിച്ചായിരുന്നു നടപ്പിലാക്കിയിരുന്നത്. അതുപോലെ തന്നെ ട്രേഡ് ഇൻസ്ട്രക്ടർമാർക്ക് ഐ.ടി.ഐ.-കളിലും പോളിടെക്നിക്കുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും ഒരേ ലിസ്റ്റിൽ നിന്ന് തന്നെയാണ് നിയമനം നടത്തുന്നതെങ്കിലും ഐ.ടി.ഐ. കളിലെ ആനുകൂല്യങ്ങളൊന്നും ഗവൺമെന്റ് കോളേജുകളിൽ ലഭിക്കുന്നില്ല. ഈ കാര്യം കൂടി ഗവൺമെന്റ് പരിഗണിക്കണം...........(ബഹളം)...........



LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക-പട്ടികസമുദായക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): ....... (ബഹളം)............ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്..........(ബഹളം)............

[പ്രതിപക്ഷാംഗങ്ങൾ എണീറ്റുനിന്ന് ബഹളം വച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിയതിനാൽ സബ്മിഷന് മറുപടി പറഞ്ഞില്ല.]

മി. സ്പീക്കർ : ഈ നിയമസഭയിൽ.......... (ബഹളം) ........പ്ലീസ്............ (ബഹളം)...... പ്രത്യേകിച്ച് പത്താം കേരളനിയമസഭയിൽ എല്ലാ നടപടികളും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരുമിച്ചു ചേർന്ന് നടത്തണമെന്ന് 100 ശതമാനം വിശ്വസിക്കുന്ന, ആഗ്രഹിക്കുന്ന ഒരാളാണ് ചെയർ. അതിനുവേണ്ടി കഴിഞ്ഞ നാലു വർഷക്കാലം ഓരോ നടപടിയെ സംബന്ധിച്ചും സൂക്ഷ്മമായി പരിശോധിച്ചു കൊണ്ട് എല്ലാ അർത്ഥത്തിലും പരിപൂർണമായ സഹകരണം തേടിക്കൊണ്ട് പരമാവധി വിട്ടുവീഴ്ചകൾ ചെയ്തുകൊണ്ട് പരമാവധി സാവകാശത്തിൽ കാര്യങ്ങൾ ചെയ്തുകൊണ്ടാണ് ചെയർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ഇന്നും ഞാനൊരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോടും കക്ഷിനേതാക്കളോടും സംസാരിച്ചപ്പോൾ ഈ കാര്യം ഞാൻ സൂചിപ്പിക്കുകയുണ്ടായി. ഈ സമ്മേളനത്തിലും (സഭ ഇന്നവസാനിക്കുകയല്ല) തുടർന്നുള്ള സമ്മേളനങ്ങളിലും അങ്ങനെ തന്നെ ആയിരിക്കണമെന്ന നിർബന്ധബുദ്ധിയുള്ള ഒരാളാണ് ഞാൻ. അതു ഞാൻ വീണ്ടും അസന്നിഗ്ദ്ധമായി പറയാൻ ആഗ്രഹിക്കുകയാണ്. ...........(ബഹളം).........ഇന്നുതന്നെ വെല്ലിലേയ്ക്ക് ഇറങ്ങിവന്ന ....... (ബഹളം) ............ പ്ലീസ് ഹിയർ മീ............ ഇന്നുതന്നെ വെല്ലിലേയ്ക്ക് ഇറങ്ങിവന്ന അസാധാരണമായ സ്ഥിതിവിശേഷം ഉണ്ടായപ്പോൾ സഭാനടപടികൾ നിർത്തിവയ്ക്കുക മാത്രമല്ല, നിർത്തിവച്ചത് ഒരു ചടങ്ങെന്ന നിലയിലല്ല, 45 മിനിറ്റുനേരം സഭാനടപടികൾ നിർത്തിവച്ച് കക്ഷിനേതാക്കളുമായി ചർച്ച നടത്തി പരമാവധി യോജിപ്പിച്ചുകൊണ്ടുപോകാനാണ് ചെയർ ശ്രമിച്ചത്....... (ബഹളം)......... അതുകൂടി കഴിഞ്ഞാൽ ചെയറിന് യാതൊരു നിർവ്വാഹവുമില്ലെന്ന കാര്യം ഞാൻ പറയേണ്ടതില്ല. ഈ സഭയിൽ തന്നെ, കേരള നിയമസഭയിൽ തന്നെ എത്രയോ അനുഭവങ്ങളുണ്ട്. ഒരു തവണപോലും സഭാനടപടികൾ നിർത്തി വയ്ക്കാതെ സഭയുടെ ബിസിനസ്സുകൾ നടത്തിയിട്ടുള്ള എത്രയോ അനുഭവങ്ങൾ കേരളനിയമസഭയിലുണ്ടായിട്ടുണ്ട്........(ബഹളം).......ഒരിക്കലും അങ്ങനെ പോകാൻ ചെയർ ആഗ്രഹിക്കുന്നില്ല. പക്ഷേ സഭാനടപടികൾ തടസ്സമില്ലാതെ തുടരാൻ നിർവ്വാഹമില്ല എന്നൊരു സ്ഥിതിവിശേഷം സംജാതമായിരിക്കുന്നു. ഈ സന്നിഗ്ദ്ധമായ അവസ്ഥയിൽ സഭാനടപടികൾ നിറുത്തിവയ്ക്കാതെ സഭയുടെ മറ്റു ബിസിനസുകളിലേക്ക് പോകാൻ ചെയർ നിർബന്ധിതനായിരിക്കുന്നുവെന്ന കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചുകൊണ്ട് മറ്റു നടപടികളിലേയ്ക്ക്, മറ്റു ബിസിനസ്സുകളിലേയ്ക്ക് കടക്കാൻ ചെയർ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

[ഈ സമയം പ്രതിപക്ഷത്തെ പിൻനിരയിലുള്ള അംഗങ്ങൾ സഭയുടെ നടുത്തളത്തിൽ നിന്ന് സഭാ നടപടികൾ തടസ്സപ്പെടത്തക്കവിധത്തിൽ ബഹളം വച്ചുകൊണ്ടിരുന്നു.]

# VI റിപ്പോർട്ട് സമർപ്പണം

**പിന്നോക്ക സമുദായ ക്ഷേമസമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട്**

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, പിന്നോക്ക സമുദായക്ഷേമ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.........(ബഹളം)......

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു...........(ബഹളം).........

(ഇതേസമയം സ്പീക്കർ നീതി പാലിക്കുക.........സ്പീക്കർ നീതി പാലിക്കുക എന്ന മുദ്രാവാക്യം പ്രതിപക്ഷാംഗങ്ങൾ വിളിച്ചുകൊണ്ടിരുന്നു)

മി. സ്പീക്കർ : ആ പരാമർശം ദയവായി ഒഴിവാക്കുക....... (ബഹളം)......... ശ്രീ. മാമ്മൻ മത്തായി, ആ പരാമർശം ദയവായി ഒഴിവാക്കണമെന്ന് ചെയർ അപേക്ഷിക്കുകയാണ്...... (ബഹളം തുടർന്നുകൊണ്ടിരുന്നു....)

# VII നിയമനിർമ്മാണകാര്യം

**(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2000-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗകമ്മീഷൻ (ഭേദഗതി) ബിൽ**

പിന്നോക്ക-പട്ടിക സമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗകമ്മീഷൻ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം† ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, ഞാൻ ഇതിനെ പിൻതാങ്ങുന്നു. (.......ബഹളം തുടരുന്നു............)

ശ്രീ. പി. സി. ജോർജ് : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2000-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗകമ്മീഷൻ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി ആർ. ലതാദേവി : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗകമ്മീഷൻ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

---

† അനുബന്ധം 4

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പട്ടിക-പിന്നോക്ക-സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. പി. സി ജോർജ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. പി. സി. ജോർജ് : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടിരിക്കുന്നു. ശ്രീമതി ആർ. ലതാദേവി അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീമതി ആർ. ലതാദേവി : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2000-ലെ കേരള സംസ്ഥാന പിന്നോക്കവിഭാഗകമ്മീഷൻ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ഉം 3-ഉം വകുപ്പുകൾ

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, 2000-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.......... (ബഹളം)........ (പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു)

റവന്യൂവകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2000-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..............

പ്രതികൂലിക്കുന്നവർ......................

പ്രമേയം സഭ അംഗീകരിക്കുകയും ബിൽ പാസ്സാക്കുകയും ചെയ്തു.

## (2) 2000-ലെ കേരള ധനവിനിയോഗ ബില്ലും 2000-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലും

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 2000-ലെ കേരള ധനവിനിയോഗബില്ലും † 2000-ലെ കേരള ധനവിനിയോഗ † (വോട്ട് ഓൺ അക്കൗണ്ട്) ബില്ലും അവതരിപ്പിക്കുന്നു. പ്രസ്തുത ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയങ്ങളും ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, ഞാൻ പ്രമേയങ്ങളെ പിൻതാങ്ങുന്നു.

മി.സ്പീക്കർ : ചർച്ചയ്ക്കുള്ള പേരുകൾ നൽകിയിട്ടില്ല. 2000-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചു. ബിൽ പരിഗണനയ്ക്കെടുത്തു.

2000-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചു. ബിൽ പരിഗണനയ്ക്കെടുത്തു.

(1) 2000-ലെ കേരള ധനവിനിയോഗബിൽ

### 2-ഉം 3-ഉം വകുപ്പുകൾ

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

† അനുബന്ധം 5, 6

പട്ടിക

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു. പട്ടിക ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 2000-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കിതരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

2000-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ................

പ്രമേയം സഭ അംഗീകരിക്കുകയും ബിൽ പാസ്സാക്കുകയും ചെയ്തു.

(2) 2000-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ

(.....................പ്രതിപക്ഷാംഗങ്ങൾ ബഹളം തുടർന്നുകൊണ്ടേയിരുന്നു.........)

2-ഉം 3-ഉം വകുപ്പുകൾ

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പട്ടിക

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

............(ബഹളം)............

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 2000-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

2000-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.................

പ്രമേയം സഭ അംഗീകരിക്കുകയും ബിൽ പാസ്സാക്കുകയും ചെയ്തു.

..................(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളി തുടരുന്നു).................

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ഇന്നത്തെ ബിസിനസുകൾ അവസാനിച്ചു. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2000 മാർച്ച് മാസം 30-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക്ശേഷം 12.16 ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം 1

[29-3-2000 -ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 18 (3580)-ന്റെ ഉത്തരം കാണുക]

| | | |
|---|---|---|
| 1. | കല്ലമ്പലം | തിരുവനന്തപുരം ജില്ല |
| 2. | പാലോട് | തിരുവനന്തപുരം ജില്ല |
| 3. | തിരുവനന്തപുരം | തിരുവനന്തപുരം ജില്ല (സായാഹ്ന ശാഖ) |
| 4. | എഴുകോൺ | കൊല്ലം ജില്ല |
| 5. | തട്ടാശ്ശേരി | കൊല്ലം ജില്ല |
| 6. | പാരിപ്പള്ളി | കൊല്ലം ജില്ല |
| 7. | ഓച്ചിറ | കൊല്ലം ജില്ല |
| 8. | മുഖത്തല | കൊല്ലം ജില്ല |
| 9. | കൊല്ലം | കൊല്ലം ജില്ല (സായാഹ്ന ശാഖ) |
| 10. | തെക്കേക്കര | ആലപ്പുഴ ജില്ല |
| 11. | ആലപ്പുഴ | ആലപ്പുഴ ജില്ല (സായാഹ്ന ശാഖ) |
| 12. | ആറൻമുള | പത്തനംതിട്ട ജില്ല |
| 13. | മൂത്തകുന്നം | എറണാകുളം ജില്ല |
| 14. | ഷൺമുഖം റോഡ് | എറണാകുളം ജില്ല |
| 15. | എറണാകുളം | എറണാകുളം ജില്ല (സായാഹ്ന ശാഖ) |
| 16. | അർപ്പൂക്കര | കോട്ടയം ജില്ല |
| 17. | കോട്ടയം | കോട്ടയം ജില്ല (സായാഹ്ന ശാഖ) |
| 18. | നെടുങ്കണ്ടം | ഇടുക്കി ജില്ല |
| 19. | പട്ടിക്കാട് | തൃശൂർ ജില്ല |
| 20. | കേച്ചേരി | തൃശൂർ ജില്ല |
| 21. | തൃശൂർ | തൃശൂർ ജില്ല (സായാഹ്ന ശാഖ) |
| 22. | ഷൊർണൂർ | പാലക്കാട് ജില്ല |
| 23. | പാലക്കാട് | പാലക്കാട് ജില്ല (സായാഹ്ന ശാഖ) |
| 24. | പൊന്നാനി | മലപ്പുറം ജില്ല |

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| 25. | മലപ്പുറം | മലപ്പുറം ജില്ല (സായാഹ്ന ശാഖ) |
| 26. | വെസ്റ്റ് ഹിൽ | കോഴിക്കോട് ജില്ല |
| 27. | ചെറുവന്നൂർ | കോഴിക്കോട് ജില്ല |
| 28. | കോഴിക്കോട് | കോഴിക്കോട് ജില്ല (സായാഹ്ന ശാഖ) |
| 29. | കണ്ണൂർ | കണ്ണൂർ ജില്ല (സായാഹ്ന ശാഖ) |
| 30. | പുൽപ്പള്ളി | വയനാട് ജില്ല |
| 31. | ചിറ്റാരിക്കൽ | കാസർഗോഡ് ജില്ല |
| 32. | തൃക്കരിപ്പൂർ | കാസർഗോഡ് ജില്ല |

## അനുബന്ധം 2

[29-3-2000- ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 28 (3560)-ന്റെ ഉത്തരം കാണുക]

| ജില്ലയുടെ പേര് | കഴിഞ്ഞ വർഷത്തെ തുക (1999-2000) | ഈ വർഷത്തെ തുക (2000-2001) | ശതമാന കണക്കിൽ |
|---|---|---|---|
| തിരുവനന്തപുരം | 18,77,39,675 | 26,81,36,101 | +48.82 |
| കൊല്ലം | 11,79,41,555 | 19,86,05,930 | + 68.40 |
| പത്തനംതിട്ട | 4,95,80,000 | 8,47,03,999 | + 70.84 |
| ആലപ്പുഴ | 9,22,64,776 | 19,34,47,775 | +106.67 |
| കോട്ടയം | 8,67,91,440 | 10,79,31,000 | + 24.36 |
| ഇടുക്കി | 57,74,000 | 62,59,000 | + 8.40 |
| എറണാകുളം | 3,36,45,000 | 7,11,36,000 | + 111.43 |
| പാലക്കാട് | 7,24,66,080 | 7,83,74,000 | + 8.15 |
| മലപ്പുറം | 7,17,100 | 11,99,000 | + 67.20 |
| കോഴിക്കോട് | 42,10,000 | 49,50,000 | + 17.58 |
| വയനാട് | 55,00,334 | 1,50,25,000 | + 173.16 |



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം 3

[29-3-2000-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ 51 (3569) -ന്റെ ഉത്തരം കാണുക]

DETAILS OF RESTRORED AREA AS ON 23/2/2000 ABOVE 100 ACRES

OLAVAKKODE CIRCLE

| No. | Name of Applicant | Name of Division | Sy.No.& village | Order of High court | Extent of area Acres | Date of restoratic |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | Harison Malayalam Pin | Thenmala division | 350/8/387/3,435,880/4, 878/13 Arienkavu | - | 122.26 | 17-12-1997 |
| 2. 299/76 | Malayalam Plantation, Konni Estate | Konni | 544&545 of Konni Village | | 744.22 | 29-09-1989 |
| 3. 412/81 | K.M. Alexander & others | Nemmara Division | 561/3, Mangalam Dam | | 107.87 | 19-04-1993 |
| 4. 583/76 | Managing Director Karuna Plantations | Nemmara Division | 492,493,494 Payyalore | | 397.71 | 28-12-1993 |
| 5. 139/77 | Mohanmmed Esmail | Nemmara Division | - | | 530.00 | 07-06-1997 |
| 6. 130/79 | Sree Tea Company | Kottayam Division | Elappara Village | | 145.63 | 08-01-1983 |
| 7. 170/75 | Pattumala | Kottayam Division | | | 213.90 | 11-02-1994 |
| 8. 157/78 | Heliberia | Kottayam Division | | | 322.02 | 01-04-1982 |
| 9. 129/79 | Peerumadu Tea Company Ltd. | Kottayam Division | Pashuppara Village, Idukki | | 252.00 | 09-02-1983 |
| 10.249/79 | M/s Duncam Agro Indus Ltd. | Kottayam Division | Sy. No. 392,633,731,732,734 735 of Pashuppara | | 171.12 | 08-01-1983 |

LIBRARY ARCHIVES Kerala Legislative Assembly



| | | | | | |
|---|---|---|---|---|---|
| 11. 250/79 | M/s Duncan Agro Indus Ltd. | Kottayam Division | | 155.67 | 08-01-1983 |
| 12. 11/76 | Thressiamma Varghese | Kannur | Vayakkara | 110.00 | 11-04-1979 |
| 13. 145/77 | N. M. Ahammedkutty Haji | Kozhikode | Perambra | 400.00 | 09-02-1995 |
| 14. 92/75 | M/s Indian Timber & Plywood Co | Kozhikode | Pillaperuvanna | 105.00 | 28-02-1995 |
| 15. 126/75 | Kunhiraman Nambiar & Others | Kozhikode | Kavilamapara village,Sy. No.175 | 139.08 | 1978 |
| 16. 304/74 | T. M. P. Namboordiripad | Palakkad Division | Shoranur Village | 136.08 | 22-04-1998 |
| 17. 68/77 | M/s Bhavani Tea & Produce Co. Ltd. | Mannarkkad Division | 1724/Pt, 1687/pt/1707/pt,1688, 1696,1742,1732,1738,1734 1735,1736 Sholayur | 646.10 | 21-06-1994 |
| 18. 123/77 | Kottakkal Aryavydyasala | Mannarkkad Division | 2050/Pt,Old Agali | 101.93 | 13-07-1998 |
| 19. 177/74 | M. J. Krishna Mohan | South Wayanad | 1059, Kottatnara | 111.20 | 22-06-1996 |
| 20. 203/76 | M/s Tariyode Pin.Pvt Ltd Director Antony Joseph Njavally | South Wayanad | 682/1,682/2,682/3,683/5 | 190.27 | 29-11-1980 |
| 21. 148/76 | Glen Leven Estate | North Wayanad | 173/1A2,173/2,174/1B1 1A and 1 B2 pt. | 113.06 | 24-06-1995 |
| | | | *Grand Total* | *5,215.12* | |

അനുബന്ധം 4 (a)

## THE KERALA STATE COMMISSION FOR BACKWARD CLASSES (AMENDMENT) BILL, 2000

(Report of the subject Committee)

Subject Committee VI-Social Services to which the Kerala State Commission for Backward Classes (Amendment) Bill, 2000 was referred, considered the Bill clause by clause and now submits this, its report with the Bill as reported by the Committee annexed thereto.

2. The Kerala State Commission for Backward Classes (Amendment) Bill, 2000 was published as a Gazette Extraordinary dated 19th February 2000. The Bill was introduced in the Assembly on February 29, 2000 and was referred to the Committee on the same day.

3. The Committee considered the Bill clause by clause at its sitting held on March 1, 2000.

4. The Committee recommends to adopt the Bill with the following modification.

*Amendment to clause 2*

The words "part-time" shall be deleted.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം 4 (b)

## THE KERALA STATE COMMISSION FOR BACKWARD CLASSES (AMENDMENT) BILL, 2000

(As reported by the Subject Committee)

[Omission is marked by asterisks]

*A*

*BILL*

to amend the Kerala State Commission for Backward Classes Act, 1993.

Preamble. - WHEREAS, it is expedient to amend the Kerala State Commission for Backward Classes Act, 1993 for the purpose hereinafter appearing;

BE it enacted in the Fifty-first year of the Republic of India as follows:-

1. *Short title and commencement.* - (1) This Act may be called the Kerala State Commission for backward Classes (Amendment) Act, 2000.

(2) It shall be deemed to have come into force on the 18th day of January, 2000.

2. *Amendment of section* 3.— In the Kerala State Commission for Backward Classes Act, 1993 (11 of 1993) (hereinafter referred to as the Principal Act), for sub-section(2) of section 3, the following sub-section shall be substituted, namely:-

"(2) The Commission shall consist of a Chairman who is or has been a Judge of the Supreme Court or of a High Court appointed by the Government and the following ***** members, that is to say,-

(a) the Secretary to Government in charge of the Backward Classes Welfare Department of the Government, *ex-officio,* who shall be the Member-Secretary of the Commission;

(b) two persons having special knowledge in matters relating to Backward Classes to be nominated by the Government."

3. *Repeal and saving.*— (1) The Kerala Commission for Backward Classes (Amendment) Ordinance, 2000 (2 of 2000) is hereby repealed.

(2) Notwithstanding such repeal, anything done or any action taken under the principal Act, as amended by the said Ordinance shall be deemed to have been done or taken under the principal Act, as amended by this Act.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം 5

പത്താം കേരള നിയമസഭ

ബിൽ നമ്പർ 245

# 2000-ലെ കേരള ധനവിനിയോഗ ബിൽ

1999-2000 സാമ്പത്തിക വർഷത്തിലെ സർവീസുകൾക്കായി
കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചില തുകകൾ കൂടി
നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന്
അധികാരപ്പെടുത്തുന്ന

ഒരു

ബിൽ

പീഠിക. —1999—2000 സാമ്പത്തിക വർഷത്തിലെ സർവ്വീസുകൾക്കായി സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചില തുകകൾ കൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തുന്നത് ആവശ്യമായിരിക്കുകയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപത്തിഒന്നാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു :-

1. ചുരുക്കപ്പേര്. - ഈ ആക്ടിന് 2000-ത്തിലെ കേരള ധനവിനിയോഗ ആക്ട് എന്ന് പേർ പറയാം.

2. 1999-2000 സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും 3988,98,69,000 രൂപ നൽകൽ - 1999-2000 സാമ്പത്തിക വർഷത്തിൽ വന്നു ചേരുന്ന വിവിധ ചെലവുകൾ നേരിടുന്നതിലേക്കായി പട്ടികയിലെ (2) -ാം കോളത്തിൽ പറഞ്ഞിട്ടുള്ള സർവ്വീസുകളും ആവശ്യങ്ങളും സംബന്ധിച്ച് പട്ടികയിലെ (3) -ാം കോളത്തിൽ പറഞ്ഞിട്ടുള്ളതിൽ കവിയാത്തതും മൊത്തം മൂവായിരത്തി തൊള്ളായിരത്തി എൺപത്തി എട്ട് കോടി തൊണ്ണൂറ്റി എട്ട് ലക്ഷത്തി അറുപത്തി ഒൻപതിനായിരം രൂപ വരുന്നതുമായ തുകകൾ കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്ന് നൽകുകയും വിനിയോഗിക്കുകയും ചെയ്യാവുന്നതാണ്.

3. ധനവിനിയോഗം. - ഈ ആക്ട് പ്രകാരം കേരള സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള തുകകൾ 1999-2000 സാമ്പത്തിക വർഷം സംബന്ധിച്ച പട്ടികയിൽ പറഞ്ഞിട്ടുള്ള സർവ്വീസുകൾക്കും ആവശ്യങ്ങൾക്കും വേണ്ടി വിനിയോഗിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## പട്ടിക

2-ഉം 3-ഉം വകുപ്പുകൾ കാണുക

| ക്രമ നം. | ധനാഭ്യർത്ഥന നമ്പർ | സർവ്വീസുകളും ആവശ്യങ്ങളും | കവിയാൻ പാടില്ലാത്ത തുകകൾ: നിയമസഭ വോട്ടു ചെയ്തത് | സഞ്ചിതനിധിയിൽ ചാർജ്ജ്ചെയ്തത് | | ആകെ |
|---|---|---|---|---|---|---|
| | | | രൂപ | രൂപ | രൂപ | |
| | (1) | (2) | | (3) | | |
| 1 | I | സംസ്ഥാനനിയമസഭ | റവന്യൂ | 66,00,000 | ... | 66,00,000 |
| 2 | II | സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ,ആസ്ഥാന ഉദ്യോഗസ്ഥൻമാർ | റവന്യൂ | 4,84,43,000 | 6,24,000 | 4,90,67,000 |
| 3 | III | നീതിന്യായനിർവ്വഹണം | റവന്യൂ | 1,06,93,000 | 89,50,000 | 1,96,43,000 |
| 4 | IV | തെരഞ്ഞെടുപ്പുകൾ | റവന്യൂ | 5,28,17,000 | ... | 5,28,17,000 |
| 5 | VII | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | റവന്യൂ | 47,60,000 | 2,000 | 47,62,000 |
| 6 | VIII | എക്സൈസ് | റവന്യൂ | 7,65,000 | ... | 7,65,000 |
| 7 | IX | വാഹന നികുതികൾ | റവന്യൂ | 16,60,000 | ... | 16,60,000 |

LIBRARY ARCHIVES Kerala Legislative Assembly



| 1 | | 2 | | 3 | | |
|---|---|---|---|---|---|---|
| 8 | | കടബാദ്ധ്യതകൾ | റവന്യൂ | ... | 1,00,68,67,000 | 1,00,68,67,000 |
| 9 | X | ട്രഷറികളും അക്കൗണ്ടുകളും | റവന്യൂ | 6,37,79,000 | ... | 6,37,79,000 |
| 10 | XI | ജില്ലാഭരണവും പലവകയും | റവന്യൂ | 5,35,55,000 | ... | 5,35,55,000 |
| 11 | XII | പോലീസ് | മൂലധനം | 10,15,000 | ... | 10,15,000 |
| 12 | XIII | ജയിലുകൾ | റവന്യൂ | 1,000 | ... | 1,000 |
| 13 | XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | റവന്യൂ | 1,35,82,000 | ... | 1,35,82,000 |
| | | | മൂലധനം | 24,24,000 | ... | 24,24,000 |
| 14 | XV | പൊതുമരാമത്ത് | റവന്യൂ | 2,05,50,000 | ... | 2,05,50,000 |
| | | | മൂലധനം | 62,70,57,000 | 2,64,000 | 62,73,21,000 |
| 15 | XVI | പെൻഷനും പലവകയും | റവന്യൂ | 36,31,000 | 21,64,000 | 57,95,000 |
| 16 | XVII | വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | റവന്യൂ | 18,90,000 | ... | 18,90,000 |
| | | | മൂലധനം | ... | 3,25,000 | 3,25,000 |
| 17 | XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | റവന്യൂ | 1,77,51,000 | ... | 1,77,51,000 |
| | | മൂലധനം | 3,99,15,000 | ... | 3,99,15,000 | |

LIBRARY ARCHIVES Kerala Legislative Assembly



| | | | | | | |
|---|---|---|---|---|---|---|
| 18 | XXI | ഭവനനിർമ്മാണം | റവന്യൂ | 28,68,000 | ... | 28,68,000 |
| | | | മൂലധനം | 1,24,90,000 | ... | 1,24,90,000 |
| 19 | XXII | നഗരവികസനം | റവന്യൂ | 3,87,47,000 | ... | 3,87,47,000 |
| | | | മൂലധനം | 5,00,00,000 | ... | 5,00,00,000 |
| 20 | XXIII | വാർത്താവിതരണവും പ്രചരണവും | റവന്യൂ | 87,59,000 | ... | 87,59,000 |
| 21 | XXIV | തൊഴിലും തൊഴിലാളി ക്ഷേമവും | റവന്യൂ | 2,10,93,000 | ... | 2,10,93,000 |
| 22 | XXV | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം | റവന്യൂ | 1,50,38,000 | 1,67,000 | 1,52,05,000 |
| 23 | XXVII | സഹകരണം | റവന്യൂ | 1,65,15,000 | ... | 1,65,15,000 |
| | | | മൂലധനം | 20,60,000 | ... | 20,60,000 |
| 24 | XXVIII | പലവക സാമ്പത്തിക സർവ്വീസുകൾ | റവന്യൂ | 4,44,000 | ... | 4,44,000 |
| 25 | XXIX | കൃഷി | റവന്യൂ | 9,41,58,000 | 5,86,000 | 9,47,44,000 |
| | | | മൂലധനം | 10,74,01,000 | ... | 10,74,01,000 |
| 26 | XXX | ഭക്ഷ്യം | മൂലധനം | 1,04,29,000 | ... | 1,04,29,000 |
| 27 | XXXI | മൃഗസംരക്ഷണം | റവന്യൂ | 1,42,73,000 | ... | 1,42,73,000 |
| | | | മൂലധനം | 3,70,000 | ... | 3,70,000 |
| 28 | XXXIII | മൽസ്യബന്ധനം | റവന്യൂ | 6,00,00,000 | ... | 6,00,00,000 |
| | | | മൂലധനം | 2,60,00,000 | 16,000 | 2,60,16,000 |

LIBRARY ARCHIVES Kerala Legislative Assembly

| 1 | | 2 | | 3 | | |
|---|---|---|---|---|---|---|
| 29 | XXXIV | വനം | റവന്യു | 40,00,000 | ... | 40,00,000 |
| 30 | XXXV | പഞ്ചായത്ത് | റവന്യു | 1,000 | ... | 1,000 |
| 31 | XXXVI | സാമൂഹ്യവികസനം | റവന്യു | 3,000 | ... | 3,000 |
| 32 | XXXVII | വ്യവസായങ്ങൾ | റവന്യു | 11,61,00,000 | 1,000 | 11,61,01,000 |
| | | | മൂലധനം | 1,47,88,000 | ... | 1,47,88,000 |
| 33 | XXXVIII | ജലസേചനം | റവന്യു | 4,42,73,000 | ... | 4,42,73,000 |
| | | | മൂലധനം | 1,01,16,000 | 8,46,000 | 1,09,62,000 |
| 34 | XLI | ഗതാഗതം | റവന്യു | 40,00,000 | ... | 40,00,000 |
| 35 | XLII | വിനോദസഞ്ചാരം | റവന്യു | 1,49,42,000 | ... | 1,49,42,000 |
| 36 | | പൊതുക്കടം തിരിച്ചടക്കൽ | മൂലധനം | ... | 37,10,94,76,000 | 37,10,94,76,000 |
| 37 | XLV | പലവക വായ്പകളും മുൻകൂറുകളും | മൂലധനം | 9,98,25,000 | ... | 9,98,25,000 |
| | | | ആകെ | 1,75,95,81,000 | 38,13,02,88,000 | 39,88,98,69,000 |

## ഉദ്ദേശകാരണങ്ങളുടെ വിവരണം

1999-2000 സാമ്പത്തിക വർഷത്തേയ്ക്ക് കേരള സംസ്ഥാന സഞ്ചിത നിധിയിൻമേൽ ചാർജ്ജ് ചെയ്തിട്ടുള്ള സപ്ലിമെന്ററി ചെലവുകളും കേരള സർക്കാരിന്റെ ചെലവിനുവേണ്ടി നിയമസഭ അനുവദിച്ചിട്ടുള്ള ഗ്രാന്റുകളും നേരിടുന്നതിനായി കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചില തുകകൾ കൂടി നൽകുകയും വിനിയോഗിക്കുകയും ചെയ്യാൻ അധികാരപ്പെടുത്തുന്നതിനു വേണ്ടി ഇൻഡ്യൻ ഭരണഘടനയുടെ 205-ാം അനുച്ഛേദവുമായി കൂട്ടിവായിച്ച പ്രകാരമുള്ള 204-ാം അനുച്ഛേദം (1) -ാം ഖണ്ഡമനുസരിച്ച് ഈ ബില്ല് അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം 6

പത്താം കേരള നിയമസഭ

ബിൽ നമ്പർ 247

# 2000 - ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്)ബിൽ

2000 ഏപ്രിൽ ഒന്നാം തീയതി ആരംഭിക്കുന്ന സാമ്പത്തിക വർഷത്തിലെ ഒരു ഭാഗത്തിന്റെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചില തുകകൾ പിൻവലിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക. —2000 ഏപ്രിൽ ഒന്നാം തീയതി ആരംഭിക്കുന്ന സാമ്പത്തിക വർഷത്തിലെ ഒരു ഭാഗത്തിന്റെ സർവ്വീസുകൾക്കായി കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ചില തുകകൾ പിൻവലിക്കുന്നതിന് വ്യവസ്ഥ ചെയ്യേണ്ടത് ആവശ്യമായിരിക്കുകയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപത്തി ഒന്നാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു —

1. ചുരുക്കപ്പേര്. - ഈ ആക്ടിന് 2000-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ആക്ട് എന്ന് പേർ പറയാം.

LIBRARY ARCHIVES Kerala Legislative Assembly

2. <u>2000 ഏപ്രിൽ ഒന്നാം തീയതി ആരംഭിക്കുന്ന സാമ്പത്തിക വർഷത്തേക്ക് കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും 56,88,76,68,000 രൂപ പിൻവലിക്കൽ</u>– 2000 ഏപ്രിൽ ഒന്നാം തീയതി ആരംഭിക്കുന്ന സാമ്പത്തിക വർഷത്തിൽ പട്ടികയിലെ (2) -ാം കോളത്തിൽ പറഞ്ഞിട്ടുള്ള സർവ്വീസുകളും ആവശ്യങ്ങളും സംബന്ധിച്ച് വന്നുചേരുന്ന വിവിധ ചെലവുകൾ നേരിടുന്നതിന് പട്ടികയിലെ (3) -ാം കോളത്തിൽ പറഞ്ഞിട്ടുള്ളതിൽ കവിയാത്തതും, ആകെ അയ്യായിരത്തി അറുനൂറ്റി എൺപത്തെട്ട് കോടി എഴുപത്താറ് ലക്ഷത്തി അറുപത്തെണ്ണായിരം രൂപ വരുന്നതുമായ തുകകൾ കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും നൽകുകയും വിനിയോഗിക്കുകയും ചെയ്യാവുന്നതാണ്.

3. <u>ധനവിനിയോഗം</u> - ഈ ആക്ട് പ്രകാരം കേരളസംസ്ഥാന സഞ്ചിതനിധിയിൽ നിന്നും നൽകുകയും വിനിയോഗിക്കുകയും ചെയ്യുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള തുകകൾ പ്രസ്തുത വർഷം സംബന്ധിച്ച പട്ടികയിൽ പറഞ്ഞിട്ടുള്ള സർവ്വീസുകൾക്കും ആവശ്യങ്ങൾക്കും വേണ്ടി വിനിയോഗിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## പട്ടിക

(2-ഉം 3-ഉം വകുപ്പുകൾ കാണുക)

| ധനാഭ്യർത്ഥന നമ്പർ | സർവ്വീസുകളും ആവശ്യങ്ങളും | | കവിയാൻ പാടില്ലാത്ത തുകകൾ | | |
|---|---|---|---|---|---|
| | | | നിയമസഭ വോട്ടു ചെയ്തത് | സഞ്ചിതനിധിയിന്മേൽ ചാർജ്ജ്ചെയ്തത് | ആകെ |
| | | | രൂപ | രൂപ | രൂപ |
| (1) | (2) | | (3) | | |
| I | സംസ്ഥാനനിയമസഭ | റവന്യു | 4,42,36,000 | 6,91,000 | 4,49,27,000 |
| II | സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ,ആസ്ഥാന ഉദ്യോഗസ്ഥൻമാർ | റവന്യു | 33,83,30,000 | 6,90,72,000 | 40,74,02,000 |
| III | നീതിന്യായ നിർവ്വഹണം | റവന്യു | 26,88,37,000 | 4,55,45,000 | 31,43,82,000 |
| IV | തെരഞ്ഞെടുപ്പുകൾ | റവന്യു | 7,00,84,000 | ... | 7,00,84,000 |
| V | കാർഷികാദായ നികുതിയും വിൽപ്പനനികുതിയും | റവന്യു | 19,03,30,000 | 13,000 | 19,03,43,000 |
| VI | ഭൂനികുതി | റവന്യു | 38,70,45,000 | 47,000 | 38,70,92,000 |
| VII | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | റവന്യു | 12,06,70,000 | ... | 12,06,70,000 |

LIBRARY ARCHIVES Kerala Legislative Assembly

| | | | | | |
|---|---|---|---|---|---|
| VIII | എക്സൈസ് | റവന്യൂ | 13,25,06,000 | 1,000 | 13,25,07,000 |
| IX | വാഹന നികുതികൾ | റവന്യൂ | 5,08,49,000 | 1,000 | 5,08,50,000 |
| | കടബാദ്ധ്യതകൾ | റവന്യൂ | ... | 6,42,13,79,000 | 6,42,13,79,000 |
| X | ട്രഷറികളും അക്കൗണ്ടുകളും | റവന്യൂ | 19,15,61,000 | ... | 19,15,61,000 |
| XI | ജില്ലാഭരണവും പലവകയും | റവന്യൂ | 33,68,07,000 | 15,92,000 | 33,83,99,000 |
| XII | പോലീസ് | റവന്യൂ | 1,48,64,07,000 | 1,87,000 | 1,48,65,94,000 |
| | | മൂലധനം | ... | 1,000 | 1,000 |
| XIII | ജയിലുകൾ | റവന്യൂ | 7,04,56,000 | ... | 7,04,56,000 |
| XIV | സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | റവന്യൂ | 28,53,32,000 | ... | 28,53,32,000 |
| | | മൂലധനം | 10,50,000 | ... | 10,50,000 |
| XV | പൊതുമരാമത്ത് | റവന്യൂ | 1,29,80,95,000 | 38,73,000 | 1,30,19,68,000 |
| | | മൂലധനം | 48,14,00,000 | 17,33,000 | 48,31,33,000 |
| XVI | പെൻഷനും പലവകയും | റവന്യൂ | 5,79,22,34,000 | 3,84,32,000 | 5,83,06,66,000 |
| XVII | വിദ്യാഭ്യാസം, കായികവിനോദം കല, സംസ്കാരം | റവന്യൂ | 9,40,94,69,000 | 4,68,000 | 9,40,99,37,000 |
| | | മൂലധനം | 7,41,33,000 | 67,000 | 7,42,00,000 |
| XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | റവന്യൂ | 2,04,97,93,000 | 20,000 | 2,04,98,13,000 |
| | | മൂലധനം | 8,01,58,000 | 8,75,000 | 8,10,33,000 |
| XIX | കുടുംബക്ഷേമം | റവന്യൂ | 18,36,00,000 | ... | 18,36,00,000 |
| | | മൂലധനം | 70,00,000 | ... | 70,00,000 |
| XX | ശുദ്ധജലവിതരണവും ശുചീകരണവും | റവന്യൂ | 69,40,01,000 | ... | 69,40,01,000 |
| | | മൂലധനം | 26,66,66,000 | ... | 26,66,66,000 |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | | (3) | | |
|---|---|---|---|---|---|
| XXI | ഭവന നിർമ്മാണം | റവന്യു | 16,58,20,000 | ... | 16,58,20,000 |
| | | മൂലധനം | 4,13,79,000 | ... | 4,13,79,000 |
| XXII | നഗരവികസനം | റവന്യു | 56,07,85,000 | ... | 56,07,85,000 |
| | | മൂലധനം | 10,56,67,000 | ... | 10,56,67,000 |
| XXIII | വാർത്താവിതരണവും പ്രചരണവും | റവന്യു | 3,42,20,000 | ... | 3,42,20,000 |
| XXIV | തൊഴിലും തൊഴിലാളിക്ഷേമവും | റവന്യു | 41,19,38,000 | ... | 41,19,38,000 |
| | | മൂലധനം | 2,44,000 | ... | 2,44,000 |
| XXV | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം | റവന്യു | 1,39,24,46,000 | ... | 1,39,24,46,000 |
| | | മൂലധനം | 8,81,89,000 | ... | 8,81,89,000 |
| XXVI | പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് | റവന്യു | 43,08,67,000 | ... | 43,08,67,000 |
| XXVII | സഹകരണം | റവന്യു | 16,88,40,000 | 3,000 | 16,88,43,000 |
| | | മൂലധനം | 16,99,34,000 | ... | 16,99,34,000 |
| XXVIII | പലവക സാമ്പത്തിക സർവ്വീസുകൾ | റവന്യു | 11,66,20,000 | ... | 11,66,20,000 |
| | | മൂലധനം | 10,13,68,000 | ... | 10,13,68,000 |
| XXIX | കൃഷി | റവന്യു | 1,29,82,81,000 | 1,33,000 | 1,29,84,14,000 |
| | | മൂലധനം | 10,45,91,000 | 1,50,000 | 10,47,41,000 |

LIBRARY ARCHIVES Kerala Legislative Assembly

| | | | | | |
|---|---|---|---|---|---|
| XXX | ഭക്ഷ്യം | റവന്യൂ | 57,94,61,000 | ... | 57,94,61,000 |
| | | മൂലധനം | 6,29,55,000 | 17,000 | 6,29,72,000 |
| XXXI | മൃഗസംരക്ഷണം | റവന്യൂ | 31,97,72,000 | ... | 31,97,72,000 |
| | | മൂലധനം | 37,33,000 | ... | 37,33,000 |
| XXXII | ക്ഷീരവ്യവസായം | റവന്യൂ | 6,69,42,000 | ... | 6,69,42,000 |
| | | മൂലധനം | 6,67,000 | ... | 6,67,000 |
| XXXIII | മൽസ്യബന്ധനം | റവന്യൂ | 19,39,81,000 | ... | 19,39,81,000 |
| | | മൂലധനം | 13,59,00,000 | ... | 13,59,00,000 |
| XXXIV | വനം | റവന്യൂ | 58,53,80,000 | 1,00,000 | 58,54,80,000 |
| | | മൂലധനം | 2,45,00,000 | ... | 2,45,00,000 |
| XXXV | പഞ്ചായത്ത് | റവന്യൂ | 3,13,82,83,000 | ... | 3,13,82,83,000 |
| | | മൂലധനം | 33,33,000 | | 33,33,000 |
| XXXVI | സാമൂഹ്യവികസനം | റവന്യൂ | 37,93,83,000 | 3,000 | 37,93,86,000 |
| | | മൂലധനം | 10,00,000 | ... | 10,00,000 |
| XXXVII | വ്യവസായങ്ങൾ | റവന്യൂ | 37,04,62,000 | ... | 37,04,62,000 |
| | | മൂലധനം | 65,40,05,000 | ... | 65,40,05,000 |
| XXXVIII | ജലസേചനം | റവന്യൂ | 32,65,58,000 | 4,17,000 | 32,69,75,000 |
| | | മൂലധനം | 64,02,16,000 | 58,84,000 | 64,61,00,000 |
| XXXIX | വൈദ്യുതപദ്ധതികൾ | മൂലധനം | ... | .. | ... |
| XL | തുറമുഖങ്ങൾ | റവന്യൂ | 2,89,43,000 | ... | 2,89,43,000 |
| | | മൂലധനം | 2,43,33,000 | ... | 2,43,33,000 |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | | (3) | | |
|---|---|---|---|---|---|
| XLI | ഗതാഗതം | റവന്യൂ | 5,39,22,000 | ... | 5,39,22,000 |
| | | മൂലധനം | 15,90,00,000 | ... | 15,90,00,000 |
| XLII | വിനോദസഞ്ചാരം | റവന്യൂ | 14,83,90,000 | ... | 14,83,90,000 |
| | | മൂലധനം | 3,83,67,000 | ... | 3,83,67,000 |
| XLIII | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും | റവന്യൂ | 19,51,67,000 | ... | 19,51,67,000 |
| | പൊതുക്കടം തിരിച്ചടക്കൽ | മൂലധനം | ... | 12,42,12,68,000 | 12,42,12,68,000 |
| XLV | പലവക വായ്പകളും മുൻകൂറുകളും | മൂലധനം | 23,88,05,000 | ... | 23,88,05,000 |
| | ആകെ | | 37,87,56,96,000 | 19,01,19,72,000 | 56,88,76,68,000 |

## ഉദ്ദേശകാരണങ്ങളുടെ വിവരണം

2000-2001 സാമ്പത്തിക വർഷത്തിലെ ഒരു ഭാഗത്തിനു വേണ്ടിയുള്ള കേരള സർക്കാരിന്റെ മതിപ്പ് ചെലവ് സംബന്ധിച്ച് കേരള സംസ്ഥാന സഞ്ചിത നിധിയിന്മേൽ ചാർജ്ജ് ചെയ്തിട്ടുള്ള ചെലവുകൾ നേരിടുന്നതിനും നിയമസഭ മുൻകൂറായി അനുവദിച്ചിട്ടുള്ള ഗ്രാന്റുകൾക്കും ആവശ്യമായ തുകകൾ കേരള സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും വിനിയോഗിക്കുവാൻ വ്യവസ്ഥ ചെയ്യുന്നതിന് വേണ്ടി ഇൻഡ്യൻ ഭരണഘടനയുടെ 206-ാം അനുച്ഛേദത്തോട് ചേർത്ത് വായിച്ച പ്രകാരമുള്ള 204 (1)-ാം അനുച്ഛേദമനുസരിച്ച് ഈ ബിൽ അവതരിപ്പിക്കുന്നു.

ടി. ശിവദാസമേനോൻ

LIBRARY ARCHIVES Kerala Legislative Assembly